KOTTAYAM PUBLIC LIBRARY

Call No M08 Acc. No 11507

Author [illegible]

Title [illegible]

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1530

# രാജാ രവിവർമ്മ

(സംഗ്രഹപതിപ്പ്)

(Prescribed as non-detailed text for 1958 Examination
Pre-university Class — Madras
Vide Gazettee dated 28-11-'56)

By

എൻ. ബാലകൃഷ്ണൻ നായർ

കമലാലയാ ബുക്ക് ഡിപ്പോ,
തിരുവനന്തപുരം.

# RAJA RAVI VARMA

*BY*

**N. Balakrishnan Nair**

*(Second Edition 1957 April)*

*Copies 1000*

KAMALALAYA BOOK DEPOT,
TRIVANDRUM.

Printed at the Kamalalaya Printing Works, Trivandrum

# പ്രസ്താവന

1953-ൽ എൻെറ 'രാജാരവിവൎമ്മ' എന്ന ജീവിതചരിത്രഗ്രന്ഥം പുറത്തു വന്നപ്പോൾ അതിനെ വിദ്യാൎത്ഥികളുടെ ഉപയോഗത്തിനായി സംഗ്രഹിച്ചു് ഒരു പതിപ്പു തയ്യാറാക്കിയാൽ നന്നായിരിക്കുമെന്നു വിദ്യാഭ്യാസപ്രവൎത്തകരായ എന്റെ ചില മിത്രങ്ങൾ എന്നോടാവശ്യപ്പെട്ടു. വിദ്യാൎത്ഥികളിൽ ഉൽക്കൎഷേച്ഛയും സ്വാശ്രയബുദ്ധിയും വളൎത്തുന്നതിനു് രവിവൎമ്മയുടെ ചരിത്രം വളരെ സഹായിക്കുന്നതാണെന്ന അഭിപ്രായം മൂലഗ്രന്ഥം എഴുതിക്കൊണ്ടിരിക്കുമ്പോൾതന്നെ എനിക്കു തോന്നാതിരുന്നില്ല. എന്നാൽ ആ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി ഏകദേശം ഒന്നരക്കൊല്ലം കഴിയുവോളം സംഗ്രഹപതിപ്പിൻെറ കാൎയ്യത്തെപ്പററി ആലോചിക്കാനുള്ള സാവകാശം എനിക്കു കിട്ടിയിരുന്നില്ല. അതുകൊണ്ടാണു് ഇതിനു് ഇത്രയും താമസിച്ചതു്.

ദിനക്കുറിപ്പുകളേയും മററു അധികൃതരേഖകളേയും ആശ്രയിച്ചു് എഴുതപ്പെട്ടിട്ടുള്ളതാണു് മൂലഗ്രന്ഥം. ആ ഗ്രന്ഥത്തിൽ വിസ്തരിച്ചു പറയുന്ന ചില സംഗതികൾ ഈ സംഗ്രഹപതിപ്പിൽ ചുരുക്കിപ്പറഞ്ഞിരിക്കുന്നു എന്നുമാത്രം. പ്രതിപാദനരീതിക്കോ, വാചകങ്ങൾക്കോ കാൎയ്യമായ യാതൊരു മാററവും വരുത്തിയിട്ടില്ല. രസകരമായ ഒരു കഥാപുസ്തകംപോലെ വിദ്യാൎത്ഥികൾ വായിച്ചുപോകത്തക്കവണ്ണം ഒന്നു തട്ടി നിരപ്പാക്കുകയാണു് ഞാൻ ഇതിൽ ചെയ്തിട്ടുള്ളതു്.

തിരുവനന്തപുരം, എന്നു്
7—[illegible]—'53 എൻ. ബാലകൃഷ്ണൻനായർ



രാജാ രവിവമ്മ

# പ്രാരംഭം

തിരുവിതാംകൂർ രാജകുടുംബത്തിലെ പ്രതാപശാലികളായ ശ്രീവീരമാർത്താണ്ഡവർമ്മയുടെയും, കാർത്തികതിരുനാൾ രാമവർമ്മ 'ധർമ്മരാജാ'വിന്റെയും പിതാക്കന്മാർ മലബാറിലെ ബെപ്പൂർസ്വരൂപത്തിന്റെ ശാഖയായ തട്ടാരികോവിലകത്തെ രണ്ടു യോദ്ധാക്കന്മാരായിരുന്നു. അവരിൽ ധർമ്മരാജാവിന്റെ പിതാവായ രവിവർമ്മ, തിരുവിതാംകൂർ ചരിത്രത്തിൽ ഒരു രക്തസാക്ഷിയായി വർണ്ണിക്കപ്പെട്ടിട്ടുണ്ടു്. തിരുവിതാംകൂർ സിംഹാസനത്തിനു് അവകാശികളായ കാർത്തികതിരുനാൾ രാജകുമാരനേയും റാണിയേയും മാർഗ്ഗമദ്ധ്യേ നിഗ്രഹിക്കുവാനടുത്ത രാജശത്രുക്കളുമായി നടത്തേണ്ടിവന്ന ഖഡ്ഗസമരത്തിലായിരുന്നു യോദ്ധാവായ രവിവർമ്മ നിപതിച്ചതു്. ആ വീരയോദ്ധാവിന്റെ മരണം തികച്ചും തിരുവിതാംകൂർ രാജകുടുംബത്തിനുവേണ്ടിയായിരുന്നു. അതിനുശേഷം ക്രിസ്തുവർഷം 1742-ൽ കായംകുളം രാജാവും ഡച്ചുകാരും ചേർന്നു് കിളിമാനൂർ കോട്ടയെ ആക്രമിച്ചപ്പോൾ തിരുവിതാംകൂർ രാജാവിനുവേണ്ടി ആളും അർത്ഥവും ശേഖരിച്ചു യുദ്ധം വിജയിപ്പിക്കുവാൻ അക്ഷീണയത്നം ചെയ്തു മറെറാരു ധീരനാണു് വീരസ്വർഗ്ഗം പ്രാപിച്ച രവിവർമ്മയുടെ സഹോദരൻ—കേരളവർമ്മ. ആ ജ്യേഷ്ഠാനുജന്മാരുടെ സുധീരസേവനങ്ങൾക്കു ശ്രീവീരമാർത്താണ്ഡവർമ്മ മഹാരാജാവിനാൽ തിരുവനന്തപുരം തലസ്ഥാനത്തുനിന്നും 24 നാഴിക വടക്കു് 17 ചതുരശ്രനാഴികയ്ക്കകത്തടങ്ങുന്ന ഒരു ഭൂവിഭാഗം കരമൊ

ഴിവായി നൽകപ്പെട്ടു. അങ്ങനെ തിരുവിതാംകൂറിൽ മലബാറിലെ ബെപ്പൂർ സ്വരൂപക്കാൎക്ക് ക്രിസ്തുവർഷം 1753-ൽ ലഭിച്ചതാണു് കിളിമാനൂർ പ്രദേശം.

കിളിമാനൂർരാജകുടുംബം സംസ്ഥാപിതമായതിനു ശേഷം ആ കുടുംബാംഗങ്ങൾക്കു വാൾ തൊടേണ്ട ആവശ്യം വന്നിട്ടുള്ളതായി അറിവില്ല. വാളിൻെറ സ്ഥാനം തൂലിക കരസ്ഥമാക്കി. അവിടത്തെ പുരുഷന്മാർ നിഷ്കൎഷാപൂർവ്വം സംസ്കൃതത്തിലും തദ്ദ്വാരാ വിവിധ ഭാരതീയശാസ്ത്രങ്ങളിലും പ്രാവീണ്യം സമ്പാദിക്കുന്നവരായി; സ്ത്രീകൾപോലും ശബ്ദാൎത്ഥസുന്ദരമായ കവിതകൾ രചിക്കുമാറായി. സാഹിത്യസംഗീതാദിലളിത കലകൾ സമ്മിളിതമായ ഒരു സംസ്കാരപാരമ്പൎയ്യം ആ കൊട്ടാരത്തിൻെറ ഒരു പ്രത്യേകതയായി. അതേ; മാറി മാറി നടത്തിയിരുന്ന കഥകളി, ഓട്ടംതുള്ളൽ, ചാക്യാർകൂത്തു്, ശാസ്താംപാട്ടു്, തിരുവാതിരക്കളി, കൈകൊട്ടിക്കളി, സംഗീതക്കച്ചേരികൾ എന്നിവ വിജ്ഞാനത്തിൻെറ ഒരു നവസൗരഭ്യം അവിടെ നിത്യം സുലഭമാക്കിക്കൊണ്ടിരുന്നു. മലയാളസാഹിത്യത്തിൽ ലബ്ധപ്രതിഷ്ഠനും 'രാവണവിജയം' ആട്ടക്കഥയുടെ കൎത്താവുമായ കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാൻ നമ്മുടെ ചരിത്രപുരുഷനായ 'രാജാരവിവൎമ്മ'യുടെ ഒരു അഭിവന്ദ്യപൂൎവ്വികനാകുന്നു.

രാജാ രവിവൎമ്മയുടെ മാതാവു് ഒരു ചിത്രകലാകാരിയും, കവയിത്രിയുമായ കിളിമാനൂർ കൊട്ടാരത്തിലെ മകീരംതിരുനാൾ ഉമാഅംബാബായി തമ്പുരാട്ടി (1007-1062) ആകുന്നു. 'പാൎവ്വതീസ്വയംവരം' ഓട്ടൻ

ത്തുള്ളലിനപ്പുറമേ, മററനേകം ഒററശ്ലോകങ്ങളും കീൎത്തനങ്ങളും ശ്രീമതി ഉമാഅംബാതമ്പുരാട്ടിയുടെ നാമത്തോടു അനബന്ധിച്ചു പറവാനുണ്ടു്. അവർ ധൎമ്മമായി ചെയ്തുപോന്നിരുന്ന ബാലചികിത്സകൊണ്ടു് കിളിമാന്നൂർ പ്രദേശങ്ങളിൽ, ഉമാംബയെ, 'ഗുണവതിയായ തമ്പുരാട്ടി' എന്നു ജനങ്ങൾ നന്ദിപൂൎവ്വം ഇപ്പോഴും സ്മരിച്ചുപോരുന്നു. അണിമംഗലത്തു നമ്പൂതിരിപ്പാടിന്റെ കനിഷ്ഠപുത്രിയായ ആ തമ്പുരാട്ടിയെ വേട്ട ഉത്തരതിരുവിതാംകൂറിൽ ചേൎന്ന കുന്നത്തുനാടു താലൂക്കിൽ കണ്ടനൂർദേശത്തു എഴുമാവിൽഇല്ലത്തു നീലകണ്ഠൻ ഭട്ടതിരിപ്പാട്ടു്, അവൎക്കു് അനുരൂപനായ ഒരു ഭൎത്താവായിരുന്നു. സംസ്കൃതത്തിൽ ഉറച്ച പാണ്ഡിത്യം നേടിയിരുന്ന നീലകണ്ഠൻ ഭട്ടതിരിപ്പാട്ടു് ഒരു മഹാവൈദികനുമായിരുന്നു.

ഉമാംബാ തമ്പുരാട്ടിയുടേയും എഴുമാവിൽ നീലകണ്ഠൻ ഭട്ടതിരിപ്പാടിന്റേയും ദാമ്പത്യജീവിതത്തിലെ ആദ്യസന്താനമായി ക്രിസ്തുവൎഷം 1848 ഏപ്രിൽ 29-ാംനു- പൂരുരുട്ടാതിനാളിൽ നമ്മുടെ കഥാപുരുഷനായ രാജാരവിവൎമ്മ ജാതനായി. മാതൃമുഖത്തിൽനിന്നു കീൎത്തനാലാപങ്ങളും, പിതൃമുഖത്തിൽനിന്നു പ്രണവധ്വനികളും ശ്രവിച്ചുകൊണ്ടു വളരുന്നതിനു് ആ ശിശുവിനു സാധിച്ചു. സംഗീതം കേട്ടാൽ കുട്ടിക്കു് ഉണ്ടാകുന്ന ആനന്ദം പറയാവതല്ലായിരുന്നു. വൎണ്ണപ്പകിട്ടുള്ള ഒരു സാധനം ദൃഷ്ടിയിൽപെട്ടാൽ അതിലേയ്ക്കു കണ്ണെടുക്കാതെ നോക്കുന്നതും ആ ബാലകനെ സംബന്ധിച്ചിടത്തോളം ശൈശവംമുതലുള്ള ഒരു പ്രത്യേകതയായിരുന്നു.

---

## അദ്ധ്യായം 1.

കലാവാസനയാൽ പുളകോന്മത്തമായ രാജാരവി വർമ്മയുടെ ബാല്യകാലത്തെപ്പററി കിളിമാനൂർ കൊട്ടാരവുമായി ഉററ സമ്പക്കം പുലത്തിയിരുന്ന സഹൃദയനായ മടവൂർ പി. നാരായണപിള്ള ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

"അന്നു് അവിടേയ്ക്കു വസ്ത്രധാരണമേ ഇല്ലായിരുന്നു. ചിലപ്പോൾ പൊടിയും കരിയും അണിഞ്ഞുനടക്കും. വാട്ടിയ വാഴഇലയോ കൂമ്പാളയോ കൊണ്ടുള്ള കൗപീനംമാത്രം ധരിച്ചിരിക്കും. ഉത്സാഹം തന്നെ മൂത്തീകരിച്ച ലക്ഷണപൂർണ്ണനായ അരോഗദൃഢഗാത്രൻ. ചൊടിപ്പും ചുറുചുറുപ്പും കണിശവും ജന്മസിദ്ധമോ എന്നു തോന്നും. കൊട്ടാരത്തിന്റെ ബഹിർഭാഗത്തു കാവിവസ്ത്രംധരിച്ച വല്ല ഗോസായികളോ, കാവടിക്കാരോ പല നിറത്തിലുള്ള ഭാണ്ഡങ്ങളും തലക്കെട്ടുകളും വഹിച്ചു മീശക്കൊമ്പന്മാരായി കാണപ്പെടുന്ന 'ലാട'ന്മാരോ പാണ്ടിക്കാരോ മറ്റോ വന്നാൽ കൊച്ചുതമ്പുരാൻ ധൈര്യസമേതം അവരുടെ മുമ്പിൽചെന്നുനിന്നു് അവരെ ആപാദചൂഡം നോക്കുകയും ചിലപ്പോൾ അവരോടു് "അവിടെ നിൽക്കൂ, ഞാനൊന്നു കാണട്ടെ" എന്നു പറയുകയും ചെയ്യുമായിരുന്നു. അങ്ങനെ വിശേഷാൽ കാണപ്പെടുന്നവരുടെ ഛായകൾക്കു് അടുത്തനിമിഷങ്ങളിൽ കൊട്ടാരത്തിലെ ഏതെങ്കിലും ഒരു ഭിത്തിയെ അലംകരിക്കാൻ ഭാഗ്യം ലഭിക്കുമെന്നുള്ളതിനു സംശയം ഇല്ല.

"............കൊച്ചുതമ്പുരാൻെറ കുറിപ്പുകൾക്കു പല മാററങ്ങളും വന്നുതുടങ്ങി. അവിടുത്തെ വരയ്ക്കുന്നു

ചില പൂച്ചകൾ വായ്പിളൎന്ന് ഒരുവശത്തെ മുൻകാൽ പൊക്കി നഖങ്ങൾ വിടൎത്തി നില്ക്കുന്നതും, പട്ടികൾ വായ്പൊളിച്ചു ദംഷ്ട്രപ്പല്ലുകളെ വെളിക്കു കാണിച്ചുകൊണ്ടു നില്ക്കുന്നതും, പശു പോത്തു് ഇവയുടെ രൂപങ്ങൾ തലതിരിച്ചു് ചിറയുന്ന ഭാവം കാണിക്കുന്നതും,......ഒരു ദിവസം ചിത്രമെഴുത്തു രാജരാജവൎമ്മകോയിത്തമ്പുരാൻ കടന്നുപോയ ഒരു ചത്വരപ്രാന്തത്തിന്റെ ഒരു ഭാഗത്തെ ഭിത്തിയിൽ ഒട്ടധികം കരിക്കട്ടകുറിപ്പുകൾ കണ്ടു്, അടുത്തുചെന്നു സൂക്ഷിച്ചുനോക്കി, "ഇതാരുടെ വേല" എന്നു് ചോദിച്ചു."

(ചിത്രമെഴുത്തു രാജരാജവൎമ്മ, (കിളിമാനൂർകൊട്ടാരത്തിലെ ആദ്യത്തെ ചിത്രകാരൻ) രാജാ രവിവൎമ്മയുടെ മാതുലനാണു്.) ചോദ്യം കൊട്ടാരത്തിലെ വൃദ്ധനായ ഒരു ആശ്രിതനോടുമായിരുന്നു. ചോദ്യം കേട്ടിട്ടു്, "വൃദ്ധൻ ഒന്നും മിണ്ടാതെ സംശയിച്ചു നിന്നു."

"തമ്പുരാൻ:—സത്യം പറയൂ; ഒരു വിരോധവുമില്ല. ഇതിൽ ആലോചിക്കേണ്ട കാൎയ്യമുണ്ടു്."

"വൃദ്ധൻ:—തിരുവുള്ളക്കേടാകുമോ എന്നു ഭയമുണ്ടു്."

"തമ്പുരാൻ:—അതിനു കാരണം?"

"വൃദ്ധൻ.—കൊച്ചുതമ്പുരാനോടു്"

"ഇതൊക്കെ കൊച്ചുതമ്പുരാന്റെ വേലയാണു്. ഇതു് അടിയൻ ഇപ്പൊഴേ കാണുന്നുള്ളു. അപ്പുറത്തു വരച്ചിരുന്നതത്രയും തേച്ചുകഴുകിക്കളഞ്ഞു."

"തമ്പുരാൻ:—ഇതൊക്കെ രവിവൎമ്മൻ വരച്ചതാണോ? അവൻ ഇങ്ങനെ അധികം വരച്ചിട്ടുണ്ടായിരുന്നോ?"

"വൃദ്ധൻ:—ഒരുപാടു വരച്ചിട്ടുണ്ടായിരുന്നു. എന്നും ഇതു തന്നെ വേല...... വളരെ നാളായി ഇവിടത്തെ ചുവരുകളെല്ലാം ഇങ്ങനെ വരച്ചു ചീത്തയാക്കുന്നു. പല തവണ ഗുണദോഷിച്ചിട്ടുണ്ടു്. ഒന്നും കേൾക്കു കയില്ല. കല്പിച്ചു ഒന്നു ശട്ടംകെട്ടിയാലേ ഈ വരപ്പു നിൎത്തിവയ്ക്കൂ."

"തമ്പുരാൻ:—ആട്ടെ; ഇനി അവൻ വരയ്ക്കുന്നതൊന്നും നീ അഴിച്ചുകളയരുതു്. അതേവിധം ഇരിക്കട്ടെ"

അടുത്തദിവസം ആ വൃദ്ധൻ ബാലനായ രവിവൎമ്മ യോടു് ഇപ്രകാരമൊരു ഭീഷണിപ്രയോഗം നടത്തി.

"........ഇനി ചുവരിലെങ്ങും കരിക്കട്ടകൊണ്ടു വരയ്ക്കരുതേ! വരയ്ക്കുന്നതൊന്നും അഴിച്ചുകളയരുതെന്നു കല്പിച്ചിരിക്കുന്നു. കൊച്ചുതമ്പുരാനെ അവിടെ കൊണ്ടു നിൎത്തി അടിക്കാനാണേ അങ്ങനെ കല്പിച്ചിരിക്കുന്നതു."

"രവിവൎമ്മ:—അടിക്കട്ടെ. ഞാൻ വരയ്ക്കുകതന്നെ ചെയ്യും."

രവിവൎമ്മയുടെ മാതുലനായ ചിത്രമെഴുത്തു രാജരാജ വൎമ്മയും, വൃദ്ധനുമായി ചുവരുകളിലെ വരകളെപ്പററി ചോദ്യോത്തരങ്ങൾ നടന്നിട്ടു് ദിവസങ്ങൾ ആറേഴുകഴി ഞ്ഞു. ശ്രീ. രാജരാജവൎമ്മ വൃദ്ധനെ വിളിച്ചു ചോദിച്ചു:

"രവിവൎമ്മൻ പിന്നീടു് ഏതെല്ലാം ചുവരുകളിൽ വരച്ചിട്ടുണ്ടെന്നു നോക്കിവരൂ."

"വൃദ്ധൻ:—നാലഞ്ചു ചുവരുകളിൽ വരച്ചിട്ടുണ്ടു്."

വൃദ്ധൻ, രാജരാജവൎമ്മയെ ഭിത്തികൾ ഒന്നൊ ന്നായി കാണിച്ചുകൊടുത്തു.

"പട്ടി, പൂച്ച, കാക്ക, കോഴി, കാള, പശു, ആട്", ആന, കുതിര മുതലായ ഒട്ടധികം രൂപവിശേഷങ്ങളെ ഒന്നു രണ്ടു തവണ നടന്ന് സാവധാനമായി പരിശോധിച്ചു തമ്പുരാൻ അത്ഭുതാനന്ദവിവശനായി. അവിടന്നു സ്വന്തം ചിത്രശാലയിൽ എഴുതിവച്ചിരുന്നതും, അപ്പോൾ എഴുതിക്കൊണ്ടിരുന്നതുമായ പല ചിത്രങ്ങളുടേയും കുറിപ്പുകൾ അവിടെ കാണപ്പെട്ടു. ക്ഷേത്രത്തിൻെറ ശ്രീകോവിൽ ഭിത്തിയിൽ അവിടുന്ന് എഴുതിയിട്ടുള്ള ഒരു അശ്വത്തിൻെറ ഛായ ഒരു ചുവരിൽ കരിക്കട്ടയും ചെങ്കല്ലും ഉപയോഗിച്ചു വരച്ചിരിക്കയാണെങ്കിലും, അതുല്യമായി കാണുകയുണ്ടായി. അവിടെ ഒരു മുററത്തു കിടക്കുന്ന ചില തടിച്ച പശുക്കളുടെ കിടപ്പിൻേറയും, അവയുടെ കൊമ്പിൻേറയും ഉടലിൻേറയും ഛായകളും വളരെ ശരിയായിരിക്കുന്നുവെന്നു അവിടുന്നു സ്വയം സന്തോഷിച്ചു."

രാജരാജവർമ്മ ദീഘദശനം ചെയ്തുകൊണ്ടു പറഞ്ഞു:—

"ഇവൻ ചിത്രമെഴുത്തു അഭ്യസിച്ചാൽ ഒരു മഹാ ചിത്രകാരനായി ഭവിക്കും. സംശയം ഇല്ല. അവനെ ഇന്നുമുതൽ തന്നെ ചിത്രമെഴുത്തു പഠിപ്പിക്കണം."

അനന്തരം, രവിവർമ്മകുമാരൻെറ അത്ഭുതകരമായ കലാവാസനയെപ്പറ്റി ശ്രീ. രാജരാജവർമ്മ, അപ്പോൾ ആ രാജകുടുംബത്തിലെ പ്രധാനിയായ 'വലിയതമ്പുരാ'നെ അറിയിച്ചു. പ്രായക്കുറവിനെ പരിഗണിക്കാതെ താൻ രവിവർമ്മനു ഉടനേ ചിത്രമെഴുത്തിനെ സംബന്ധിക്കുന്ന പാഠങ്ങൾ നൽകാൻ പോവുകയാണെന്നും വലിയതമ്പുരാനോടു രാജരാജവർമ്മ പറഞ്ഞു.

അഞ്ചാംവയസ്സിൽ രവിവർമ്മയുടെ വിദ്യാഭ്യാസം ആരംഭിച്ചിരുന്നു. അമരകോശം, സിദ്ധരൂപം, ധാതുരൂപം ഇവ ശരിയായി ഉരുവിട്ടു പഠിച്ചുവെങ്കിലേ ശബ്ദപ്രപഞ്ചമായ ഭാഷയിൽ തെററുകൂടാതെ എഴുതുവാനും വ്യവഹരിക്കുവാനും സാദ്ധ്യമാവൂ എന്നു പണ്ഡിതനായ പിതാവു ശഠിച്ചു. പുത്രനു് ഒരു കാലത്തു് വേദവേദാംഗശാഖകളിൽ ജ്ഞാനം ഉണ്ടാകുന്നതിനുള്ള പഴക്കം ബാല്യത്തിലെ ഉറപ്പിച്ചുകൊടുക്കണമെന്നായിരുന്നു അപ്പന്റെ ആഗ്രഹം. എന്നാൽ, പുത്രനെ മടിയിൽ പിടിച്ചിരുത്തി സംഗീതാത്മകമായ കീർത്തനങ്ങളും സ്തോത്രങ്ങളും അർത്ഥവിശദീകരണത്തോടുകൂടി ചൊല്ലി കേൾപ്പിച്ചു് ആ വഴി ദേവന്മാരുടേയും ദേവിമാരുടേയും രൂപസങ്കല്പങ്ങൾ മനസ്സിൽ ഉദിപ്പിച്ചു് തന്റെ കുടുംബാംഗങ്ങൾക്കു പ്രത്യേകമായി അഭിരുചിയുള്ള ചിത്രകലയിലും, സംഗീതത്തിലും സാഹിത്യത്തിലും വാസന ഉളവാക്കുന്നതിനായിരുന്നു മാതാവിന്റെ ശ്രമം. ഏതെങ്കിലും ഒരു കേശാദിപാദവർണ്ണന കേട്ടാൽ, ബദ്ധശ്രദ്ധനായി അതു ശ്രവിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ബാലൻ എണീററു് ഓട്ടമായിരുന്നു. എന്തിനാണു് ആ ഓട്ടം ഓടുന്നതു്? പുറകേ പോയി നോക്കുകയാണെങ്കിൽ, ആ ബാലഹൃദയത്തിൽ പതിഞ്ഞ രൂപത്തെ ഉടനേ ചെന്നു ചുവരിൽ പകർത്തുവാനാണെന്നു കാണാൻ പ്രയാസമില്ല. പിൽക്കാലത്തു ചിത്രകലയിൽ സ്വഭാവ തദ്വൽക്കരണ (Realism) പ്രസ്ഥാനത്തെ രവിവർമ്മ അവലംബിക്കാൻ കാരണം ബാല്യത്തിൽതന്നെ കേൾക്കാനും ആലാപിക്കാനും ഇടങ്ങിയ കേശാദിപാദവർണ്ണനകൾ മനസ്സിൽ അതേപടി

വരച്ചുകാണായിട്ടുള്ള രൂപങ്ങളെ ഭാവമാത്രപ്രധാനമായ അലംകാരചിത്രങ്ങളാക്കി മാററാനുള്ള വൈമുഖ്യംകൊണ്ടാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എന്തായാലും ആറാംവയസ്സിൽ സൗന്ദര്യലഹരീസ്തോത്രങ്ങൾ മിക്കതും കാണാതെ ചൊല്ലാൻ ശീലിച്ച രവിവർമ്മയുടെ കലാബോധത്തിനു കേശാദിപാദവർണ്ണനകൾ ധാരാളം പ്രചോദനംകൊടുത്തിട്ടുണ്ട്. ഒരു രൂപം മനസ്സിൽ പതിഞ്ഞുകഴിഞ്ഞാൽ അതുടനെ വരച്ചുനോക്കണം. ദൃഷ്ടിയെ ഒരു രൂപം ആകർഷിച്ചുകഴിഞ്ഞാൽ അതും ഉടനേ വരച്ചു സംതൃപ്തിയടയണം. കവി, എഴുതി ആമോദിക്കുമ്പോൾ, ചിത്രകാരൻ വരച്ച് ആനന്ദിക്കുന്നു. രണ്ടുപേരുടേയും ലക്ഷ്യങ്ങൾ ഒന്നുതന്നെ. ഒരാൾ വാക്കുകൾകൊണ്ടു കവിത ഉണ്ടാക്കുന്നു; മറ്റേയാൾ ചായംകൊണ്ടു കവിത പ്രകാശിപ്പിക്കുന്നു.

രവിവർമ്മയെ, ചിത്രമെഴുത്തു പഠിക്കുവാനിരുത്തുമ്പോൾ അദ്ദേഹത്തിനു വയസ്സ് ഏഴു പൂർത്തിയായിരുന്നില്ല. അദ്ദേഹത്തോടൊത്തു കിളിമാനൂർ കൊട്ടാരത്തിലെ മറെറതാനും രാജകുമാരന്മാരെയും അന്നു രാജരാജവർമ്മ ചിത്രമെഴുത്തിനിരുത്തുകയുണ്ടായി. കലാഭ്യസനത്തിനായി അന്നു തൻെറ ചിത്രശാലയിൽ കൂട്ടിക്കൊണ്ടുവന്ന കുമാരന്മാരോടു രാജരാജവർമ്മ ചോദിച്ചു:

"നിങ്ങൾക്കു ചിത്രമെഴുത്തു പഠിക്കുവാൻ താല്പര്യമുണ്ടോ?" കുമാരന്മാർ ഓരോരുത്തരും തങ്ങൾക്കു അതീവ താല്പര്യമുണ്ടെന്നു പറഞ്ഞതുകേട്ടിട്ട് ഒരു ചാക്കുകട്ട എടുത്തു പലകയിൽ നാലഞ്ചു കുത്തുകൾ ഇട്ടിട്ട് ആ കലാചാര്യൻ അവരോട് ഇപ്രകാരം ഒരു ചോദ്യം ചോദിച്ചു.

"ഒരു മനുഷ്യൻ എങ്ങനെ നിന്നാൽ അടയാളപ്പെട്ടുത്തിയ സ്ഥാനങ്ങളിൽ അവന്റെ കാലുകൾ മുമ്പിലും കൈകൾ പിറകിലും തല മദ്ധ്യഭാഗത്തുമായിരിക്കും?"

ആ ചോദ്യത്തിനു ഉത്തരം നൽകുവാൻ അവരിൽ ഏറ്റവും പ്രായംകുറഞ്ഞ നമ്മുടെ രവിവർമ്മയ്ക്കു മാത്രമേ സാധിച്ചുള്ളു. രവിവർമ്മ നൽകിയ ഉത്തരം ഇപ്രകാരമായിരുന്നു:

"ഒരാൾ തൊഴുകുത്തി നിന്നാൽ മുമ്പിൽ രണ്ടു കാലും പിറകിൽ രണ്ടുകയ്യും, മദ്ധ്യത്തു് തലയും ആയിരിക്കും"

മാത്രമല്ല, പറഞ്ഞപ്രകാരം ആ രൂപം വരച്ചു കാണിച്ചുകൊടുക്കുകയുംകൂടി ചെയ്തപ്പോൾ നിറഞ്ഞു കവിയുന്ന സന്തോഷത്തോടുകൂടി രാജരാജവർമ്മ സ്വഭാഗിനേയനെ മടിയിൽ എടുത്തിരുത്തിക്കൊണ്ടു "നീതന്നെയാണു് ബുദ്ധിമാൻ. നീ ഭാവിയിൽ ഒരു മഹാചിത്രകാരനായി ഭവിക്കും" എന്നിങ്ങനെ ആശംസിച്ചു. അന്നു മുതൽ രവിവർമ്മയ്ക്കു് ചിത്രമെഴുത്തിനെ സംബന്ധിക്കുന്ന പാഠങ്ങൾ നൽകാനും തുടങ്ങി.

അക്കാലത്തു സഹവിദ്യാർത്ഥികളിൽ ആരിലും കാണാൻ കഴിയാത്ത മറ്റൊരു പ്രത്യേകതയും രവിവർമ്മയിൽ കണ്ടിരുന്നു. കൊട്ടാരനാടകശാലയുടെ ചാണകംമെഴുകിയ നിലത്തു തൂവെള്ള ചാക്കുകട്ടകൊണ്ടു ഒരു നെടിയ വരവരച്ചു്, ഇരുവശങ്ങളിലായി ബാലന്മാരെ നിരത്തിഇരുത്തി ഓരോരുത്തരുടേയും മുൻപിൽ ഓരോ രൂപങ്ങൾ വരച്ചതിനുശേഷം, അതുപോലെ നോക്കി വരയ്ക്കുവാൻ പറഞ്ഞിട്ടു ഗുരു തന്റെ ചിത്രശാലയി

ലേയ്ക്കു പോകുമായിരുന്നു. എന്നാൽ, രണ്ടാമതു ദിവസം ആ സ്ഥലത്തേയ്ക്കു വരുമ്പോൾ രവിവർമ്മയെ അല്ലാതെ മറ്റാരെയും അവിടെ കാണുമായിരുന്നില്ല. 'വരച്ചുനോക്കിയിട്ടു ഒക്കുന്നില്ല' എന്നു സ്വയം ശപിച്ചുകൊണ്ടു സഹവിദ്യാർത്ഥികൾ കുറച്ചുനേരത്തിനുള്ളിൽ നിദ്രാവശഗഭാവം അഭിനയിച്ചു നിഷ്ക്രമണം ചെയ്യുമ്പോൾ, ഉന്മേഷവാനായിരുന്നു വരയ്ക്കുന്ന ഏകബാലൻ രവിവർമ്മ ആയിരുന്നു. വരച്ചുകൊണ്ടിരിക്കുന്നതു മുഴുമിക്കാൻ സാദ്ധ്യമാകാതെ നേരം ഇരുട്ടിപ്പോവുകയാണെങ്കിൽ, തന്നെ ഏല്പിച്ച കൃത്യം താൻ ചെയ്തുതീർത്തില്ലല്ലോ എന്നോർത്തു രവിവർമ്മ അവിടെ ഇരുന്നു ഏങ്ങി ഏങ്ങി കരയുകയുംകൂടി ചെയ്തിരുന്നു.

"ആദ്യം നാലഞ്ചുമാസത്തോളം ഒരുവക ചുണ്ണാമ്പുകല്ലുകൊണ്ടു നിലത്തു പല ആകൃതികളും എഴുതിപ്പിക്കുകയും, പിന്നീടു പെൻസിൽകൊണ്ടു പക്ഷിമൃഗാദികളുടേയും മററും ച്ഛായകൾ കടലാസ്സിൽ കുറിച്ചു ശീലിപ്പിക്കുകയും ആയിരുന്നു പതിവു്. ഇങ്ങനെ രണ്ടു മൂന്നു കൊല്ലം കഴിഞ്ഞതിനുശേഷം കൊച്ചുതമ്പുരാൻ തണ്ണിച്ചായത്തിൽ എഴുതിത്തുടങ്ങുകയും ക്രമേണ പല പടങ്ങളും സ്വയമായി എഴുതി അസാമാന്യമായ വാസനയെ പ്രദർശിപ്പിക്കുകയും ചെയ്തു. ഇതിനിടയ്ക്കു രാജരാജവർമ്മകോയിത്തമ്പുരാന്റെ സഹോദരനും......കിളിമാനൂർ കൊട്ടാരത്തിൽ മൂപ്പുമായ വിശാഖംതിരുനാൾ വലിയകോയിത്തമ്പുരാൻ, കൊച്ചുതമ്പുരാക്കന്മാരെ കാവ്യങ്ങൾ. മുതലായവ പഠിപ്പിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരുന്ന കൂട്ടത്തിൽ ഈ കൊച്ചു തമ്പുരാനും രഘു

ഘംഖം, മാഘം തുടങ്ങിയുള്ള കാവ്യങ്ങൾ വായിച്ചു സംസ്കൃതത്തിൽ സാമാന്യവ്യുൽപ്പത്തി സമ്പാദിക്കുകയും ചെയ്തിരുന്നു."

ബാലന്മാരെ എഴുത്തിനിരുത്തുമ്പോൾ, അക്ഷരങ്ങൾ നിലത്തെഴുതി ശീലിപ്പിച്ചിരുന്നതുപോലെ, അക്കാലത്തു ചിത്രകല അഭ്യസിക്കാൻ തുടങ്ങുന്ന വിദ്യാൎത്ഥികളെക്കൊണ്ടു ആദ്യമായി രൂപങ്ങൾ വരപ്പിച്ചിരുന്നു. ലതകൾ, മരങ്ങൾ, കാട്ടുകൾ, പക്ഷിമൃഗാദികൾ, ഗൃഹങ്ങൾ എന്നിങ്ങനെ നിരവധി രൂപങ്ങൾ എഴുതി കഴിഞ്ഞതിനുശേഷമേ മനുഷ്യാവയവങ്ങൾ എഴുതിപ്പിക്കുമായിരുന്നുള്ളു. വരകൾക്കു സ്പഷ്ടതയും, വടിവും ലഭിക്കുന്നു എന്നു കാണുമ്പോൾ കടലാസ്സിൽ വരപ്പിച്ചു ശീലിപ്പിക്കും. അനന്തരം, കമ്പോളത്തിൽ വാങ്ങാൻ കിട്ടുന്ന ചായങ്ങൾകൊണ്ടു കടലാസ്സിൽ എഴുതിപ്പിക്കും. ആ പരിശീലനവും തൃപ്തികരമായി കണ്ടതിനുശേഷമേ 'തണ്ണിച്ചായം' അല്ലെങ്കിൽ ജലച്ചായത്തിൽ എഴുതി തുടങ്ങാൻ അനുവദിച്ചിരുന്നുള്ളു.

രവിവൎമ്മ ചിത്രകല അഭ്യസിക്കാൻ തുടങ്ങി കേവലം ഒരു മാസം കഴിഞ്ഞപ്പോൾ ശ്രദ്ധേയമായ ഒരു സംഭവം ഉണ്ടായി. ഗുരുവായ മാതുലൻ, പകുതിയെഴുതിയ ഒരു ചിത്രത്തിനു ബാലനായ രവിവൎമ്മ പൂൎണ്ണത വരുത്തിയ ആ സംഭവത്തെപ്പററി കഥാനായകന്റെ ജീവിതദശയിൽ വിവിധഭാഷകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലഘുജീവിതചരിത്രങ്ങളിലും, പത്രലേഖനങ്ങളിലും ഒക്കെ പറയുന്നുണ്ടെങ്കിലും ഈ അദ്ധ്യായാദ്യത്തിൽ ഉദ്ധരിച്ചിട്ടുള്ള ബാല്യവിവരണത്തിന്റെ തുടർച്ചയിൽ ചുവടേ വരുന്ന വരികളിൽനിന്നു മാത്രമേ

അതേപ്പററി ശരിയായ ഒരു വിവരണം നമുക്കു ലഭിക്കുന്നുള്ളൂ.

"ഒരുദിവസം മാതുലപാദർ മഹാവിഷ്ണുവിൻെറ ഒരു ചിത്രം പകുതി എഴുതിയതിനുശേഷം, നിത്യാനുഷ്ഠാനങ്ങൾക്കു പോയിരുന്ന സന്ദർഭത്തിൽ നമ്മുടെ കൊച്ചുതമ്പുരാൻ ആ ചിത്രത്തിൻെറ 'സ്കെച്ചി'ൽ ചില ഭേദഗതിചെയ്തു്......താഴെ ഗരുഡൻെറ ചിത്രം എഴുതി, മഹാവിഷ്ണു ഗരുഡോപരി സ്ഥിതിചെയ്യുന്ന വിധം ആ ചിത്രം പൂർത്തിയാക്കിക്കൊണ്ടിരിക്കുമ്പോൾ മാതുലപാദർ പിന്നാലെ പുറകിൽ വന്നു് ചിത്രം കണ്ടു. അവിടത്തേയ്ക്കു അസാമാന്യമായ ആശ്ചര്യം ജനിച്ചു. ആ ചിത്രം തൻെറ പൂർവ്വനിശ്ചയത്തെ അതിജീവിച്ചു് എത്രയോ മനോഹരമായി കാണപ്പെട്ടു."

---

## അദ്ധ്യായം 2.

മാതുലൻ രാജരാജവർമ്മ ചായങ്ങൾ പഴയ രീതിയിൽ സ്വന്തമായുണ്ടാക്കി ചിത്രം എഴുതിപ്പോന്നിരുന്ന കലാകാരനായിരുന്നു. ഇലകളിൽനിന്നും പൂക്കളിൽനിന്നും, മരത്തൊലി, രാസമണ്ണു് എന്നിവകളിൽനിന്നും അക്കാലങ്ങളിൽ ചിത്രകാരന്മാർ ചായങ്ങൾ നിർമ്മിച്ചുപോന്നിരുന്നു. പ്രകൃതിയോടു തുല്യമായരീതിയിൽ സ്വാഭാവികതയ്ക്കു പൂർണ്ണത നൽകുന്നവിധം ചിത്രലേഖനം ചെയ്യണമെന്ന പുരാതനമായ കലാമർമ്മത്തെ അക്കാലങ്ങളിലും ദക്ഷിണേന്ത്യൻ ചിത്രകലാകാരന്മാർ മുറുകെ പിടിച്ചിരുന്നു. പ്രകൃതിയിൽ കണ്ണുകൊണ്ടു കാണുന്നതിനു് ശ്രമപ്പെടേണ്ടുന്ന കാഴ്ചകൾ അപൂർവമാ

കുന്നു. ദക്ഷിണാപഥത്തിലെ ചിത്രകലാകാരന്മാർ ആ തത്വത്തെ ഒരിക്കലും വിസ്മരിച്ചിട്ടില്ലായിരുന്നു. എന്നാൽ, രാഷ്ട്രീയമായ പരിവത്തനങ്ങൾമൂലം കലയിൽ വിലോപങ്ങളും, സങ്കരങ്ങളും ധാരാളം വന്നുചേർന്നിട്ടുള്ള ഉത്തരേന്ത്യൻ ആലേഖനരീതികളുടെ സ്ഥിതി അങ്ങിനെ അല്ലാതായിട്ടുണ്ടു്. പക്ഷെ ഭാരതീയ ചിത്രകലയുടെ മമ്മം, സ്വഭാവതദ്വൽക്കരണമാണെന്നു മഹാഭാഗവതത്തിൽ നിന്നും താഴെ ഉദ്ധരിക്കുന്ന പദ്യം വെളിവാക്കുന്നുണ്ടു്.

"അനിരുദ്ധം വിലിഖിതം
വീക്ഷ്യോഷാ f വാംങ്മുഖീ ഹ്രിയാ
സോ f സാവസാവിതി പ്രാഹ
സ്മയമാനാ മഹീപതേ!"

[ആലേഖനം ചെയ്യപ്പെട്ട അനിരുദ്ധൻെറ ചിത്രം കണ്ടിട്ടു ചെറു പുഞ്ചിരിയോടുകൂടി അതു് അവൻതന്നെ, എന്നു പറഞ്ഞു ഉഷ ലജ്ജ കൊണ്ടു തലതാഴ്ത്തി.]

ചിത്രകലയ്ക്കും രീതിഭേദങ്ങൾ ഉണ്ടു്. സാഹിത്യത്തെപ്പോലെ വളർച്ചയുണ്ടു്. എന്നാൽ സ്വഭാവതദ്വൽക്കരണരീതിയിൽ കലത്താവുന്ന ഭാവനകൊണ്ടല്ലാതെ, കേവലം അലങ്കാരത്തിനായി മാത്രം ചിത്രകലയെ ഭാവനകൊണ്ടു മെച്ചപ്പെടുത്തുവാൻ നോക്കുന്നതു ശരിയായിരിക്കുകയില്ല. അപ്പോൾ ഉണ്ടാകാവുന്ന ദോഷം ചിത്രകലയുടെ ആത്മാവായ സ്വാഭാവികത വിസ്മരിക്കപ്പെട്ടു എന്നതായിരിക്കും.

ചിത്രലേഖനത്തിൽ നമ്മുടെ കഥാനായകൻെറ ഗുരുവായ രാജരാജവമ്മ പ്രകൃതിയിൽ കാണുന്ന വൃക്ഷലതാദികളേയും മൃഗങ്ങളേയും ചിത്രീകരിക്കുന്നതിനായി

ന്നു അധികം ഇഷ്ടപ്പെട്ടിരുന്നതു്. മൃഗങ്ങളുടെ രൂപവിശേഷങ്ങളും, സ്വഭാവവൈവിദ്ധ്യങ്ങളും മനസ്സിലാക്കുന്നതിനായി അദ്ദേഹം കുന്നിൻപുറങ്ങളും പച്ചക്കാടുകളും, നെൽപ്പാടങ്ങളും, ശാദ്വലപ്രദേശങ്ങളുംകൊണ്ടു മനോഹരമായ കിളിമാനൂർ പ്രദേശങ്ങളിലെ കാടുകളിൽ വേട്ടയ്ക്കായി പോകുമായിരുന്നു. കാടുകളിൽനിന്നും മൃഗങ്ങളെ അരികിൽവരുത്തി വെടിവെയ്ക്കുന്നതിനുള്ള ഒരു പൂർവ്വവിദ്യയും അദ്ദേഹം ശീലിച്ചിരുന്നു. ഓരോന്നിന്റേയും പ്രകൃതം പഠിക്കുന്നതിനും, അതിനുശേഷം അതതിന്റെ സ്വഭാവവിശേഷങ്ങളെ തൂലികകൊണ്ടു ചിത്രണംചെയ്യുന്നതിനുമായിരുന്നു അദ്ദേഹം ചെയ്തിരുന്ന ശ്രമങ്ങൾ.

സ്വാഭാവികതയെ പ്രതിനിധാനംചെയ്യുന്ന ഭാവനാപരങ്ങളായ ചിത്രങ്ങൾ ഒരുവിധത്തിൽ വരച്ചൊപ്പിക്കുവാൻ ഏതാണ്ടു പന്ത്രണ്ടു വയസ്സു പ്രായമായപ്പോൾ രവിവർമ്മ സാമർത്ഥ്യം പ്രകടിപ്പിച്ചുതുടങ്ങി. കഥകളിയിൽ കച്ചകെട്ടി ആടുക, താളംപിടിക്കുക, ചെണ്ടകൊട്ടുക, ഗായകന്മാരുമായി ഒത്തുനിന്നു പാടുക ഇവയൊക്കെ അക്കാലത്തു രവിവർമ്മയുടെ പ്രിയപ്പെട്ട വിനോദങ്ങളായിരുന്നു. കൊട്ടാരനാടകശാലയിൽ കഥകളി നടന്നുകൊണ്ടിരിക്കുമ്പോൾ പ്രേക്ഷകരുടെ കൂട്ടത്തിൽ ചില ദിവസം കഥാനായകൻ മുൻപിൽചെന്നു് സ്ഥാനംപിടിക്കും. ദേവന്മാരുടേയും, ദേവിമാരുടേയും വേഷങ്ങൾ വരുമ്പോൾ അടുത്തിരുന്നു കാണുന്നതിനായിരിക്കും നേരത്തെക്കൂട്ടിയുള്ള ആ സ്ഥലംപിടിപ്പു്. അനന്തരകാലങ്ങളിലെ പ്രസിദ്ധങ്ങളായ, പുരാണചിത്രങ്ങളുടെ പല പൂർവ്വരൂപങ്ങളും ആ ബാല്യ-കൗമാരകാലങ്ങളിൽ രവിവർമ്മയുടെ മനസ്സിൽ, കേരളത്തിന്റെ പ്രത്യേക നാട്യ

കലി[illegible]ായ കഥകളി വരച്ചിട്ടുള്ളതാകുന്നു. രൂപമെന്നും ഞ്ഞൂമെന്നും പ്രപഞ്ചത്തെ രണ്ടായി വിഭജിക്കുകയാണെങ്കിൽ രൂപങ്ങളുടെ യാഥാൎത്ഥ്യങ്ങൾ അറിയാനായി രവിവൎമ്മയുടെ മനോനേത്രങ്ങൾ സദാ പ്രവൃത്തിച്ചുകൊണ്ടിരുന്നു.

കാവ്യങ്ങൾ പഠിക്കുന്നതിലും കഥാനായകന് പ്രത്യേക കൌതുകമുണ്ടായിരുന്നു. വിശേഷിച്ചു കാളിദാസന്റെ രഘുവംശവും, ശാകുന്തളവും ഹൃദിസ്ഥമാക്കുന്നതിനുള്ള രസം ഒന്നു വേറെതന്നെയായിരുന്നു. ചിത്രമെഴുത്തിലാണ് വിദ്യാൎത്ഥിക്ക് വാസനയെങ്കിലും, സാഹിത്യഗ്രന്ഥങ്ങൾ അഭ്യസിപ്പിക്കുന്നതിനായിരുന്നു ഗുരുക്കന്മാർ പ്രാധാന്യം നൽകിയിരുന്നതു്. പിതാവിൻെറയും, അഭിജ്ഞന്മാരായ മാതുലസ്ഥാനീയരുടേയും അടുക്കൽനിന്നു സാഹിത്യവും, മാതാവിൻെറ ഗാനാലാപങ്ങളിൽനിന്നു സംഗീതവും, മാതുലൻെറ ചിത്രശാലയിൽനിന്നു ചിത്രമെഴുത്തും ഒരേ അവസരത്തിൽ വശമാക്കിക്കൊണ്ടിരുന്ന രവിവൎമ്മയ്ക്കു് രാമായണാദി പുരാണകാവ്യങ്ങളിലെ കഥകൾ എത്ര കേട്ടാലും മതിവരികയില്ലായിരുന്നു.

ആദ്യമായി രവിവൎമ്മയെ തിരുവനന്തപുരം തലസ്ഥാനനഗരത്തിലേയ്ക്കു കൊണ്ടുവന്നതു് ക്രിസ്തുവൎഷം 1862-ൽ തിരുവിതാംകൂർ മഹാരാജകുടുംബത്തിൽ നടന്ന രാജകീയവിവാഹ (പള്ളിക്കെട്ടു) ത്തിനു അല്പം മുമ്പായിരുന്നു. ആ രാജകീയവിവാഹത്തിൻെറ പ്രാരംഭത്തിൽ സംസ്ഥാനത്തെ രാജകുടുംബങ്ങളിൽനിന്നും ഏതാനും രാജകുമാരന്മാർ തിരുവനന്തപുരത്തു ആനയിക്കപ്പെട്ടിരുന്നു. രാജകീയവധുവിനു വരനെ തെരഞ്ഞെടുക്കു

ന്നതിനായി കൊണ്ടുവരപ്പെട്ട രാജകുമാരന്മാരിൽ, "നിറം തെല്ല കറുപ്പാണു്" എന്ന കാരണത്താൽ നമ്മുടെ കഥാനായകനായ രവിവർമ്മ തള്ളപ്പെടുകയാണുണ്ടായതു്. എന്നാൽ അന്നത്തെ ആ നിഷേധം തന്റെ ജീവിതത്തിലെ ഏററവും വലിയ ഒരനുഗ്രഹമായി പിന്നീടു് അദ്ദേഹം പറഞ്ഞിരുന്നു. അന്തഃപുരങ്ങളിലെ ശില്പപഞ്ജരത്തിൽ വീർത്തിത്ത ഹംസതൂലികശയ്യമേൽ ഒതുങ്ങുന്ന ഒരു രാജകീയവരനായി താൻ തീൎന്നുപോയെങ്കിൽ "ചെറുണ്ണീ! എന്നെ ലോകം അറിയാൻ ഇടവരുമായിരുന്നോ" എന്നു് രവിവർമ്മ തൻെറ സന്തതസഹചാരിയായിരുന്ന ഇളയസഹോദരൻ രാജരാജവർമ്മയോടു പിന്നീടൊരിക്കൽ മൈസൂർസംസ്ഥാനത്തിന്റെ അതിഥിയായി താമസിക്കുന്ന കാലത്തു പറയുകയുണ്ടായിട്ടുണ്ടു്. പതിമ്മൂന്നു വയസ്സു പ്രായമുള്ള കാലത്തു രാജകീയവരൻെറ തെരഞ്ഞെടുപ്പിനു കൊണ്ടുപോയ ആ സംഭവത്തെ ഓർത്തിട്ടു ജ്യേഷ്ഠൻ ഇപ്രകാരം തുടൎന്നു പറഞ്ഞതായി രാജരാജവർമ്മ രേഖപ്പെടുത്തിയിരിക്കുന്നു.

"നാം പ്രവർത്തിച്ചു്, നമ്മുടെ പ്രവൃത്തിമൂലം ലോകത്തിൻെറ ആദരവു നേടണം. അതാണു് നാമാൎജ്ജിക്കേണ്ട ബഹുമതി. അതിനപ്പുറത്തു് നമുക്കു ഒരു ബഹുമാനവും കിട്ടാനില്ല. എല്ലാം മനുഷ്യൎക്കും മാന്യതയും, പദവിയും വേണമെന്നാഗ്രഹമുണ്ടു്. അവ നമ്മുടെ പ്രവൃത്തികൊണ്ടും പെരുമാററംകൊണ്ടും നേടേണ്ടവയാകുന്നു. എന്നാൽ കുറുക്കുവഴികളിൽക്കൂടി അതു നേടുവാനാണു് നമ്മുടെ ആളുകൾ ശ്രമിക്കുന്നതു്. അതുകൊണ്ടു യഥാൎത്ഥത്തിൽ കിട്ടേണ്ടതു കിട്ടിയില്ലാ എന്നു് അവർ അറിയുന്നതു് വളരെ കഴിഞ്ഞതിനുശേഷമാണു്. അതിന്റെ

കാരണവും വ്യക്തമാണു്. പദവിക്കു നൽകിപ്പോന്നിട്ടുള്ള തെററായ വിലതന്നെ ആകുന്നു ജനങ്ങളെ അങ്ങനെ വ്യാമോഹിപ്പിക്കുന്നതു്."

രവിവർമ്മയെ ആദ്യമായി തിരുവനന്തപുരത്തേയ്ക്കു കൊണ്ടുവരുമ്പോൾ തിരുവിതാംകൂർ രാജ്യം ഭരിച്ചിരുന്ന മഹാരാജാവു്, ആധുനികതിരുവിതാംകൂറിന്റെ വിധാതാവു എന്നറിയപ്പെടുന്ന ആയില്യംതിരുനാളായിരുന്നു. പരിഷ്കാരിയും, വിവിധഭാഷാപണ്ഡിതനും, ലളിതകലാപ്രേമിയും ആയ ആ മഹാരാജാവു് സിംഹാസനാരോഹണം ചെയ്തിട്ടു് അപ്പോൾ ഒരു വർഷം കഴിഞ്ഞിരുന്നു. സ്വാതിതിരുനാൾ മഹാരാജാവിന്റെ ചിത്രകാരനായ ചിത്രമെഴുത്തു രാജരാജവർമ്മ ആയില്യംതിരുനാൾ മഹാരാജാവിന്റെയും പ്രത്യേകമായ സ്നേഹത്തിനു പാത്രമായിട്ടുള്ള ഒരാളായിരുന്നു. രവിവർമ്മകുമാരനു നിറത്തിനു അഴകുപോരെന്നു പറഞ്ഞു് രാജകീയവധുവിന്റെ പാണിഗ്രഹണം നിഷേധിക്കപ്പെട്ടതിൽ ആ മാതുലപാദർക്കു അല്പം കുണ്ഠിതവും തോന്നാതിരുന്നില്ല. എന്തെന്നാൽ, രവിവർമ്മന്റെ സ്വർഗ്ഗീയമായ കലാവാസന, മററു കുമാരന്മാരിൽ ആരിലും കാണാൻ അദ്ദേഹത്തിനു സാധിച്ചിരുന്നില്ല. അതൊരു സാമ്യത ഇല്ലാത്ത ജന്മവൈശിഷ്ട്യം തന്നെയായിരുന്നു. അതിനാൽ രവിവർമ്മയുടെ ആ വൈശിഷ്ട്യത്തെ ശരിയായ ശിക്ഷണംകൊണ്ടു പ്രകാശിപ്പിക്കുവാൻ മാർഗ്ഗം എന്തെന്നു് അദ്ദേഹം പലപ്പോഴും ആലോചിക്കുകയായിരുന്നു. ചിത്രമെഴുത്തിൽ തനിക്കു നല്കാൻ കഴിയുന്നിടത്തോളം പരിശീലനം നൽകിക്കഴിഞ്ഞു എന്നു വരികിലും, അതുകൊണ്ടുമാത്രം സർവ്വസമ്മതമായും, ശാസ്ത്രീയമായും മനുഷ്യരേയും പ്രകൃതി

യേയും ചിത്രീകരിക്കുവാൻ സാധിക്കുന്നതല്ലെന്നു തന്റെ മാതൃസഹോദരിയിൽനിന്നു ചിത്രലേഖനം പരിശീലിച്ച്, സ്വയം ചായങ്ങൾ ഉണ്ടാക്കി വിനോദാർത്ഥം ചിത്രങ്ങൾ എഴുതിപ്പോന്നിരുന്ന രാജരാജവർമ്മയ്ക്കു് അറിയാമായിരുന്നു. കലയിൽ വാസന പ്രകടിപ്പിക്കുന്ന ബാലികാബാലന്മാരെ എഴുതി ശീലിപ്പിക്കുമ്പോൾ അവരുടെ അരികിൽ മധുരപദാർത്ഥങ്ങൾ കൂടി വച്ചുകൊടുക്കാൻ ആജ്ഞാപിക്കാറുണ്ടായിരുന്ന രാജരാജവർമ്മയുടെ കലാപ്രേമത്തെപ്പററി പറയാൻ വിഷമമാണു്.

ആയിടയിൽ ഒരുദിവസം, രാജരാജവർമ്മ ആയില്യംതിരുനാൾ മഹാരാജാവിനെ സന്ദർശിക്കാൻ പോയിരുന്നപ്പോൾ, 'പള്ളിക്കെട്ടിനു നിറം തെല്ലു കറുപ്പായിപ്പോയ' ആ കുമാരന്റെ ഉള്ളിൽ കുടികൊള്ളുന്ന അപ്രമേയമായ കലാവാസനയെപ്പററിയും പറകയുണ്ടായി. അതുകേട്ട കലാകുതുകിയായ മഹാരാജാവു് ആ കലാകോമളനെ തനിക്കു് ഒന്നു കാണ്മാനായി ഒരു ദിവസം തന്റെ കൊട്ടാരത്തിലേയ്ക്കു കൂട്ടിക്കൊണ്ടുവരണമെന്നു രാജരാജവർമ്മയോടു ആവശ്യപ്പെട്ടു.

1862 മേയ്മാസത്തിൽ നമ്മുടെ കഥാനായകനെ വീണ്ടും തിരുവനന്തപുരത്തേയ്ക്കു കൊണ്ടുവന്നു. മഹാരാജാവിനു കാഴ്ചവയ്ക്കാനായി താൻ എഴുതിയ മൂന്നു ചെറുചിത്രങ്ങളും ആ കലാകാമുകൻ കൊണ്ടുപോയിരുന്നു.

മഹാരാജാവിനു കാഴ്ചവയ്ക്കാനായി കൊണ്ടുചെന്നിട്ടുള്ള ആ കൊച്ചുചിത്രങ്ങളിൽ സൗന്ദര്യത്തിന്റേയും സ്വാഭാവികതയുടേയും ചെറിയൊരു മിന്നൽവെളിച്ചം മിന്നുന്നുണ്ടായിരുന്നു. ഒരു ശിശുവും രണ്ടു ദേവതമാരു

ആയിരുന്നു ആലേഖ്യങ്ങളിലെ വിഷയങ്ങൾ. ചിത്രകലയിൽ നിത്യതയ്ക്കായുള്ള അടിസ്ഥാനശില്പമൊരുക്കുന്നതിനു വേണ്ടതായ പ്രോത്സാഹനങ്ങൾ എല്ലാം രവിവർമ്മയ്ക്കു നൽകണമെന്നു് ആനന്ദത്തിന്റെ ഉളുംകിളിർപ്പുകളായ ആ ചിത്രതല്ലജങ്ങൾ കണ്ടമാത്രയിൽത്തന്നെ മഹാരാജാവു് അന്തരാ തീർച്ചപ്പെടുത്തിക്കഴിഞ്ഞു.

വജ്രകുണ്ഡലങ്ങളും, ചന്ദനക്കുറിയും അണിഞ്ഞു്, പാദം തഴുകുന്നവിധം പുളിയിലക്കരനേര്യതും ഉടുത്തു്, അത്ഭുതസൂചകങ്ങളായ നോട്ടങ്ങളോടുകൂടി തന്റെ മുൻപിൽ നിൽക്കുന്ന ത്രയോദശവയസ്കനായ രവിവർമ്മയേയും ചിത്രങ്ങളേയും മാറി മാറി നോക്കിയിട്ടു്, ഏതാണ്ടിപ്രകാരം മഹാരാജാവു് അരുളിച്ചെയ്തു:

"ആട്ടെ; രവിവർമ്മൻ തിരുവനന്തപുരത്തു താമസിച്ചു ചിത്രമെഴുതി പരിശീലിക്കണം. ഇവിടെ താമസിച്ചാൽ എണ്ണച്ചായത്തിൽ എഴുതി പഠിക്കുവാൻ സൗകര്യങ്ങൾ ഉണ്ടാവുകയേയുള്ളൂ. ഇവിടെ (കൊട്ടാരത്തിൽ) വന്നിരുന്നു് പലതും നോക്കി എഴുതി പഠിക്കുവാനും ഉണ്ടാവും."

തിരുവനന്തപുരം കോട്ടയ്ക്കകത്തു്, "ദേവാരത്തുകോയിക്കൽ" കൊട്ടാരത്തിനു സമീപത്തു്, കിളിമാനൂർ കൊട്ടാരം വകയായി മൂടത്തുമഠം എന്നൊരു ഗൃഹം ഇപ്പോഴും ഉണ്ടു്. ആ ഗൃഹം നമ്മുടെ ചരിത്രനായകന്റെ ജീവിതത്തോടു വളരെ ബന്ധപ്പെട്ട ഒന്നാകുന്നു. മഹാരാജാവിന്റെ നിർദ്ദേശപ്രകാരം വലിയകൊട്ടാരത്തിൽ പരിശീലനാർത്ഥം പോകാൻ തുടങ്ങിയതുമുതൽ രവിവർമ്മ താമസം ആ ഗൃഹത്തിലാക്കി. രാജരാജവർമ്മയും ആ കാലങ്ങളിൽ അവിടെ ഉണ്ടായിരുന്നു. പണ്ഡിതസാർവ്വഭൗമനായ കേരളവർമ്മ വലിയകോയിത്തമ്പു

രാൻ ചിത്രമെഴുത്തു രാജരാജവൎമ്മയുടെ ഒരു സുഹൃത്തായിരുന്നു. ഭാഗിനേയൻ വരച്ച ചിത്രങ്ങളെ കേരളവൎമ്മയ്ക്കു് കാണിച്ചുകൊടുക്കുന്നതിനും, അദ്ദേഹം ഉത്സാഹം പ്രദർശിപ്പിച്ചിരുന്നു. കിളിമാനൂരിലേയ്ക്കു് പിന്നീടു് രവിവൎമ്മ പോകുന്നതു് ചില വിശേഷദിവസങ്ങളിൽ മാത്രമായി.

എല്ലാംകൊണ്ടും തിരുവനന്തപുരത്തെ പരിസരങ്ങൾ രവിവൎമ്മയുടെ കലാഹൃദയത്തിന്റെ വികാസത്തിനു അനുകൂലമായിരുന്നു. വലിയകൊട്ടാരത്തിൽ അന്നു് ആധുനികമായ ചിത്രസമ്പത്തുകൾ കുറച്ചേ ഉണ്ടായിരുന്നുള്ളൂ; എങ്കിലും പഴയരീതിയിൽ പനയോലയിലും, കണ്ണാടിയിലും എഴുതിയിട്ടുള്ള ചിത്രങ്ങളും, സ്വാതിതിരുനാളിന്റെ കാലത്തെഴുതിയിട്ടുള്ള തഞ്ചാവൂർ ചിത്രകാരന്മാരുടെ ആലേഖ്യങ്ങളും അവിടെ സുലഭങ്ങളായിരുന്നു. യൂറോപ്യൻ ഛായാചിത്രലേഖകന്മാർ എഴുതിയിട്ടുള്ള രണ്ടോ മൂന്നോ എണ്ണച്ഛായചിത്രങ്ങളും അന്നു് തിരുവനന്തപുരം കൊട്ടാരത്തിലെ ചിത്രസമ്പത്തിൽ ഉൾപ്പെട്ടിരുന്നു. ഇവകൂടാതെ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ചുവർചിത്രങ്ങളും കലാവിദ്യാൎത്ഥിയായ രവിവൎമ്മയുടെ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരുന്നു. തിരുവനന്തപുരത്തെ വർണ്ണാഞ്ചിതമായ രാജകീയഘോഷയാത്രകളും, ഉത്സവകാലങ്ങളിലെ സുന്ദരീജനവിലാസങ്ങളും സൗന്ദൎയ്യാരാധകനായ രവിവൎമ്മയ്ക്കു പ്രചോദനം നൽകുന്നവയായിരുന്നു.

വലിയകൊട്ടാരത്തിൽ രവിവൎമ്മയ്ക്കായി ഒരു ചിത്രശാല അനുവദിക്കുന്നതിനും, യൂറോപ്യൻ ചിത്രകാരന്മാരുടെ ചിത്രങ്ങൾ അച്ചടിച്ചിട്ടുള്ള പുസ്തകങ്ങൾവരുത്തി അവയുടെ പശ്ചാത്തലങ്ങളെ വിശദീകരിച്ചു കൊടുക്കുന്ന

തിലും കൊട്ടാരത്തിലെ ചിത്രങ്ങൾ നോക്കി ആലേഖനം ചെയ്യാൻ പ്രേരണ നൽകുന്നതിലും, വരയ്ക്കുന്ന ചിത്രങ്ങൾ നോക്കി അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതിലും ആയില്യം തിരുനാൾ മഹാരാജാവ് അത്യന്തം ഉൽസുകനായിരുന്നു. പുസ്തകങ്ങളിൽ ചേർത്തിട്ടുള്ള വിഖ്യാതന്മാരായ 'ഇത്താലി'യൻ ചിത്രകാരന്മാരുടെ ചിത്രങ്ങൾ കാട്ടിക്കൊടുത്തിട്ട് അവരുടെ വർണ്ണവിപര്യയത്തിന്റെ ആകർഷണീയതയെപ്പററി, ചിത്രമെഴുത്ത് അഭ്യസിച്ചിട്ടില്ലെങ്കിലും, ഒരു ചിത്രകലാകാരന്റെ ദൃഷ്ടിയോടുകൂടി രവിവർമ്മയ്ക്കു ഉപദേശങ്ങൾ നൽകുവാനും കലാകുതുകിയായ ആയില്യം തിരുമനസ്സുകൊണ്ടു ശ്രമിച്ചിരുന്നു. ആ പരിശീലനം ഏകദേശം ഒരു ഒൻപതുകൊല്ലത്തോളം നീണ്ടുനിന്നു. എന്നാൽ, ആ കാലമത്രയും തന്നെ താൻ ചിത്രം എഴുതി പരിശീലനം നടത്തിക്കൊണ്ടിരുന്ന രവിവർമ്മ, തനിക്കു എന്നാണ് വിദഗ്ധനായ ഒരു ചിത്രകാരന്റെ സഹായം കിട്ടുവാൻ പോകുന്നതെന്ന വിചാരത്താൽ എത്രയും വിഷണ്ണനായി കഴിയുകയായിരുന്നു. എണ്ണച്ചായങ്ങളും, തൂലിക (Brush)യുമാണെങ്കിൽ സുലഭങ്ങൾ അല്ലതാനും. ഒടുവിൽ ആ കലോപാസകൻ സ്വന്തമായി എണ്ണച്ചായങ്ങൾ ഉണ്ടാക്കി ചിത്രങ്ങൾ എഴുതിനോക്കി. ആ പരീക്ഷണങ്ങൾ നടക്കുന്ന കാലത്ത് മദ്രാസ്സിൽ ഒരു കമ്പനിക്കാരുടെ കൈവശം എണ്ണച്ചായങ്ങൾ വിൽക്കാനുണ്ടെന്നു അറിവുലഭിച്ചതനുസരിച്ച് കേരളവർമ്മ വലിയകോയിൽത്തമ്പുരാൻ എഴുതിഅയച്ചു കുറേ ചായങ്ങൾ വരുത്തിക്കൊടുത്തു. ഉടനെ തന്നെ എണ്ണച്ചായം ഉപയോഗിച്ചു ചിത്രം എഴുതാൻ രവിവർമ്മ തന്നെത്താൻ അഭ്യസിച്ചുതുടങ്ങി.

## അദ്ധ്യായം 3.

“അപ്പോൾ തിരുവിതാംകൂറിലാകെക്കൂടി എണ്ണച്ചായത്തിൽ ചിത്രമെഴുതുന്നതിനെപ്പററി ആരെങ്കിലും അറിയാവുന്നതായി ഒരു ചിത്രകാരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മധുര സ്വദേശിയായ ആ ചിത്രകാരന്റെ പേർ രാമസ്വാമിനായിക്കർ എന്നായിരുന്നു. അദ്ദേഹം അപ്പോഴത്തെ യുവരാജാവിന്റെ ഒരു ആശ്രിതനുമായിരുന്നു. ചിത്രമെഴുത്തിന്നായി നായിക്കർക്കു ഒരു ചിത്രശാലയും അനുവദിച്ചുകൊടുത്തിരുന്നു. ഒരിക്കൽ യുവാവായ നമ്മുടെ ചിത്രകാരൻ ഒരു വിഷമഘട്ടത്തിൽ സംശയനിവൃത്തിക്കായി രാമസ്വാമിനായിക്കരെ സമീപിച്ചു. എന്നാൽ ഭാവിയിൽ ആ യുവചിത്രകാരൻ തന്റെ എതിരാളിയായി തീരുമെന്ന നിലയിൽ വീക്ഷിക്കാൻ തുടങ്ങിയിരുന്ന രാമസ്വാമി, യാതൊരുതരമായ സംശയവും നിവൃത്തിച്ചുകൊടുക്കുകയില്ലെന്നു ശഠിക്കുകയാണു് ചെയ്തുണ്ടായതു്. ആ തിരസ്കരണത്തോടുകൂടി താൻ രാമസ്വാമിയെ വെല്ലുന്ന ഒരു ചിത്രകാരനായിത്തീരുവോളം തന്റെ പരിശീലന സംരംഭങ്ങൾക്കു ഇളപ്പം വരുത്തുന്നതല്ലെന്ന ഉറച്ച ഒരു തീരുമാനത്തിൽ രവിവർമ്മ എത്തിച്ചേർന്നു.”

രാജാ രവിവർമ്മയുടെ ജീവിതത്തിലേയ്ക്കു നോക്കുമ്പോൾ അദ്ദേഹത്തിന്റെ തടസ്സങ്ങളെ തരണംചെയ്യാനുള്ള വൈരാഗ്യബുദ്ധി മറ്റെന്തിലും ഉപരിയായി പൊന്തിനിന്നിരുന്നതായി കാണാവുന്നതാണു്. രാമസ്വാമിനായിക്കർ ചിത്രമെഴുത്തിനെ സംബന്ധിച്ചു യാതൊന്നും പറഞ്ഞുകൊടുക്കുകയില്ല. എന്നു ശഠിച്ചതേ ഉള്ളൂ.

എന്നാൽ അപ്പോഴത്തെ മഹാരാജാവായ ആയില്യം തിരുനാളിനോടു വൈരം പുലർത്തിപ്പോന്നിരുന്ന യുവരാജാവു (വിശാഖംതിരുനാൾ) രാജ്യഭരണമേററപ്പോൾ, നമ്മുടെ കഥാനായകനു കൊട്ടാരത്തിൽനിന്നുള്ള പുറംതള്ളലിനെ തുടർന്നു പലതരത്തിലുള്ള ഉപദ്രവങ്ങളും സഹിക്കേണ്ടതായി വന്നുകൂടി.

അന്നു, രാമസ്വാമിനായിക്കരെ കൂടാതെ ആറുമുഖംപിള്ള എന്നൊരു ചിത്രകാരനും തിരുവനന്തപുരം തലസ്ഥാനനഗരിയിൽ ഉണ്ടായിരുന്നു. ചിത്രമെഴുത്തു രാജരാജവർമ്മ കഴിഞ്ഞാൽ, ആലേഖനവിഷയകമായ വിജ്ഞാനം വർദ്ധിപ്പിക്കുവാൻ, യാവൽപ്പക്യം രവിവർമ്മയെ സഹായിച്ചിട്ടുള്ളതു് ആറുമുഖംപിള്ള എന്ന ആ ചിത്രകാരനായിരുന്നു.

ആയില്യം തിരുമനസ്സിലെ കൊട്ടാരമാണു് രവിവർമ്മയുടെ ചിത്രലേഖനത്തിലെ നവീനതത്വങ്ങൾ എന്തെല്ലാമാണെന്നും, ലോകചിത്രകല (പ്രധാനമായി യൂറോപ്യൻകല) എന്താണെന്നും ഉള്ള അറിവുകൾ ആദ്യമായി നൽകിയതു്. കിളിമാനൂർകൊട്ടാരം രവിവർമ്മയുടെ നിത്യസ്മരണീയമായ പ്രാഥമികവിദ്യാലയമാണെങ്കിൽ, ആയില്യം തിരുമനസ്സിലെ കൊട്ടാരം ആലേഖ്യവിജ്ഞാനത്തിൽ അദ്ദേഹത്തിനു് ഒരു സർവ്വകലാശാലയായിരുന്നു. ശരീരശാസ്ത്രം, നരവംശശാസ്ത്രം തുടങ്ങി ഒരു ചിത്രകലാവിദ്യാർത്ഥി അവശ്യം പഠിച്ചിരിക്കേണ്ട പല വിഷയങ്ങളും ഉണ്ടു്. രവിവർമ്മയ്ക്കു് ആ ശാസ്ത്രങ്ങളിൽ അറിവുണ്ടാക്കിക്കൊടുക്കുന്നതിന്നായി ആയില്യംതിരുനാൾ ഇംഗ്ലീഷിൽ ആ വിഷയങ്ങളി

ളുള്ള പുസ്തകങ്ങൾ വരുത്തി പ്രത്യേകമായി പഠിച്ചിരുന്നു എന്നാണു പറയപ്പെടുന്നതു്.

വിശ്രുതന്മാരായ ലോകചിത്രകാരന്മാരിൽ നമ്മുടെ കഥാനായകനെപ്പോലെ ശരിയായ ഒരു ഗുരുവിന്റെ സഹായം ഇല്ലാതെ സ്വന്തം വാസനയുടെ പ്രചോദനത്തെമാത്രം ആസ്പദമാക്കി വൈരാഗ്യപൂർവ്വമുള്ള അഭ്യാസംകൊണ്ടു പൂർണ്ണതനേടാൻ യത്നിച്ചിട്ടുള്ളവർ വിരളമാണു്. ചിത്രമെഴുത്തു് ജീവിതകൃത്യമായി സ്വീകരിക്കണം എന്ന ആഗ്രഹം അക്കാലത്തെങ്ങും രവിവർമ്മയ്ക്കു് ഇല്ലായിരുന്നു. കേരളത്തിൽ അതിനുമുമ്പു ചിത്രമെഴുത്തിനായിമാത്രം ജീവിതം ചെലവിട്ടിട്ടുള്ളവർ ആരെങ്കിലും ഉണ്ടായിരുന്നതായും അറിയപ്പെട്ടിട്ടില്ല. ഒരു വിനോദം എന്ന നിലയിൽ അല്ലാതെ രവിവർമ്മയുടെ കാലംവരെ ചിത്രമെഴുത്തിനു കേരളീയജനങ്ങൾ സ്ഥാനം നല്കിയിരുന്നില്ല.

തിരുവനന്തപുരത്തെ ആ പരിശീലനകാലങ്ങളിൽ നമ്മുടെ കഥാനായകൻ മാവേലിക്കര രാജകുടുംബത്തിലെ പൂരുരുട്ടാതിനാൾ തമ്പുരാട്ടിയെ വിവാഹം (1866-ൽ) ചെയ്തു. വിവാഹത്തിനുശേഷം മാവേലിക്കരയും, തിരുവനന്തപുരത്തുമായി അദ്ദേഹം താമസമായി. സുന്ദരഭാവനകളുടെ പൊന്മയ ഭവനമായ രവിവർമ്മ, ആ മധുവിധുകാലത്തും രാമസ്വാമിനായിക്കറെ വെല്ലുന്ന ഒരു ചിത്രകാരനായിത്തീരണമെന്ന വിചാരത്താൽ ഭരിതനായിരുന്നു. വിശ്രമകാലങ്ങളിലും ചിത്രശാലയിൽ തൂലികയുമായിട്ടല്ലാതെ രവിവർമ്മയെ കാണാൻ പ്രയാസമാണു്. ജീവിതമർപ്പിച്ചുള്ള ആ കലാപ്രേമം നമ്മുടെ ചരിത്രനായകന്റെ പത്നിയെ ചില ദിവസങ്ങളിൽ ശുണ്ഠിപിടിപ്പിക്കുകപോലും ഉണ്ടായിട്ടുണ്ടു്.

ക്രിസ്തുവർഷം 1868-ൽ 'തിയോഡർജൻസൻ' എന്ന പാശ്ചാത്യഛായാചിത്രകാ (Portrait Painter) രൻ, അപ്പോഴത്തെ ഇന്ത്യാവൈസ്രോയി സർ. ജാൺ ലാറൻസിൻെറ ഒരു ആമുഖക്കത്തുമായി വന്ന് ആയി ല്യംതിരുനാൾ മഹാരാജാവിനെ സന്ദർശിക്കുകയുണ്ടായി.

തിയോഡർ ജൻസൻ ഒന്നാംകിടയിലുള്ള ഒരു ഛായാചിത്രകാരൻ ആയിരുന്നില്ല. ആ വസ്തുത വെളി പ്പെട്ടതു് ജൻസൻ എഴുതിയ ആയില്യംതിരുനാൾ മഹാരാജാവിൻേറയും, അവിടുത്തെ പത്നിയുടേയും ചിത്രങ്ങൾ പിന്നീടു രവിവർമ്മ എഴുതിക്കണ്ടപ്പോഴാണ്. എണ്ണച്ചായത്തിൽ ചിത്രങ്ങൾ സന്ദേഹംകൂടാതെ എഴു താൻ രവിവർമ്മ തുടങ്ങിയതുതന്നെ ജൻസൻ കൊട്ടാര ത്തിൽവെച്ചു് മഹാരാജാവിൻേറയും പത്നിയുടേയും ഛായകൾ എഴുതിക്കൊണ്ടിരുന്നപ്പോൾ, ആ ചിത്രകാ രൻെറ വർണ്ണസംയോജനരീതി നോക്കിനിന്നതിനുശേഷ മായിരുന്നു. അല്ലാതെ, മററു ശാസ്ത്രീയമായ പരിശീല നം ഒന്നും എണ്ണച്ചായംകൊണ്ടെഴുതുന്നതിൽ നമ്മുടെ ചരിത്രനായകനു് ലഭിച്ചിരുന്നില്ല. എണ്ണച്ചായം ഉപ യോഗിക്കുന്നതിൽ, അതിനുമുമ്പു് ഒരു ഏകദേശജ്ഞാനം മാത്രമേ സ്വപരിശ്രമംകൊണ്ടു സിദ്ധിച്ചിരുന്നുള്ളു. എത്ര ശ്രമിച്ചിട്ടും വർണ്ണസംയോജനത്തിലെ സാങ്കേ തികസംശയങ്ങൾ പൂർണ്ണമായി അകററുവാൻ ആരും സഹായിക്കുവാനുണ്ടായില്ല. ആ നിസ്സഹായാവസ്ഥ യിൽ രവിവർമ്മ ചില വർഷങ്ങൾതന്നെ എണ്ണിക്കഴിക്കേ ണ്ടിവന്നു. അപ്പോഴാണ് തിയോഡർ ജൻസൻ ആയി ല്യംതിരുനാളിൻെറ കൊട്ടാരത്തിലേക്കു വന്നതു്. ആ

പാശ്ചാത്യചിത്രകാരന്റെ ആഗമനത്തിൽ മഹാരാജാവ് സന്തോഷിച്ചു. തന്റെ രവിവർമ്മനെ അഭ്യസിപ്പിക്കാൻ ജൻസൻ ഇഷ്ടപ്പെട്ടമെന്നു് മഹാരാജാവ് വിശ്വസിച്ചു. യുവാവായ രവിവർമ്മ വരച്ചിട്ടുള്ള കുറേ ചിത്രങ്ങൾ ജൻസനു, മഹാരാജാവു കാണിച്ചു കൊടുക്കുകയുംചെയ്തു. ആ ചിത്രങ്ങൾ കണ്ടിട്ട് അവ വരച്ച ചിത്രകാരനാണോ താൻ പറഞ്ഞുകൊടുക്കേണ്ടതെന്നു് ജൻസൻ മഹാരാജാവിനോട്ട് ആശ്ചര്യത്തോടുകൂടി ചോദിച്ചു. 'അതേ' എന്ന മറുപടി കേട്ടിട്ട് അല്പനേരം ആലോചിച്ചതിനു ശേഷം, "ഞാൻ കൊട്ടാരത്തിലേയ്ക്കു എഴുതുന്ന ചിത്രങ്ങൾ നോക്കിനില്ക്കാൻ അനുവദിക്കുകയല്ലാതെ, എണ്ണച്ഛായമെഴുത്തു് മററുതരത്തിൽ പഠിപ്പിക്കുവാൻ പ്രയാസമാ"ണെന്നു് അദ്ദേഹം പ്രതിവചിച്ചു.

രവിവർമ്മ അസാധാരണബുദ്ധിപ്രഭാവനായ ഒരു ചിത്രകലാകാരനാണെന്നു്, ജൻസൻ ഗ്രഹിച്ചുകഴിഞ്ഞു. അങ്ങനെയുള്ള ഒരു കലാവിദ്യാർത്ഥിയെ താൻ ആലേഖ്യവിഷയകമായ സാങ്കേതികതത്വങ്ങൾകൂടി ഗ്രഹിപ്പിച്ചാൽ മേലിൽ യൂറോപ്പിൽനിന്നും ചിത്രകാരന്മാർ ആരും ഇന്ത്യയിലേയ്ക്കു വരികേണ്ടിവരില്ല എന്നു അദ്ദേഹം ഭയപ്പെട്ടു. അതിനാൽ "തൊഴിൽരഹസ്യങ്ങൾ പറഞ്ഞുകൊടുക്കാൻ നിർബന്ധിക്കരുതു്" എന്നു ഖണ്ഡിതമായി ജൻസൻ പറഞ്ഞതിനുശേഷമായിരുന്നു ആ നോക്കിനില്പിനുപോലും രവിവർമ്മയെ അനുവദിച്ചതു്. എന്നാൽ, ആ നോക്കിനില്പിൽ കൂടുതൽ ഒന്നും രവിവർമ്മയ്ക്കു ആവശ്യമില്ലായിരുന്നു; ജൻസൻ, ചിത്രത്തിനു വിഷയമാക്കിയ അതേ നായികാനായകന്മാരെ രവിവർമ്മ എഴുതിയപ്പോൾ, ജൻസന്റേതിനേക്കാൾ മെച്ചമായി

രുന്നു. ഇന്ത്യയിലേയ്ക്കു വരുന്ന യൂറോപ്യൻ ഛായാചിത്രവിദഗ്ദ്ധന്മാരെ രക്ഷിക്കുവാൻവേണ്ടി, "തൊഴിൽരഹസ്യം" (Trade secret) പുറത്തുവിടാൻ മടിച്ച ജൻസന്റെ ലക്ഷ്യം തികച്ചും തെററി; പിന്നീട് അധികകാലം ചെല്ലുന്നതിനുമുമ്പ് മദ്രാസുഗവർണ്ണരായിരുന്ന ബക്കിംഗ്ഹാംപ്രഭു(Duke of Buckingham)വിന്റെ ഛായാചിത്രം, രവിവർമ്മ വരച്ചു. സമർത്ഥന്മാരായ കലാകാരന്മാരാൽ ആലേഖനംചെയ്യപ്പെട്ടിട്ടുള്ള ഇംഗ്ലീഷുഭരണാധികാരികളുടെ ചിത്രങ്ങളുടെ നടുവിൽ മദ്രാസ്സുഗവർണ്മെണ്ടു മന്ദിരത്തിൽ വയ്ക്കുന്നതിനായിരുന്നു അതു്. ആ എണ്ണച്ഛായ, മദ്രാസ്സിൽ അനാച്ഛാദനംചെയ്ത ദിവസം സമ്മതി ആർജ്ജിച്ചിട്ടുള്ള പാശ്ചാത്യചിത്രകാരന്മാർ പലരും അവിടെ സന്നിഹിതരായിരുന്നു. അവരൊക്കെയും ആ അഭിനവ ഭാരതീയ ചിത്രകാരന്റെ കലാചാതുരിയിൽ അത്ഭുതപ്പെട്ടു. ഗവർണ്ണർ ബക്കിംഗ്ഹാംപ്രഭു ഇപ്രകാരം പ്രഖ്യാപിച്ചു:

"ഒരിക്കൽ പ്രശസ്തനായ ഒരു യൂറോപ്യൻചിത്രകാരന്റെ മുൻപിൻ പതിനെട്ടുതവണ 'നോക്കി എഴുതുന്ന'തിന്നായി എനിക്കു് ഇരുന്നുകൊടുക്കേണ്ടിവന്നിട്ടുണ്ടു്. എന്നിട്ടും കലാകാരനായ രവിവർമ്മ എഴുതിയതിന്റെ പകുതിയെങ്കിലും ഭംഗിയായി എന്റെ ഛായയെ പ്രതിഫലിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഒരു ഛായാചിത്രം എഴുതുന്നതു് ഇത്ര വേഗത്തിൽ ആകാമെന്നു് ഞാനറിയുന്നതും രവിവർമ്മ ഇപ്പോഴ് എന്റെ എണ്ണച്ഛായ എഴുതിയപ്പോഴ് മാത്രമാണു്."

—:o*o:—

# അദ്ധ്യായം 4.

തിയോഡർജൻസനുമായുള്ള സമാഗമത്തിനുശേഷം എണ്ണച്ചായത്തിൽ മൂന്നു വർഷം രവിവർമ്മ എഴുതി പരിശീലിച്ചു. ആ പരിശീലനത്തിൻെറ അവസാനദശയിൽ, ചിത്രമെഴുത്തു ജീവിതവൃത്തിയായി സ്വീകരിച്ചു്, കലയിൽ പ്രവർത്തിച്ചുതുടങ്ങുന്നതിനു മുൻപു വിദ്യാദേവതയായ സരസ്വതീദേവിയെ ഭജിക്കുന്നതിനായി മൂകാംബികയിലേക്കു ഒരു തീർത്ഥയാത്ര പോകാൻ അദ്ദേഹം തീരുമാനിച്ചു.

കലാവാസന വികസ്വരമാകുന്നതിനൊപ്പം, ഈശ്വരവിശ്വാസവും രവിവർമ്മയിൽ ദൃഢമൂലമായി തീർന്നുകൊണ്ടിരുന്നു. എവിടെ താമസിച്ചാലും വെളുപ്പാൻ നാലു മണിക്കുണർന്നു് കാലും മുഖവും കഴുകി, സിദ്ധിവരുത്തിയിട്ടുള്ള 'സ്വയംവരമന്ത്ര'വും 'സൌന്ദര്യലഹരീസ്തോത്ര'ങ്ങളും ഉരുക്കഴിക്കുന്നതിനു് അദ്ദേഹം മുടക്കം വരുത്തുകയുണ്ടായിട്ടില്ല. ബ്രാഹ്മമുഹൂർത്തത്തിലുള്ള ആ പ്രാർത്ഥനയ്ക്കുശേഷം, പുലരുന്നതുവരെയും പുസ്തകം വായിച്ചുകൊണ്ടിരിക്കും. പുലർന്നു കഴിഞ്ഞാൽ പ്രഭാതഭക്ഷണത്തിനുള്ള സമയംവരെ ചിത്രം എഴുതുകയായി. സമയം വൃഥാ ചെലവിടുക എന്നതു് ആ ജീവിതത്തിൽ ഒരു കാലത്തും ഉണ്ടായിട്ടേ ഇല്ല.

രാജാ രവിവർമ്മയ്ക്കു, പ്രസിദ്ധ കലാകാരനായി പുകൾകൊണ്ട രാജരാജവർമ്മയെ കൂടാതെ ഗോദവർമ്മ എന്നൊരു സഹോദരൻകൂടി ഉണ്ടായിരുന്നു. നേരേ ഇളയ സഹോദരൻ ഗോദവർമ്മയാകുന്നു. അതിനടുത്ത ആളാണു് രാജരാജവർമ്മ. ഓരോരുത്തർക്കും ആറു വയസ്സുവീതം

പ്രായക്കുറവുണ്ട്. 88-ാം ജന്മദിനം ആഘോഷിച്ചിട്ടും, തൂലിക ഉപേക്ഷിച്ചിട്ടില്ലാത്ത കലാവിദുഷിയായ ശ്രീമതി മംഗളാബായിതമ്പുരാട്ടി, ഉമാഅംബാബായി തമ്പുരാട്ടിയുടെ നാലാമത്തെ സന്താനമാകുന്നു. ആ നാലു സഹോദരങ്ങളിൽ ഗോദവർമ്മയുടെ താല്പര്യം—മററു മൂന്നു പേരെപ്പോലെ ചിത്രകലയോടല്ല—സംഗീതസാഹിത്യാദികളോടായിരുന്നു.

സംശയനിവാരണത്തിനു ആരും ഇല്ലാതെ ക്ലേശിച്ചിരുന്ന കാലങ്ങളിലാണ് രവിവർമ്മയിൽ ഈശ്വരവിശ്വാസം പ്രവൃദ്ധമായിത്തീരാൻ തുടങ്ങിയതു്. അന്നു് ആരംഭിച്ച പുലർച്ചയ്ക്കുള്ള ധ്യാനത്തിനും സൗന്ദര്യലഹരീസ്തോത്രജപത്തിനും പിന്നീട് ഒരിക്കലും അദ്ദേഹം മുടക്കംവരുത്തിയിട്ടില്ല. ബഹിർലോകത്തു് അവലംബമില്ലാതെ വരുമ്പോൾ ഉൽക്കർഷേച്ഛുക്കൾ ആത്മബലത്തെ സമാശ്രയിക്കുന്നതു സ്വാഭാവികമാകുന്നു. എന്നാൽ കഥാപുരുഷനിൽ ജന്മനാതന്നെ ഈശ്വരപ്രേമം അങ്കുരിച്ചിരുന്നു. കിളിമാനൂർ കൊട്ടാരത്തിൽ ജനിച്ചു്, അതേ പരിസരങ്ങളിൽ വളന്ന അവിടത്തെ മററു കുമാരന്മാരിൽ ആരിലും ആ യുവപ്രായത്തിൽ നമ്മുടെ കഥാനായകനിൽ കണ്ടിരുന്ന ഈശ്വരഭക്തി ദർശിക്കാൻ കഴിഞ്ഞിരുന്നില്ല. ഫലത്തിൽനിന്നും സ്വയമേവ രസം ഊറിയിറങ്ങുംപോലെ, ഭാവനാത്മകമായ ഹൃദയത്തിന്റെ വികാസത്തിൽ നിന്നും തനിയേ ഉണ്ടാകേണ്ടതാണു് ഈശ്വരപ്രേമം.

കേരളസംസ്ഥാനത്തിന്റെ ഉത്തരപരിധിയിൽ കർണ്ണാടകജില്ലയിൽ സ്ഥിതിചെയ്യുന്ന മൂകാംബികയ്ക്കുള്ള യാത്രയ്ക്കു് ഇന്നത്തെപോലെ അക്കാലങ്ങളിൽ വാഹന

സൗകര്യങ്ങൾ ഇല്ലായിരുന്നു. എന്നാൽ കിളിമാനൂർ നിന്നു്, ആററിങ്ങലേയ്ക്കും തിരുവനന്തപുരത്തേയ്ക്കും, ചിലപ്പോൾ പത്നീഭവനമായ മാവേലിക്കരെയ്ക്കും കുതിരപ്പുറത്തു ധാരാളമായി സഞ്ചരിച്ചു നല്ലതുപോലെ ശരീരത്തിനു് ആയാസവും ദൃഢതയും വന്നിട്ടുള്ള യുവാവായ രവിവർമ്മയ്ക്കു യാത്രാക്ലേശങ്ങൾ നിസ്സാരങ്ങളായിരുന്നു.

1870 ആഗസ്റ്റ്മാസം അവസാനം ശ്രീ മൂകാംബികയെ ഉപാസിക്കുവാനുള്ള ആ തീർത്ഥയാത്ര ആരംഭിച്ചു. യാത്രയിൽ കിളിമാനൂർ കൊട്ടാരത്തിൽനിന്നും സഹോദരസ്ഥാനീയനായ ഒരു യുവാവും, മാവേലിക്കര കൊട്ടാരത്തിൽനിന്നു സ്വാലൻ കുഞ്ഞാനുതമ്പുരാനും ശറവു രണ്ടാത്രിതന്മാരും, രവിവർമ്മയോടൊത്തുണ്ടായിരുന്നു. ജലമാർഗ്ഗമായി കൊച്ചിയിൽ എത്തിയിട്ടു്, അവർ അവിടെനിന്നും കരമാർഗ്ഗം കാൽനടയായി മൂകാംബിയിലേയ്ക്കു തിരിച്ചു. യാത്രയെ ഉല്ലാസകരമാക്കുന്നതിനായി കഥകളും സ്ഥലപുരാണങ്ങളും ഫലിതവും അവർ പരസ്പരം പറഞ്ഞുരസിച്ചു. നദീതീരങ്ങളിലെ കാട്ടുകൾ കാണുമ്പോൾ രവിവർമ്മ, ശാകുന്തളത്തിലെ ഋഷിവാടത്തേയും മാൻപേടകളോടൊത്തു വളന്ന സൗന്ദര്യത്തിൻെറ പരിമളച്ചാർത്തായ ശകുന്തളേയും, കാളിദാസഭാഷയിൽ വിശദീകരിച്ചു തോഴരെ കേൾപ്പിച്ചു ഉത്സാഹഭരിതരാക്കി. ഇടയിൽ, സരസ്വതീസ്തോത്രങ്ങളും ആലാപിക്കും. ചിലപ്പോൾ, ആഹ്ളാദപ്രദമായി തോന്നുന്ന വസ്തുക്കളെ നോക്കി കവിത രചിക്കുവാനും രവിവർമ്മ ഉത്സാഹിച്ചിരുന്നു. ആ കവിതകൾ അധികവും ചില മഹാകവികളുടെ പദ്യങ്ങളെ അനുകരിച്ചുള്ളതായിരുന്നു. അങ്ങനെ

രീക്കൽ ഒരു ആനയെ നോക്കിനിന്നിട്ട് നമ്മുടെ കഥാനായകൻ രചിച്ച ഒരു പദ്യം ചുവടേ ഉദ്ധരിക്കാം.

"കമ്പംവിട്ടു തളച്ച ചങ്ങലപറിച്ചാ-
ലോല കോലാഹലം
കൊമ്പൻ കേറിവരുന്ന നേരമകലത്തോടു
ന്നിതെല്ലാവരും,
കമ്പും കയ്യിലെടുത്തൊരുത്തനടേ വമ്പും
പറഞ്ഞെത്തുകിൽ
തുമ്പില്ലാത്ത ജനത്തിൽമുമ്പനവനെന്ന-
ല്ലാതെ ചൊല്ലാവതോ"

സംസ്കൃതത്തിലും അനായാസേന രവിവർമ്മയ്ക്കു കവിത എഴുതുവാൻ സാധിച്ചിരുന്നു.

ആ തീർത്ഥയാത്ര കഴിഞ്ഞു മടങ്ങുമ്പോഴാണ് കോഴിക്കോട്ടു സബ്ബ്ജഡ്ജിയായിരുന്ന കിഴക്കേപൊലാട്ട് കൃഷ്ണമേനോനുമായി നമ്മുടെ കഥാനായകൻ പരിചയമാവുന്നത്. ശ്രീ. കൃഷ്ണമേനോൻ ചേററൂർ സർ സി. ശങ്കരൻനായരുടെ ഭാര്യാപിതാവായിരുന്നു. കൃഷ്ണമേനോനവർകളുടെ ആഗ്രഹപ്രകാരം രവിവർമ്മ കോഴിക്കോട്ടു താമസിച്ചു അദ്ദേഹത്തിന്റെ ഒരു ഛായാപടം അപ്പോഴം തന്നെ എഴുതികൊടുത്തു. അതിനു പ്രതിഫലവും നൽകപ്പെട്ടു. രവിവർമ്മയ്ക്കു ചിത്രമെഴുത്തിൽ പ്രതിഫലം കിട്ടിയതു് അന്നു് ആദ്യമായിരുന്നു.

## അദ്ധ്യായം 5.

ചിത്രമെഴുത്തു രവിവമ്മ തിരുവിതാംകൂർ മഹാരാജാവുമായി അടുത്തബന്ധം പുലത്തുന്ന ഒരു മാന്യവ്യക്തിയുമായി തുടൎന്നു തിരുവനന്തപുരത്തു താമസമായി. കൊട്ടാരത്തിലെ വിശേഷച്ചടങ്ങുകളിൽ രവിവമ്മയ്ക്കും ഒരു അതിഥിയുടെ സ്ഥാനം നൽകപ്പെട്ടു. പത്നിയായ മാവേലിക്കര പൂരുരുട്ടാതിനാൾ തമ്പുരാട്ടി, റാണി ലക്ഷ്മിബായിയുടെ സഹോദരിയായതുകൊണ്ടും, രവിവമ്മയ്ക്കു കൊട്ടാരത്തിൽ ചെറിയൊരു പ്രാമാണ്യത്തിനു അർഹതയുണ്ടായിരുന്നു. അപ്പോൾ പൂരുരുട്ടാതിനാൾ തമ്പുരാട്ടി തന്റെ മൂത്ത സഹോദരിയായ റാണി ലക്ഷ്മീബായിത്തമ്പുരാട്ടിയോടുകൂടി തിരുവനന്തപുരത്തു വന്നു താമസിക്കുകയായിരുന്നു. രവിവമ്മ, പത്നിയും ഒരുമിച്ചു ഏററവും സന്തോഷമായി കഴിഞ്ഞിരുന്ന കാലങ്ങളിൽ ഒന്നു് അതായിരുന്നു.

ആയില്യംതിരുനാൾ മഹാരാജാവിന്റേയും മന്ത്രി സർ. ടി. മാധവരായരുടേയും ഭരണസാമത്ഥ്യംകൊണ്ടു തിരുവിതാംകൂർ, ഇന്ത്യൻ നാട്ടുരാജ്യങ്ങളിൽ "മാതൃകാസംസ്ഥാനം" എന്ന പേർ നേടി. തിരുവനന്തപുരം രാജധാനി ആധുനികപരിഷ്കാരങ്ങൾക്കു സ്വാഗതമരുളുന്നതിൽ മുന്നിട്ടുനിന്നു. ഇംഗ്ലീഷ വിദ്യാഭ്യാസത്തിനായി നവീനമായ ഒരു കലാലയം തലസ്ഥാനത്തു് തുറക്കുന്നതിന്റെ പ്രാരംഭഘട്ടമായിരുന്നു അതു്. യൂറോപ്യന്മാരുടെ ഗമനാഗമനങ്ങൾക്കു് എവിടേയും അമിതമായ പ്രാധാന്യം നൽകപ്പെട്ടിരുന്നു. പാശ്ചാത്യമയ്യാദകൾ ശീലിക്കാത്ത ഉദ്യോഗസ്ഥന്മാർ യോഗ്യന്മാരായി അംഗ

ഗണിക്കപ്പെട്ടുന്ന പതിവില്ല. തീൻമേശകളിൽ പാശ്ചാത്യന്മാരോടൊപ്പമിരുന്നു മദ്യം കുടിക്കുവാൻ, അല്ലെങ്കിൽ കുടിക്കുന്നു എന്നു നടിക്കുവാൻ എങ്കിലും, അഭ്യസിച്ചിട്ടില്ലാത്ത രാജകുമാരന്മാൎക്കു് മാന്യന്മാരുടെ കൂട്ടത്തിൽ അന്തസ്സു അവകാശപ്പെട്ടുവാൻ അർഹതയില്ല! അന്തസ്സിനു അവശ്യം വേണ്ടതായിരുന്ന ആ പരിശീലനത്തിനു് അന്നു കൊട്ടാരം ഏററവും അനുകൂലമായിരുന്നു. സേവകന്മാരെയും, ഉന്നത ഉദ്യോഗസ്ഥന്മാരെയും സൽക്കരിക്കാനായി കൊട്ടാരത്തിൽ കൂടെക്കൂടെ തീൻമേശകൾ ഒരുക്കാറുണ്ടായിരുന്നു. അതിഥിയായി ചിത്രമെഴുത്തു രവിവൎമ്മയും ക്ഷണിക്കപ്പെടാറുണ്ടു്. ആ സൽക്കാരസദസ്സുകളിൽ ഭാഗഭാക്കാകുമെങ്കിലും, ഒരു മാന്യതയും അന്തസ്സും പരിപാലിക്കണമെന്നു് രവിവൎമ്മയ്ക്കു അവിടങ്ങളിലും നിർബ്ബന്ധമായിരുന്നു.

ഇക്കാലങ്ങളിൽ സംഗീതജ്ഞന്മാരെക്കൊണ്ടു സംഗീതമാലാപിച്ചു കേൾക്കുന്നതിനും, കഥകളിരംഗങ്ങൾ അഭിനയിച്ചു കാണുന്നതിനും, പഴയ കുടുംബങ്ങളിൽ ശേഷിച്ചിട്ടുള്ള ആലേഖ്യങ്ങൾ കിട്ടാവുന്നിടത്തോളം ശേഖരിച്ചു പരിശോധിക്കുന്നതിനും, മഹാകാവ്യങ്ങളിലെ നാടകീയരംഗങ്ങൾ വ്യാഖ്യാനിച്ചുകേൾക്കുന്നതിനുമായിരുന്നു നമ്മുടെ കഥാനായകൻ തൻെറ സമയത്തിൽ അധികവും ചെലവഴിച്ചിരുന്നതു്. സൗന്ദൎയ്യധാമങ്ങളുടെ ആലേഖ്യങ്ങൾ എഴുതിത്തുടങ്ങിയതും ഇൗയവസരം മുതൽക്കായിരുന്നു. ചില സുന്ദരിമാരുടെ അസാമാന്യതമമായ ഭാവങ്ങൾ, എണ്ണച്ചായത്തിൽ വരയ്ക്കുന്നതിനായി നമ്മുടെ ചരിത്രപുരുഷൻെറ ചിത്രക്കുറിപ്പു

കളിൽ ആദ്യമായി സ്ഥലം പിടിക്കുന്നതും അപ്പോഴായിരുന്നു. മൂകാംബിയാത്രയ്ക്കുശേഷം, തിരുവനന്തപുരം കൊട്ടാരത്തിൽ രവിവർമ്മ എഴുതിയ കലാസുന്ദരമായ ഛായകളിൽ ഒന്നു് ഒരു സൗന്ദര്യധാമത്തിന്റേതായിരുന്നു. ആ സൌന്ദര്യധാമം ആയില്യംതിരുനാൾ മഹാരാജാവിന്റെ പത്നിയല്ലാതെ മററാരുമല്ല.

തിയോഡർ ജൻസന്റെ ഛായാചിത്രങ്ങളെ അധഃകരിച്ചുകൊണ്ടു രവിവർമ്മ എഴുതിയ ആയില്യംതിരുമനസ്സിന്റെയും പത്നിയുടേയും ഛായകൾ, തിരുവനന്തപുരം കൊട്ടാരത്തിൽ വരുന്ന എവരുടേയും പ്രശംസയ്ക്കു പാത്രമായി. മഹാരാജാവു് ആ ഛായകൾ എഴുതിയ യുവചിത്രകാരനു് വീരശൃംഖല സമ്മാനിച്ചു. അതു് നഗരത്തിൽ ഒരു പൊതുസംസാരവിഷയമായി. ചിത്രമെഴുത്തിനു വീരശൃംഖല ലഭിക്കുന്നതു് അന്നു് ആദ്യമായിരുന്നു. 'രവിവർമ്മാചിത്ര'ങ്ങൾ എന്ന ശബ്ദം നാഗരിയിലെ ജനങ്ങളുടെ ഇടയിൽ ഒരു ചൈതന്യം ഉളവാക്കി. "മൂടത്തുമഠത്തിൽചെന്നാൽ, ദേവസുന്ദരിമാരെ 'ചിത്രങ്ങൾ' കാണാം" എന്നു് നഗരവാസികൾ പറയാൻ തുടങ്ങി.

1873-ാംവർഷം നമ്മുടെ കഥാനായകന്റെ ആദ്യത്തെ വിജയവർഷമായിരുന്നു. ആ വർഷത്തിൽ മദ്രാസ് ഗവർണ്ണർ ഹോബാർട്ട് പ്രഭുവിന്റെ രക്ഷാധികാരിത്വത്തിൽ മദ്രാസ്സ് നഗരത്തിൽ ഒരു കലാപ്രദർശനം സംഘടിക്കപ്പെട്ടു. ആ വാർത്ത തിരുവനന്തപുരംകൊട്ടാരത്തിലറിഞ്ഞു. പൊതുജനപ്രശംസയോടുകൂടിയ ഉൽക്കർഷസോപാനത്തിലേയ്ക്കു രവിവർമ്മ ആരോഹണംചെയ്തു കാണ്മാനായി ആഗ്രഹി

ക്കുന്ന മഹാരാജാവ് ആ അവസരത്തെ പ്രയോജനപ്പെടുത്തണമെന്നു ആഗ്രഹിച്ചു. പ്രദർശനത്തിനയയ്ക്കുന്നതിന്, എഴുതീട്ടുള്ളവയിൽ ഏതു ചിത്രം കൊള്ളാമെന്നും അല്ലെങ്കിൽ പുതുതായി എന്തുവിഷയത്തെക്കുറിച്ചാണ് എഴുതേണ്ടതെന്നും പ്രദർശനവാർത്ത കേട്ടതുമുതൽ രവിവർമ്മ ആലോചനയായി. തഴക്കമുള്ള യൂറോപ്യൻ ചിത്രകാരന്മാരുൾപ്പെടെ പല കലാകാരന്മാരും പ്രദർശനത്തിൽ ചിത്രങ്ങൾകൊണ്ടു മത്സരിക്കുന്നുണ്ടാവും. അക്കൂട്ടത്തിൽ താൻ എന്താണയയ്ക്കേണ്ടതെന്നും, എന്താണെഴുതേണ്ടതെന്നും രവിവർമ്മയ്ക്കു ഒരു രൂപവുമില്ലായിരുന്നു. തന്മയത്വമായി എഴുതിഫലിപ്പിച്ചിട്ടുള്ളതാണെങ്കിൽ പുരാണചിത്രങ്ങൾ കൊള്ളാം, അത് ആലേഖനം ചെയ്തു ശീലിച്ചിട്ടില്ല. ചില സൗന്ദര്യക്കുരുന്നുകളുടെ ചിത്രങ്ങൾ വിനോദത്തിനായി എഴുതിയിട്ടുണ്ട്; പക്ഷേ അവ, ഒരു കലാമത്സരത്തിനു അയയ്ക്കാവുന്ന യോഗ്യതകൾ തികഞ്ഞവയല്ല. ചിത്രകലയിൽ ദേശീയതയ്ക്കുള്ള സ്ഥാനം രവിവർമ്മ ഗ്രഹിച്ചിട്ടുണ്ട്; പ്രദർശനം നടക്കുന്നതു മദ്രാസ്സിലുമാണ്; കേരളത്തിന്റെ പ്രത്യേകതയെ അനുസ്മരിപ്പിക്കുന്ന ഒരു സൗന്ദര്യധാമത്തിന്റെ ചിത്രം എണ്ണച്ചായത്തിൽ ഒന്നു പ്രത്യേകമായി വരയ്ക്കുവാൻ ആ കലാകാരൻ തീരുമാനിച്ചു.

(പ്രദശനത്തിന് വേണ്ടി രവിവർമ്മ പുതുതായി എണ്ണച്ചായത്തിൽ എഴുതിയ ചിത്രം, മനോഹരിയായ ഒരു മലയാളവനിത കേരളീയരീതിയിൽ മുൻപോട്ടു ചരിച്ചു കെട്ടിയിട്ടുള്ള ധമ്മില്ലഭാരത്തിന്മേൽ കനത്ത പിച്ചിപ്പൂമാല്യം അണിഞ്ഞുകൊണ്ടിരിക്കുന്ന ഒരു രംഗമായിരുന്നു.) മുൻപ് എഴുതിയിട്ടുള്ള മറ്റൊരു ചിത്രവും

കൂടി ചേൎത്തു അങ്ങനെ രണ്ടു ചിത്രങ്ങൾ പ്രദൎശനത്തിനായി ഒരുക്കിവച്ചു.

പലസ്ഥലത്തുനിന്നും ചിത്രങ്ങൾ വന്നുചേരുന്ന ആ പ്രദൎശനരംഗം നേരിട്ടു കാണുന്നതിനായി തനിക്കു മദ്രാസ്സിൽ ഒന്നു പോയാൽ കൊള്ളാമെന്ന ആഗ്രഹത്തെയും രവിവൎമ്മ മഹാരാജാവിനെ അറിയിച്ചു. ആ രക്ഷാപുരുഷൻ ആ നിവേദനം അംഗീകരിച്ചു. രവിവൎമ്മയ്ക്കു മദ്രാസ്സിൽ ചെന്നാൽ താമസസൌകൎയ്യമുണ്ടാക്കിക്കൊടുക്കുന്നതിനും യോഗ്യന്മാരുമായി പരിചയപ്പെടുത്തുന്നതിനുമായി ദക്ഷിണഇന്ത്യയിലെ "വന്ദ്യവയോവൃദ്ധൻ" എന്നു അറിയപ്പെട്ടിരുന്ന ദിവാൻ ബഹദൂർ ആർ. രഘുനാഥറാവുവിനു മഹാരാജാവു തിരുമനസ്സുകൊണ്ടു് ഒരു സ്വകാൎയ്യക്കത്തും എഴുതിക്കൊടുത്തു യഥാകാലം ആ കലാകുതുകിയെ യാത്രയാക്കി.

അപ്പോൾ രവിവൎമ്മയ്ക്കു മാതൃഭാഷയും, സംസ്കൃതവും തമിഴും അല്ലാതെ, പിൽക്കാലത്തു അദ്ദേഹം വശമാക്കിയ ഹിന്ദുസ്ഥാനി, മറാത്തി, ഗുജറാത്തി, ജൎമ്മൻ, ഇംഗ്ലീഷ് എന്നീ ഭാഷകൾ ഒന്നുംതന്നെ അറിയാമായിരുന്നില്ല. അതിനാൽ, മദ്രാസ്സിൽനിന്നു മടങ്ങുവോളം, ആതിഥേയന്റേയും ചിലപ്പോൾ ദ്വിഭാഷിയുടേയും സ്ഥാനം ദിവാൻ ബഹദൂർ റാവു തന്നെ വഹിക്കേണ്ടിവന്നു. നമ്മുടെ കഥാനായകൻ, ഇന്ത്യയിലെ ബ്രിട്ടീഷുഭരണകാലത്തു് ഇംഗ്ലീഷു പഠിക്കാനായി സമയം വ്യയം ചെയ്യാതെ ലോകയശസ്സാൎജ്ജിക്കുകയും; അതിനുശേഷം ആ ഭാഷ കൂടാതെ വിദേശമിത്രങ്ങളോടു് അഭിമുഖമായി ആശയവിനിമയം ചെയ്യാൻ നിവൃത്തി ഇല്ലെന്നു കണ്ടപ്പോൾമാത്രം ഇംഗ്ലീഷ് പഠിക്കുകയുംചെയ്ത ഒരാളാകുന്നു.

ആംഗലഭാഷ സ്വാധീനമാക്കിയ കാലത്തും തനിക്കറി യാവുന്ന ഏതെങ്കിലും ഇന്ത്യൻഭാഷ സംസാരിക്കാൻ സാധിക്കുന്നവർ ഇംഗ്ലീഷിൽ സംസാരിക്കുമ്പോൾ അദ്ദേഹം അവരുടെ മാതൃഭാഷയിൽ മറുപടി പറഞ്ഞി രുന്നു.

രവിവർമ്മയുടെ കലാജീവിതത്തിന് അന്നത്തെ ഇന്ത്യൻരാഷ്ട്രീയനേതാക്കന്മാർ അതുല്യമായ വിലയാണു കല്പിച്ചിരുന്നതെന്നുള്ളതിന് ഒരു സംഭവം വിവരിക്കാം.

ഒരിക്കൽ കൽക്കട്ടാനഗരത്തിൽ രവിവർമ്മ തീവ ണ്ടിയിറങ്ങിയപ്പോൾ അദ്ദേഹത്തെ സ്വീകരിപ്പാൻ കാത്തുനിന്നിരുന്നവരിൽ ഒരാൾ, സുപ്രസിദ്ധവാഗ്മിയാ യിരുന്ന ശ്രീ. സുരേന്ദ്രനാഥബാനർജിയായിരുന്നു. കഥാ നായകൻ തീവണ്ടിയിൽനിന്നു താഴെ ഇറങ്ങിയ ഉടൻ ആലിംഗനം ചെയ്തുകൊണ്ടു ശ്രീ സുരേന്ദ്രനാഥബാനർജി പറഞ്ഞു.

"ഞാൻ അങ്ങയെ വിടുകയില്ല. എത്രകാലമായി അങ്ങയെ ഒന്നു കാണണമെന്നു ആഗ്രഹിച്ചുകൊണ്ടിരി ക്കുന്നു! അങ്ങു ചിത്രശാല * മുഖാന്തിരം ചെയ്യുന്ന ഭാരത ത്തിന്റെ സാംസ്കാരികമായ ഉയിർത്തെഴുന്നേല്പിനായുള്ള സേവനംതന്നെ ഞങ്ങൾ ഏറെക്കുറെ പ്രഭാഷണങ്ങൾ കൊണ്ടു നിർവ്വഹിക്കുന്നു അങ്ങയുടെ സേവനത്തിനു ദൃശ്യ മായ സൌന്ദര്യം ഉണ്ടെന്നു് ഒരു മെച്ചം അധികമാ യുണ്ടു്."

(മദ്രാസ്സിൽ നടന്ന ആകലാപ്രദർശനത്തിന്റെ ഒന്നാംസമ്മാനമായ സുവർണ്ണമുദ്ര, രവിവർമ്മയുടെ 'മുല്ലപ്പൂ

---

* (ബ്രഷ്കൊണ്ടു)

ചൂടിയ നായർവനിത'ക്കു (ആലേഖ്യത്തിനു) നൽക ണമെന്നു; പ്രഖ്യാപിക്കപ്പെട്ടു. യൂറോപ്യൻ ചിത്രകാര ന്മാർ പലരും ആ പ്രദർശനത്തിനു ചിത്രങ്ങൾ അയ ച്ചു. അവരുടെ ചിത്രങ്ങൾക്കൊന്നും ഒന്നാംസമ്മാനം ലഭിച്ചില്ലെന്നുള്ള സ്ഥിതിക്കു നമ്മുടെ രാമസ്വാമിനാ നായിക്കക്കു തീരെയും നിരാശയ്ക്കു വകയില്ല!)

ഗവർണ്ണർ ഹോബാർട്ടുപ്രഭു ഒന്നാംസമ്മാനം നേടിയ ചിത്രകാരനു ഒരു അഭിമുഖ സന്ദർശനം അനു വദിച്ചു. അപ്പോൾ മദ്രാസ്സ്സർവ്വീസിലിരുന്ന ഡാക്ടർ ഷർണൽ എന്ന കലാപ്രേമിയായ പാശ്ചാത്യഭിഷഗ്വ രൻ രവിവർമ്മയുടെ ചിത്രങ്ങൾ കണ്ടിട്ടു അന്നുതന്നെ ചിത്രകാരനുമായി പരിചയപ്പെടുവാൻ ദിവാൻബഹദൂർ രഘുനാഥറാവുവിനെ സമീപിച്ചവരിൽ ഒരാളായിരുന്നു.

ആദ്യമായി പ്രദർശനത്തിനയച്ച രവിവർമ്മയുടെ ചിത്രം മദ്രാസ്സിലെ കാഴ്ചക്കാരെ അത്രമാത്രം ആകർഷി ക്കുകയും, ആ നഗരത്തിലെ പൊതുസംഭാഷണവിഷ യമായിത്തീരുകയും ചെയ്തു" എന്നാണു കഥാനായ കന്റെ സമകാലീനനായ ആദ്യജീവിതചരിത്രകാരൻ പ്രസ്താവിച്ചിട്ടുള്ളതു്.

വിജയശ്രീലാളിതനായി മദ്രാസ്സിൽനിന്നും തിരു വനന്തപുരത്തേയ്ക്കു മടങ്ങിവന്ന രവിവർമ്മയ്ക്കു ആയില്യം തിരുനാൾ മഹാരാജാവു വിലപിടിച്ച സമ്മാനങ്ങൾ പലതും നൽകി. ചിത്രമെഴുത്തു് ഇങ്ങനെ കീർത്തിക്കു കവാടം തുറന്നുകൊടുക്കുമെന്നു അതുവരേയും നാട്ടിൽ ആരും അറിഞ്ഞിട്ടേ ഉണ്ടായിരുന്നില്ല.

## അദ്ധ്യായം 6

ക്രിസ്തുവർഷം 1873-ൽ യൂറോപ്പിലെ വീയന്നാ നഗരത്തിൽ ഒരു ലോകകലാപ്രദർശനം നടക്കുവാൻ പോകുന്നതായി രവിവർമ്മയ്ക്കു് അറിവു ലഭിച്ചു. വിദേശത്തു നടക്കുന്ന ആ പ്രദർശനത്തിൽ തനിക്കും ചിത്രങ്ങൾ അയച്ചാൽ കൊള്ളാമെന്നു ഒരു മോഹം കഥാനായകനിൽ ഉദിച്ചു. അന്നത്തെ യൂറോപ്പിന്റെയും ബ്രിട്ടീഷുഭരണത്തിൻകീഴിലെ ഇന്ത്യയുടേയും അവസ്ഥകൾക്കു തമ്മിൽ ഒരു കാര്യത്തിലും സാമ്യത എന്നതേ പറയാനുണ്ടായിരുന്നില്ല. പതിനാലാം നൂററാണ്ടോടു കൂടിമാത്രം ഇന്ത്യ തുടങ്ങിയ കിഴക്കൻ രാജ്യങ്ങളിൽ നിന്നും ചായങ്ങളെപ്പററിയുള്ള അറിവു ലഭിച്ച യൂറോപ്പു കലയിൽ നേടിയ സ്ഥാനം അസൂയാർഹമായിരുന്നു. കലാസമ്പത്തുകൾകൊണ്ടു ലോകത്തെ വിസ്മയിപ്പിച്ചുകൊണ്ടിരുന്ന ഇന്ത്യയാകട്ടെ കലാവിഷയകമായി വളച്ചുമൂട്ടി നിദ്രയിലായ കാലങ്ങളിൽ സ്വന്തമായി ഒരു ചിത്രകല എന്നതു് ഇല്ലാതിരുന്ന ഇംഗ്ലീഷുരാജ്യം യൂറോപ്പിലെ മററു രാജ്യങ്ങളിൽനിന്നും കലയെപ്പററി പഠിച്ചു സ്വകീയമായ ഒരു കലാവിഭാഗം ഉയർത്തിക്കൊണ്ടുവന്നു. പുതിയ പുതിയ ആലേഖ്യാലേഖനസമ്പ്രദായങ്ങളും യൂറോപ്യൻ കലയിൽ സ്വീകരിക്കപ്പെട്ടുകൊണ്ടിരുന്നു. കണ്ണിനും മനസ്സിനും ആനന്ദം കൊടുക്കുന്ന ചിത്രനിർമ്മാണരീതികൾ ഏതും അവർ സ്വാഗതം ചെയ്തു. അതേ തിരിപ്പിൽ രീതികൾ തിരിച്ചറിഞ്ഞു് ഓരോന്നിനും അതു് അർഹിക്കുന്ന സ്ഥാനം നൽകുവാനും അവർ തയ്യാറായിരുന്നു. കല ഒരു രാജ്യത്തിന്റെമാത്രം വകയാ

ണെന്നു അവർ വിചാരിച്ചില്ല. ചില ചിത്രകാരന്മാർ 'ക്ലാസ്സിക്ക' രീതിയിൽ എഴുതി, ചിലർ 'റൊമാന്റിക്ക' രീതിയിൽ എഴുതി. മററു ചിലർ എല്ലാററിനേയും ഉപേക്ഷിച്ചിട്ടു 'റിയലിസ' രീതിയെ സ്വീകരിച്ചു; വേറെ ഒരു കൂട്ടക്കു കലയുടെ വളച്ചയെ കാട്ടുന്നതിനു Impressionism വേണമെന്നായി. എല്ലാവരുടെ രീതിയിലും ഭാവനയെ ആവേശത്താൽ ജാജ്വല്യമാനമാക്കി സ്വാഭാവികത വരുത്തുക എന്നതാണു് മുഖ്യമായി കാണപ്പെട്ടതു്. ഒരുകൂട്ടർ തങ്ങളുടെ രീതി സ്വീകരിക്കാത്ത മററു കൂട്ടരെ ആക്ഷേപിക്കുവാൻ പുറപ്പെട്ടില്ല. മൈക്കൽ 'ആൻജെയിലോ, റഫേൽ ആദിയായ ചിത്രകാരന്മാരുടെ ചിത്രങ്ങൾ യൂറോപ്പിൽ ചിത്രകലയുടെ വിജയമഹോത്സവം ആഘോഷിക്കുന്നവയാകുന്നു.

വിജയവിശ്വാസത്തോടും ആത്മധൈര്യത്തോടും കൂടിയായിരുന്നില്ല നമ്മുടെ കഥാനായകൻ വിയന്നായിലെ പ്രദശനത്തിനു് ചിത്രങ്ങൾ അയയ്ക്കുവാൻ ആഗ്രഹിച്ചതു്. യൂറോപ്പിൽ മാത്രമല്ല, ഇന്ത്യയിലും എണ്ണച്ചായംകൊണ്ടുള്ള ചിത്രലേഖനം ശീലിച്ചവരുണ്ടെന്നും, ദീഘകാലത്തെ മ്ലാനതയ്ക്കുശേഷം ചിത്രകലാന്തരിക്ഷം നവമായി ഭാരതത്തിൽ ആരംഭിച്ചിട്ടുണ്ടെന്നും ലോകത്തെ അറിയിക്കുവാൻ സാധിച്ചാൽ അതുതന്നെയാണു് തന്റെ വിജയവും സമ്മാനവുമെന്നു്; ജൻസൻ എന്ന ഛായാചിത്രകാരന്റെ സമീപത്തുള്ള നോക്കിനിൽപ്പു" കൊണ്ടുമാത്രം ഉപരിപരിശീലനം സാധിച്ച അതുല്യബുദ്ധിപ്രഭാവനായ രവിവമ്മ വിചാരിച്ചു. മദ്രാസ്സിൽ സുവർണ്ണമുദ്ര നേടിയ 'ചിച്ചിപ്പൂ ചൂടിയ നായർവനിത'

യുടെ ചിത്രംതന്നെ വീയന്നായിലേയ്ക്കും അയയ്ക്കുവാൻ നിശ്ചയിച്ചു. വിദേശത്തു നടക്കുന്ന പ്രദർശനങ്ങൾക്ക് ഒരു ഗവർണ്മെൻറുകേന്ദ്രം മുഖേനയല്ലാതെ ചിത്രങ്ങൾ അയയ്ക്കുവാൻ പാടില്ലാ എന്നു വ്യവസ്ഥ ഉണ്ടായിരുന്നതിനാൽ അതിലേയ്ക്കായി പുതിയ തിരുവിതാംകൂർ ദിവാൻജി സർ. ശേഷയ്യാ ശാസ്ത്രിയെക്കൊണ്ടു തലസ്ഥാനത്തെ ബ്രിട്ടീഷ്റസിഡണ്ടുമായി എഴുത്തുകുത്തുകൾ നടത്തിക്കുകയും, ആലേഖ്യം യഥാസമയംതന്നെ യൂറോപ്പിലേയ്ക്ക് അയയ്ക്കുകയും ചെയ്തു.

തമിഴപ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതരീതി ആദ്യമായി നമ്മുടെ ചരിത്രനായകന് കണ്ടറിയാൻ സാധിച്ചതു് 1873-ൽ നടന്ന പ്രദർശനകാലത്തായിരുന്നു. ഒരു തമിഴപ്രഭുകുടുംബത്തിലെ അംഗനാരത്നം, ഭവനമുറ്റത്തു നിൽക്കുന്ന യാചകസ്ത്രീക്ക് ഒരു വെള്ളിനാണയം ഇട്ടുകൊടുക്കുന്ന ആ കൊടുപ്പിൽനിന്നും, വാങ്ങുന്നവരുടെ താഴ്മയും താഴ്ച്ചയും, കൊടുക്കുന്നവരുടെ ഉയർച്ചയും സ്വഭാവവും വിശദപ്പെടുത്തുന്ന "ഔന്നത്യവും-താഴ്ച്ചയും" എന്ന ഒരു ചിത്രം ആ യാത്രാനന്തരം അദ്ദേഹം വരയ്ക്കുകയുണ്ടായി.

രവിവർമ്മാചിത്രകലയിൽനിന്നും ഉദിച്ചുയർന്നിട്ടുള്ള പിൽക്കാലത്തെ "ദക്ഷിണേന്ത്യയിലെ തെണ്ടിവർഗ്ഗം" എന്ന പ്രഖ്യാതചിത്രത്തിലെ വിഷയവും ഒരു ദക്ഷിണേന്ത്യൻ സഞ്ചാരമദ്ധ്യേ തൻെറ ചിത്രക്കുറിപ്പിൽ വരച്ചിരുന്നതിൽനിന്നും രൂപം പ്രാപിച്ചിട്ടുള്ളതാണ്.

(1873 വീയന്നായിലെ ലോകകലാപ്രദർശനത്തിനയച്ച രവിവർമ്മാചിത്രം സമ്മാനാർഹമായി പ്രഖ്യാപിക്കപ്പെട്ടു. ഒരു കീർത്തിമുദ്രയും, പ്രശസ്തിപത്രവും ഇത്യാദ

പ്രതിനിധീകരിച്ചുകൊണ്ടു് ചിത്രം അയച്ച ആ ഭാരതീയചിത്രകാരന്ന വീയന്നായിൽനിന്ന ലഭിച്ചു. ആ വിജയവാൎത്തയിൽ കാൎയ്യഗ്രഹണസാമൎത്ഥ്യമുള്ള എല്ലാപേരും, ഇന്ത്യയ്ക്കിലാഹ്ലാദിച്ചു. കൽക്കട്ട,(അപ്പോഴത്തെ ഇന്ത്യയുടെ ബ്രിട്ടീഷുതലസ്ഥാനം) ബാംബെ, മദ്രാസ്സു എന്നിവിടങ്ങളിൽനിന്നും പുറപ്പെട്ടിരുന്ന പത്രങ്ങൾ രവിവൎമ്മയുടെ വിജയത്തെ മുക്തകണ്ഠം പ്രശംസിച്ചു. മലയാളക്കരയിലാകെക്കൂടി അന്നു് ഒരു ഇംഗ്ലീഷുവാരികയല്ലാതെ നാട്ടുവൎത്തമാനപത്രങ്ങൾ ഇല്ലായിരുന്നു.

അടുത്ത വർഷവും ലളിതകലയുടെ ഒരു പ്രദർശനം മദ്രാസ്സിൽ നടത്തപ്പെട്ടു. അപ്പോഴും ഒന്നാം സമ്മാനമായ സ്വവർണ്ണമുദ്ര രവിവൎമ്മയ്ക്കു ലഭിച്ചു. ആ പ്രാവശ്യം രവിവൎമ്മ അയച്ചിരുന്ന ചിത്രം, ഒരു തമിഴമഹിള ഒരു സംഗീതോപഹരണം സ്വീകരിപ്പിച്ചു, ഗാനത്തിൽ ലീനയായിരിക്കുന്നതായിരുന്നു. രവിവൎമ്മയുടെ യൗവ്വനകാലത്തെ കല്പനാശക്തിയെപ്പറ്റി കീൎത്തിക്കുന്നവൎക്കു അതൊരു ഒന്നാംതരം ചിത്രമാകുന്നു.

1875-ൽ, ഇംഗ്ലീഷുരാജകുമാരൻ (ചക്രവർത്തി എഡ്വേർഡ് ഏഴാമൻ) സന്ദൎശനാൎത്ഥം ഇന്ത്യയിലേക്കു വന്നു. തിരുവിതാംകൂർ മഹാരാജാവു് ഇംഗ്ലീഷുരാജകുമാരനെ, മദ്രാസ്സിൽ ചെന്നു് സന്ദൎശിച്ചു. ഭാവിചക്രവൎത്തിയായ ഇംഗ്ലീഷുരാജകുമാരന്നു് അപ്പോൾ തിരുവിതാംകൂർ മഹാരാജാവു കാഴ്ചവസ്തുക്കളായി നൽകിയതു് രവിവൎമ്മ എണ്ണച്ഛായയത്തിൽ വരച്ച മൂന്ന ചിത്രങ്ങളായിരുന്നു. രണ്ടാമത്തെ പ്രാവശ്യം മദ്രാസ്സിൽനിന്നും സ്വവൎണ്ണമുദ്ര ലഭിക്കുന്നതിനിടയായ 'തമിഴമഹിളയുടെ സംഗീ-

താലാപം' എന്ന ചിത്രവും അതിൽ ഉൾപ്പെട്ടിരുന്നു. ആ അധീശരാജകുമാരൻ ചിത്രങ്ങൾ കണ്ടു് ചിത്രകാരന്റെ ഭാവനയെ സ്തുതിച്ചുകൊണ്ടു ഏതാനും വാചകങ്ങൾ അവ സമ്മാനിച്ച തിരുവിതാംകൂർ മഹാരാജാവിനോടു് പറയുകയുണ്ടായി.

1876-ൽ മദ്രാസ്സിൽ നടന്ന കലാപ്രദർശനത്തിൽ രവിവർമ്മ അയച്ചതു് 'ശകുന്തളയുടെ പ്രേമലേഖനം' അല്ലെങ്കിൽ കാളിദാസന്റെ 'ശകുന്തളാപത്രലേഖനം' എന്ന ചിത്രമായിരുന്നു. * കമിഴ്ന്നു കിടന്നുകൊണ്ടു് ശകുന്തള തന്റെ പ്രേമവൈവശ്യതയെ താമരദളത്തിൽ അംഗുലിയാൽ കുത്തികുറിക്കുന്നതാണു് രംഗം; അടുത്തു് ഭാവമനോഹരയായ അനസൂയ ഇരിപ്പുണ്ടു്; ചിന്തിച്ചിന്നിടത്തു സ്ഥാനമില്ലാത്തവളെപ്പോലെ പ്രിയംവദ പുറംതിരിഞ്ഞിരിക്കുന്നതിനാൽ പ്രേക്ഷകർക്കു് ആ തോഴിയുടെ മുഖം ശരിയായി കണ്ടുകൂടാ; മുഗ്ദ്ധയും മൃദുപല്ലവഗാത്രിയുമായ ശകുന്തള, തലയുയർത്തി ലേഖനം പൂർത്തിയാക്കാനായി വീണ്ടും ആലോചിക്കുമ്പോൾ ചിത്രകാരൻ തൂലികയെ പിൻവലിച്ചിരിക്കുന്നു!

ആധുനികഭാരതീയചിത്രകലയുടെ അന്തശ്ചരനേട്ടമായി പ്രേക്ഷകലോകം കൊണ്ടാടിയ പ്രസ്തുത ചിത്രം പ്രദർശനപന്തലിൽവച്ചുതന്നെ എന്തു വിലയും കൊടുത്തു വാങ്ങുന്നതിനു പ്രഭുക്കന്മാരായ പലരും ആഗ്രഹിച്ചു. എന്നാൽ, അപ്പോഴത്തെ മദ്രാസ്സ്ഗവർണ്ണർ ബക്കിംഗ്

---

* കണ്വാശ്രമത്തിലെ ശകുന്തളയെ രാജാ രവിവർമ്മ മൂന്നുതരത്തിൽ ആലേഖനംചെയ്തിട്ടുണ്ടു്. (ശകുന്തള കാലിൽ ദർഭമുനതറച്ചു എന്ന വ്യാജേന പിൻതിരിഞ്ഞു നോക്കുന്ന സുപ്രസിദ്ധമായ ചിത്രം തിരുവനന്തപുരം ശ്രീചിത്രാലയത്തിൽ പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നു)

ഹാംപ്രഭു ചിത്രം കണ്ട ഉടൻ പ്രദർശനം തീന്നാൽ ആ വിശിഷ്ടാലേഖ്യം താൻ വിലയ്ക്കു വാങ്ങുന്നതാണെന്നു നേരത്തേ പ്രസ്താവിച്ചു പോയിരുന്നു. ആ ചിത്രത്തെപ്പററി കേട്ടിട്ട്, സമീപപ്രവിശ്യകളിൽനിന്നു പണ്ഡിതന്മാരും കലാരസികന്മാരുമായ അനവധി പ്രേക്ഷകർ മദ്രാസിലേക്കു വരികയുണ്ടായി. ശകുന്തളാപത്രലേഖനം പണ്ഡിതപാമരഭേദമെന്യേ ഒരു വിസ്മയവസ്തുവായിരുന്നു. ഇന്ത്യയിൽ അതുവരേയും സാഹിത്യത്തിൽനിന്നും അമ്മാതിരി നാടകീയരംഗങ്ങൾ തെരഞ്ഞെടുത്ത് എണ്ണച്ഛായത്തിൽ എഴുതാൻ ഒരു ചിത്രകാരനും തുനിഞ്ഞിരുന്നില്ല. കാളിദാസഭാവനയുടെ മഴവില്ലൊളി അത്ര സജീവമായി മടങ്ങാത്തവണ്ണം പ്രതിഫലിപ്പിക്കുന്നതിന്ന് രവിവർമ്മയ്ക്കു സ്വന്തമായ കവിഹൃദയം അല്ലാതെ, മാർഗ്ഗദർശികൾ ആരും ഉണ്ടായിരുന്നില്ല. ദേവാലയങ്ങളിലും രാജഭവനഭിത്തികളിലും പണ്ടുപണ്ടേ പുരാണകഥകൾ, ചിത്രങ്ങൾ എന്ന പേരിൽ എഴുതിവയ്ക്കുന്ന പതിവുണ്ടായിരുന്നു; അവ ജനങ്ങൾ ചില അവസരങ്ങളിൽ ചെന്നു കാണുകയും ചെയ്തിരുന്നു; പക്ഷേ രവിവർമ്മയുടെ 'ശകുന്തളാപത്രലേഖനം' കണ്ടപ്പോൾ പുരാണപുരുഷന്മാരെപ്പോലെയോ പുരാണസംഭവങ്ങളെപ്പോലെയോ പ്രേക്ഷകനിൽനിന്നു അകലെയായി തോന്നിച്ചിരുന്ന ചുവരിലെഴുത്തിലെ ചിത്രകല പൂർണ്ണമായ കല അല്ലെന്നും, യഥാർത്ഥമായ കല, നാസികയ്ക്ക് സുഗന്ധവാഹിയായ പുഷ്പം എന്നപോലെ, നേത്രങ്ങളെ നിർവാണമണ്ഡലത്തിലേയ്ക്കു ആനയിക്കുന്നതാണെന്നും പ്രേക്ഷകൾക്കു അറിയാറായി. മനുഷ്യജീവിതവുമായി കല

യ്ക്കു് അടുത്ത ബന്ധമുണ്ടെന്ന പരമാത്ഥം ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുവാനല്ല രവിവമ്മയുടെ ആദ്യശ്രമമായി സർവപ്രസിദ്ധമായ ശകുന്തളാപത്രലേഖനത്തെ നിരീക്ഷകന്മാർ കീത്തിച്ചു. കാളിദാസൻ അഭിജ്ഞാനശാകുന്തളത്തിൽ ആ ഭാഗം എങ്ങനെ വിഭാവനം ചെയ്തിട്ടുണ്ടോ, അതേവിധം രവിവമ്മ എഴുതിക്കാട്ടി. അതു് ജനത ഒന്നടങ്കം ആനന്ദാവേശപൂർവ്വം സ്വീകരിച്ചു. രവിവമ്മാ ചിത്രകലയിൽ തന്നത്താൻ ജനങ്ങൾക്കു രസിക്കുവാൻ സാധിച്ചു. കലയിൽ ജനങ്ങൾക്കു് അഭിരുചി തോന്നിക്കേണ്ടതു് എത്രയും ആവശ്യമായിരുന്ന ആ കാലത്തു് 'ചിത്രം മനസ്സുകൊണ്ടു കണ്ടുകൊള്ളണം' എന്ന 'അലങ്കാരചിത്രലേഖനരീതി'യെ നമ്മുടെ ചരിത്രനായകൻ സ്വീകരിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ സേവനം ഇത്രത്തോളം വിജയപൂർണ്ണമായി കലാശിക്കുകയില്ലായിരുന്നു. വിഖ്യാതമായിത്തീൎന്ന 'ശാകുന്തളാപത്രലേഖനം', 'സർ മാണിയർവില്യംസു്' എന്ന പാശ്ചാത്യപണ്ഡിതന്റെ അഭിജ്ഞാനശാകുന്തളം തർജ്ജമ (ഇംഗ്ലീഷു)യുടെ മുഖവശത്തു ചേക്കുന്നതിനായി ചിത്രകാരനോടു് അനുവാദം ചോദിക്കുകയും, ആയതിലേയ്ക്കു് രവിവമ്മ സസന്തോഷം തന്റെ സമ്മതം നൽകുകയും ചെയ്തതു് ആ സന്ദർഭത്തിലെ ഒരു മുഖ്യസംഭവമായിരുന്നു. സവ്വചേതോഹരമായ വിഷയചിത്ര (Subject Pictures)ങ്ങൾ എഴുതുന്നതിലും, അതുപോലെതന്നെ സ്വഭാവം മുഖത്തുനിന്നു പഠിക്കത്തക്കവണ്ണം യഥാവസ്ഥയിൽ ഛായകൾ സജീവമായി ആലേഖനംചെയ്യുന്നതിലും സമത്ഥനായ, യുവാവായ രവിവമ്മ

യെ (ഇരുപത്തിയെട്ടുവയസ്സ്) ഗവർണ്ണർ ബക്കിംഗ്ഹാം പ്രഭു തൻെറ ആത്മമിത്രങ്ങളിൽ ഒരാളായി പരിഗണിച്ചു. മദ്രാസ്സുഗവർമ്മെണ്ടു മന്ദിരത്തിൽ അനാച്ഛാദനം ചെയ്യുന്നതിനായി ചരിത്രപുരുഷൻ എഴുതിയ ബക്കിംഗ്ഹാം പ്രഭുവിൻെറ ഛായാചിത്രം അവരുടെ മൈത്രീബന്ധത്തെ സുന്ദരതരമാക്കിത്തീൎക്കുന്ന ഒരു സുവർണ്ണശൃംഖലയായിരുന്നു എന്നുതന്നെ പറയാം.

---

## അദ്ധ്യായം 7.

അടുത്ത രണ്ടുമൂന്നു കൊല്ലക്കാലം നമ്മുടെ കഥാനായകനു് ഛായാചിത്രലേഖനങ്ങൾക്കായി അധികം സമയം വ്യയം ചെയ്യേണ്ടിവന്നു എന്നാൽ, വിശാലമായി സാധാരണജനങ്ങളിൽ സൗന്ദൎയ്യബോധം ഉളവാകുന്നതിനായിരുന്നു രവിവൎമ്മ തൻെറ കലാജീവിതം കൊണ്ടുദ്ദേശിച്ചതു്. അദ്ദേഹം ചിത്രശാലയിൽ എഴുതിക്കൊണ്ടിരിക്കുമ്പോൾ ഏതൊരാൾക്കും അവിടെ കടന്നുചെല്ലാനും, അദ്ദേഹത്തോടു സംഭാഷണം ചെയ്യാനും സമയം നോക്കി നിൽക്കേണ്ട ആവശ്യമില്ലായിരുന്നു. വെററില മുറുക്കി തുപ്പി, ഒന്നു പൊടിവലിച്ച ശേഷം ഉടുത്തിരിക്കുന്ന നേൎയ്യതുപുടവയുടെ അററംകൊണ്ടു നാസികയെ മൃദുവായി തലോടിയിട്ടു രവിവൎമ്മ തൂലിക കയ്യിൽ എടുക്കുമ്പോൾ ചിത്രശാലയിൽ ആശ്രിതന്മാർ നിൽക്കുന്നുണ്ടാവും; ഏതാനും മിത്രങ്ങൾ കസാലകളിൽ ഇരിക്കുന്നുണ്ടാവും; അവരോടൊക്കെയും അദ്ദേഹം യഥോചിതം സംസാരിക്കുന്നുണ്ടാവും. ഫലിതം നിറഞ്ഞ ആ

സംഭാഷണം കേട്ട് ആശ്രിതന്മാർ മന്ദഹസിക്കുകയും, മിത്രങ്ങൾ പൊട്ടിച്ചിരിക്കുകയും ചെയ്തുകൊണ്ടിരിക്കും. അതിന്നിടയിൽ, ഭാവനാചക്രവാളത്തെ സ്പർശിച്ചുകൊണ്ടുള്ള ചായത്തൂലികയുടെ പ്രവർത്തനം മുറയ്ക്കു നടത്തുന്നതിന് അദ്ദേഹത്തിന്നു യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല.

രവിവർമ്മ ഒരിക്കലും ഒരു രാഷ്ട്രീയചിന്തകൻ അല്ലായിരുന്നു. എന്നാൽ അവിചാരിതമായി ചില സന്ദർഭങ്ങളിൽ അദ്ദേഹത്തിൽനിന്നും പുറത്തുവരുന്ന ധീരവും, സ്വതന്ത്രവും, ദീർഘദർശനപരവുമായ അഭിപ്രായങ്ങൾ രാഷ്ട്രീയചിന്തകന്മാർക്കു മാത്രമല്ല, ബോധമുള്ള ഏവർക്കും ഗുരൂപദേശങ്ങൾപോലെ വിലപിടിച്ചതായിരുന്നു. കലയെ തിളങ്ങുന്ന ഭാവനകൾകൊണ്ടെന്നപോലെ, കാര്യങ്ങളെ ദീർഘവീക്ഷണത്തോടുകൂടി അദ്ദേഹം സമീപിച്ചിരുന്നു. "പ്രയത്നത്തിന്നാണ് വില. മര്യാദയ്ക്കാണ് മാന്യത" എന്ന് അന്തേവാസികളെ കൂടെക്കൂടെ ഓർമ്മപ്പെടുത്തിയിരുന്ന രവിവർമ്മ ഒരു പുതുവ്യവസ്ഥിതിയിലെ പൗരാവലിക്കു മാർഗ്ഗദർശനം നൽകുകയാണോ എന്നു തോന്നിച്ചിരുന്നു.

ആശ്രിതജനങ്ങളുടെ അലസസ്വഭാവം കണ്ടിട്ട് ഒരിക്കൽ രവിവർമ്മയിൽനിന്നും പുറത്തുവന്ന വാക്കുകളിലും പ്രവൃത്തിയുടെ മഹത്വം പരിസ്ഫുരിച്ചിരുന്നു. അദ്ദേഹം പറഞ്ഞു:

"നോക്കുക, പാണ്ടിനാട്ടിൽ നമ്മുടെ നാട്ടിലെപ്പോലെ ഉടുത്തൊരുങ്ങി വെറുതേ നടക്കുന്നവരെ ഒരിടത്തും എനിക്കു കാണാൻ കഴിഞ്ഞിട്ടില്ല. അവർ അദ്ധ്വാ

നിക്കുന്നു. അവരുടെ സുഖം അദ്ധ്വാനത്തിലാണെങ്കിൽ നമ്മുടെ ആളുകളുടെ സുഖം വെറുതെ ഇരിക്കുന്നതിലാണു്."

ഓരോരുത്തരും അവരവരുടെ ബുദ്ധിശക്തിയും പാണ്ഡിത്യവും ഉപയോഗിച്ചു ജോലിചെയ്യണമെന്ന ആദൎശം, ഇന്ത്യയിലെ പ്രഭുപദവിയുള്ള രാജകുടുംബാംഗങ്ങളിൽ ആദ്യമായി സ്വജീവിതംകൊണ്ടു കാണിച്ചുകൊടുത്തതു് നമ്മുടെ കഥാപുരുഷനാകുന്നു. സ്ത്രീകളും അവരവൎക്കു ഹിതകരമായ ജോലിയിൽ പരിജ്ഞാനം നേടുവാൻ അദ്ദേഹം ആവശ്യപ്പെട്ടിരുന്നു.

1879-ാംവൎഷത്തിന്റെ അവസാനത്തിലും, അതിനടുത്ത വത്സരപുലൎച്ചയിലും നമ്മുടെ കഥാനായകൻ സംസ്ഥാനത്തിനു പുറമേ താമസിക്കുകയായിരുന്നു. ചില ഛായാചിത്രങ്ങൾ എഴുതുന്നതിനായി മദ്രാസ്സിലേയ്ക്കു പോയി. വിശ്രമാൎത്ഥം അവിടെനിന്നും കാവേരിതീരത്തു (ത്രിശ്ശിനാപ്പള്ളി) കുറെക്കാലം താമസിച്ചു. അപ്പോൾ ചിത്രമെഴുത്തു് അഭ്യസിച്ചുകൊണ്ടിരുന്ന ശ്രീ സി. രാജരാജവൎമ്മ ജ്യേഷ്ഠനെ എവിടേയും അനുഗമിക്കുവാൻ തുടങ്ങിയതു് ആ യാത്രമുതൽക്കായിരുന്നു. പ്രായത്തിൽ കഥാപുരുഷനെക്കാളും രാജരാജവൎമ്മയ്ക്കു പന്ത്രണ്ടു വയസ്സു കുറവാണെങ്കിലും ആംഗലഭാഷാപാണ്ഡിത്യം, സംഗീതാഭിരുചി, ജന്മസിദ്ധമായ ചിത്രകലാവാസന, ഇവകൾ അദ്ദേഹത്തെ ഏതു സദസ്സിലും കയറിച്ചെല്ലാൻ യോഗ്യനാക്കിതീൎത്തിരുന്നു. രവിവൎമ്മയുടെ കാൎയ്യദൎശിയായി പിൻതുടൎന്നിരുന്ന ശ്രീ. സി. രാജരാജവൎമ്മ ഒരു ഇംഗ്ലീഷു ഗ്രന്ഥകാരൻകൂടി ആകുന്നു.

രവിവർമ്മയും സഹോദരനും കാവേരിതീരത്തു താമസിക്കുമ്പോൾ, തിരുവിതാംകൂർ ദിവാൻപട്ടം വിട്ടുപോയ സർ. ശേഷയ്യാശാസ്ത്രി, രാജപ്രതിപുരുഷനായി പുതുക്കോട്ട സംസ്ഥാനത്തിൻെറ ഭരണച്ചുമതല വഹിക്കുകയായിരുന്നു. സർ. ശാസ്ത്രി, രവിവർമ്മയെ പുതുക്കോട്ട സംസ്ഥാനത്തിൻെറ അതിഥിയായി ക്ഷണിച്ചു്, അവിടത്തെ രാജകുടുംബാംഗങ്ങളുടെ ഛായകൾ എഴുതിച്ചു ഗണ്യമായ ഒരു തുക അദ്ദേഹത്തിനു നല്കി. നാലുമാസത്തോളം രവിവർമ്മ പുതുക്കോട്ടസംസ്ഥാനത്തിന്റെ അതിഥിയായി താമസിച്ചു. ഭരണകാര്യധുരന്ധരനായ സർ. ശേഷയ്യാശാസ്ത്രിക്കു രവിവർമ്മയുടെ മൈത്രി സമ്പാദിക്കുവാൻ കഴിഞ്ഞതിൽ പിന്നീടു അദ്ദേഹം ഒരു കലാപ്രേമിയായി പരിവർത്തനം ചെയ്യപ്പെട്ടു എന്നുകൂടി പറയാം. കഥാനായകനോടു് അദ്ദേഹം പുലർത്തിയിരുന്ന മമതാബന്ധം ദീർഘകാലം നിലനിന്നിരുന്നു. വാർദ്ധക്യകാലത്തു് സർ. ശേഷയ്യാശാസ്ത്രി ചരിത്രപുരുഷനു് എഴുതിയിട്ടുള്ള കത്തുകളിൽനിന്നും അദ്ദേഹത്തിന്റെ ഹൃദയം കലാശപലവമായ ഒരു അവസ്ഥയിലെത്തിയിരുന്നു എന്നു കാണാം.

ഇന്ത്യയുടെ പല ഭാഗത്തുമുള്ള വ്യക്തിപ്രഭാവന്മാരെയും രവിവർമ്മയുടെ തൂലികയ്ക്കു് കലാപ്രേമികളാക്കാൻ കഴിഞ്ഞിട്ടുണ്ടു്. ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽനിന്നും രവിവർമ്മയ്ക്കു വന്നിട്ടുള്ള കത്തുകൾ മിക്കവാറും ഇതേ സ്വഭാവത്തിലുള്ളതായിരുന്നു. ചിത്രങ്ങൾ എഴുതിക്കിട്ടുന്നതിനുള്ള അപേക്ഷകൾ, കിട്ടിയതിനുശേഷമുള്ള ആഹ്ലാദപ്രകടനങ്ങൾ, താമസം വരുന്നതിൽനിന്നുമുളവാകുന്ന നിരാശാപ്രകടനങ്ങൾ എന്നിവയാണു് അധികവും

ആ കത്തുകളിലെ ഉള്ളടക്കങ്ങൾ. രവിവർമ്മയ്ക്കുള്ള തപാലുരുപ്പടികളുടെ വൈപുല്യംനിമിത്തം ഇന്ത്യാഗവർമ്മെൻറിന് പ്രത്യേകമായി കിളിമാനൂരിൽ ഒരു പോസ്റ്റാഫീസ് തന്നെ തുറക്കേണ്ടിവന്നു. ചരിത്രനായകന്റെ കാര്യദർശിയായ സഹോദരൻ ശ്രീ സി. രാജരാജവർമ്മ പിൽക്കാലത്തെ ഒരു ദിനക്കുറിപ്പിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

"........എനിക്കു വളരെ അധികം ജോലിചെയ്യാനുണ്ട്. എൻെറ ജ്യേഷ്ഠനുവേണ്ടിയുള്ള ഇംഗ്ലീഷ് എഴുത്തുകുത്തുകൾ എല്ലാം എനിക്കു നടത്താനുണ്ട്. ചില സമയത്തു കത്തുകൾ വളരെ അധികം ഉണ്ടായിരിക്കും. ഇന്ത്യയുടെ അതിർത്തികളിൽ ഉത്തരദിക്കിൽ കാറ്റാ, പെഷാവാർ എന്നിവിടങ്ങൾവരെയുള്ള സ്ഥലങ്ങളിൽനിന്നും, തെക്കും കിഴക്കുമുള്ള കൊളമ്പ് റംഗൂൺ തുടങ്ങിയ ദിക്കുകളിൽനിന്നും, ഇന്ത്യയ്ക്കപ്പുറമുള്ള രാജ്യങ്ങളിൽനിന്നും കത്തുകൾ വന്നുകൊണ്ടിരിക്കുന്നു. ഓരോന്നിനും മറുപടി എഴുതേണ്ടതെങ്ങനെ എന്നു എനിക്കറിയാം. എഴുതിക്കഴിഞ്ഞതിനു ശേഷം ഞാൻ അവയെ ജ്യേഷ്ഠൻെറ അടുത്തുകൊണ്ടുപോയി വായിച്ചുകേൾപ്പിക്കുകയും ഒപ്പു വാങ്ങുകയും ചെയ്യുന്നു.........എനിക്കു കിട്ടുന്ന എല്ലാ വിശ്രമവേളകളേയും എനിക്കു വളരെ പ്രിയമായ ഇംഗ്ലീഷുപുസ്തകങ്ങളും, വർത്തമാനപത്രങ്ങളും, കലാപ്രസിദ്ധീകരണങ്ങളായ മാസികകളും വായിക്കാനായി ഞാൻ ചെലവിടുന്നു. ദിവസേന എന്റെ ജോലികൾ ചെയ്തുതീർക്കാൻ എനിക്കു നല്ലവണ്ണം ശ്രമിക്കേണ്ടിയിരിക്കുന്നു."

1880 മേമാസം 30-ാംനു മഴവന്നും ഒരു 'ദുർദ്ദിന' മായിരുന്നു. അന്തരീക്ഷത്തിൽ ഗതിനിലച്ച മേഘമാലകൾ നിറഞ്ഞുകണ്ടിരുന്നു. നമ്മുടെ കഥാപുരുഷനു തന്റെ കലാജീവിതത്തിന്റെ അടിസ്ഥാനശില്പം ഉറപ്പിക്കുവാൻ ആത്മാൎത്ഥമായി യത്നിച്ചിരുന്ന, രക്ഷാപുരുഷനായ ആയില്യംതിരുനാൾ മഹാരാജാവു് ഇഹലോകവാസം വെടിഞ്ഞതു് അന്നായിരുന്നു. ആ ദിനംപോലെ ഹൃദയം നോവിച്ചദിവസങ്ങൾ അതിനുമുമ്പു രവിവൎമ്മയ്ക്കു് ഉണ്ടായിട്ടില്ല. ജനിച്ചവനു മരണവും, മരിച്ചവനു ജനനവും നിശ്ചയമാകയാൽ അപരിഹാൎയ്യമായ ആ കാൎയ്യത്തിൽ ദുഃഖിച്ചതുകൊണ്ടു പ്രയോജനമില്ല എന്ന ഗൈഹങ്ങവ പ്രമാണമല്ലാതെ അപ്പോൾ രവിവൎമ്മയെ സമാധാനപ്പെടുത്തുവാൻ മറെറാന്നിനും ശക്തിയില്ലായിരുന്നു.

---

## അദ്ധ്യായം 8.

വിശാഖംതിരുനാൾ തിരുവിതാംകൂർരാജ്യത്തിന്റെ ഭരണം കൈയ്യേറ്റതോടുകൂടി നമ്മുടെ ചരിത്രനായകനു് കൊട്ടാരത്തിൽനിന്നു ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ നിലച്ചു. ആയില്യം തിരുനാൾ മഹാരാജാവിന്റെ പ്രോത്സാഹനത്തെ ആശ്രയിച്ചു് ഉയൎന്നിട്ടുള്ളവരുടെ യോഗ്യതകളെ തെല്ലും പരിഗണിക്കാതെ, അവരുടെമേൽ ഒരു വിരുദ്ധനയം പുതിയ മഹാരാജാവു കയ്ക്കൊണ്ടു.

അന്നത്തെ മൂടത്തുമഠം കേരളീയരീതിയിൽ നടുമുററവും നിരയുംകൊണ്ടുള്ള ഒരു പഴയ ഭവനമായിരുന്നു. തിരുമ

നന്തപുരത്തു വരുമ്പോൾ രവിവർമ്മയ്ക്കു അധികവും ആ ഭവനത്തിൽ തന്നെ കഴിയേണ്ടിവന്നു. ഉദ്യോഗസ്ഥന്മാരും, കൊട്ടാരസിൽബന്ധികളും എന്നല്ല, പൊതുവിൽ തിരുവനന്തപുരം തലസ്ഥാനം മുഴുവനും പുതിയ മഹാരാജാവിന്റെ വ്യത്യസ്ഥനയമറിഞ്ഞു പെരുമാറിത്തുടങ്ങി.

വിശാഖംതിരുനാൾ ഭരണമേറ്റ അതേവർഷത്തിൽ തന്നെ മദ്രാസ്സുഗവർണ്ണർ ബക്കിംഗ്ഹാം പ്രഭു തിരുവിതാംകൂർ സന്ദർശനത്തിനായി, തിരുവനന്തപുരം തലസ്ഥാനത്തു വരികയുണ്ടായി. അപ്പോൾ തിരുവിതാംകൂർഭരണത്തെപ്പറ്റി വിധി എഴുതുന്നതിനുള്ള അവകാശം മദ്രാസ്സ ഗവർണ്ണർക്കായിരുന്നു. നാട്ടുരാജ്യങ്ങളിലെ മഹാരാജാക്കന്മാർ അധികാരദണ്ഡുകൊണ്ടുള്ള അഭ്യാസങ്ങൾ എത്ര തന്നെ കാട്ടിയാലും അവർ അന്നത്തെ ബ്രിട്ടീഷു അധീശത്വത്തിലെ ഗവർണ്ണറന്മാരുടെ 'കൈവിളയാട്ട' ങ്ങളാൽ നിമിഷനേരംകൊണ്ടു ഹതവീര്യന്മാരായി തീർന്നുപോകുന്നതു സാധാരണയായിരുന്നു. അന്നത്തെ തിരുവിതാംകൂറിൻെറ രാഷ്ട്രീയമായനില അങ്ങിനെയായിരുന്നു.

തലസ്ഥാനനഗരിയിൽ വന്ന ഗവർണ്ണർ ബക്കിംഗ്ഹാംപ്രഭു, ചിത്രമെഴുത്തു രാജാ രവിവർമ്മയുടെ ചിത്രശാല സന്ദർശിക്കാൻ ആഗ്രഹിക്കുന്നതായി മഹാരാജാവിനെ അറിയിച്ചു. ഒരു ഗവർണ്ണർക്കു വന്നുകാണത്തക്കവണ്ണം രവിവർമ്മയ്ക്കുണ്ടോ ഒരു ചിത്രശാല! വലിയകൊട്ടാരത്തിൽ അനുവദിക്കപ്പെട്ടിരുന്ന ചിത്രശാല നിശ്ശലാക്കിയിരുന്നു. എഴുതിയതും, എഴുതാൻ തുടങ്ങുന്നതുമായ ചിത്രങ്ങളും ചിത്രക്കുറിപ്പുകളും, കുറേ സംസ്കൃതഗ്രന്ഥങ്ങളും എല്ലാംകൂടി മൂടത്തുമഠത്തിലെ വരാന്തയിലും,

ചിലന്തിവലയും പൊടിയും നിറഞ്ഞ ആ ഭവന ത്തിലെ ഒരു മുറിയിലുമായി കിടക്കുകയായിരുന്നു.

രവിവൎമ്മയുടെ ചിത്രശാല കാണുവാനുള്ള ഗവൎണ്ണരുടെ ആഗ്രഹം, മഹാരാജാവിനെ ഈൎഷ്യാകുലനാക്കി. കിരീടധാരിയായ മഹാരാജാവിനെക്കാൾ വലിപ്പമുള്ള വർ രാജ്യത്തുണ്ടാകുമോ എന്ന ആശങ്കയാണു് മഹാരാജാവിനു മനശ്ശല്യത്തിനു കാരണമായി തീൎന്നതു്. അതൊരു സഹിക്കുവാനാവാത്ത ഈൎഷ്യയായിരുന്നു. രാജ്യചരിത്രത്തിൽ അതു ആദ്യത്തെ ഒരു സംഭവമായിരുന്നു! സംസ്ഥാനത്തിൻെറ ഭാഗധേയം നിൎണ്ണയിക്കുവാനുള്ള അധികാരത്തോടുകൂടിയ അധീശശക്തിയുടെ പ്രതിനിധിയായ ഗവൎണ്ണർ, മഹാരാജാവു സൎവാധികാരത്തോടുകൂടി ഭരണം നടത്തുന്ന ഒരു സംസ്ഥാനത്തിലെ പ്രജയെ ഭവനത്തിൽ ചെന്നു കാണാൻ ആഗ്രഹിക്കുന്നതു് അഭൂതപൂൎവ്വവും, ആശ്ചൎയ്യകരവുമായി രാജസേവകന്മാരും വ്യാഖ്യാനിച്ചു! "സ്വരാജ്യേ പൂജ്യതേ രാജാവിദ്വാൻ സൎവ്വത്ര പൂജ്യതേ" എന്ന പദ്യഖണ്ഡം ഉരുക്കഴിച്ചിട്ടുള്ളവർ കൊട്ടാരത്തിൽ അസംഖ്യം ഉണ്ടായിരുന്നു! പക്ഷെ അവരുടെ എല്ലാഗുണപാഠങ്ങളും, അടിമമനസ്ഥിതി വളൎത്തിയിരുന്ന ഇരുട്ടിൽ മറഞ്ഞുപോയി!

ഗവൎണ്ണർ ബക്കിംഗ്ഹാംപ്രഭുവും നമ്മുടെ ചരിത്രനായകനും തമ്മിൽ തിരുവനന്തപുരത്തുവെച്ചു് കണ്ടതിനെപ്പററി പിൽക്കാലങ്ങളിൽ രവിവൎമ്മതന്നെ തൻെറ ബന്ധുക്കളോടും മിത്രങ്ങളോടും പറയുക ഉണ്ടായിട്ടുണ്ടു്:

രവിവൎമ്മയെ വിശാഖം തിരുമനസ്സിലെ കൊട്ടാരത്തിലേയ്ക്കു ചെല്ലുവാൻ ആവശ്യപ്പെടുന്നുവെന്നു് ഒരു

ളുതൻ മൂടത്തുമഠത്തിൽചെന്ന അറിയിച്ചു. അപ്പോൾ അദ്ദേഹം കുളിക്കാൻ ഭാവിക്കുകയായിരുന്നു. തേച്ചു കഴിഞ്ഞ എണ്ണയെ തുണികൊണ്ടു തുടച്ചെടുത്തിട്ട്, എന്തിനാണെന്നറിയാതെ കഥാപുരുഷൻ സംശയത്തോടുകൂടി കൊട്ടാരത്തിൽചെന്ന മഹാരാജാവിനെ കണ്ടു. ആയില്യം തിരുമനസ്സിലെ ആശ്രിതന്മാൎക്ക് അനിഷ്ടങ്ങൾ ധാരാളം സംഭവിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അതു്. അതായിരുന്നു അദ്ദേഹത്തിന്റെ ഭയത്തിനു കാരണം. 'ഗവൎണ്ണൎക്ക് നിങ്ങളുടെ ചിത്രശാല കാണണമെന്ന് ഇവിടെ അറിയിച്ചിരിക്കുന്നു' എന്നു മഹാരാജാവു ഒരു ഹാസ്യസ്വരത്തിൽ രവിവൎമ്മയോടു പറഞ്ഞു. ആ പരിഹാസഭാവം മനസ്സിലാക്കികൊണ്ടു് "എന്റെ മൂടത്തുമഠത്തിലെ ചിത്രശാല കാണിച്ചുകൊടുക്കാം" എന്ന ഒരു മറുപടി നല്കാൻ രവിവൎമ്മ അറച്ചില്ല. ഒടുവിൽ ചിത്രങ്ങളുമായി വൈകുന്നേരം റസിഡൻസിയിലേയ്ക്കു ചെന്നാൽ മതിയെന്നു മഹാരാജാവു കല്പിച്ചു. അതനുസരിച്ചു് അന്നു വൈകുന്നേരം മൂന്നുനാലു ചിത്രങ്ങൾ ഒരു വണ്ടിയിൽ റസിഡൻസിയിലേയ്ക്കയച്ചിട്ട്, പുറകേ മറെറാരു വണ്ടിയിൽ ഗവൎണ്ണരെ കാണാനായി രവിവൎമ്മ പുറപ്പെട്ടു. റസിഡൻസിഭവനത്തിന്റെ മുൻവശത്തു ചെന്നപ്പോൾ, അകത്തെ ഹാളിൽ ഗവൎണ്ണരും മഹാരാജാവുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഗവൎണ്ണർ നടയിൽ വന്നിറങ്ങുന്ന രവിവൎമ്മയെ കണ്ടിട്ട് ക്ഷണത്തിൽ വെളിയിലേയ്ക്കു വന്നു ആഗതനെ ഹസ്തദാനംചെയ്തു സ്വീകരിച്ചു് ഹാളിനുള്ളിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. രവിവൎമ്മയോടു ഗവൎണ്ണർ ഇരിക്കുവാൻ ആവശ്യപ്പെട്ടു. തന്റെ മഹാരാജാവിന്റെ

സന്നിധിയിൽ താൻ ഇരിക്കുന്നതല്ലെന്നു് അദ്ദേഹം തീൎത്തുപറഞ്ഞു. 'എന്നാൽ, നമുക്കു് എല്ലാപേൎക്കും നിന്നു സംസാരിക്കാം' എന്നു് ഗവൎണ്ണർ അഭിപ്രായപ്പെട്ടു. അതനുസരിച്ചു്, ആ സംഭാഷണം തീരുന്നതുവരെയും മഹാരാജാവിനും എണീററുനില്ക്കേണ്ടിവന്നു. ഇതു് വിശാഖംതിരുനാൾ മഹാരാജാവിനു തീരാത്ത അന്തഃക്ഷോഭത്തിനിടയാക്കി. അടുത്ത ദിവസം രവിവൎമ്മയ്ക്കു തലസ്ഥാനനഗരംവിട്ടു താമസത്തിനായി മാവേലിക്കരയ്ക്കു പോകേണ്ടതായിട്ടും വന്നുകൂടി.

തന്റെ കലയെ സംബന്ധിക്കുന്നതല്ലാത്ത കാൎയ്യങ്ങളിൽ ഇടപെടുന്നതിനു നമ്മുടെ ചരിത്രനായകൻ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. ഏറുമുട്ടലുകൾക്കോ, ഉപജാപങ്ങൾക്കോ അദ്ദേഹം സന്നദ്ധനായിരുന്നില്ല. നേർവഴിയിൽനിന്നു വ്യതിചലിച്ചുള്ള പെരുമാററങ്ങളും, അദ്ദേഹം വെറുത്തിരുന്നു. എന്നാൽ ശുദ്ധഗതികൊണ്ടുണ്ടാകുന്ന കടുത്ത മുൻകോപത്തെ നിയന്ത്രിക്കുവാൻ അദ്ദേഹം അശക്തനുമായിരുന്നു. ഹൃദയത്തിൽ തോന്നുന്നതു് അതുപോലെ പറയുകയും, തന്നോടും മററുള്ളവർ അപ്രകാരം പറയണമെന്നു അദ്ദേഹം ആവശ്യപ്പെടുകയും ചെയ്തിരുന്നു. കാണുന്നതിൽ കൂടുതൽ അദ്ദേഹം ചിന്തകൊണ്ടു കാണുമായിരുന്നു.

പത്നീഭവനമായ മാവേലിക്കര കൊട്ടാരത്തിൽ താമസിക്കുമ്പോഴും രവിവൎമ്മയുടെ ശ്രദ്ധ, ചിത്രലേഖനത്തിലും, ചിത്രങ്ങൾക്കു, വിഷയങ്ങൾ കണ്ടെത്തുന്നതിലും പതിഞ്ഞിരുന്നതുപോലെ, മറെറാന്നിലും പോയിരുന്നില്ല. അദ്ദേഹം അപ്പോൾ നാലു സന്താനങ്ങളുടെ പിതാവായിത്തീൎന്നിരുന്നു. അക്കാലത്തു് തന്റെ എട്ടു



വയസ്സായ മൂത്ത മകൾ ഇളയസഹോദരങ്ങളോടുകൂടി, അച്ഛനുമായി വിനോദത്തിലേർപ്പെട്ടിരുന്നു. കുട്ടികളുടെ നിഷ്കളങ്കമായ ചിരികണ്ടു രസിക്കുന്നതു രവിവർമ്മയ്ക്കു വളരെ ഇഷ്ടമാണു്. ചിത്രങ്ങൾക്കു മാതൃക സ്വീകരിക്കുന്നതിനായിരിക്കാം ചിലപ്പോൾ കഥാനായകൻ ഗാർഹിക രംഗങ്ങളിലേയ്ക്കു നോക്കുന്നതു്. പിൽക്കാലത്തെ "അച്ഛൻ അതാ വരുന്നു" (There comes the papa) എന്ന സമ്മോഹനചിത്രത്തിൽ രവിവർമ്മ തന്റെ പുത്രവതിയായ മകളെത്തന്നെയാണു് മാതൃകയാക്കിയിട്ടുള്ളതു്. കുട്ടികളെ ശാസിക്കുകയോ, താഡിക്കുകയോ ചെയ്യുന്നതിൽ നമ്മുടെ കഥാനായകൻ വിമുഖനായിരുന്നു. അദ്ദേഹത്തിന്റെ കനിഷ്ഠപുത്രൻ ചിത്രമെഴുത്തു രാമവർമ്മ അതേപ്പററി ഇപ്രകാരം പറയുന്നു. "സന്താനങ്ങളുടെമേൽ യാതൊരു നിയന്ത്രണവും അദ്ദേഹം എടുത്തിരുന്നില്ല. സന്താനങ്ങൾ മാതാവിന്റെ പരിപൂർണ്ണ നിയന്ത്രണത്തിലാണു് വളന്നതു്. സ്നേഹനിർഭരമായ പെരുമാററമാണു് ആദ്യംമുതൽ സന്താനങ്ങളോടു് അദ്ദേഹം കാണിച്ചുപോന്നിട്ടുള്ളതു്."

ഔദാര്യവും, സമഭാവനയും രസപരിപൂരിതമായ സംഭാഷണവുംകൊണ്ടു ആരേയും ആകർഷിക്കുകയല്ലാതെ, ഒരാളെയും അദ്ദേഹം നിയന്ത്രിക്കാൻ നോക്കിയിരുന്നില്ല. എന്നാൽ ന്യായവിരുദ്ധമായി കൂടെയുള്ളവർ എന്തെങ്കിലും പറയുകയോ പ്രവത്തിക്കുകയോ ചെയ്താൽ ക്ഷിപ്രകോപം അദ്ദേഹത്തെ ഉടനേ കീഴ്പെടുത്തിക്കഴിയും. ചിലപ്പോൾ അതിലും വ്യത്യസ്തതകൾ കണ്ടിരുന്നു. തെററിന്റെ സ്വഭാവം എങ്ങനെയെങ്കിലും നീതീകരിക്കുവാൻ സാധിക്കുമെങ്കിൽ, രവിവർമ്മ കുപിതനാവുകയേ ഉണ്ടാവുകയില്ല.

ഗവർണ്ണർ ബക്കിംഗ്ഹാംപ്രഭു മടങ്ങിപ്പോയതി
നെത്തുടൎന്നു, ബറോഡായിൽനിന്നും സർ ടി. മാധവറാവു, പുതിയ തിരുവിതാംകൂർ മഹാരാജാവിനെ കാണുന്നതിനായി തിരുവനന്തപുരത്തു വന്നുചേൎന്നു. താൻ തിരുവിതാംകൂർ മന്ത്രിപദം വഹിച്ചിരുന്ന കാലങ്ങളിൽ വരുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ രാജ്യത്തെ ഏതുഘട്ടത്തിൽ എത്തിച്ചിട്ടുണ്ടെന്നു കണ്ടറിയുന്നതിനുംകൂടിയായിരുന്നു സർ. മാധവരായരുടെ ആഗമനം. വിശാഖംതിരുനാൾ മഹാരാജാവിനാകട്ടെ തൻെറ ആംഗലഭാഷാദ്ധ്യാപകനും. അന്തരിച്ചുപോയ ജ്യേഷ്ഠൻ മഹാരാജാവിനാൽ പിരിച്ചയയ്ക്കപ്പെട്ട മന്ത്രിവൎയ്യനും ആയ മാധവരായവർകളോടുള്ള സ്നേഹബഹുമാനം അപാരമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ.

സർ. മാധവറാവു, അനന്തശയനാദി പുണ്യക്ഷേത്രങ്ങൾ ദർശിച്ചും, മഹാരാജാവുമായി രാജ്യകാൎയ്യചൎച്ചകൾ നടത്തിയും ഏതാനും ദിവസം തിരുവനന്തപുരത്തു, രാജകീയാതിഥിയായി താമസിച്ചു. മഹാരാജാവുമായുള്ള സംഭാഷണങ്ങൾക്കിടയിൽ കലാപ്രദർശനങ്ങൾ വഴി പ്രസിദ്ധനായി തീൎന്നിരിക്കുന്ന രവിവൎമ്മയുടെ സുഖസ്ഥിതികളെപ്പറ്റിയും സർ. മാധവറാവു ചോദിച്ചു.

ഒട്ടുമുൻപു്, സ്വമിത്രമായ സർ. ശേഷയ്യാശാസ്ത്രിക്കു രവിവൎമ്മ അയച്ച ഒരു കത്തിൽ തനിക്കു തിരുവിതാംകൂറിലെ പുതിയ മഹാരാജാവിൻെറ ഭരണകാലത്തു ഒരു പ്രോത്സാഹനവും കിട്ടുകയില്ലെന്നു പ്രസ്താവിക്കുകയുണ്ടായിട്ടുണ്ടു്. അതു് സർ ശാസ്ത്രി സർ മാധവരായൎക്കു് ആയിടയിൽ എഴുതിയ ഒരു കത്തിൽ സന്ദർഭവശാൽ ഉൾപ്പെടുത്തിയിരുന്നു. ആ വസ്തുത ഉള്ളിൽവ

ച്ചുകൊണ്ടായിരുന്നു സർ. റാവു രവിവൎമ്മയെ മഹാരാജാവുമായുള്ള സംഭാഷണമദ്ധ്യേ ആനയിക്കുകയുണ്ടായത്.

രവിവൎമ്മയാൽ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ള ചിത്രങ്ങളെക്കൊണ്ടു വൎദ്ധമാനമായ തിരുവനന്തപുരം വലിയകൊട്ടാരത്തിലെ കലാസമ്പത്ത് സർ. മാധവറാവുവിന്റെ നേത്രങ്ങളെ ആകൎഷിച്ചു. ആ ചിത്രസമ്പത്തിൽ 'സീതാഭ്രപ്രവേശനം' എന്നൊരു പുരാണചിത്രവും ഉണ്ടായിരുന്നു. ബറോഡാമഹാരാജാവിനായി ആ ചിത്രം വിശാഖം തിരുനാളിൽനിന്നും വാങ്ങുന്നതിനു സർ. മാധവറാവുവിനു വലുതായ തന്ത്രം ഒന്നും പ്രയോഗിക്കേണ്ടിവന്നില്ല. കലാകാരന്റെ സംസ്കാരവും, ഭാവനയുടെ അഗാധതയും, വർണ്ണ്യവിഷയത്തിൻെറ സ്വാഭാവികതയും സമുജ്ജ്വലമാംവിധം പ്രകാശിപ്പിച്ചിട്ടുള്ള "സീതാഭ്രപ്രവേശം" വിലകൊടുത്തു വാങ്ങിയതിനുപുറമെ, ഒരു നായർ സൗന്ദൎയ്യധാമത്തിൻെറ മറെറാരു ചിത്രം തനിക്കു സംഭാവനയായും സർ. റാവു, മഹാരാജാവിൽനിന്നും നേടിക്കൊണ്ടു തിരുവിതാംകൂറിൽനിന്നും മടങ്ങി.

---

## അദ്ധ്യായം 9.

സർ ടി. മാധവറാവു തിരുവിതാംകൂറിൽനിന്നും കൊണ്ടുപോയ 'സീതാഭ്രപ്രവേശം' എന്ന ചിത്രം ബറോഡാകൊട്ടാരത്തിൽ എവൎക്കും ഒരു വിസ്മയവസ്തുവായി. ഹൈന്ദവലോകത്തിനു് ആദർശനിലയനങ്ങളാണു് സീതയും ശ്രീരാമനും; ശ്രീരാമൻെറ നാമം ഹൈന്ദവജനകോടികൾ പരിശു

ലിക്കായി ദിനവും ഉച്ചരിക്കുന്ന പുണ്യമന്ത്രമാണ്; സീതാവിയോഗം ഭാരതീയകവിശ്രേഷ്ഠൻ ഏററവും ദുഃഖകരമായി വർണ്ണിച്ചിട്ടുള്ള ഒരു കാവ്യഭാഗവുമാണ്. അവസാനം, പരിശുദ്ധിയെ തെളിയിച്ചുകൊടുക്കുന്നതിനായി, മാതാവായ ധരണീദേവിയുടെ മാറിൽ സീത അമരുന്നതായ—ശോകസമുദ്രത്തിൽ ആറാട്ടുന്നതായ—ആ സംഭവത്തെയാണ് ചിത്രത്തിൽ രവിവർമ്മ വരച്ചു കാണിച്ചിരിക്കുന്നതു്. ചിത്രകാരനായ രവിവർമ്മയുടെ നാമം, ബറോഡാ കൊട്ടാരത്തിലും ആ രാജ്യതലസ്ഥാനമെങ്ങും ഒരുപോലെ കീർത്തിക്കപ്പെട്ടു; അതു മാറെറാലികൊണ്ടു.

സർ. മാധവറാവു തനിക്കായി കൊണ്ടുപോയ നായർസൗന്ദര്യധാമത്തിൻെറ ചിത്രവും നമ്മുടെ കഥാനായകൻെറ യശസ്സു വർദ്ധിപ്പിക്കുന്ന ഒന്നായിരുന്നു. ആ വർഷ(1880)ത്തിൽ പൂനയിൽ നടന്ന കലാപ്രദർശനത്തിൽ മാധവരായരവർകൾ പ്രസ്തുത ചിത്രം പ്രദർശിപ്പിക്കുന്നതിനായയച്ചുകൊടുത്തു. കേരളീയവനിതകളുടെ ലാവണ്യാത്തികവും, സംഗീതം ആസ്വദിക്കുന്നതിൽ അവർക്കുള്ള ആവേശവും പ്രകടിപ്പിക്കുന്ന ആ ചിത്രം കാണുന്നതിനായിമാത്രം പ്രദർശനസ്ഥലത്തേയ്ക്കു് ആകൃഷ്ടരായ ജനതതിക്ക് അവസാനമില്ലായിരുന്നു. അലംകാരാധിക്യം കൊണ്ടു പരമാർത്ഥത്തെ ലഘുവാക്കിക്കളയുന്ന കലാവിഷ്കരണസമ്പ്രദായത്തിൽനിന്നും, കലാശൂന്യമായ ചായംപുരട്ടലിൽനിന്നും വ്യത്യസ്തമായ രവിവർമ്മാചിത്രത്തിൻെറ ആകർഷണീയത, മറാത്തി, ഹിന്ദുസ്ഥാനി, ഗുജറാത്തി എന്നീ വിവിധഭാഷകൾ സംസാരിക്കുന്ന പ്രേക്ഷകജനാവലിക്ക് ഒന്നുപോലെ ഹൃദ്യമാ-

യിരുന്നു. ചിത്രം ഉടനേ വിലകൊടുത്തു വാങ്ങുന്നതിന്ന് ബാംബെയിൽനിന്നു വന്ന പല ധനികന്മാരും ആഗ്രഹിച്ചു. കലാപരമായി നവമായ ഒരു ഉണർവ്വ വിവിധ ഭാഷകൾ സംസാരിക്കുന്ന ജനങ്ങളിൽ സംജാതമാക്കുന്നതിന്ന് ആ ചിത്രം ഉപകരിച്ചു; കലാവാസനയുള്ളവരെ അത്ര കോൾമയിർക്കൊള്ളിച്ചു.

പൂനാപ്രദർശനത്തിലെ ഒന്നാംസമ്മാനമായ 'ഗയിക്കവാർ സ്വർണ്ണമുദ്ര' രവിവർമ്മാചിത്രത്തിന്നു ലഭിച്ചു. ചിത്രം സ്വന്തമാക്കാൻ കൊതിച്ചവരിൽ ഒന്നാമൻ ബോംബെ ഗവർണ്ണറായ സർ. ജെയിംസ് ഫർഗ്ഗ്യസൺ ആയിരുന്നു. പക്ഷേ, ഗവർണ്ണർക്കും ആ ചിത്രം കിട്ടാൻ ഇടയായില്ല. ചിത്രത്തിൻെറ ഉടമസ്ഥൻ സർ. മാധവറാവു ആണെന്ന വിവരം പിന്നീടാണ് അദ്ദേഹം അറിയുന്നതു്. എങ്കിൽ, ആ ചിത്രകലാകാരനെക്കൊണ്ടു് അതേ ചിത്രത്തിൻെറ ഒരു പ്രതികൃതി തനിക്കായി എഴുതിച്ചുതരണമെന്നു് ഗവർണ്ണർ സർ. ഫർഗ്ഗ്യസൺ, സർ. മാധവറാവുവിനോടു് ആവശ്യപ്പെട്ടു. സർ. മാധവറാവു ആ വിവരം ചിത്രകാരനെ അറിയിച്ചു. അധികം താമസിയാതെതന്നെ കഥാനായകൻ പ്രസ്തുത ചിത്രത്തിൻെറ ഒരു പ്രതികൃതി എഴുതി ബാംബെ ഗവർണ്ണർക്കു് ഒരു ഉപായനമായി അയച്ചുകൊടുത്തു. ചിത്രലബ്ധിയിൽ സന്തുഷ്ടനായ സർ. ഫർഗ്ഗ്യസൻ തൻെറ നന്ദിയെ പ്രകടിപ്പിച്ചുകൊണ്ടു ചിത്രകാരന്നു് ഒരു കത്തെഴുതി. അത്രകൂടാതെ രവിവർമ്മയ്ക്കു ബ്രിട്ടീഷ് രാജകുടുംബാംഗങ്ങളുടെ ഫോട്ടോകൾ അടങ്ങിയ രജതരേഖാങ്കിതമായ ഒരു ചിത്രസഞ്ചയം സൗഹൃദസ്മാരകമായി അയച്ചുകൊടുക്കുകയും ചെയ്തു.

പൂനയിലേയും ബറോഡായിലേയും തന്റെ വിജയവാർത്തകളെപ്പറ്റി രവിവർമ്മ അറിഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. സഹ്യാദ്രിക്കകത്തടങ്ങുന്ന തന്റെ മാതൃരാജ്യത്തു്, രാജാവിന്റെ അമർഷശരങ്ങൾക്കു ലക്ഷ്യമായും, പ്രോത്സാഹനശൂന്യനായും നിഷ്ക്രിയനായും അങ്ങനെ കഴിഞ്ഞുകൂടാനുള്ളവനല്ല താൻ എന്ന ഒരു സന്ദേശം നവമായ ആ വിജയവാർത്തയിൽ അടങ്ങിയിട്ടുള്ളതായി അദ്ദേഹത്തിനു തോന്നി. പക്ഷമതിയായ സർ. ശേഷയ്യാശാസ്ത്രി കൊട്ടാരത്തിൽനിന്നും തിരസ്കൃതനായ രവിവർമ്മയെപ്പറ്റി സർ. മാധവറാവുവിനു എഴുതിയതും, ഉടനേ ഉണ്ടായ അദ്ദേഹത്തിന്റെ തിരുവിതാംകൂർ സന്ദർശനവും എത്രയും ശുഭോദർക്കങ്ങളായിരുന്നു:

1881-ൽ, ബറോഡാ യുവരാജാവു, മഹാരാജാവായി സ്ഥാനാരോഹണം ചെയ്യപ്പെട്ടു. സ്ഥാനാരോഹണച്ചടങ്ങിൽ സംബന്ധിക്കുന്നതിനു പ്രത്യേകം ക്ഷണിച്ചിരുന്ന അതിഥികളിൽ നമ്മുടെ കഥാനായകനും ഉൾപ്പെട്ടിരുന്നു. ആ ക്ഷണത്തെ യഥാർത്ഥമായ ഒരു ബഹുമാനമായി കരുതി, രവിവർമ്മ, സഹോദരനോടുകൂടി ബറോഡയിലേയ്ക്കു പുറപ്പെട്ടു.

ബറോഡായിലെ സ്ഥാനാരോഹണം സംബന്ധിച്ച ദർബാർ തുടങ്ങിയ എല്ലാ ചടങ്ങുകളിലും സാംസ്ഥാനികാതിഥിയായ രവിവർമ്മ പങ്കുകൊണ്ടു. ഒരു കലാകാരനു് അത്ര വൻപിച്ച ഒരു ബഹുമാനം ലഭിച്ചിട്ടുള്ള സന്ദർഭം അതിനുമുൻപു ഇന്ത്യയിൽ ഉണ്ടായിട്ടില്ല. മഹാരാജാക്കന്മാർ, പ്രഭുക്കന്മാർ, വ്യവസായപ്രമുഖന്മാർ, പൗരമുഖ്യന്മാർ എന്നിങ്ങനെ 'രവിവർമ്മ' എന്ന നാമംമാത്രം

കേട്ടിരുന്നവക്ക്, ആളെ നേരിൽ കാണുന്നതിനു ലഭിച്ച ആദ്യസന്ദർഭമായിരുന്നു അത്. കത്തിയവാർ സംസ്ഥാന പ്രധാനികളിൽ ഗണ്യനായിരുന്ന ഭവനഗർമഹാരാജാവു രവിവർമ്മയെ തന്റെ സംസ്ഥാനത്തിന്റെ അതിഥിയായി, ക്ഷണിക്കണമെന്ന് തീരുമാനിച്ചതു് അപ്പോഴായിരുന്നു. ഏതാണ്ടു് ആ ഘട്ടംമുതൽ മഹാരാജാക്കന്മാർ രവിവർമ്മയുടെ തൂലികയിൽനിന്നും ഒരു ചിത്രം എഴുതികിട്ടുന്നതിനു അഹമഹമികയാ ഒരു മത്സരംതന്നെ ആരംഭിച്ചു. ചില മഹാരാജാക്കന്മാർ അതിൽ നിരാശരായിട്ടുമുണ്ടു്. ആകെക്കൂടി * പത്തു നാട്ടുരാജ്യങ്ങളുടെ ആതിഥ്യം രവിവർമ്മ സ്വീകരിച്ചിട്ടുണ്ടു്. എന്നാൽ കലാരസികന്മാരായ ബറോഡയിലേയും, മൈസൂറിലേയും മഹാരാജാക്കന്മാരുമായി മാത്രമേ അദ്ദേഹം സുദീർഘമായ മൈത്രി പുലർത്തിപ്പോന്നിരുന്നുള്ളു.

ബറോഡായിലെ സ്ഥാനാരോഹണാഘോഷങ്ങൾ അവസാനിച്ചു്, രവിവർമ്മ തിരിച്ചുപോകുന്നതിനുള്ള ഒരുക്കമായി. 'സീതാഭൂപ്രവേശം' വരച്ച മാന്യാതിഥിയായ ചിത്രകാരനെ അത്ര പെട്ടെന്നു വേർപിരിയുവാൻ ഗയിക്കവാർ മഹാരാജാവു് സന്നദ്ധനായിരുന്നില്ല. രവിവർമ്മ തിരിച്ചുപോകാൻ ഒരുങ്ങുന്ന വിവരം ഗയിക്കവാർ അറിഞ്ഞപ്പോൾ തൻെറ സംസ്ഥാനാതിഥിയായി തുടന്നു കുറച്ചുകാലംകൂടി താമസിക്കണമെന്നു് അഭ്യർത്ഥിക്കുവാൻ അദ്ദേഹം സർ. ടി. മാധവറാവുവിനോടു ആവശ്യപ്പെട്ടു. സ്നേഹബഹുമാനത്തോടുകൂടിയ ആ അഭ്യർത്ഥ

* (1) പുതുക്കോട്ട (2) മൈസൂർ (3) ബറോഡ (4) ഭവനഗർ (5) പാലിയത്താന (ബഞ്ചാബു് സംസ്ഥാനങ്ങൾ) ജയപ്പൂർ (6) ആൾവാർ (7) ഗ്വാളിയർ (8) ഇൻഡോർ (9) രത്തൻ (10) ഉദയപ്പൂർ.

നായ്ക്കു കഥാനായകനു് വിധേയനാകാതിരിപ്പാൻ സാധി ച്ചില്ല.

യഥാൎത്ഥത്തിൽ രവിവൎമ്മയെ വിട്ടുപിരിയുവാൻ ഗയിക്കവാർ വൈമുഖ്യം കാണിച്ചതിൽ ഒരു രഹസ്യം അന്തർഭവിച്ചിട്ടുണ്ടായിരുന്നു. അതു് അദ്ദേഹത്തിന്റേ യും, ആ രാജകുടുംബത്തിലെ മററംഗങ്ങളുടേയും ഛായാ പടങ്ങൾ എഴുതിക്കണമെന്നതു തന്നെയായിരുന്നു.

തുടൎന്നുള്ള താമസത്തിനായി ഉദ്യാനത്തോടുകൂടിയ ഒരു സൌധം രവിവൎമ്മയ്ക്കും സഹോദരനും നൽകപ്പെട്ടു. ദിവസവും വിഭവസമൃദ്ധമായ സദ്യയ്ക്കു വേണ്ട കോപ്പു കൾ സൌധത്തിൽ എത്തിച്ചുകൊടുക്കുന്നതിനും ആജ്ഞ യായി. സംസ്ഥാനംവകയായുള്ള ഒരു സാറിട്ടവണ്ടിയും, കുതിരകളും; രവിവൎമ്മയുടേയും സഹോദരന്റേയും ആവ ശ്യത്തിനായി ആ സൌധത്തിലേക്കു അയച്ചുകൊടുത്തു. അങ്ങനെ രവിവൎമ്മ നാലുമാസക്കാലം ബറോഡയിൽ താമസിച്ചു. ആ നാലുമാസക്കാലത്തിനുള്ളിൽ ഗയിക്ക വാർ തുടങ്ങി ബറോഡാരാജകുടുംബത്തിലെ എല്ലാ അംഗങ്ങളുടേയും, അപ്പോൾ അവിടെ റസിഡണ്ടായി രുന്ന മി. മെൽവില്ലിയുടേയും മന്ത്രിവൎയ്യനായ സർ. ടി. മാധവരാവുവിന്റേയും ആകാരവലിപ്പത്തിലുള്ള ഛായാ പടങ്ങൾ രവിവൎമ്മ എഴുതിതീൎത്തു. കഥാപുരുഷൻ എഴു തിയ എട്ടു ഛായാചിത്രങ്ങൾ ഇപ്പോൾ ബറോഡാ കൊട്ടാരത്തിൽ കാണ്മാനുണ്ടു്. ആ ഛായാപടങ്ങൾമാത്ര മല്ല, 'സീതാഭൂപ്രവേശം' എഴുതിയ കൈകളിൽ നിന്നും ഇന്ത്യൻചിത്രകലയിൽ, ഒരു നവയുഗം സമാരംഭിക്കുന്ന തിന്റെ പ്രാരംഭമായി, 'ദമയന്തി' 'സൈരന്ധ്രി' 'സര സ്വതി', 'ലക്ഷ്മി', 'സീതാസിദ്ധി' ഇങ്ങനെ അഞ്ചു

മഹാചിത്രങ്ങൾകൂടി എണ്ണച്ഛായത്തിൽ അന്ന് ബറോഡായ്ക്കു ലഭിച്ചു. ചിത്രങ്ങൾക്കെല്ലാററിനുംകൂടി ചിത്രകാരന് വൻപിച്ച ഒരു തുക ബറോഡാ ഗയിക്ക്വാർ നൽകി. പ്രതിഫലത്തിനുപുറമേ വിലപിടിച്ച സമ്മാനങ്ങളും കൊടുത്തു. രവിവർമ്മയെക്കൊണ്ടു അക്കാലത്തു ബറോഡായെപ്പോലെ ഇന്ത്യയിലെ മറെറാരു സംസ്ഥാനവും അത്രത്തോളം അഭിമാനിച്ചിട്ടില്ല. ആ സംസ്ഥാനത്തു ജനിച്ചുവളൎന്ന പൗരന്മാൎക്കൊപ്പം നമ്മുടെ കഥാനായകനും, സഹോദരനും ബറോഡാഭരണാധികാരിയേയും, പുരാണചിത്രങ്ങൾക്കദാഹിച്ചിരുന്ന ആ സംസ്ഥാനജനതയേയും സ്നേഹിച്ചിട്ടുണ്ട്. രവിവർമ്മയോടു ഗയിക്ക്വാർ മഹാരാജാവിനുണ്ടായിരുന്ന ആദരാതിശയങ്ങളും, ആ സംസ്ഥാനത്തോടും ഭരണാധിനാഥനോടും കഥാപുരുഷനു തോന്നിയിട്ടുള്ള നിർവ്യാജമായ സ്നേഹബഹുമാനങ്ങളും അവിടെ അവസാനിക്കുന്നില്ല. രവിവർമ്മയുടെ ജീവിതത്തിൽ ബറോഡ അത്യന്തം പ്രാധാന്യമുള്ള ഒരു ഘടകമാകുന്നു. ആ കലാജീവിതത്തിലെ വിജയപതാക നിവൎത്തു ബറോഡയായിരുന്നു.........

ബറോഡായിൽനിന്നും ആ സഹോദരന്മാർ ഭവനഗർ മഹാരാജാവിൻെറ ക്ഷണം അനുസരിച്ച് ആ സംസ്ഥാനത്തേയ്ക്കു പോയി. രണ്ടു മാസത്തോളം ഭവനഗർ മഹാരാജാവിൻെറ അതിഥിയായി താമസിച്ച് ഏതാനും എണ്ണച്ഛായകൾ വരയ്ക്കുകയുമുണ്ടായി. ബറോഡയിൽവച്ചു തന്നെ ഉത്തരേന്ത്യയിലെ പലേ നാട്ടുരാജ്യങ്ങളുടെ ഭരണാധികാരികളിൽനിന്നും രവിവർമ്മയ്ക്കു ക്ഷണനക്കത്തുകൾ കിട്ടിയിരുന്നു. എന്നാൽ രണ്ടുമൂന്നു

നാട്ടുരാജ്യങ്ങൾകൂടി സന്ദർശിക്കാനേ അപ്പോൾ സാധി ച്ചുള്ളു.

ആദ്യത്തെ ആ ബറോഡായാത്രയിൽ ഉത്തരേന്ത്യ യിൽ ഒരു കാലത്തു പ്രവൃദ്ധമായിരുന്ന മുഗൾ, രജപുത്ത് എന്നീ ചിത്രലേഖനാരീതികളെപ്പറ്റി രവിവർമ്മ സാമാ ന്യമായി പഠിക്കുകയുണ്ടായി. ഏതുരീതിയിലുള്ള ആലേ ഖനാസമ്പ്രദായത്തേയും അഭിനന്ദിക്കുന്ന ഒരു കലാകാര നാണ് നമ്മുടെ കഥാനായകൻ. എന്നാൽ അദ്ദേഹം അവയിൽനിന്നും ഒന്നുമേ സ്വീകരിക്കുവാൻ ഉദ്യുക്ത നായതില്ല എന്നു പറയേണ്ടിയിരിക്കുന്നു. ഏതാനും അലംകാരചിത്രങ്ങൾ പരിശോധിച്ചിട്ട്, ഒരിക്കൽ രവി വർമ്മ ഇപ്രകാരം സഹോദരനോടു (രാജരാജവർമ്മ) പ്രസ്താ വിക്കുകയുണ്ടായി:

"ചില ചിത്രങ്ങളിൽ ഭാവന വളരെ ഉന്നതമായി പ്രകാശിപ്പിച്ചിട്ടുണ്ട്. അവയിൽ അലംകാരങ്ങൾക്കായി വളരെ ജോലിയും ചെയ്തിട്ടുണ്ട്. ഒരു കാര്യം പറയാം. ധാത്രിയുടെ ജോലി ശിശുവിനെ സാന്ത്വനപ്പെടുത്തി ആനന്ദിപ്പിക്കുകയാകുന്നു. പുഞ്ചിരി ശിശുമുഖത്തിൽ സ്വയം ഉദിക്കേണ്ടതാണ്. ചിത്രം ഇന്ന ദൃഷ്ടികൊണ്ടു നോക്കിയാലേ കാണാവൂ എന്നു നിഷ്കർഷിക്കരുത്. ഏതു ദൃഷ്ടിയിലും കാണണം."

ഇവിടെ, പിൽക്കാലത്ത് നമ്മുടെ കഥാനായകനെ അതിനിശിതമായി ആക്ഷേപിച്ചവരുടെ സിദ്ധാന്ത ങ്ങൾ ഓർമ്മയിൽവരുന്നു. ഇത്രയുമായിട്ടും, 'അജന്താ' തുടങ്ങിയ ഗുഹകളിൽ വരച്ചിരിക്കുന്ന ബുദ്ധമതകാല ത്തെ ചിത്രങ്ങൾക്ക് എത്രയോ ശതാബ്ദങ്ങൾക്കുമുൻപിൽ

ഭാരതത്തിൽ ചിത്രകല ഉണ്ടായിരുന്നുവെന്നും, വ്യാസൻ, ഭാസൻ, കാളിദാസൻ ഭവഭൂതി ആദിയായ കവീശ്വരന്മാരുടെ ഗ്രന്ഥങ്ങളിൽ ചിത്രങ്ങളെപ്പററി പ്രതിപാദിച്ചിട്ടുണ്ടെന്നും, പ്രകൃതിക്കു തുല്യമായി ആലേഖനം ചെയ്യുന്ന രീതി മററ് എല്ലായിടത്തും എന്നപോലെ ഭാരതത്തിന്നുമുണ്ടെന്നും, ചില ഭാരതീയകലാനിരൂപകന്മാർ ഇനിയും മനസ്സിലാക്കേണ്ടതായിട്ടാണിരിക്കുന്നതു്. രവിവർമ്മാചിത്രകലയെ "ആംഗ്ലോ-ഇന്ത്യൻ" എന്നു പറഞ്ഞു ആക്ഷേപിച്ച മി: ഈ. ബി. ഹാവൽ എന്നു ആംഗ്ലേയനിരൂപകൻ തന്നെ പറയുന്നതു് "കല ഒരു കണക്കിനു സാർവ്വലൌകികമായ ഒരു ഭാഷയാകുന്നു" എന്നാണു്.

മി: ഈ. ബി. ഹാവൽ അദ്ദേഹത്തിന്റെ ഭാരതീയ ചിത്രകലകളെക്കുറിച്ചെഴുതിയിട്ടുള്ള ഗ്രന്ഥത്തിൽ തുടർന്നു ഇങ്ങനെ പ്രസ്താവിക്കുന്നു:

"എന്നാൽ അതിലെ മൂല്യഭാവങ്ങൾ ദേശീയ ജീവിതത്തിനോടും, വിചാരഗതികളോടും അഭേദ്യമാംവിധം നിബന്ധിതമായിരിക്കുന്നു: അതിനാൽ, കലാസമ്പത്തുകളുടെ സുവ്യക്തമായ ദേശീയവീക്ഷണം ഗ്രഹിക്കാതെ, തികച്ചും അകന്നുനിന്നുകൊണ്ടു് അതേപ്പററി എന്തെങ്കിലും അറിയാൻസാധിച്ചു എന്നു ഭാവിക്കുവാൻ അക്യമല്ല. ആധുനികഭാരതത്തിൻെറ കലാബോധനത്തിന് ഉത്തേജനം നൽകിയ രവിവർമ്മയാണെങ്കിൽ, "എത്രതന്നെ മോശമായ ചിത്രം എഴുതി അദ്ദേഹത്തിൻെറ അടുക്കൽ കൊണ്ടുചെന്നാലും അതിനെ ആക്ഷേപിക്കുക പതിവില്ല. എന്നു മാത്രമല്ല........ ചിത്രകാരൻ തൻെറ ഉപബോധമനസ്സിൽ ലയിച്ചു

അതിൽ അറിയാതെ പ്രവൎത്തിച്ചിരിക്കുന്നതു സൂക്ഷിച്ചു മനസ്സിലാക്കണം" എന്നാണു് തന്റെ പുത്രൻ രാമവൎമ്മ തുടങ്ങിയ ശിഷ്യന്മാരോടു അദ്ദേഹം പറഞ്ഞുപോന്നിരുന്നതു്.

---

## അദ്ധ്യായം 10.

ബറോഡായാത്ര കഴിഞ്ഞു് ചരിത്രനായകനും സഹോദരനും കിളിമാനൂർ കൊട്ടാരത്തിൽ വന്നുചേൎന്നപ്പോൾ അവിടെ കണ്ട ആഹ്ലാദഭരിതമായ രംഗങ്ങൾ വൎണ്ണനാതീതമായിരുന്നു. മരുമക്കത്തായം ലിപിയിലും പൊരുളിലും ഒരുപോലെ പാലിച്ചുപോരുന്ന ഒരു കൂട്ടുകുടുംബമാണു് രവിവൎമ്മയുടെ ഭവനം. കുടുംബാംഗങ്ങൾ മിക്കപേരും അവിടെത്തന്നെ താമസമാണു്. ആശ്രിതന്മാരും ഭൃത്യന്മാരുമായി ഒട്ടനേകംപേർ ഉണ്ടു്. ശൈശവത്തിൽ എടുത്തുകൊണ്ടു നടന്നിരുന്ന അച്ചി (ഭൃത്യ)മാർമുതൽ ഓടിനടന്നു ചുവരുകൾതോറും വരച്ചിരുന്ന രൂപങ്ങളെ മായ്ക്കുവാൻ ബാല്യകാലങ്ങളിൽ രവിവൎമ്മയുടെ പുറകേ പോയിരുന്ന ആ വൃദ്ധൻവരെ അവിടെ ഉണ്ടു്.

ഓരോരുത്തൎക്കും ഓരോ വിശേഷസാധനങ്ങൾ രവിവൎമ്മ സമ്മാനിച്ചു. "നീ ഭാവിയിൽ ഒരു മഹാചിത്രകാരനായിഭവിക്കും" എന്നു ദീൎഘദൎശനംചെയ്ത മാതുലൻ രാജരാജവൎമ്മയ്ക്കു് അയ്യായിരംരൂപാ ഗുരുദക്ഷിണയായി കാൽക്കൽവച്ചു കഥാപുരുഷൻ നമസ്കരിച്ചു. സൎവ്വാഭീഷ്ടപ്രദമായ ഒരു മംഗളോത്സവം ആ ഗാൎഹികരംഗങ്ങളിൽ

ന്ദ്യത്തമാടി. പിന്നീട്ട ദീർഘയാത്രകഠംകഴിഞ്ഞു രവിവർമ്മ കിളിമാന്തൂർ കൊട്ടാരത്തിലേയ്ക്കു വരുമ്പോഴൊക്കെയും അവിടത്തെ ആബാലവൃദ്ധജനങ്ങളും സന്തുഷ്ടരായിത്തീരത്തക്കവണ്ണം അദ്ദേഹം ദാനങ്ങളും സമ്മാനങ്ങളും നൽകുന്നതു അതുമുതൽ ഒരു പതിവാക്കിത്തീർത്തു.

ആദ്യത്തെ ബറോഡയാത്ര കഴിഞ്ഞു മടങ്ങുമ്പോഠം, തൻെറ ചിത്രക്കുറിപ്പിൽ മാറാത്തശക്തിയുടെ നട്ടനായകമായിരുന്ന ശിവജിയുടെ ഒരു ചിത്രത്തിനായി രവിവർമ്മ പശ്ചാത്തലം വിഭാവനംചെയ്തിരുന്നു. പിന്നീട് ലോകമാന്യബാലഗംഗാധരതിലകൻ മറാത്താജനതയെ തട്ടിഉണർത്തുന്ന കാലഘട്ടങ്ങളിൽ, രവിവർമ്മയുടെ ചിത്രശാലയിൽനിന്നും പുറത്തുവന്ന ശിവജിയുടെ ചിത്രത്തെപ്പറ്റി കഥാപുരുഷൻെറ സമകാലീനനായ ഒരു ഭാരതീയകലാപ്രേമി ഇപ്രകാരം എഴുതിയിരിക്കുന്നു:—

"......പൊതുജനപ്രതീക്ഷയെ അതിലംഘിച്ചു പൂർണ്ണതയിൽ എത്തിക്കപ്പെട്ടിരിക്കുന്ന ഇപ്പോഴത്തെ ചിത്രം പതിനേഴാംനൂററാണ്ടിലെ ചരിത്രസംഭവങ്ങളിലേയ്ക്കു പ്രേക്ഷകനെ ആനയിക്കുന്നു. അഴകുള്ള കറുത്ത അശ്വപ്രവരൻെറ മേൽ 'ഭവാനി' എന്ന ഖഡ്ഗവും ഊരിപ്പിടിച്ചു വിശ്വസ്തരായ മൂന്നു അനുചരന്മാരോടുകൂടി പ്രസ്ഥാനസന്നദ്ധനായി നിലകൊള്ളുന്ന വിപുലമായ ഒരു സാമ്രാജ്യം സ്ഥാപിച്ച ആ വീരപുരുഷൻ—ചരിത്രകാരന്മാരാൽ ചിത്രീകരിക്കപ്പെട്ടിട്ടുള്ളവിധം—തീക്ഷ്ണങ്ങളായ നേത്രങ്ങഠം, ശുകതുണ്ഡാകൃതിനാസിക, മനോഹരമെങ്കിലും സൂര്യാതപം ഭേദിച്ച ആകാരസുഷമ—ഇവകളെ പ്രകൃതിക്കുന്ന സരണമായി.........

..................... ചിത്രണംചെയ്യപ്പെട്ടിരിക്കുന്നു ......................
രംഗം മുഴുവനും ജാജ്വല്യവും, ചൈതന്യസംപൂർണ്ണവും ശിവജിയുടെ ദിനങ്ങളിൽ ഒന്നിനെ ഓർമ്മിപ്പിക്കുന്നതു മാകുന്നു. മഹാനായ ആ ഭരണാധിനായകനെ ഇത്ര ആത്മാർത്ഥതയോടുകൂടി ആലേഖനം ചെയ്തതിൽനിന്നും രവിവർമ്മയ്ക്കുണ്ടായിരിക്കുന്ന വിജയത്തിൽ അദ്ദേഹത്തെ അനുമോദിക്കേണ്ടിയിരിക്കുന്നു."

യാത്രകളിൽ, കലാസമ്പത്തുകൾ സൂക്ഷിക്കപ്പെട്ടിട്ടുള്ള നിലയനങ്ങളെപ്പറ്റി അറിവുലഭിച്ചാൽ രവിവർമ്മ അവിടങ്ങൾ സന്ദർശിക്കാറുണ്ടായിരുന്നു. എന്നാൽ ഹൈന്ദവസംസ്കാരമുൾക്കൊള്ളുന്ന നവീനചിത്രസമ്പത്തുകൾ കാണാൻ രവിവർമ്മ ആശിച്ചുവെങ്കിൽ അതിൽ അദ്ദേഹത്തിനു നിരാശയ്ക്കേ വകയുണ്ടായിട്ടുള്ളൂ. മുസ്ലീംഭരണത്തോടുകൂടി, ടർക്കി, പേർഷ്യ എന്നിവിടങ്ങളിലെ ആലേഖനസമ്പ്രദായത്തോടു ബന്ധപ്പെട്ടുവളൎന്ന ഡക്കാണിലെ ചിത്രകലയ്ക്കു മകുടംചാർത്തിയ കലാനേട്ടങ്ങൾ, ഹൈദ്രാബാദ് നൈസാമിൻെറ കൊട്ടാരത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ടെന്നു് അറിഞ്ഞു പിൽക്കാലത്തു് കഥാനായകനും സഹോദരനും അതു കാണുന്നതിനായി പോയി നിരാശരായി മടങ്ങിയ ഒരു സംഭവം ഉണ്ടായിട്ടുണ്ടു്.

ബറോഡയിൽ നിന്നും മടങ്ങി വന്നതിനു ശേഷം അടുത്ത മൂന്നുകൊല്ലത്തേയ്ക്കു രവിവർമ്മ സംസ്ഥാനംവിട്ടു പുറത്തുപോകുകയുണ്ടായില്ല. പത്നീഭവനമായ മാവേലിക്കരയും, സ്വകുടുംബമായ കിളിമാനൂരും മാറിമാറി താമസിച്ചുകൊണ്ടു് പുരാണങ്ങളും സംസ്കൃതമഹാകാവ്യങ്ങളും പാരായണം ചെയ്യുന്നതിലും, മതത്തിന് അതിമാത്രമായ പ്രാധാന്യം നൽകുന്ന ഭാരതീയരുടെ അഭിരു

ചിക്കുന്നസരണമായി പുരാണചിത്രങ്ങൾക്കു വിഷയങ്ങൾ കണ്ടുപിടിക്കുന്നതിലും ആയിരുന്നു ഇക്കാലങ്ങളിൽ അദ്ദേഹം അധികമായി വ്യാപരിച്ചിരുന്നതു്. എന്നാൽ ഛായാചിത്രങ്ങൾക്കുള്ള അപേക്ഷകളുടെ സംഖ്യ നാൾക്കുനാൾ വൎദ്ധിച്ചുകൊണ്ടിരുന്നു. ഇപ്പോൾ, തിരുവനന്തപുരം ശ്രീചിത്രാലയത്തിൽ കാണുന്നതായ കേരളവൎമ്മ വലിയകോയിൽതമ്പുരാൻെറയും, മഹാറാണി ലക്ഷ്മിബായിയുടേയും ഛായാചിത്രങ്ങൾ എണ്ണച്ചായത്തിൽ എഴുതിയതു് ആദ്യത്തെ ബറോഡായാത്ര കഴിഞ്ഞ കാലത്തായിരുന്നു. നവയൗവ്വനയുക്തകളായ സൗന്ദൎയ്യധാമങ്ങളെ മനോരാജ്യമഗ്നകളായും വ്രീളാബദ്ധരായും, കാമുകസമാഗമോത്ക്കണ്ഠിതരായും, സംഗീതരസാസ്വാദിതരായും ദൃഷ്ടിഭ്രമം തോന്നുന്നരീതിയിൽ എത്രതന്നെ ആലേഖനം ചെയ്തിട്ടും രവിവൎമ്മയ്ക്കു അലംഭാവം ഉണ്ടാവുന്നില്ല. ഭാരതീയജനകോടികൾ ചരിത്രാതീതകാലം മുതൽ ആരാധിച്ചുപോരുന്ന വിദ്യാദേവതയായ സരസ്വതിയേയും, ധനദേവതയായ മഹാലക്ഷ്മിയേയും ബറോഡാകൊട്ടാരത്തിനെ അലങ്കരിക്കുവാനായി രവിവൎമ്മ എണ്ണച്ചായത്തിൽ വരച്ച വസ്തുത മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. വേദേതിഹാസങ്ങളിൽ ഒളിഞ്ഞുകിടന്നിരുന്നതും, ജനങ്ങളുടെ നിത്യാരാധനാപാത്രങ്ങളുമായ വാഗ്ധനദേവതമാരെ, ഭാരതോല്പത്തിക്കുശേഷം ഒരു ചിത്രകാരനും എണ്ണച്ചായത്തിൽ ആലേഖനം ചെയ്തിട്ടില്ല. താൻ നിത്യം ഉരുവിടുന്ന ലക്ഷ്മിയുടേയും സരസ്വതിയുടേയും സ്തോത്രങ്ങൾ മനസ്സിൽ വരച്ചിട്ടുള്ള രൂപങ്ങൾ രവിവൎമ്മ എണ്ണച്ചായത്തിലാക്കി ആനന്ദിച്ചു എന്നേയുള്ളൂ. ആ ആരാധനാചിത്രങ്ങൾ ഭാരതീയജനങ്ങൾ

വളരെക്കാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാ ണെന്നു അവ വരച്ച ചിത്രകാരൻ അറിഞ്ഞിട്ടില്ല. 'സീതാഭൂപ്രവേശ'ത്തോടുകൂടി രവിവർമ്മയെ "ഇന്ത്യയുടെ പുരാണചിത്രകാരൻ" എന്നു ലോകം പറയാൻതുടങ്ങി യിട്ടുണ്ടു്. ഇന്ത്യയ്ക്കുവേണ്ടി ഒരു കലാസേവനം അനു ഷ്ഠിക്കുവാൻ രവിവർമ്മയെ ക്ഷണിച്ചുകൊണ്ടു അക്കാ ലത്തു് ബറോഡായിൽനിന്നു സർ. ടി. മാധവറാവു എഴുതി:

"അങ്ങയുടെ ആലേഖ്യങ്ങൾ സ്വായത്തമാക്കുവാൻ കൊതിച്ചുകൊണ്ടിരിക്കുന്നവരായി എന്റെ സുഹൃത്തുക്ക ളിൽ അസംഖ്യംപേരുണ്ടു്. അവിടുത്തെ ഹസ്തദ്വയ ങ്ങൾ കൊണ്ടുമാത്രം അത്ര വിപുലമായ ഒരാവശ്യം നിറ വേററുന്നതിനു വളരെ പ്രയാസമായിരിക്കും. അതി നാൽ അവിടുന്നെഴുതിയിട്ടുള്ള ചിത്രങ്ങളിൽ ഏതാനും എണ്ണം തെരഞ്ഞെടുത്തു യൂറോപ്പിലേയ്ക്കയച്ചു് 'ഓലിയോ ഗ്രാഫിൽ' മുദ്രണംചെയ്യുവരുത്തുക. അതുമൂലം അങ്ങ യുടെ കീർത്തി വിപുലമാകുക മാത്രമല്ല, യഥാർത്ഥമായ ഒരു സേവനം മാതൃഭൂമിക്കുവേണ്ടി അങ്ങു് അനുഷ്ഠിക്കുക യുംകൂടി ആയിരിക്കും".

അത്യന്തം ശ്രദ്ധേയമായ ഈ കത്തിനു നന്ദി പറഞ്ഞുകൊണ്ടു് രവിവർമ്മ അയച്ച മറുപടിയിൽ, ചിത്രങ്ങൾ മുദ്രണംചെയ്യുന്നതിനു് ഒരവസരം അടുത്തു തന്നെ സമാഗതമാകുമെന്നു് താൻ വിശ്വസിക്കുന്നതായി പ്രസ്താവിക്കുകമാത്രം ചെയ്തിരുന്നു. താൻ ഇന്ത്യയിലിരു ന്നുകൊണ്ടു് ചിത്രങ്ങൾ എഴുതി യൂറോപ്പിൽ അയച്ചു മുദ്രണം ചെയ്യിച്ചു വരുത്തുക എന്ന ആശയത്തെപ്പററി

ചിന്തിക്കുവാൻ സാവകാശം തരണമെന്നും ഏതുകാര്യവും സ്വതന്ത്രമായി ചിന്തിച്ചുനോക്കുന്ന രവിവർമ്മ കത്തിൽ പ്രതിപാദിച്ചിരുന്നു.

സന്തോഷാധിക്യത്തിനിടയിൽ സന്താപഹേതുക്കളും വന്നു ഭവിക്കാറുണ്ടല്ലോ. അതു് 1884-ാംവർഷത്തിൽ കിളിമാനൂർകൊട്ടാരത്തെ സംബന്ധിച്ചിടത്തോളം ഏത്രയും അർത്ഥവത്തായിരുന്നു. കഥാപുരുഷൻ ബറോഡായിൽനിന്നും മടങ്ങിവന്നപ്പോൾ എത്രമാത്രം ആ കൊട്ടാരം ആഹ്ലാദിച്ചുവോ, അതിൽ കൂടുതൽ 1884-ാംവർഷത്തിൽ ദുഃഖിച്ചു. ആ ദുഃഖം രവിവർമ്മയെ അഗാധമായ കദനക്കടലിൽ മജ്ജനം ചെയ്യിച്ചു. അഭിവന്ദ്യഗുരുവും, പ്രിയമാതുലനുമായ രാജരാജവർമ്മ ഇഹലോകവാസം വെടിഞ്ഞതായിരുന്നു ആ മഹാദുഃഖകാരണം. അദ്ദേഹം വാർദ്ധക്യത്തിൽ മുനിവൃത്തിയെ അവലംബിച്ചിരിക്കുകയായിരുന്നു. എങ്കിലും, അരോഗദൃഢഗാത്രനായ മാതുലൻ * രാജരാജവർമ്മയുടെ ദേഹവിയോഗം അപ്പോഴൊന്നും സംഭവിക്കുമെന്നു് ആരും വിചാരിച്ചിരുന്നില്ല. ആ മഹാനുഭാവൻ ഇല്ലായിരുന്നുവെങ്കിൽ, ആധുനികകാലങ്ങളിൽ ഒരു നിമ്നഗർത്തത്തിലേയ്ക്കു അധഃപതിച്ചുകൊണ്ടിരുന്ന ചിത്രകലയെ.........ഇത്രവേഗം പ്രാമുഖ്യത്തിലും പൊതുജനശ്രദ്ധയിലും പെടുത്തുവാനായി" ഒരു രാജാരവിവർമ്മയെ ഇന്ത്യയ്ക്കു ലഭിക്കുമായിരുന്നോ എന്നു സംശയമാണു്.

---

* രാജാരവിവർമ്മ ആലേഖനം ചെയ്തതായ മാതുലൻ രാജാരവിവർമ്മയുടെ ഒരു ഏണ്ണച്ഛായാചിത്രം തിരുവനന്തപുരം ശ്രീചിത്രാലയത്തിൽ കാണാം.

കഥാപുരുഷൻ ആ വർഷം മുഴുവനും മാതുലന്റെ സഹവാസത്തോടുകൂടി മായി നാട്ടിൽ തന്നെ കഴിച്ചു......................

ബറോഡാകൊട്ടാരം സൗന്ദര്യത്തിൻെറ സന്ദേശവാഹകനായ രാജാരവിവർമ്മയ്ക്കു നൽകിയ ആതിഥ്യത്തെപ്പററിയും, അദ്ദേഹത്തെക്കൊണ്ടു അവിടെ ആലേഖനംചെയ്യിച്ച ഛായാചിത്രങ്ങളെപ്പററിയും തൻെറ സംസ്ഥാനത്തെ ബ്രിട്ടീഷ് റസിഡന്റിൽ നിന്നുമായി അന്നു മൈസൂർ മഹാരാജാവായ സർ. ചാമരാജേന്ദ്ര ഉഡയർ വ്യക്തമായി അറിഞ്ഞതു്. അതിനുമുമ്പു പ്രദർശനങ്ങളിൽ ഒന്നാംസമ്മാനം നേടുന്ന ആ ചിത്രകാരനെപ്പററി അദ്ദേഹം പത്രങ്ങളിൽ വായിച്ചറിയാതെ അല്ല. വെയിത്സുരാജകുമാരൻ (എഡ്വേർഡ് ഏഴാമൻ) ഇന്ത്യയിൽ നിന്നുകൊണ്ടു പോയ ചിത്രങ്ങൾ ആ കലാകാരന്റേതാണെന്നും അദ്ദേഹം കേട്ടിട്ടുണ്ടു്. എന്നാൽ ബ്രിട്ടീഷുറസിഡണ്ടിൻെറ വർണ്ണനകൾ കേട്ടപ്പോൾ സർവ്വാദരണീയനായിത്തീർന്നുകൊണ്ടിരിക്കുന്ന ആ യശോമകുടനെ തൻെറ കൊട്ടാരത്തിലേയ്ക്കു ക്ഷണിക്കണമെന്നു് സർ. ചാമരാജേന്ദ്രഉഡയറിനു ആഗ്രഹമായി. താമസിയാതെതന്നെ ഒരു ക്ഷണനക്കത്തു മൈസൂർകൊട്ടാരത്തിലേക്കു അയച്ചു. അതു 1884-ാംവർഷം അവസാനത്തിലായിരുന്നു.

1885-ാംവർഷത്തിൻെറ ആരംഭത്തിൽ, രവിവർമ്മ സ്വസഹോദരനോടുകൂടി മൈസൂർ സംസ്ഥാനത്തേയ്ക്കുപോയി. മഹാരാജാ ചാമരാജേന്ദ്രഉഡയർ കഥാപുരുഷനേയും സഹോദരനേയും തൻെറ വിശിഷ്ടാതിഥികളായി സ്വീകരിച്ചു. നമ്മുടെ ചരിത്രനായകനോടു ചാമരാജേന്ദ്രഉഡയർ പ്രദർശിപ്പിച്ച ആദരാതി

ലയങ്ങൾ നിസ്തുല്യമായിരുന്നു. തുല്യനിലയിലുള്ള മഹാരാജാക്കന്മാരോടു പെരുമാറുന്ന വിധത്തിൽ അദ്ദേഹം അവരോടു പെരുമാറി. മനോഹരമായ ആരാമപ്രതീതി ഉളവാക്കുന്ന മൈസൂർ നഗരിയിൽ കൊട്ടാരത്തിനു സമീപത്തായി ഒരു രാജകീയ ഹർമ്മ്യം ആ അതിഥികളുടെ താമസത്തിനായി നൽകുകയും, അവരുടെ സുഖസൗകര്യങ്ങൾക്കു വേണ്ടുന്നതൊക്കെയും മുടക്കംകൂടാതെ കൊടുക്കുന്നതിനായി ഒരു ഉദ്യോഗസ്ഥൻ പ്രത്യേകമായി നിയോഗിക്കപ്പെടുകയും ചെയ്തു.

ഛായാചിത്രലേഖനത്തിൽ രവിവർമ്മ സമുന്നതന്മാരുടെ സമ്മതിനേടിയിട്ടുള്ളതറിവാൻ കഴിഞ്ഞിട്ടുള്ള സർ. ചാമരാജേന്ദ്രഉഡയരുടെ ആഗ്രഹം, തൻേറയും. രാജകുടുംബാംഗങ്ങളുടേയും ഛായകൾ എഴുതിക്കണമെന്നായിരുന്നു. അല്ലാതെ വിഷയ (Subject Pictures) ചിത്രങ്ങൾ എഴുതുന്നകാര്യം, കലയെ ബഹുമാനിക്കുന്ന ആളായിട്ടുകൂടി സർ. ചാമരാജേന്ദ്രഉഡയറിൽനിന്നും അപ്പോൾ വിനിർഗ്ഗളിച്ചില്ല. 'നവരാത്രിപ്രിയനായ മൈസൂർ മഹാരാജാവു'' തന്നോടു പുരാണചിത്രങ്ങൾ എഴുതാൻ ആവശ്യപ്പെടുമെന്നു ചരിത്രനായകൻ പ്രതീക്ഷിച്ചിരുന്നു.

മൂന്നുമാസത്തോളം രവിവർമ്മ മൈസൂർ സംസ്ഥാനത്തിൻേറ അതിഥിയായി താമസിച്ച ആ സന്ദർഭത്തിൽ മഹാരാജാവിൻേറയും, അദ്ദേഹത്തിൻേറ സന്താനങ്ങളുടേയും ആകാരവലിപ്പത്തിലുള്ള ഛായകളായിരുന്നു എഴുതിയതു്. രവിവർമ്മയുടെ മാനസോല്ലാസത്തിനായി അക്കാലത്തു പാട്ടുകച്ചേരികളും, നൃത്തവും സർ. ചാമരാ

ജേന്ദ്രഉഡയർ തൻെറ കൊട്ടാരത്തിൽ അടിക്കടി നടത്തിയിരുന്നു.

പ്രതിഫലം, സുവർണ്ണരജതനിർമ്മിതമായ സമ്മാനങ്ങൾ ഇവ കൂടാതെ ഒരാനയെക്കൂടി, സംഭാവനചെയ്യിട്ടാണു്, നമ്മുടെ ചരിത്രനായകനോടു മൈസൂർ മഹാരാജാവു യാത്രപറഞ്ഞതു്. ഒരു കൂട്ടം ആനയെ കൊട്ടാരമുററത്തു കൊണ്ടുവന്നു നിർത്തിയിട്ടു് ആ സാംസ്ഥാനികഗജങ്ങളിൽനിന്നും എത്ര എണ്ണം വേണമെങ്കിലും സ്വന്തമാക്കിക്കൊള്ളാം എന്നു് രവിവർമ്മയോടു മൈസൂർ മഹാരാജാവു പറയുകയുണ്ടായി. പക്ഷേ ആ കരിനികരത്തിൽ നിന്നു് ഒരു കുട്ടി ആനയെ മാത്രമേ ആ കലാകാരൻ ഇഷ്ടപ്പെട്ടുള്ളു.

---

## അദ്ധ്യായം 11.

മൈസൂരിൽനിന്നു മടങ്ങി വരുമ്പോഴുള്ള ആ തീവണ്ടിയാത്ര സുപ്രധാനമായ ഒന്നായിരുന്നു. കഥാപുരുഷൻ തൻെറ ജീവിതോദ്ദേശ്യത്തെപ്പററി സഹോദരൻ രാജരാജവർമ്മയോടു ആദ്യമായി സംസാരിച്ചതു അപ്പോഴായിരുന്നു. * "കീർത്തിമാന്മാരായ കവികളേയും, ചിന്തകന്മാരേയും, സംഗീതകലാകോവിദന്മാരേയും, ശില്പികളേയും ഇന്ത്യ ഉത്പ്പാദിപ്പിച്ചിട്ടുണ്ടെങ്കിലും യശസ്സ്വിയായ ഒരു ചിത്രകാരനെ അവൾ ജനിപ്പിച്ചിട്ടില്ലായിരുന്നു" എന്നു് തനിക്കു മുമ്പുള്ള ആ പരമാർത്ഥത്തെ, അടിസ്ഥാനമാക്കിയായിരുന്നു സംഭാഷണം.

---

* Rovi Varma the Indian Artist.

ആനന്ദാത്മകമായ മനുഷ്യാത്മാവിൽ സൗന്ദൎയ്യബോധം വളൎത്തുന്ന ചിത്രകലയുടെ വളൎച്ചയ്ക്കുവേണ്ടി ഭാരതത്തിൽ ജീവിച്ച ഒരു ചിത്രകാരനെപ്പററിയും നമുക്കറിവില്ല. എങ്കിലും ചിത്രകല ഒരുകാലത്തു സംപുഷ്ടമായി വളൎന്നിരുന്നു എന്നതിനു പ്രത്യക്ഷമായ തെളിവുകൾ വേണ്ടുവോളം ഉണ്ടുതാനും.

ഒഴുകുന്ന മാലിനിയേയും തീരത്തുതങ്ങുന്ന ഹംസങ്ങളേയും, പുറകിൽ പുള്ളിമാൻക്കൂട്ടം മേയുന്ന ഹിമാലയതാഴ്‌വരയേയും, കവരത്തിൽ വൽക്കലം തൂക്കിയ മരത്തിൻകീഴിൽ കൃഷ്ണമൃഗത്തിന്റെ കൊമ്പിൻതുമ്പിൽ ഇടതുകണ്ണു ചൊറിയുന്ന മാൻപേടയേയും പശ്ചാത്തലമായി വിഭാവനംചെയ്തുകൊണ്ടു്, കെട്ടഴിഞ്ഞു പൂവു പൊഴിയുന്ന കുന്തളഭാരത്തോടും, നതാംസങ്ങളായ ബാഹുലതകളോടും നനവാൽ മിനുങ്ങുന്ന തളിരുകൾ നിറഞ്ഞ തൈമാവിന്നരികിൽ കുറഞ്ഞൊന്നു ക്ഷീണിച്ച മട്ടിൽ, ദുഷ്യന്തൻ എഴുതിയ ശകുന്തളയുടെ ചിത്രം—കാളിദാസന്റെ ആ നാടകീയ കവിത—പുരാതനഭാരതീയചിത്രകലയുടെ ഒരു സജീവചിത്രണംതന്നെയാകുന്നു. ചിത്രലേഖനത്തിലെ സാങ്കേതികലക്ഷണങ്ങൾ തികഞ്ഞിട്ടുള്ള ആ ചിത്രം ലേഖകനെത്തന്നെ ആനന്ദഭരിതനാക്കുന്നു; നായികയുടെ സ്തനങ്ങൾ നിബിഡോന്നതങ്ങളായും, നാഭി കുഴിഞ്ഞതായും കാണപ്പെടുന്നു. ഛായത്തിന്റെ സ്നിഗ്ദ്ധതകൊണ്ടു കോമളത്വം അംഗങ്ങളിൽ വഴിഞ്ഞൊഴുകുന്നു. പ്രേക്ഷകന്റെ മുഖത്തുനോക്കി (നായകനും, ചിത്രകാരനുമായ ദുഷ്യന്തന്റെ) ചിത്രനായിക പുഞ്ചിരിച്ചുകൊണ്ടു എന്തോ പറവാൻ ഭാവിക്കുന്നതുപോലെയും തോന്നുന്നു. അതേ, അത്ര ഉൽകൃഷ്ടരീതി

യിൽ ഭാരതത്തിൽ ഒരു കാലത്തു തദ്രൂപകരണചിത്രകല പ്രചാരത്തിലിരുന്നുവെന്നല്ലേ കാളിദാസൻ വെളിവാക്കുന്നതു്!

ജംഗമങ്ങളും സ്ഥാവരങ്ങളുമായ വസ്തുക്കളുടെ "സ്വഭാവസ്ഥദ്രൂപകരണ"മാണു് ചിത്രമെന്നും, ചിത്രത്തിനു രൂപഭേദം, പ്രമാണം (Proportion), ഭാവം, ലാവണ്യയോജനം, സാദൃശ്യം, വർണ്ണഭംഗി ഇങ്ങനെ ആറുഗുണങ്ങൾ ഉണ്ടായിരിക്കണമെന്നും, സംതൃപ്തി ഉളവാക്കുക എന്ന 'ശിൽ' ധാതുവിൽനിന്നു ഉളവായിട്ടുള്ള 'ശില്പം' (കല) പ്രകൃതിയുടെ അനുകരണമായിരിക്കണമെന്നും മററും അനുശാസിക്കുന്ന സുവ്യക്തമായ അനേകം രേഖകൾ ഭാരതത്തിലുണ്ടു്. പാശ്ചാത്യരിൽ നിന്നു സ്വീകരിച്ചിട്ടുള്ളതായി ഇപ്പോഴും നമ്മുടെ ചില കലാകാരന്മാർ വിശ്വസിക്കുന്ന ചിത്രലേഖനത്തിലെ വെളിച്ചവും, നിഴലും, (Light and shade) 'ഛായാഭേദം' എന്ന സംജ്ഞകൊണ്ടു് സഹസ്രാബ്ദങ്ങൾക്കു മുൻപു ഭാരതം അറിഞ്ഞിരുന്നു. തുണിയിൽ സ്നിഗ്ദ്ധതയുള്ള വർണ്ണങ്ങൾ കൊണ്ടെഴുതുന്ന എണ്ണച്ഛായയും, പടവും പുരാതനഭാരതീയർക്കു സുപരിചിതങ്ങളായിരുന്നു. എന്നാൽ മററു രാജ്യങ്ങളിലെപ്പോലെ ആ കലയ്ക്കായി ജീവിച്ച കലാകാരന്മാരെപ്പററിയോ, കലയുടെ അനുക്രമമായ വളർച്ചയെപ്പററിയോ, ഒരിടത്തും സൂചനപോലുമില്ല. ഒരു ചിത്രകാരന്റെ നാമവും ചരിത്രം രേഖപ്പെടുത്തിയിട്ടില്ല. ചിത്രലേഖനം പ്രശംസനീയമായ ഒരു തൊഴിലായി അംഗീകരിക്കപ്പെടാത്തതുതന്നെയായിരിക്കാം കാരണം.

ആധുനികഭാരതത്തിനു് ചിത്രകാരന്മാരെ സൃഷ്ടിക്കണം; ചിത്രങ്ങൾകൊണ്ടു് ഏതുകാലത്തും ജനസമുദായ

ജ്യത്തിൽ സൗന്ദര്യബോധം വളർത്തണം; അതിലേയ്ക്കായി മഹത്തായ ഒരു കലാഭവനം മാതൃഭൂവിൽ സ്ഥാപിതമാവണം; ഈ ജീവിതോദ്ദേശ്യം സഫലമാകുന്നതിന് സർക്കാരിന്റെ ഗൗരവമേറിയശ്രമം അനപേക്ഷണീയമാണെന്നും, നിർഭാഗ്യവശാൽ നാട്ടിലെ മഹാരാജാവിന്റെ നില പ്രതികൂലമായിപ്പോകയാലാണ് താൻ ഇതുവരെയും രാജസമക്ഷം തന്റെ അഭിലാഷം അവതരിപ്പിക്കാത്തതെന്നുമായിരുന്നു രവിവർമ്മ തീവണ്ടിയിലിരുന്നുകൊണ്ട് നടത്തിയ സംഭാഷണത്തിന്റെ ചുരുക്കം. ലോകത്തിന്റെ പല ഭാഗത്തുനിന്നും പ്രസിദ്ധന്മാരായ ചിത്രകാരന്മാരുടെ ചിത്രങ്ങൾ വാങ്ങി തിരുവനന്തപുരം തലസ്ഥാനത്ത് ഒരു ചിത്രാലയം സ്ഥാപിക്കുന്നതാണ് ആ ഉദ്ദേശ്യത്തിന്റെ ആദ്യലക്ഷ്യം. പ്രസ്തുത ചിത്രാലയത്തെ പൂർണ്ണമായ ഒരു കലാഭവനമാക്കിത്തീർക്കുവാനും അവിടെനിന്നും കലാകാരന്മാരെ സൃഷ്ടിച്ചിറക്കുവാനുമുള്ള യത്നങ്ങൾക്കായി ജീവിതം മുഴുവൻ സമർപ്പിക്കുവാൻ താൻ സന്നദ്ധനാണെന്നും രവിവർമ്മ പറഞ്ഞു. "അതിനു സാധിക്കാനുവെങ്കിൽ ആവട്ടെ; അല്ലെങ്കിൽ സ്വന്തമായി കലയിൽ പ്രവർത്തിക്കാവുന്നിടത്തോളം പ്രവർത്തിക്കുക തന്നെ" എന്നു പറഞ്ഞു ആ സംഭാഷണം അവസാനിപ്പിച്ചതായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

തീവണ്ടിയാത്രകളിൽ കലാപരമായ ഗംഭീരചർച്ചകൾ സഹോദരനുമായി നടത്തിക്കൊണ്ടിരിക്കുമ്പോഴും, വണ്ടി നിൽക്കുന്ന പ്രധാന സ്റ്റേഷൻതോറുമിറങ്ങി ആശ്രിതന്മാരായ സഹഗാമികൾ ഇരിക്കുന്ന മുറികൾ തേടിപ്പിടിച്ച് "എന്താണു ആവശ്യം?" എന്ന് ചോദിക്കുവാൻ ചരിത്രപുരുഷൻ മറന്നുപോകാറില്ലായിരുന്നു.

അവരവക്ക് ഇഷ്ടമുള്ള സാധനങ്ങൾ വാങ്ങിക്കൊള്ളുന്നതിന്നായി ഓരോ ചെറുതുക അനുചരരെ ഏല്പിക്കുവാൻ കാര്യസ്ഥനോട് രവിവർമ്മ ആ കൗശലാന്വേഷണത്തിനിടയിൽ പറയുന്നതു സാധാരണമായിരുന്നു.

1885-ാം വർഷം ആഗസ്റ്റ്മാസത്തിൽ, അഞ്ചു കൊല്ലത്തെ ഭരണത്തിനുശേഷം വിശാഖംതിരുനാൾ മഹാരാജാവു മൃതിശൃംഖലാബദ്ധനായി. ശ്രീമാൻ ശ്രീമൂലം തിരുനാൾ സ്ഥാനാരോഹണംചെയ്തു. ആ കിരീടധാരണോത്സവത്തിന് നമ്മുടെ കഥാനായകനേയും ക്ഷണിച്ചിരുന്നു. ആദ്യമായി ശ്രീമൂലം മഹാരാജാവിനെ സന്ദർശിച്ചദിവസം നമ്മുടെ കഥാനായകനോടു, ചരമം പ്രാപിച്ച മഹാരാജാവിനെ ഉദ്ദേശിച്ചുകൊണ്ടു് "അമ്മാവനോട് തോന്നിയിരുന്ന വല്ലായ്മ നമ്മോടും ഉണ്ടോ" എന്നിപ്രകാരം ചോദിച്ചതായും, "ഒരു പ്രജയ്ക്കു രാജ്യത്തിൻെറ സർവ്വാധിപതിയായ മഹാരാജാവിനോടു വല്ലായ്മതോന്നിയാൽ അതുകൊണ്ടു നടക്കുന്നതു എന്താണ്" എന്ന് അദ്ദേഹം മറുപടി നൽകിയതായും പറയപ്പെടുന്നു.

ശ്രീമൂലംതിരുനാൾ ഏതാണ്ട് ഒരു കലാരസികനായിരുന്നെങ്കിലും, ഒരു കലാപ്രോത്സാഹകനായിരുന്നില്ല. അദ്ദേഹത്തിൻെറ സിംഹാസനാരോഹണവർഷത്തിലായിരുന്നു ലണ്ടനിലും കൽക്കട്ടായിലും നടന്ന കലാപ്രദർശനങ്ങളിൽനിന്നും ഓരോ കീർത്തിമുദ്രയും പ്രശസ്തിപത്രവും രവിവർമ്മ അയച്ചിരുന്ന ചിത്രങ്ങൾക്കു ലഭിക്കുകയുണ്ടായതു്. കഥാപുരുഷൻ വിശ്രുതകീർത്തിമാനായി ഉയരുന്ന ആ വാർത്തയറിഞ്ഞപ്പോൾ, പ്രശംസാപരമായി സംസാരിക്കുവാൻ പുതിയ മഹാരാജാവു മടി

കാണിച്ചില്ല. നയതന്ത്രപരമായ സംഭാഷണങ്ങൾ കൊണ്ടു് അദ്ദേഹം ആരേയും വശീകരിക്കാൻ നോക്കി യിരുന്നു. അദ്ദേഹത്തോടു കഥാനായകൻ ചെയ്ത ഏകാപേക്ഷ തൻെറ ജീവിതോദ്ദേശ്യമായ ചിത്രാലയസ്ഥാപനത്തെപ്പററി ആയിരുന്നു. എന്നാൽ, അതു്, പൊതുജനാവിനെ ബാധിക്കുന്ന കാര്യമാകയാൽ,ഗവൎമ്മേണ്ടിനെയാണു് അറിയിക്കേണ്ടതെന്നായിരുന്നു മഹാരാജാവു നൽകിയ മറുപടി. അതു ശരിയായിരുന്നു. സചിവോത്തമനായിരുന്നു അപ്പോൾ തിരുവിതാംകൂറിൽ പ്രാധാന്യം കല്പിക്കപ്പെട്ടിരുന്നതു്. അനന്തരം മഹത്തായ ആ അഭ്യൎത്ഥന, രാജനിർദ്ദേശാനുസരണം രവിവൎമ്മ സൎക്കാരിൽ സമർപ്പിച്ചു. എഴുത്തുകുത്തുകളാകുന്ന ശരശയനത്തിൽ വളരെക്കാലം കുസുമപേലവമായ ആ അഭ്യൎത്ഥനാശിശുവിനു പ്രകാശംകാണാതെ കിടക്കേണ്ടിവന്നുവെങ്കിൽ, കലയോടും സംസ്കാരത്തോടും അന്നത്തെ സൎക്കാരിനുണ്ടായിരുന്ന താല്പൎയ്യം എത്രത്തോളമായിരുന്നുവെന്നു ഊഹിക്കാവുന്നതാണല്ലോ. അങ്ങിനെ സൎക്കാരിൻെറ കാരുണ്യധാര പൊഴിഞ്ഞു് കലാകല്പലത തഴച്ചു പൂത്തു കാണുമെന്നു് സ്വപ്നത്തിൽ മയങ്ങി ഒരൊററദിവസംപോലും വെറുതെ ഇരിക്കുവാൻ രവിവൎമ്മ തയ്യാറില്ലായിരുന്നു.

അടുത്തവർഷം (1886), വീണ്ടും രവിവൎമ്മ മൈസൂർ മഹാരാജാവിന്റെ ആതിഥ്യത്തിന്നായി ക്ഷണിക്കപ്പെട്ടു. ക്ഷണനമനുസരിച്ചു് ഉടനെ കഥാനായകൻ മൈസൂറിലേയ്ക്കു പോകുകയുണ്ടായെങ്കിലും, ആ പ്രാവശ്യത്തെ താമസം ഒരു മാസത്തിൽ കൂടുതൽ ഉണ്ടായിരുന്നില്ല. അപ്പോഴും മൈസൂർ മഹാരാജാവു് രവിവൎമ്മയെ

മടക്കി അയച്ചതു വിലപിടിച്ച നിരവധി സമ്മാനങ്ങളോടുകൂടിയായിരുന്നു.

1887-ൽ നമ്മുടെ ചരിത്രനായകൻെറ വന്ദ്യമാതാവു ചരമം പ്രാപിച്ചു; ആ വർഷം മുഴുവനും രവിവർമ്മയുടെ മാതൃദുഃഖാചരണവർഷമായിരുന്നു.

മാതൃദുഃഖാചരണകാലത്തു രവിവർമ്മ പ്രധാനമായി എഴുതിയതു് രണ്ടു വിദ്യാർത്ഥിമന്ദിരങ്ങളുടെ ആവശ്യത്തിനുള്ള രണ്ടു ഛായാചിത്രങ്ങളായിരുന്നു. ആ രണ്ടു ചിത്രങ്ങൾക്കും അദ്ദേഹം പ്രതിഫലം സ്വീകരിക്കയുണ്ടായില്ല. അതിൽ ഒന്നു് തൻെറ സുഹൃത്തും ആരാധകനുമായിരുന്ന ഡാക്ടർ ഫണ്ണൽ എന്ന പാശ്ചാത്യൻേറതും, മറെറാന്നു വിജയനഗരം രാജാവിൻെറ വക ഒരു വിദ്യാലയത്തിൽ പ്രധാനാദ്ധ്യാപകനായിരുന്ന ഒരു പൊതുജനസേവകൻേറതുമായിരുന്നു. ആ ഛായാചിത്രം പ്രസ്തുത വിദ്യാലയത്തിൽ അനാച്ഛാദനം ചെയ്യുന്നതിനായി പൊതുജനങ്ങൾ ഒരു മഹായോഗം വിളിച്ചുകൂട്ടി. അതിനെപ്പററി അവിടത്തെ നാട്ടുഭാഷാ (തെലുങ്കു്) പത്രങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്ന റിപ്പോർട്ടുകളിൽ ചിത്രകലാചാര്യനായ രവിവർമ്മ, ഇന്ത്യയിലെ പൊതുജനോപകാരികളേയും, വീരപുരുഷന്മാരേയും, തൻെറ ആലേഖ്യങ്ങൾവഴി നിത്യന്മാരാക്കിത്തീക്കുന്നതിൽ നിന്നു് അദ്ദേഹം ഒരു നൂതനജീവിതം ഭാരതത്തിൽ സൃഷ്ടിക്കയാണെന്നു പ്രസ്താവിച്ചുകാണുന്നു.

1888 സെപ്റ്റംബർ മാസത്തിൽ വിജയനഗരത്തിൽനിന്നും രവിവർമ്മയ്ക്കയച്ച ഒരു കൃതജ്ഞതാപ്രകാശനത്തിൻെറ അവസാനഭാഗത്തു് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"അങ്ങയുടെ ബുദ്ധിപ്രഭാവവും, ഔദാര്യവും വിജയനഗരത്തിലെ പൊതുജനങ്ങൾ എത്രമാത്രം അഭിനന്ദിച്ചിട്ടുണ്ടെന്നു ഇതോടൊന്നിച്ചയയ്ക്കുന്ന പത്രറിപ്പോർട്ടുകളിൽനിന്നും അവിടുത്തേയ്ക്കു മനസ്സിലാകുന്നതാണു്."

കഥാനായകൻെറ ജീവിതം ഒരു ഉന്നതതലത്തിലേയ്ക്കു കടക്കുന്നതു് ഇനിയാണു്. മാതൃവിയോഗദുഃഖാചരണകാലത്തു് അദ്ദേഹം സാധാരണഗതിയിൽനിന്നും വ്യത്യസ്തമായി ചിന്തയിൽ മുഴുകിക്കൊണ്ടിരുന്നു. ചെറിയ കാര്യങ്ങൾ വല്ലതും ചെന്നു പറയുന്നവരോടു, "വലിയകാര്യങ്ങൾ വല്ലതും ഉണ്ടെങ്കിൽ പറയുക" എന്നു് അദ്ദേഹം പറയുമായിരുന്നു. സ്വരത്തിലോ ഭാവത്തിലോ, സംതൃപ്തിക്കുറവോ ദ്വേഷ്യമോ, തെല്ലും സ്ഫുരിപ്പിച്ചുകൊണ്ടല്ല, അങ്ങനെ പറയാറുള്ളതു്. അദ്ദേഹം "ഒരു വലിയ കാര്യ"ത്തെക്കുറിച്ചു ചിന്തിക്കയാണു്.........

സർ. ടി. മാധവരാവുവിൽനിന്നും ചിത്രങ്ങൾ അച്ചടിച്ചു വിതരണംചെയ്യുവാനായി അഭ്യർത്ഥിച്ചുകൊണ്ടുള്ള കത്തുകൾ വീണ്ടും കിട്ടിക്കൊണ്ടിരുന്നു. അപ്പോൾ ആ മഹാമകടൻ ബറോഡാസേവനത്തിൽനിന്നും പിരിഞ്ഞിരുന്നു. ചിത്രങ്ങൾ വിദേശത്തു അയച്ചു മുദ്രണംചെയ്തുവരുത്തുന്നതിൽ തൽക്കാലം നഷ്ടം വരികയാണെങ്കിലും, അവയ്ക്കു പ്രചുരപ്രചാരം സിദ്ധിക്കുന്നതോടുകൂടി ആ നഷ്ടം പരിഹൃതമായിക്കൊള്ളുമെന്നും ചില സുഹൃത്തുക്കൾ ഉപദേശിക്കാറുണ്ടു്. എന്തു പ്രതിഫലവും നൽകി ചിത്രമെഴുതിക്കുവാൻ ചില മഹാരാജാക്കന്മാർ നോക്കിയിരിപ്പുണ്ടു്. പക്ഷേ, അവരുടെ ആഗ്രഹം അധികവും ഛായാപടങ്ങൾക്കുവേണ്ടി മാത്രമാണു്.–

അതുകൊണ്ടു മാത്രം, കലയെ വളൎത്തുവാൻ സാധിക്കുന്നതല്ല; സാധാരണജനങ്ങൾക്ക് അവരുടെ പൊതുസ്വത്തായ സംസ്കാരത്തിന്റെ മഞ്ജുളപ്രകാശങ്ങൾ വിജ്ഞാനപ്രദങ്ങളായ ചിത്രങ്ങളായി ലഭിക്കുവാൻ ഒത്തുകൂടുന്നതല്ല. ഇന്ത്യയിൽ ഒരിടത്തും ചിത്രമുദ്രണാലയങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടില്ല. എഴുതിയിട്ടുള്ളതും, മേൽ എഴുതുന്നതുമായ എല്ലാ ചിത്രങ്ങളും അച്ചടിച്ചു വിതരണം ചെയ്വാൻ ഒരുക്കമാണെന്നു കാണിച്ചുകൊണ്ട് ഒരു ജൎമ്മൻകമ്പനിയിൽനിന്നും എഴുതിവന്നിട്ടുണ്ട്. ചിത്രകാരന് പ്രതിഫലം കൊടുക്കുവാൻ തയ്യാറാണെന്നും അവർ അറിയിച്ചിട്ടുണ്ട്. വിദേശങ്ങളിൽ ചിത്രങ്ങൾ, മുദ്രണത്തിനു നൽകിയാൽ, മുദ്രണത്തിലെ പിശകുകൾ കണ്ടുപിടിച്ച് ഉടനുടൻ തിരുത്താവുന്നതല്ല. ചിത്രങ്ങൾ കലാഭിരുചി വളൎത്താൻ ഉതകുന്ന വിധത്തിൽ ആയിരിക്കുകയില്ല. അവ കച്ചവടത്തിനുമാത്രം ഉള്ളതാവും. മാത്രമല്ല, ഭാവിയിലും ആ വ്യവസായം നാട്ടിൽ അജ്ഞാതമായിത്തന്നെയിരിക്കും. ചിത്രമുദ്രണത്തിനുള്ള യന്ത്രസാമഗ്രികൾക്ക് ഉടനേ യൂറോപ്പിലേയ്ക്കു എഴുതാമെന്നുവച്ചാൽ അതിന് ആവശ്യമായിവരുന്ന പണം ഒന്നിച്ചു മുടക്കാനുമില്ല. പണം വരുന്നതു ധാരാളമായിട്ടാണു്; ചെലവും അതുപോലെതന്നെ. വിത്തേശന്മാർ നല്കുവാൻ തയ്യാറുണ്ടാവാം; പക്ഷേ ചോദിച്ചിട്ടില്ല; ചോദിക്കുന്നതു മല്ല. എന്നാൽ ജനസാമാന്യത്തിനുവേണ്ടി ചിത്രകലകൊണ്ടുള്ള സേവനം അനുഷ്ഠിക്കുന്നതെങ്ങനെ? ഇതൊക്കെയായിരുന്നു രവിവൎമ്മയുടെ ചിന്തകൾ. അദ്ദേഹം ലക്ഷ്യമാക്കുന്ന ആ "വലിയകാൎയ്യം" ഒരു ചിത്രമുദ്രണാലയസംസ്ഥാപനമാകുന്നു.

*   *   *   *

1888-ലെ വേനൽക്കാലത്തു ബറോഡാഗയിക്കവാർ ദക്ഷിണേന്ത്യയിലെ ഉന്നതതടസുഖവാസസ്ഥലമായ നീലഗിരിയിൽ കുറച്ചുകാലം വന്നു താമസിക്കുകയുണ്ടായി. നീലഗിരിയിൽനിന്നും തെക്കുപടിഞ്ഞാറു മാറി സ്ഥിതിചെയ്യുന്ന ഭൂവിഭാഗമാണു്, കേരമരതകകമ്പളംകൊണ്ടു മൂടിയ കേരളം. മനോഹരമായ കേരളക്കരയുടെ മദ്ധ്യത്തുകൂടെ ഒരു യാത്രചെയ്തു് ആധുനിക ഇന്ത്യയിലെ കീർത്തിമാനായ ആ ചിത്രകാരനെ അദ്ദേഹത്തിന്റെ പുരാതനമായ കിളിമാനൂർ കുടുംബത്തിൽചെന്നു സന്ദർശിച്ചു, തന്റെ അവ്യാജമധുരമായ മൈത്രിയെ ഒന്നു പുതുക്കിയാൽ കൊള്ളാമെന്നു ഗയിക്കുവാർ മഹാരാജാവു ആശിച്ചു. പക്ഷേ അതിനു അധീശരുടെ അനുമതി ആവശ്യമാണു്; ആ അനുമതി വാങ്ങുക പ്രയാസവുമാണു്. അതിനാൽ കഥാനായകനെ അദ്ദേഹം നീലഗിരിയിലേയ്ക്കു ക്ഷണിക്കുന്നതിനു നിർബന്ധനായി. ഒരു ക്ഷണനക്കത്തു് കിളിമാനൂർക്കയച്ചു. ക്ഷണം സ്വീകരിച്ചു രവിവർമ്മ നീലഗിരിയിലേയ്ക്കുപോയി.

## അദ്ധ്യായം 12.

ബറോഡാഗയിക്കുവാർ, ശ്രമാവഹമായ ഒരു കൃത്യം നീലഗിരിയിൽവച്ചു രവിവർമ്മയെ ഏൽപ്പിച്ചിട്ടാണു മടങ്ങിപ്പോയതു്. രാമായണത്തിൽനിന്നും മഹാഭാരതത്തിൽനിന്നും യഥാക്രമം വാല്മീകിയുടെയും, വ്യാസന്റെയും, പതിനാലു ഭാവനകൾ തെരഞ്ഞെടുത്തു് എണ്ണച്ഛായത്തിൽ പ്രതിഫലിപ്പിക്കുന്ന ഒരു

മഹൽകൃത്യം നിർവഹിക്കുവാനാണു് അദ്ദേഹം രവിവർമ്മയോടു് ആവശ്യപ്പെട്ടതു്.

ആർഷസംസ്കാരത്തിന്റെ ആദർശധാമങ്ങളായ നായികാനായകന്മാരുടെ ജീവിതസംഭവധ്വനികളിൽ മാറ്റൊലിക്കൊള്ളുന്ന നാടകീയതയുടെ പശ്ചാത്തലത്തിൽ, സൗന്ദര്യസാരസർവ്വസ്വങ്ങളും, ഭക്തിരസസംവർദ്ധകങ്ങളും, കനകമയകാന്തി കലാവിലസിതങ്ങളും, ആയ ചിത്രങ്ങൾ—ഭാവങ്ങൾ—അഴകിന്റെ സംഗീതമായി എണ്ണച്ഛായത്തിൽ അലിച്ചുചേക്കുന്ന ആ ജോലി ഇന്ത്യയിൽ, അതുവരെയും ആരും ചെയ്തിട്ടുള്ള ഒന്നല്ലായിരുന്നു. ക്രൂരനെ ദയാപരനാക്കിത്തീക്കുകയും, ദയാശാലിയെ ഭക്തോത്തംസനാക്കുകയും ഭീരുവിനെ കർമ്മധീരനാക്കുകയും, കന്യകയെ അണിഞ്ഞൊരുങ്ങുവാൻ അഭ്യസിപ്പിക്കുകയും, വധുവിനെ വരബദ്ധമാനസയാക്കുകയും, കർമ്മനിഷ്ഠനെ സ്വധർമ്മാചരണത്തിനായി ജീവൻ ബലിഅർപ്പിക്കുവാൻ ഉപദേശിക്കുകയും ചെയ്യുന്ന ഇതിഹാസങ്ങളിലെ ഉജ്ജ്വലരംഗങ്ങളുടെ പ്രകാശധോരണി ഛായത്തിലാക്കുവാനുള്ള ചുമതലയാണു ഒരു മഹാരാജാവിനാൽ രവിവർമ്മയിൽ നിക്ഷിപ്തമായിരിക്കുന്നതു്. നോക്കി എഴുതുകയല്ല, ചിന്തിച്ചു ഭാവനയെ മാത്രം ആധാരമാക്കി ആലേഖനംചെയ്യേണ്ടവയാണു ചിത്രങ്ങൾ. അതേ; ഘനവും ഗൗരവവും, ചരിത്രവും ഉള്ള ഒരു കൃത്യം തന്നെയായിരുന്നു അതു്!

"ആ ജോലി കയ്യേറെറടുക്കുന്നതിനുമുൻപു, പഴയ ആലേഖ്യങ്ങളിൽനിന്നോ പ്രതിമകളിൽനിന്നോ പുരാതന ഇന്ത്യയിലെ ദൈവരാജാക്കന്മാരുടെ രാജകീയ പദ്ധതികളുടേയും വേഷവിധാനങ്ങളെപ്പററി പഠിക്കു

വാൻ കഴിയുമെങ്കിൽ ആവട്ടെ എന്ന ഉദ്ദേശ്യത്തോടു കൂടി ഉത്തരേന്ത്യയിൽ ഒരു പര്യടനം നടത്തേണ്ടതു് ആവശ്യമാണെന്ന അദ്ദേഹത്തിന്ന തോന്നി; പക്ഷേ ആ പര്യടനംകൊണ്ടു അദ്ദേഹത്തിന്ന ഒന്നും പഠിക്കുവാൻ സാധിച്ചില്ല. നീണ്ടൊരു കാലഘട്ടം നിലനിന്നിരുന്ന മുഹമ്മദീയാധീശത്വം ഇന്ത്യയിൽ എന്താണോ പുരാതനവും, സ്വച്ഛവും ഹൈന്ദവുമായുണ്ടായിരുന്നതു് അവയുടെഎല്ലാം അടയാളങ്ങളെപ്പോലും രാജ്യമുഖത്തുനിന്നും തുടച്ചുമാററിയിരുന്നു. ഓരോ വർഗ്ഗത്തിന്നും, ഓരോ ജാതിക്കാൎക്കും ഇന്ത്യയിൽ അവരവരുടെ പ്രത്യേകതയെ കുറിക്കുന്ന വിധം ഓരോ വസ്ത്രധാരണരീതിയും ആഭരണങ്ങളും ആയിരുന്നതുകൊണ്ടു് എല്ലാ വർഗ്ഗങ്ങളേയും തുല്യനിലയിൽ തൃപ്തിപ്പെടുത്തുന്നതായ ഒരു വേഷവിധാനം കണ്ടെത്തുക എന്നതു പ്രയാസമായിരുന്നു. (ആ പര്യടനകാലത്തു് അദ്ദേഹം, മാൽവാ, രാജപുത്താനാ, ഡില്ലി, ആഗ്രാ, ലാഹോർ, ബനാറീസു, അലഹബാദു, കൽക്കട്ടാ എന്നിവിടങ്ങളും, മററു പല സ്ഥലങ്ങളും സന്ദർശിച്ചു.")

പ്രസിദ്ധങ്ങളായ ആ പുരാണചിത്രങ്ങളുടെ ആലേഖനത്തിന്നുമുൻപു് ഒരു ഇന്ത്യൻ പര്യടനം വേണമെന്ന കഥാനായകൻ തീർച്ചപ്പെടുത്തിയതിൽനിന്നും, താൻ ഏൎറ ചരിത്രം സൃഷ്ടിക്കുന്ന ആ കൃത്യത്തിന്റെ ഗൗരവം അദ്ദേഹം ശരിക്കു മനസ്സിലാക്കിയിട്ടുണ്ടെന്നു കാണാവുന്നതാണു്. അതിന്നു് ആ കലാകാരന്നു പ്രചോദനം നൽകുവാൻ സ്വകീയമായ പാണ്ഡിത്യവും അതിൽനിന്നുള്ള ആവേശവും അല്ലാതെ, മറ്റൊന്നുംതന്നെ ഇല്ല. ഒരു രാഷ്ട്രത്തിന്റെ ഏകീകരണത്തിന്നുള്ള വിത്തുകൾ മുളപ്പിക്കുന്ന പ്രേരകശക്തികളും ചിത്രകലയിൽ ലയിച്ചിട്ടുണ്ടു്. ദേശീയ

മായ് ഒരു വസ്ത്രധാരണരീതി അതിൽ ഒട്ടും അപ്രധാന മായ കാര്യമല്ല. അന്ന് രവിവർമ്മ, തന്റെ പുരാണനായി കമാരെ ഉടുപ്പിച്ച 'സാരി' ഇന്ന് ഭാരതീയസ്ത്രീകളുടെ സർവ്വസാധാരണമായ വേഷമായി തീർന്നിട്ടുണ്ട്. ശുഭ്രമായ വേഷവിധാനത്തിനു പ്രസിദ്ധി ആർജ്ജിച്ചിരുന്ന കേര ളീയസ്ത്രീലോകത്തിലെ യുവതലമുറക്കാർതന്നെ 'സാരി യെ' സാർവ്വത്രികമായി സ്വീകരിച്ചുകാണുന്നു. പൊതു വിൽ, ഭാരതീയവനിതകളുടെ വസ്ത്രധാരണത്തിൽ ഇങ്ങനെ അചിന്തിതമായ ഒരു ഏകീകരണം കാലാന്ത രത്തിൽ വന്നുകൂടുമെന്ന്, തൻെറ നായികമാരെ സാരി അണിയിക്കുമ്പോൾ, നമ്മുടെ ചരിത്രനായകൻ ഊഹി ച്ചിരുന്നുവോ എന്നു അറിഞ്ഞുകൂടാ.

ആ ഇന്ത്യൻ പര്യടനം കഴിഞ്ഞു കഥാപുരുഷൻ കിളിമാനൂർകൊട്ടാരത്തിലേയ്ക്കു മടങ്ങുമ്പോൾ പന്ത്ര ണ്ടോളം പുരാണചിത്രങ്ങളുടെ പൂർവ്വരൂപങ്ങൾ പെൻ സിൽകൊണ്ടു് ആലേഖ്യക്കുറിപ്പിൽ കുറിച്ചുകഴിഞ്ഞി രുന്നു. ഉറങ്ങാൻ കിടക്കുമ്പോഴും ചിത്രങ്ങളുടെ ഓർമ്മ അല്ലാതെ മററൊന്നും അപ്പോൾ അദ്ദേഹത്തിൻെറ മന സ്സിൽ ശേഷിക്കുമായിരുന്നില്ല. രവിവർമ്മയുടെ ലോകം തികച്ചും ചിത്രങ്ങളുടെ ലോകമായി.

1890-ാംവർഷം അവസാനിക്കാറായപ്പോൾ ആ പതിന്നാലു ചിത്രങ്ങളുടെ ആലേഖനവും സമാപ്തിയി ലെത്തി. അക്കാലത്തു് ആ ചിത്രങ്ങൾ കാണുന്നതി നായി കിളിമാനൂർകൊട്ടാരത്തിൽ ദൂരദിക്കുകളിൽ നിന്നും ആളുകൾ നിത്യവും വന്നുകൊണ്ടിരുന്നു എന്നതും പ്രസ്താവയോഗ്യമാണു്.

ചിത്രങ്ങൾ തിരുവനന്തപുരത്തേയ്ക്കു കൊണ്ടുവരപ്പെട്ടു. ആ നേത്രനിർവ്വാണവസ്തുക്കൾ തിരുവിതാംകൂറിൽനിന്നു കൊണ്ടുപോകുന്നതിനുമുമ്പ്, അവയെ സംസ്ഥാനജനാവലിക്കു കാണുന്നതിനായി ഒരു പൊതുസ്ഥലത്തു പ്രദർശിപ്പിച്ചാൽ കൊള്ളാമെന്നു, കഥാനായകൻ മഹാരാജാവിനെ അറിയിച്ചു. ചിത്രങ്ങൾ എഴുതുന്ന ജോലി മാത്രമേ സാധാരണയായി ഏതു ദേശത്തേയും ചിത്രകാരന്മാർ ചെയ്യാറുള്ളു. എന്നാൽ രവിവർമ്മയാകട്ടെ, ചിത്രങ്ങൾ എഴുതിക്കഴിഞ്ഞാൽ അവ പൊതുജനദൃഷ്ടിയിൽ പെടണമെന്നും, പ്രേക്ഷകർ കണ്ടിട്ട് അഭിപ്രായം പറയണമെന്നും, അഭിലഷിക്കുന്നു; അതിലേയ്ക്കായി ചിത്രങ്ങളുടെ പ്രതികൃതികൾതന്നെ തയാറാക്കി ആവശ്യക്കാർക്കു കൊടുക്കാനും മടിക്കാറില്ല. ചിത്രകലയെ സ്നേഹിക്കുകയും, ചിത്രങ്ങളുടെ ഗുണദോഷങ്ങൾ പറയുകയും ചെയ്യുന്ന ഒരു ജനസമുദായം ഉണ്ടാകണമെന്ന മോഹം ഒന്നു മാത്രമാണു് അതിനു കാരണമെന്നു എടുത്തു പറയേണ്ടതില്ലല്ലോ. ലോകമുഖത്തു ഏതെങ്കിലും ഒരു കലാകാരൻ അത്തരത്തിൽ അത്ര തീവ്രമായ ഒരു ആഗ്രഹം പുലർത്തിയിരുന്നതായി ചരിത്രം രേഖപ്പെടുത്തിയിട്ടില്ല.

ബറോഡാ മഹാരാജാവിന്റെ പുതിയ കൊട്ടാരത്തെ അലംകരിക്കുവാൻ പോകുന്ന ആ ചിത്രങ്ങൾ തിരുവനന്തപുരം കാഴ്ചബംഗ്ലാവിൽ പൊതുജനങ്ങൾക്കു് കാണുന്നതിനായി ഏതാനും ദിവസം പ്രദർശിപ്പിച്ചുകൊള്ളാൻ തിരുവിതാംകൂർ സർക്കാർ അനുമതി നൽകി. തലസ്ഥാനത്തെ ബ്രിട്ടീഷ് റസിഡണ്ടിന്റെ ആദ്ധ്യക്ഷത്തിൽ കൂടിയ ഒരു മഹായോഗത്തോടുകൂടി ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെട്ടു.

1891 നവംബർ മാസത്തിൽ രവിവർമ്മയും സഹോദരനും ചിത്രങ്ങളുമായി ബറോഡയിലേക്കുള്ള രണ്ടാമത്തെ യാത്ര ആരംഭിച്ചു. അവർ ബാംബെയിൽ എത്തിച്ചേർന്ന ഉടനെ ചരിത്രനായകൻെറ പ്രിയപത്നി അപ്രതീക്ഷിതമായി ചരമമടഞ്ഞിരിക്കുന്നു എന്ന ഒരു വാർത്ത ലഭിച്ചു. ആ ദുരന്തംനിമിത്തം പരിപാടികൾ എല്ലാം മാററിവച്ചിട്ട് രവിവർമ്മ ഒരു മാസക്കാലം ബാംബെയിൽതന്നെ താമസിച്ചു. അക്കാലത്ത് അദ്ദേഹത്തെ സന്ദർശിക്കാനായി ആഗമനം പ്രതീക്ഷിച്ചിരുന്ന അനേകം മിത്രങ്ങൾ ബറോഡായിൽനിന്നും ബാംബെയിലേക്ക ചെന്നിരുന്നു. ചിത്രങ്ങളുടെ കഥ നേരത്തെ ബറോഡാനഗരത്തിലെ ജനങ്ങൾ അറിഞ്ഞിരുന്നു. അവക്ക് അതൊരു സംഭാഷണവിഷയമായി.

രവിവർമ്മയുടെ സമകാലീനനായ ശ്രീ. വി. നാഗമയ്യായുടെ 'തിരുവിതാംകൂർ സ്റ്റേററ മാനുവൽ' എന്ന ഗ്രന്ഥത്തിൽ ബറോഡയിലേയ്ക്കു എഴുതിയ ആ ചിത്രങ്ങളെ പരാമർശിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"1890-ലാണ് അദ്ദേഹം ബറോഡായ്ക്കുവേണ്ടി കൂടുതൽ ചിത്രങ്ങൾ എഴുതിയതു്. ഇന്ത്യൻ ഐതിഹാസികകാവ്യങ്ങളായ രാമായണത്തിലേയും, ഭാരതത്തിലേയും സുവിദിതരംഗങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടുള്ള ചിത്രങ്ങൾ പതിന്നാലു എണ്ണം ഉണ്ടായിരുന്നു. അവ കലയുടെ ഉത്തുംഗമാതൃകകളായി അംഗീകരിക്കപ്പെട്ടു. ആ ചിത്രങ്ങളുടെ ആലേഖനത്തിൽ മി. രവിവർമ്മയെ അദ്ദേഹത്തിൻെറ സഹോദരനും, പൊതുജനങ്ങളുടെ അറിവിൽ പെട്ടിട്ടില്ലാത്ത ഒരു സഹോദരിയും സഹായിച്ചിട്ടുണ്ടു്."

## അദ്ധ്യായം 13.

1891 ഡിസംബർമാസം ആദ്യവാരത്തിൽ കഥാനായകനും സഹോദരനും സംസ്ഥാനാതിഥികളായി ബറോഡായിൽ ഇറങ്ങി. രവിവർമ്മയുടെ ആഗമനം; അവിടത്തെ ജനങ്ങളുടെ ഇടയിൽ അതു് ഒരു ആഹ്ലാദവാർത്തയായിരുന്നു. പുതുതായി പണിയിച്ച "ലക്ഷ്മീവിലാസം" കൊട്ടാരത്തിലെ കലാസമ്പത്തുകളായി തീരാൻപോകുന്ന ആ മഹച്ചിത്രങ്ങൾ ചിത്രകാരൻ കാണിച്ചിട്ടുള്ള കലാനൈപുണി അത്ഭുതകരമായിരിക്കുമെന്നു് ചിത്രങ്ങൾ കാണാതെതന്നെ നഗരജനങ്ങൾ വീഥികളിൽനിന്നു പ്രശംസിക്കുന്നതു കേൾക്കമായിരുന്നു. അതു കഥാനായകനെ അത്ഭുതപ്പെടുത്തി. ജനങ്ങളിൽ ഒരു കലാസ്വാദനാഭിവാഞ്ഛ സർവത്ര അങ്കുരിച്ചിട്ടുള്ളതായി കാണപ്പെട്ടു. രാജാരവിവർമ്മ വരുന്നുണ്ടെന്നു കേട്ടാൽ സ്വർഗ്ഗീയമായ ചിത്രങ്ങളുടെ ആവിഷ്കരണവുമുണ്ടായിരിക്കും എന്നു് ജനങ്ങൾ വിശ്വസിച്ചിരുന്നു.

ബറോഡാ കൊട്ടാരത്തെ ഇന്ത്യയിലെ മറ്റേതൊരു മഹാരാജസദനത്തെക്കാളും കലാസമ്പൽസമൃദ്ധമാക്കാൻ പോകുന്ന രവിവർമ്മാചിത്രങ്ങൾ ആദ്യം അവിടത്തെ പ്രഭുക്കന്മാരേയും, ഉയന്ന ഉദ്യോഗസ്ഥന്മാരേയും, പ്രമാണികളേയും മാത്രമേ കാണാൻ അനുവദിച്ചിരുന്നുള്ളൂ. നവമായ ആലേഖ്യങ്ങൾ കണ്ടു ശ്ലാഘിക്കുവാർ സീമാതീതമായി ആഹ്ലാദിച്ചു; അഭിമാനിച്ചു. എല്ലാവരാലും അവ അനർഘങ്ങളായി കീർത്തിക്കപ്പെട്ടു. കൊട്ടാരത്തിലെ അലങ്കാരഭിത്തികളിൽ വിരാജിക്കുവാൻ തുടങ്ങിയാൽ അവ ഒരു നോക്കു കാണാൻ ദാഹിക്കുന്ന ജനവൃക്ഷ

ങ്ങൾക്ക് ദർശിക്കാൻ സാധിക്കുന്നതല്ല. ബഹുജനങ്ങൾ തൻെറ ചിത്രങ്ങൾ കണ്ടു ആഹ്ലാദിച്ചുവെങ്കിലേ ആ ചിത്രകാരനു തൃപ്തിയാവുകയുമുള്ളൂ. അതേ; രവിവർമ്മയുടെ ആ ഇംഗിതം ശരിയാണെന്നു ഗയിക്കുവാർ സമ്മതിച്ചു. അവ പൊതുജനങ്ങൾക്കു കാണുന്നതിനായി പ്രദർശിക്കപ്പെട്ടു. അതു് ഇന്ത്യ ആഘോഷിച്ച ആദ്യത്തെ ചിത്രപ്രദർശനോത്സവമായിരുന്നു.

"ബോംബെപ്രവിശ്യയുടെ നാനാഭാഗത്തുനിന്നും അസംഖ്യം ജനങ്ങൾ കൂട്ടംകൂട്ടമായി ചിത്രങ്ങൾ കാണുന്നതിനായി ബറോഡാനഗരിയിൽ തടിച്ചുകൂടി. ചിത്രങ്ങൾ മാദകമായ ഒരു ഇളക്കംതന്നെ കുറേക്കാലത്തേയ്ക്കു ഉളവാക്കി. എന്തെന്നാൽ, ഭാരതത്തിൻെറ ഇതിഹാസവിഷയങ്ങൾ എണ്ണച്ഛായത്തിൽ അത്രയ്ക്കു പരമാത്ഥമായും, സ്പർശകമായും ചിത്രണംചെയ്യപ്പെട്ടു കണ്ടതു് അന്നു് ആദ്യമായിരുന്നു. ഇന്ത്യ മുഴുവനും ആ ചിത്രങ്ങളിൽനിന്നും എടുത്ത 'ഫോട്ടോഗ്രാഫു'കളുടെ പരസഹസ്രം പ്രതികൾ വിററഴിഞ്ഞു."

ആ ചിത്രപ്രദശനത്തെപ്പററി ഗുജറാത്തു്, ബോംബെ എന്നീ പ്രദേശങ്ങളിലെ ചില വൃദ്ധന്മാക്ക് പല കഥകളും ഇപ്പോഴും പറയുവാനുണ്ടു്. അന്നു് ബോംബെയിൽ നിന്നും ബറോഡയിൽ എത്തിയിരുന്ന തീവണ്ടികൾ ഓരോന്നും മുമ്പു് ഒരിക്കലും ഉണ്ടായിട്ടില്ലാത്തത്ര യാത്രക്കാരെക്കൊണ്ടു നിബിഡമായിരുന്നു. നഗരങ്ങളിലെ തൊഴിൽശാലകളിൽ പ്രവത്തിക്കുന്നവർ, നാട്ടിൻപുറങ്ങളിലെ കൃഷീവലന്മാർ, ഇടത്തരക്കാർ, പ്രഭുക്കന്മാർ, വ്യവസായികൾ, ഭടജനങ്ങൾ, എന്നുവേണ്ട സമുദായത്തിലെ എല്ലാ ശാഖകളിൽപെടുന്നവരും രവിവർമ്മ

ചിത്രങ്ങൾ കാണുന്നതിനായി ബറോഡയിൽ വന്നുകൊണ്ടിരുന്നു. കഴുത, കുതിര, ഒട്ടകം എന്നീ ജന്തുക്കളുടെ പുറത്തു് ഒട്ടധികംദൂരം യാത്രചെയ്തു് ഗ്രാമങ്ങളിൽനിന്നും വന്നിരുന്ന കൃഷീവലന്മാരുടെ ആഹ്ലാദം അവർണ്ണനീയമായിരുന്നു. ആ കർഷകജനത ചിത്രങ്ങൾ കണ്ടിട്ടു 'രവിവർമ്മാ കീജേ' എന്നു് വിജയാശംസകൾ മുഴക്കി.

ഈ സന്ദർഭത്തിൽ, സർ. ടി. മാധവറാവുകൂടി ബറോഡയിൽ ഉണ്ടായിരിക്കേണ്ടിയിരുന്നു! വിശാഖം തിരുമനസ്സിലെ ഭരണാരംഭത്തോടുകൂടി, രവിവർമ്മയുടെ ജീവിതം ഗതിമുട്ടിയ പ്രവാഹംപോലെ ആയിത്തീർന്നുപോയ ആ കാലഘട്ടത്തിൽ, 'സീതാഭ്രപ്രവേശം' എന്ന ചിത്രംകൊണ്ടു ബറോഡയുമായി ബന്ധപ്പെടുത്തുകയും, പൂനാപ്രദർശനം മുഖാന്തിരം അവിചാരിതമായ പ്രസിദ്ധി ഉണ്ടാക്കുകയും ചെയ്ത ആ വൃദ്ധ രാജ്യതന്ത്രജ്ഞൻ മൃതിയടഞ്ഞിട്ടു് അന്നേയ്ക്കും എട്ടുമാസങ്ങൾ കഴിഞ്ഞിരുന്നു.

"ആ ചിത്രങ്ങൾക്കു ജനങ്ങളുടെ ഇടയിൽ നേടുവാൻ കഴിഞ്ഞ സമ്മതി, തന്റെ ആലേഖ്യങ്ങൾ ബഹുജനങ്ങൾക്കു ലഭിക്കത്തക്കവണ്ണം അവയെ മുദ്രണംചെയ്യുന്നതിന്നായി ഒരു 'ലിത്തോഗ്രാഫിക്കുപ്രസ്സ്' ബാംബെയിൽ സ്ഥാപിക്കുവാനുള്ള ഒരു തീരുമാനത്തിലേയ്ക്കു അദ്ദേഹത്തെ നയിച്ചു. ആ മാർഗ്ഗേണ, തന്റെ നാട്ടുകാരിൽ ലളിതകലകളോടു് ഒരു പ്രേമം ജനിപ്പിക്കാമെന്നും, അവർക്കു സുപരിചിതമായിട്ടുള്ള മതേതിഹാസവിഷയങ്ങളിലൂടെ അവരുടെ ഹൃദയാന്തർഭാഗത്തു ലയിച്ചുകിടക്കുന്ന വിചാരങ്ങളേയും, വികാരങ്ങളേയും കുറെയൊക്കെ

ന്നട്ടിളണ്ടത്താമെന്നല്ലാതെ മറെറാന്നും അദ്ദേഹം അതു കൊണ്ടു ആശിച്ചിട്ടില്ല.

തീവ്രമായ ജീവിതാഭിലാഷങ്ങൾ ഏറിയക്രമം നിവ്വഹിക്കപ്പെടണമെന്നുള്ളതു നിയതിയുടെ ഒരുനിയമമാകുന്നു. യശസ്സിന്റെ കൊടുമുടിയിലേയ്ക്കു രവിവമ്മയെ ഉയത്തിയതു ബറോഡയ്ക്കായി എഴുതിയ പുരാണചിത്രങ്ങളാണു്. ആ ചിത്രങ്ങൾ കാണുന്നതിന്നു ജനങ്ങൾ പ്രദശിപ്പിച്ച ഉൽക്കണ്ഠയും, ആഹ്ലാദവും കഥാനായകന്റെ മനോമണ്ഡലത്തിലെ സൗന്ദൎയ്യപ്രകാശത്തിൽനിന്നും ചിത്രമുദ്രണാലയം സ്ഥാപിക്കുന്ന സങ്കല്പത്തെ ശക്തിയായി ഉയത്തിക്കൊണ്ടുവന്നു. ആ പതിന്നാലു ചിത്രങ്ങൾക്കുംകൂടെ പ്രതിഫലമായിഅൻപതിനായിരം രൂപാ ബറോഡാഗവമ്മെണ്ടു നല്കി. പക്ഷെ അത്രയും തുകകൊണ്ടു മുദ്രണാലയം ആരംഭിക്കുവാൻ മതിയാകുകയില്ലായിരുന്നു. അതിനാൽ ധനികനായ ഒരു വ്യവസായിയെക്കൂടെ പങ്കുകാരനായി ലഭിച്ചുവെങ്കിലേ ഉദ്ദിഷ്ടം സാധിക്കുകയുള്ളു എന്നു രവിവമ്മ കണ്ടു. വാണിജ്യകേന്ദ്രമായ ബാംബെനഗരത്തിൽ ധനികന്മാരായ വ്യവസായികൾ ധാരാളമുണ്ടു്. അവരിൽ ഒരാളുമായി ആലോചിക്കുകതന്നെ എന്നു് അദ്ദേഹം തീച്ചയാക്കി. (1892 ഫെബ്രുവരിമാസത്തിൽ, ആ സംസ്ഥാനത്തെ ജനാവലിയുടെ ഹൃദയംഗമമായ ആശിസ്സോടുകൂടി രവിവമ്മ ബാംബെയിലേയ്ക്കു പുറപ്പെട്ടു.

ബാംബെയിൽ, ദാദാഭായി നവറോജി, ജസ്റ്റീസ് റാനഡേ ആദിയായ പ്രധാനന്മാർ നമ്മുടെ കഥാനായകന്റെ മിത്രങ്ങളായിരുന്നു. (ഒരു മാസക്കാലം ബാംബെയിൽ താമസിച്ചുകൊണ്ടു മിത്രങ്ങളുമായി ആലോചന

കൾ നടത്തി. ഉത്തമവിശ്വാസം ഉള്ള ഒരു പങ്കാളിയെ കൂടി ലഭിക്കുകയാണെങ്കിൽ ചിത്രമുദ്രണാലയം ആരംഭിക്കുവാൻ താൻ സന്നദ്ധനാണെന്നു രവിവർമ്മ മിത്രങ്ങളോടു പറഞ്ഞു. പക്ഷേ ആദായത്തിന്റെ കാര്യത്തെപ്പറ്റി ഖണ്ഡിച്ചു ഒരു ഉറപ്പു നൽകുവാൻ നിവൃത്തി ഇല്ലാത്തതിനാൽ പല വ്യവസായികളും ആദ്യം പങ്കു ചേരാൻ സമ്മതം നൽകിയെങ്കിലും പിന്നീടു പിന്മാറുകയാണു് ഉണ്ടായതു്. ഒടുവിൽ, 'ഗോവർദ്ധനദാസു ഖട്ടാവുമക്കൻജി' എന്ന ഒരു വ്യവസായപ്രമുഖൻ തന്റെ സംരംഭത്തോടു് അനുഭാവം ഉള്ളയാളാണെന്നും, അദ്ദേഹം വ്യവസായത്തിൽ പങ്കുചേരാൻ തയ്യാറാണെന്നും രവിവർമ്മയ്ക്കു അറിവുകൊടുത്തു. തുടർന്നു, കഥാനായകൻ മക്കൻജിയുമായി പരിചയപ്പെടുകയും, ചിത്രമുദ്രണാലയത്തിന്റെ വിവിധവശങ്ങളെപ്പറ്റി സംസാരിക്കുകയുംചെയ്തു. യന്ത്രസാമഗ്രികൾക്കും, ചിത്രമുദ്രണവിദഗ്ദ്ധന്മാൎക്കും ജൎമ്മനിയിലേയ്ക്കു എഴുതുകയും, പ്രസ്സും ചിത്രശാലയും സ്ഥാപിക്കുന്നതിനു വേണ്ട സ്ഥലവും കെട്ടിടങ്ങളും ബാംബെയിൽ നിർണ്ണയപ്പെടുത്തുകയും ചെയ്തു.

അനന്തരം രവിവർമ്മ നാട്ടിലേയ്ക്കു മടങ്ങി. പ്രസ്സിനുള്ള സാമഗ്രികൾ വന്നുചേരുന്നതിനുള്ളിൽ, അടുത്തു നടക്കാൻപോകുന്ന ചിക്കാഗോ ലോകകലാപ്രദർശനത്തിലേക്കു അയയ്ക്കുവാൻ ഏതാനും ചിത്രങ്ങൾ തയ്യാറാക്കുവാനുള്ള ആലോചനയോടുകൂടിയായിരുന്നു അപ്പോഴത്തെ മടക്കയാത്ര. ഭാരതീയ ജനസമുദായത്തിലെ ചില വൎഗ്ഗമാതൃകകളെ ചിത്രണംചെയ്തു് അമേരിക്ക (ചിക്കാഗോ)യിലേക്കു അയയ്ക്കുവാനാണു് അദ്ദേഹം തീരുമാനി

ച്ചു്. മാതൃകകൾ മിക്കതും യാത്രാവസരങ്ങളിൽ കുറിപ്പിൽ വരച്ചു കഴിഞ്ഞിരുന്നു.

കിളിമാനൂർകൊട്ടാരത്തിൽ അപ്പോൾ കഥാനായകൻെറ ചെലവിൽ ചില പുതിയ കെട്ടിടങ്ങളുടെ പണി ആരംഭിച്ചിരിക്കുകയായിരുന്നു. പുതുതായി ഒരു ചിത്രശാലയും അവിടെ പണിയുന്നുണ്ടായിരുന്നു. കൂടാതെ ഭരദൈവതത്തിൻെറ ആലയമായ അയ്യപ്പൻകോവിൽ ക്ഷേത്രത്തിൻെറ അററകുററപ്പണികൾ നടത്തുകയും, ശ്രീകോവിലിൻെറ മുകളിൽ ചെമ്പുപൊതിയുകയും ചെമ്പുകൊണ്ടുള്ള ധ്വജസ്തംഭം പ്രതിഷ്ഠിക്കുകയും മററും ചെയ്തതും, ക്ഷേത്രത്തിലേയ്ക്കായി മൈസൂറിൽനിന്നും ലഭിച്ച ആനയെ ദാനംകൊടുത്തതും അപ്പോഴാണു്. ചിലപ്പോൾ ആവശ്യത്തിൽ കവിഞ്ഞു കേവലം ആഡംബരമായ കാര്യങ്ങൾക്കും രവിവർമ്മ പണം ധാരാളം ചെലവിട്ടിരുന്നു. ശ്രീ. സി. രാജരാജവർമ്മ തൻെറ ഒരു ദിനക്കുറിപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നതു് "എൻെറ ജ്യേഷ്ഠനു് ചിത്രങ്ങളിൽനിന്നും ലഭിച്ചിരുന്ന പണം സൂക്ഷിച്ചു ചെലവിടാനറിയാമായിരുന്നുവെങ്കിൽ, അദ്ദേഹം ഇന്ത്യയിലെ കുബേരന്മാരിൽ ഒരാളായിത്തീരുമായിരുന്നു" എന്നാണു്.

യൂറോപ്പ്, അമേരിക്ക എന്നീ വിദേശരാജ്യങ്ങളിൽനിന്നും ഫോട്ടോകൾ അയച്ചിട്ടു്, ഛായാചിത്രങ്ങൾ എഴുതുവാൻ പലരും കഥാപുരുഷനോടു അപേക്ഷിച്ചിരുന്നതായി ചില കത്തുകളിൽ നിന്നും മനസ്സിലാകുന്നു. ഹിന്ദുദേവതമാരുടെ ചിത്രങ്ങൾ എഴുതിക്കിട്ടുന്നതിനും രവിവർമ്മയോടു അപേക്ഷിച്ചിട്ടുള്ള വിദേശി

കളുടെ പേരുവിവരങ്ങളും കാണ്മാനുണ്ട്. അവരിൽ സുപ്രസിദ്ധ നടനായ എഡ്മണ്ടുറസ്സൽ (Edmund russell) എന്ന ന്യൂയാക്ക്നഗരത്തിലെ ഒരു കലാപ്രേമിയും ഉൾപ്പെടുന്നു. ബറോഡായിൽനിന്നും ബോംബെയിൽ വന്നു് പ്രസ്സിനുവേണ്ടിയുള്ള ശ്രമങ്ങളിൽ നിതാന്തോത്സുകനായി വ്യാപരിച്ചിരിക്കുമ്പോഴും രവിവമ്മയോടു ചിത്രങ്ങൾക്കായി അപേക്ഷിച്ചിട്ടുള്ളവർ ചുരുക്കമല്ലായിരുന്നു. അപ്പോഴത്തെ പോർട്ടുഗീസു ഇന്ത്യാ ഗവർണ്ണർ ജനറൽ ഒരു ഛായാപടത്തിനായി ചിത്രകാരനെ നേരിട്ടു കണ്ടു അപേക്ഷിച്ചതും പ്രസ്താവ്യമാണു്.

ഒക്ടോബർ മാസത്തിൽ രവിവമ്മ വീണ്ടും ബോംബെയിലേയ്ക്കു തിരിച്ചു. അപ്പോൾ ചിക്കാഗോ പ്രദർശനത്തിനായി അയയ്ക്കുവാൻ അഞ്ചു ചിത്രങ്ങൾ എഴുതി പൂർത്തിയാക്കിക്കഴിഞ്ഞിരുന്നു. പിന്നെയും അഞ്ചു ചിത്രങ്ങൾകൂടി എഴുതാൻ ശേഷിച്ചിരുന്നു. അവ 1893 ഏപ്രിലിനു മുമ്പു്; ബോംബെയിൽ താമസിച്ചുകൊണ്ടു എഴുതിത്തീർത്തു. ആ ചിത്രങ്ങൾ അമേരിക്കയിലേയ്ക്കു അയയ്ക്കുന്നതിനുള്ള സർവ്വചെലവും വഹിച്ചതു് ബറോഡാ മഹാരാജാവായിരുന്നു. ആ വിശിഷ്ട സഹോദരന്മാരെ അപ്പോഴും ബറോഡാ മഹാരാജാവു ക്ഷണിച്ചുവരുത്തി സൽക്കരിച്ചു. അവക്കുവേണ്ടി കൊട്ടാരത്തിൽ പാട്ടുകച്ചേരികൾ നടത്തി; ബഹുമാനിക്കാമെന്നതിൻെറ പരമാവധി ബഹുമാനിച്ചു.

അമേരിക്കക്കു് അപ്പോൾ കഥാപുരുഷനെക്കുറിച്ചു ലഘുവായ ഒരറിവുണ്ടാക്കിക്കൊടുക്കുന്നതിനായി "രവിവമ്മ—ഇന്ത്യയിലെ ഹിന്ദു ചിത്രകാരൻ" എന്ന ശീർഷ

കത്തിൽ, ബാംബെയിലെ ഇന്ദു-പ്രകാശ് പ്രസ്സിൽ അച്ചടിച്ച ഒരു ലഘുലേഖ ചിക്കാഗോയിൽ വിതരണത്തിനായി അയച്ചിരുന്നു.

1893-ലെ ചിക്കാഗോ ലോകകലാപ്രദർശനത്തോടനുബന്ധിച്ചു നടന്ന, ലോകമതമഹാസമ്മേളനത്തിൽ ഭാരതത്തിൽനിന്നും ഹൈന്ദവമതത്തെ പ്രതിനിധീകരിച്ച സ്വാമി വിവേകാനന്ദൻെറ ഉജ്ജ്വലപ്രഭാഷണങ്ങൾ വിശ്വവിശ്രുതി നേടിയിട്ടുള്ള ഒന്നാണല്ലോ. രാജാ രവിവർമ്മയും, സ്വാമി വിവേകാനന്ദനും ആത്മമിത്രങ്ങളായിരുന്നു. ഒരാൾ ചായത്തൂലികകൊണ്ടും, മറ്റേയാൾ മതപ്രഭാഷണങ്ങൾകൊണ്ടും ഭാരതത്തെ, ആധുനികലോകം അറിയുമാറാക്കി. അതേ, ഒരാൾ സൗന്ദര്യത്തിൻെറ സന്ദേശവാഹകൻ; ഇതരൻ മനുഷ്യസാഹോദര്യത്തിൻെറ ആത്മീയപ്രവാചകൻ; ആദ്യത്തേ ആൾ യശസ്സിൻെറ തൂവെള്ളിവെളിച്ചത്തിൽ പ്രകാശിക്കാൻ തുടങ്ങിയിട്ടുള്ള ഒരു ഭാരതീയകലാകാരൻ; ഇതരൻ ആഗോളകീർത്തിയുടെ കവാടം തുറക്കാൻ പോന്നിട്ടുള്ള ഒരു ഭാരതീയസന്യാസി.

ചിക്കാഗോ കലാപ്രദർശനത്തിൽ രവിവർമ്മ നേടിയ വിജയം ഇന്ത്യയുടെ ഒരു മഹാവിജയമായിരുന്നു. അമേരിക്കയിലെ പ്രമുഖപത്രങ്ങൾ എല്ലാംതന്നെ രവിവർമ്മയുടെ ആലേഖനചാതുരിയേയും, . കല്പനാശക്തിയേയും സ്തുതിച്ചുകൊണ്ടു വലിയ ശീർഷകങ്ങളിൽ വാർത്തകളും, മുഖപ്രസംഗങ്ങളും പ്രസിദ്ധപ്പെടുത്തിയതായി ഇന്ത്യയിൽ അറിവു ലഭിച്ചു. ഇന്ത്യൻപത്രങ്ങളും ആ വിജയത്തിൽ ആമോദിച്ചുകൊണ്ടു ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അക്കാലത്തു വാരികയായി നടന്നിരുന്ന

'മലയാളമനോരമ'യിൽ 'വിശേഷങ്ങൾ' എന്ന ശീർഷകത്തിലെ കുറിപ്പുകളുടെ കൂട്ടത്തിൽ പ്രസിദ്ധപ്പെടുത്തിയ ഒരു വാർത്ത ഉദ്ധരിക്കാം:

"ചിക്കാഗോ പ്രദർശനത്തിൽ കിളിമാനൂർ ചിത്രമെഴുത്തു കോയിത്തമ്പുരാനവർകൾ അയച്ച ചിത്രത്തിനു ഒന്നാമത്തെ സമ്മാനം കിട്ടിയിരിക്കുന്നു എന്നുള്ള വർത്തമാനം കേരളീയർക്കു മാത്രമല്ല, ഇൻഡ്യാനിവാസികൾക്കു ആകപ്പാടെ അസാധാരണ സന്തോഷത്തിനു കാരണമാണല്ലോ."

ആ വിശ്വപ്രദർശനത്തിന്റെ വകയായി രണ്ടു കീർത്തിമുദ്രകളും, രണ്ടു പ്രശസ്തിപത്രങ്ങളും രവിവർമ്മയ്ക്കു സമ്മാനിക്കണമെന്നു അമേരിക്കൻ കാൺഗ്രസ്സു നിയമം മൂലം അധികാരപ്പെടുത്തിയ പ്രദർശനകലാമൂല്യപരിശോധികന്മാർ തീരുമാനിച്ചു. ഏകദേശം 3 അടി നീളവും രണ്ടടി വീതിയും വലിപ്പമുള്ള ആ പ്രശസ്തിപത്രങ്ങളിൽ ഒന്നിൽ ആ കലാമൂല്യപരിശോധകന്മാർ രേഖപ്പെടുത്തിയിട്ടുള്ളതു്. "ഇന്ത്യയിലെ പല പ്രവിശ്യകളിലേയും സാംസ്ഥാനികചിത്രകാരനായ രവിവർമ്മയുടെ എണ്ണച്ഛായത്തിലുള്ള ഈ പത്തു ചിത്രങ്ങളും വർഗ്ഗവിജ്ഞാനപരമായി വളരെ വിലപ്പെട്ടതാകുന്നു." എന്നിപ്രകാരമാകുന്ന ഓരോ വർഗ്ഗത്തിൻേറയും, വേഷാഡംബരങ്ങളെ ചിത്രണംചെയ്യുന്നതിൽ അതിസൂക്ഷ്മമായി കലാകാരൻെറ തൂലിക പ്രവർത്തിച്ചിരിക്കുന്നതിനെ കീർത്തിക്കുന്നതാണു് പ്രശസ്തിപത്രികാവാചകത്തിലെ ശേഷംഭാഗം.

രണ്ടാമത്തെ പത്രികയിൽ രവിവർമ്മാചിത്രകലയുടെ മർമ്മത്തെ സ്പർശിച്ചുകൊണ്ടു്, അവ രൂപത്തിലും

വർണ്ണത്തിലും വേഷവിധാനചിത്രണത്തിലും പ്രകൃതിയോട് എത്രയും യോജിച്ചതായിട്ടുണ്ടെന്നും, വർത്തമാനകാലനടപ്പുകളേയും, സാമുദായികചിഹ്നങ്ങളേയും അവയിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

(രവിവർമ്മയുടെ തൂലികകൊണ്ടും, വിവേകാനന്ദന്റെ വചോവിലാസംകൊണ്ടും അമേരിക്കൻജനത ആദ്യമായി ഇന്ത്യയെ അടുത്തറിഞ്ഞ ആ വർഷം ചരിത്രത്തിന്ന് ഒരു കാലവും വിസ്മരിക്കാനാവുന്നതല്ല.)

---

## അദ്ധ്യായം 14.

"* ഇന്ത്യൻജനത പുരാണചിത്രങ്ങൾക്ക് ഏതൊരു കലാകാരനോടാണോ കടപ്പെട്ടിരിക്കുന്നത് അദ്ദേഹത്തിന്റെ ആ പുരാണചിത്രങ്ങൾ ഇതാ രവിവർമ്മാചിത്രമുദ്രണാലയത്തിൽനിന്നും ഓരോ ദിവസവും പുറത്തുവന്നുകൊണ്ടിരിക്കുന്നു. നാലു ജർമ്മൻ വിദഗ്ദ്ധന്മാർ മുദ്രണാലയത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവരെക്കൂടാതെ, ഒരു വലിയ സംഘം നാട്ടുകാരായി ജോലിക്കാരും അവിടെ ജോലിചെയ്തുപോരുന്നു. ആവിയന്ത്രങ്ങൾകൊണ്ടാണ് മുദ്രണാലയം പ്രവർത്തിക്കുന്നത്. ചിത്രങ്ങൾ വരയ്ക്കുന്നത് മി. രവിവർമ്മ തന്നെയാകുന്നു. പിന്നീട് അവ കല്ലിലേയ്ക്കു പകർത്തി അച്ചടിയുടെ വിവിധപരിവൃത്തിയിലേയ്ക്കു പോകുന്നു. മി. രവിവർമ്മയിൽ കാണുന്ന ഗുണവിശേഷങ്ങൾ എല്ലാം അദ്ദേഹ

---

* ഒരു ലേഖനത്തിൽനിന്നു്

ത്തിന്റെ സഹോദരൻ മി. രാജരാജവൎമ്മയിലും സമ്മിളിതമായിരിക്കുന്നു. സൎവ്വഥാ ഇണക്കത്തോടുകൂടി പെരുമാറുന്നതിലും, ഒരുമിച്ചു പ്രവൎത്തിക്കുന്നതിലും അവർ പ്രദൎശിപ്പിക്കുന്ന ഹൃദയംഗമത്വം അവരുടെ കുടുംബമഹത്വത്തെ കുറിക്കുന്നതാകുന്നു."

1894-ാംവർഷത്തിലാണു് രവിവൎമ്മാചിത്രമുദ്രണാലയത്തിൽനിന്നും ആദ്യമായി ചിത്രങ്ങൾ, ഇറങ്ങിത്തുടങ്ങിയതു്. 'ശകുന്തളാജനനം' എന്ന ചിത്രമായിരുന്നു മുദ്രണാലയത്തിൽ ജനിച്ച ആദ്യത്തെ ചിത്രം. അടുത്തതായി, സരസ്വതി, മഹാലക്ഷ്മി എന്നീ ചിത്രങ്ങൾ പുറത്തുവന്നു. അവയുടെ പ്രസിദ്ധി ആസേതുഹിമാചലം പരക്കുന്നതിനു വലിയ കാലതാമസം വേണ്ടിവന്നില്ല. ഭാരതവർഷത്തിലെ ഹൈന്ദവജനകോടികൾ അതൊരു അനുഗ്രഹമായി കരുതി, അവയെ പൂജാചിത്രങ്ങളായി സ്വീകരിച്ചു. ചിത്രങ്ങൾ വാങ്ങി സൂക്ഷിക്കുക എന്നതു ധനികന്മാൎക്കു മാത്രമേ സാധിക്കൂ എന്ന അവസ്ഥ നിശ്ശേഷം നീങ്ങി. ഏതു സാധാരണക്കാരനും രവിവൎമ്മാ ചിത്രങ്ങൾ വാങ്ങാൻ കഴിഞ്ഞു. സ്വാതന്ത്ര്യമായി, ലോകത്തിന്റെ നേതൃനായകമായി ഭാരതം പ്രശോഭിച്ചിരുന്ന പൗരാണികകാലങ്ങളിലേയ്ക്കു പ്രേക്ഷകന്റെ ചിന്തയെ തിരിച്ചുവിടുന്നവയായിരുന്നു ചിത്രങ്ങൾ ഓരോന്നും. ഭാസുരമായ പ്രാചീനഇന്ത്യയിലേയ്ക്കു പ്രേക്ഷകഹൃദയങ്ങൾ പോയി. ഇന്ത്യയെ ഉയൎത്തുന്നതിനു്, ഭാരതത്തിന്റെ പൂൎവ്വികമായ കലകൾക്കുള്ള കഴിവു, തങ്ങൾ നല്ലതുപോലെ മനസ്സിലാക്കിയിട്ടുണ്ടെന്നു ശ്രീ. സി. രാജരാജവൎമ്മ തന്റെ കുറിപ്പുകളിൽ ഒന്നിൽ എഴുതിയിട്ടുള്ളതു് അൎത്ഥവത്തായിത്തീൎന്നു.

ചിത്രങ്ങൾ രാജ്യത്തിന്റെ നാനാഭാഗത്തും വില്ക്കുന്നതിലേയ്ക്കായി പ്രവിശ്യകളിലും, സംസ്ഥാനങ്ങളിലും പ്രത്യേകം പ്രത്യേകം ഏജൻറന്മാർ നിയമിതരായി. പങ്കുകാരനായ ശ്രീ. ഗോവർദ്ധനദാസ്സ് ഖട്ടോമക്കൻജി വ്യവസായത്തിൽനിന്നുള്ള ധനാഗമത്തേയും, രവിവർമ്മ ചിത്രങ്ങളുടെ ഇടയിൽ ചിത്രങ്ങൾ ഉണ്ടാക്കുന്ന ഉണർവിനെയും ശ്രദ്ധിച്ചുകൊണ്ടിരുന്നു. ലാഭംമാത്രം അല്ലാതെ, കലകൊണ്ടുള്ള ദേശസേവനത്തിൽ ധനികനായ തന്റെ കൂട്ടുകാരൻ അശേഷം ശ്രദ്ധിക്കുന്ന ആളല്ലാ എന്നു് നമ്മുടെ ചരിത്രനായകൻ അറിഞ്ഞിട്ടില്ലെങ്കിൽ, അതു അറിയുന്ന കാലം സമാഗതമാകുന്നതിന്നു്, വളരെ താമസം വേണ്ടിവരികയില്ല.

ബാംബെയിൽ, 'ഗിരിഗാം' എന്ന സ്ഥലത്തു അതിവിശാലമായ ഒരു സൗധം ആയിരുന്നു ചിത്രശാലയ്ക്കും, മുദ്രണാലയത്തിനുമായി തെരഞ്ഞെടുത്തിരുന്നതു്. രവിവർമ്മയുടേയും, സഹോദരന്റേയും താമസത്തിനായി ആ സൗധത്തിന്റെ ഒരു നില ഒഴിച്ചിട്ടിരുന്നു. ചിത്രശാലയിൽ ഇരുന്നു ചിത്രങ്ങൾ എഴുതുന്നതിന്നും പ്രൂഫുകൾ ഉടനുടൻ നോക്കി നിർദ്ദേശങ്ങൾ നൽകാനും അതായിരുന്നു സൗകര്യം. വിദഗ്ദ്ധന്മാരായി വരുത്തിയിട്ടുള്ള ജർമ്മൻകാരിൽ പ്രധാനികളായ സ്ലൈഷർ, ഗ്രഫാർട്ട് എന്നീ രണ്ടുപേരുമായുള്ള നിരന്തരസമ്പർക്കത്തിൽനിന്നുമായിരുന്നു രവിവർമ്മയ്ക്കു ജർമ്മൻഭാഷ പഠിക്കുവാൻ സാധിച്ചതു്. ഗുജറാത്തിയും, മറാത്തിയും കഥാനായകനും സഹോദരനും നല്ലതുപോലെ വശമാക്കിയതും ബാംബെയിൽ താമസം തുടങ്ങിയതിനുശേഷമായിരുന്നു. ചിത്രങ്ങൾക്കും, സായാഹ്നസവാരിക്കും മററും ബാംബെ

ചിത്രശാലാമന്ദിരമുററത്തുനിന്നും തിരിക്കുന്ന സാറിട്ട കതിരവണ്ടികളിൽ, രാജകീയപ്രൗഢിയിൽ കണ്ടിരുന്ന മലയാളികളായ ആ കലാകാരന്മാർ, ബാംബെ നഗരത്തിൽ ഏവരുടേയും ശ്രദ്ധയെ ആകർഷിച്ചിരുന്നു. അവർ ഏതു കേന്ദ്രത്തിലും ഒരുപോലെ ബഹുമാനിക്കപ്പെട്ടു. എന്നാൽ ദീപ്തിമത്തായ നയനങ്ങളും, പൗരുഷവും വിജ്ഞാനവും ദ്യോതിപ്പിക്കുന്ന നാസികയും, റോമൻചക്രവർത്തിമാരിൽ കണ്ടിരുന്ന പ്രഭാവവും രവിവർമ്മയിലാണു പ്രത്യേകം പ്രകാശിച്ചിരുന്നതു്. ജ്യേഷ്ഠനില്ലെങ്കിൽ, അനുജൻ ഏറെക്കുറെ ബലഹീനൻതന്നെയാണു്. ആ മഹനീയവ്യക്തിക്കു ജനങ്ങൾ കല്പിച്ചിരുന്ന ഔന്നത്യം അവർ അന്നത്തെ ഇന്ത്യയിലെ ഉന്നതന്മാരായ രാഷ്ട്രീയനേതാക്കന്മാർക്കു നൽകപ്പെട്ടിരുന്നതിലും വലുതായിരുന്നു. രവിവർമ്മയുമായി ഒന്നു നേരിട്ടു പരിചയപ്പെടുക എന്നതു് ഒരു വലിയ കാര്യമായി ഗണിച്ചിരുന്ന മുഖ്യന്മാർ പലരും അന്നു് ഇന്ത്യയിൽ എവിടേയും ഉണ്ടായിരുന്നു.

മുദ്രണാലയം സമാരംഭിച്ചതിനുശേഷം രവിവർമ്മ നാട്ടിലേയ്ക്കു വരുന്നതു അതതു മലയാളവർഷത്തിന്റെ അവസാനമാസത്തിലായിരുന്നു. കർക്കടകമാസത്തിൽ അരിഷ്ടക്ഷയ്ക്കായി 'പിഴിച്ചിൽ' നടത്തുക പതിവുണ്ടു്. അതിനുശേഷം കന്നിമാസത്തിൽ നവരാത്രികാലത്തു പതിവുള്ള സരസ്വതീഭജനം സ്വകുടുംബത്തിൽതന്നെ താമസിച്ചു നടത്തും. ഇതിനിടയിൽ, മുൻപു എഴുതിയിട്ടുള്ള പുരാണചിത്രങ്ങൾ മുദ്രണത്തിനായി അയച്ചുകൊടുക്കുകയോ, അല്ലെങ്കിൽ പുതിയ ചിത്രങ്ങൾ മുദ്രണാലയത്തിനുവേണ്ടി എഴുതുകയോ ആയിരുന്നു പതിവു്.

പുതിയ പുരാണചിത്രങ്ങൾക്കായി വീണ്ടും ഒരു ഭാരതപര്യടനംകൂടി നടത്തണമെന്ന തീരുമാനത്തോടു കൂടിയായിരുന്നു മുദ്രണാലയം പ്രവർത്തിച്ചുതുടങ്ങിയ 1894-ാംവർഷം, സെപ്റ്റംബർ മാസത്തിൽ കഥാപുരുഷൻ നാട്ടിലേയ്ക്കു വന്നതു്. ഒക്ടോബർ 9-ാംതീയതി തിരുവനന്തപുരത്തുനിന്നും, കലയ്ക്കുവേണ്ടി ഇന്ത്യയെ കണ്ടെത്തുവാനല്ല രണ്ടാമത്തെ ആ യാത്ര് ആരംഭിച്ചു. പ്രസ്തുത യാത്രയിൽ, അപ്പോൾ തിരുവിതാംകൂറിൽ രണ്ടാംമുറ രാജകുമാരനായിരുന്ന അശ്വതി തിരുനാൾ മാർത്താണ്ഡവർമ്മ യുവരാജാവുംകൂടെ ഉണ്ടായിരുന്നു.

ആ ഉത്തരഭാരതപര്യടനം അഞ്ചുമാസക്കാലം നീണ്ടുനിന്നു. ശ്രീ. സി. രാജരാജവർമ്മ ആ പര്യടനത്തെ ഇംഗ്ലീഷുഭാഷയിൽ 'Tour in upper India' എന്നപേരിൽ 141 പുറങ്ങൾ വരുന്ന ഒരു ഗ്രന്ഥത്തിനു വിഷയമാക്കിയിട്ടുണ്ടു്. ഒരു പക്ഷേ ഒരു മലയാളി എഴുതുന്ന ആദ്യത്തെ യാത്രാവിവരണഗ്രന്ഥം അതാവാം. അതിലെ ചില ഭാഗങ്ങൾ പ്രതിപാദനസൗകുമാര്യം കൊണ്ടു, കവിതപോലെ മനോഹരമായിട്ടുണ്ടു്. ആ പുസ്തകം അന്നു സ്വകാര്യപ്രചരണത്തിനായിട്ടു മാത്രമാണു് മുദ്രണം ചെയ്തിട്ടുള്ളതു്" എന്നും കാണുന്നു.

ആ പര്യടനംകഴിഞ്ഞു രവിവർമ്മ ബാംബെയിലേയ്ക്കു മടങ്ങി. പുതിയ പുതിയ പുരാണചിത്രങ്ങൾ തുടരെ തുടരെ രവിവർമ്മാമുദ്രണാലയത്തിൽനിന്നു പുറത്തുവരാൻ തുടങ്ങി. 'ശ്രീരാമപട്ടാഭിഷേകം' എന്ന ചിത്രം ഹൈന്ദവലോകത്തിന്റെ ഒരത്യാവശ്യമായിരുന്നു. 'പട്ടാഭിഷേകവായന'കളുടെ പൂജാചിത്രമായി അതു് ഇൻഡ്യയിൽ സർവ്വത്ര പരന്നു. ഭാരതോൽപ്പത്തിക്കുശേഷം

സാധാരണക്കാരിൽ ഈശ്വരവിശ്വാസവും, സൗന്ദര്യ ബോധവും വളർത്തുന്നതിനു രവിവർമ്മയുടെ ചിത്രങ്ങൾ പോലെ മറെറാന്നും ഉപകരിച്ചിട്ടില്ലെന്നു രാജ്യത്തിന്റെ ഒരററംമുതൽ മറേറ അററംവരെ ഘോഷിക്കപ്പെട്ടു. നിത്യയശസ്സ്വികളായ ശ്രീബുദ്ധനേയോ, അശോകനേയോ, ശ്രീശങ്കരനേയോ പററി പോലും കേട്ടിട്ടില്ലാത്ത ഗ്രാമീണജനത്തിന്നു് സൽപ്രേരണകളുടെ കാന്തിപ്രകർഷമായി മൺപുരകളേയും, മണിഭവനങ്ങളേയും ഒരുപോലെ അലങ്കരിക്കുന്ന രവിവർമ്മാ ചിത്രങ്ങളെ നോക്കി നിന്നു സാന്മാർഗ്ഗികമായ എന്തെങ്കിലും ആശയങ്ങൾ സ്വയം ഉൾക്കൊള്ളുവാൻ സാധിക്കുമാറായി. അങ്ങനെയുള്ള ആശയങ്ങൾ ആ മൂകവർഗ്ഗത്തിൻെറ മനസ്സിൽ ഉദിപ്പിക്കുന്ന സാഹചര്യങ്ങൾ അവക്കു് അതിനുമുമ്പിൽ ലഭിച്ചിരുന്നേ ഇല്ല.

ദക്ഷിണപൂർവ്വേഷ്യയിലെ പല രാജ്യങ്ങളിലും, യൂറോപ്യൻ പ്രദേശങ്ങളിലും രവിവർമ്മാലിത്തോഗ്രാഫ്ചിത്രങ്ങൾ എത്തിത്തുടങ്ങി. മറുനാട്ടുകളിൽ ആ പുരാണചിത്രങ്ങളെപ്പററി അറിവുണ്ടാകുന്നതിനായി, ചില ആലേഖ്യങ്ങളിലെ കഥാവസ്തുവിനെ, ആംഗലകവീശ്വരന്മാരുടെ ചില കവിതാഭാഗങ്ങൾകൂടി ഉദ്ധരിച്ചുകൊണ്ടുള്ള ഒരു ലഘുപത്രികയും പ്രസിദ്ധപ്പെടുത്തിയിരുന്നു. 'കാപ്പിരികൾ' എന്നു് ഒരുകാലത്തു വിളിക്കപ്പെട്ടിരുന്ന ആഫ്രിക്കൻ സ്വദേശികളുടെ നാട്ടിലും രവിവർമ്മാചിത്രങ്ങൾ പ്രചരിച്ചു.

പുരാണകഥകളെ ആസ്പദമാക്കിയുള്ള രംഗങ്ങളുടെ ആലേഖനവും, അവയുടെ മുദ്രണവും മാത്രംകൊണ്ടു രവിവർമ്മ സംതൃപ്തനായില്ല; ഉർവ്വശി, രംഭ, തിലോത്തമ,

ഉഷ എന്നീ പുരാണനായികമാരുടെ ചിത്രങ്ങൾകൊണ്ടും അദ്ദേഹം തൃപ്തി അടഞ്ഞില്ല; ശൂദ്രകൻ, കാളിദാസൻ, ഭവഭൂതി ആദിയായവരുടെ സങ്കല്പനായികമാരേയും മുദ്രണത്തിനായി അദ്ദേഹം ചിത്രീകരിക്കാൻ തുടങ്ങി. ആ ചായത്തൂലിക അവിടേയും നിന്നില്ല. മറാത്താ, ഗുജറാത്താ, മലബാർ എന്നീ ദേശങ്ങളിലെ സൗന്ദര്യധാമങ്ങളുടെ വിവിധ മാതൃകകൾ, ദേശനേതാക്കന്മാരായ ബാലഗംഗാധരതിലകൻ, ജസ്റ്റിസ് റാനഡേ എന്നീ മഹത്തുക്കൾ, രജപുത്രവനിതകളുടെ സതീപ്രവേശനരംഗങ്ങൾ, ഹിമാചലപ്രദേശങ്ങൾ ഇങ്ങനെ ചിത്രങ്ങളെ കൊണ്ടുള്ള ഒരു പ്രപഞ്ചം സൃഷ്ടിക്കുന്ന ജോലിയിൽ രവിവർമ്മ മൂന്നു വർഷത്തോളം നിരന്തരം ബാംബെ ചിത്രശാലയിൽ പ്രവർത്തിച്ചു. എന്നാൽ അന്ന് ആലേഖനംചെയ്ത എല്ലാ ചിത്രങ്ങളും മുദ്രണാലയംവഴി പ്രകാശിതങ്ങളായിട്ടുണ്ടെന്നു പറയാവതല്ല.

ഈ കാലഘട്ടങ്ങളിൽ യൂറോപ്പിലും, അമേരിക്കയിലും ചിത്രകലയിൽ ഉണ്ടാകുന്ന പുരോഗതികൾ യഥാകാലം അറിയുന്നതിനായി ചിത്രകലയെ സംബന്ധിക്കുന്ന പ്രസിദ്ധീകരണങ്ങൾ വരുത്തി വായിച്ചറിയുന്നതിനും, ഫ്രാങ്ക് ബ്രൂക്സ് എന്ന പാശ്ചാത്യ (ലണ്ടൻ) ചിത്രകാരനെക്കൊണ്ടു സഹോദരന് കലാപരിശീലനം നൽകുന്നതിനും, തന്റെ ചിത്രശാലയിൽ വയ്ക്കുന്നതിനായി ചിത്രങ്ങൾ എഴുതിക്കുന്നതിനും, അദ്ദേഹത്തിൽനിന്നും പാശ്ചാത്യചിത്രലേഖനത്തിലെ സാങ്കേതികതത്വങ്ങൾ മനസ്സിലാക്കുന്നതിനും കഥാനായകൻ ഉത്സാഹിച്ചിരുന്നു. ഇന്ത്യയിൽ വരുന്ന യൂറോപ്യൻ ചിത്രകാരന്മാർ രവിവർമ്മയെ ചെന്നു കാണുകയും അദ്ദേഹത്തിന്റെ

അതിഥികളായി താമസിക്കുകയും, അവർ അദ്ദേഹത്തെ യൂറോപ്പിൽ ഒരു പര്യടനം നടത്തി അവിടങ്ങളിലെ കലാഭവനങ്ങൾ സന്ദർശിക്കാൻ ക്ഷണിക്കുകയും ചെയ്തിരുന്നു. കഥാനായകന് അതിനുമുമ്പുതന്നെ ഒരു യൂറോപ്യൻ പര്യടനം നടത്തിയാൽകൊള്ളാമെന്ന് മോഹമുണ്ടായിരുന്നു. പക്ഷേ, യാഥാസ്ഥിതികനായിരുന്ന തിരുവിതാംകൂർ മഹാരാജാവിൽനിന്നും അനുമതി ലഭിക്കുന്ന കാര്യം പ്രയാസമേറിയതാകയാലാണ് അതു വേണ്ടെന്നുവച്ചത്. ബാംബെയിലും, ചിത്രകല അഭ്യസിക്കുന്നതിനായി ധാരാളം യുവാക്കന്മാർ രവിവർമ്മയെ സമീപിച്ചിരുന്നു. മറാത്താ സ്വദേശിയായ ശ്രീ. എം. വി. ധുരന്തർ എന്ന ചിത്രകാരൻ കഥാനായകനിൽനിന്നും ശിക്ഷണം ലഭിച്ചിട്ടുള്ളയാളാകുന്നു. പിൽക്കാലത്തു 'അജന്താ' ചിത്രങ്ങളെ സംബന്ധിച്ചു പ്രയോജനകരമായ ഒരു പ്രബന്ധം പ്രസിദ്ധീകരിച്ച, ദക്ഷിണമറാത്താസംസ്ഥാനങ്ങളിലൊന്നായ അവന്തിയിലെ ഭരണാധികാരിയായിരുന്ന "ബാലാസാഹിബ്" രവിവർമ്മയുടെ ശിഷ്യഗണങ്ങളിൽപെട്ട ഒരു കലാപ്രേമിയാകുന്നു. രവിവർമ്മയെ അമാനുഷനായി കരുതി പൂജാമുറിയിൽ ആ കലാഗുരുവിന്റെ ഒരു ചിത്രംവച്ചു ബാലാസാഹിബ് പൂജിച്ചുവന്നിരുന്നതും പ്രസ്താവ്യമാണ്. ബാംബെയിൽ ചിത്രശാല ആരംഭിച്ചതിനുശേഷമുള്ള കഥാനായകന്റെ ചരിത്രത്തെ അവലോകനംചെയ്തുകൊണ്ടു ആദ്യജീവിതചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതു് ഇപ്രകാരമാകുന്നു:

"വിജയം പ്രതീക്ഷയെ അതിക്രമിക്കുന്ന ഒന്നായിരുന്നു. ഹിന്ദുസ്ഥാനിൽ കന്യാകുമാരിമുതൽ ഹിമാലയം

വരെ അദ്ദേഹത്തിൻെറ ചിത്രങ്ങൾ ഇല്ലാതെയും, ആ മഹാൻെറ പേർ കേൾക്കാതെയും ഉള്ള സുകൃതിഭവനങ്ങൾ വളരെ കുറച്ചേ കാണുകയുള്ളൂ."

---

## അദ്ധ്യായം 15.

മുദ്രണാലയം ഏതാണ്ടു നാലുകൊല്ലം പ്രവർത്തിച്ചു കഴിഞ്ഞപ്പോൾ, അവിചാരിതമായ ചില സംഭവങ്ങളാൽ രവിവർമ്മ അസ്വാസ്ഥമനായിത്തീർന്നു. 1897-ൽ പൂനയിൽ പൊട്ടി പുറപ്പെട്ട പ്ലേഗു ബാംബെ നഗരത്തിലേക്കും വ്യാപിച്ചു. ദിനംപ്രതി നൂറുകണക്കിന്ന ആളുകൾ മരണമടയാൻതുടങ്ങി. മരണഭയം നഗരത്തെ വിഹ്വലമാക്കി. വ്യവസായസ്ഥാപനങ്ങളിൽ പ്രവർത്തിച്ചിരുന്നവർ കൂട്ടമായി ജോലി ഉപേക്ഷിച്ചു, നഗരം വിട്ടുതുടങ്ങി.

ഈ അവസ്ഥ ബാംബെയിൽ ജാതമാകുന്നതിനു മുൻപു രവിവർമ്മ കിളിമാനൂർക്കു മടങ്ങിയിരുന്നു. കുടുംബത്തിലെ ഭരണാധികാരിയായ മാതുലൻെറ മരണം സംഭവിക്കുകയാൽ, അദ്ദേഹത്തിന്ന വർഷാവസാനംവരെ ദീക്ഷ ധരിച്ചു കിളിമാനൂരിൽ താമസിക്കേണ്ടിവന്നു. ഈ കാലങ്ങളിൽ മുദ്രണാലയത്തിൻെറ മേൽനോട്ടം വഹിച്ചിരുന്നതു് പങ്കുകാരനായ ശ്രീ. ഗോവർദ്ധനദാസു ഖട്ടോമക്കൻജി ആയിരുന്നു. ബാംബെയിൽ പ്ലേഗു് ആരംഭിച്ച 1898-ാം വർഷം അവസാനത്തിലും അതിനടുത്ത വർഷം പകുതിവരെയും ചിത്രമുദ്രണാലയത്തിൻെറ പ്രവർത്തനം നാമമാത്രമായിരുന്നു.

മുദ്രണം ചെയ്തുകഴിഞ്ഞ ചിത്രങ്ങൾ പുറത്തു അയയ്ക്കാനും, പുറത്തുപോയിട്ടുള്ളവ വിററഴിഞ്ഞു കിട്ടുന്ന പണം യഥാസമയം ലഭിക്കാനും തടസ്സമായി. വിദഗ്ദ്ധന്മാക്ക നൽകേണ്ട ശമ്പളവും, ബത്തയും, സ്ഥാപനച്ചെലവിൽ മററിനങ്ങളും മുടങ്ങാതെ യഥാകാലം കൊടുത്തു തീക്കകയുംവേണം. ഈ പതനത്തിൽ പങ്കുകാരനായ ഗോവൎദ്ധനദാസു ഖട്ടോമക്കൻജി മുദ്രണാലയത്തിൽ താൻ മുടക്കിയിട്ടുള്ള തുക തിരിച്ചു തന്നു, ആദായമില്ലാത്ത തൊഴിലിൽനിന്നു തന്നെ വിരമിപ്പിക്കണമെന്നു ആവശ്യപ്പെടാൻ തുടങ്ങി. കച്ചവടക്കാരൻെറ സാക്ഷാത്രൂപത്തിൽതന്നെ നമുക്കിവിടെ ആ വണിഗീശ്വരനെ കാണാൻ കഴിയുന്നു. ലാഭേച്ഛയും, സൗന്ദയ്യബോധവും ഇരുവശങ്ങളിലായി നിലകൊണ്ടു. അഭിപ്രായവ്യത്യാസങ്ങൾ വൎദ്ധിച്ചു. താൻ വളത്തിക്കൊണ്ടുവരുന്ന ഒരു മഹാസ്ഥാപനത്തിൻെറ നേക്ക രവിവമ്മയുടെ കണ്ണെത്തുകം പോയി. മാന്യതയുടെ മണിമകുടമായ രവിവമ്മ ആലോചനയിൽ മുങ്ങി.

ജനങ്ങൾക്കുവേണ്ടി സമാരംഭിച്ച ഒരു സ്ഥാപനത്തെ അടച്ചുപൂട്ടുക അതിൻെറ ജനയിതാവിനു വേദനാകരമാണല്ലൊ. ഗോവൎദ്ധനദാസു ഖട്ടോമക്കൻജിയുടെ ഓഹരി കൊടുത്തു തീക്കുവാൻതന്നെ രവിവമ്മ തീരുമാനിച്ചു. പക്ഷെ, പൊടുന്നനവേ ആ ബാദ്ധ്യത തീക്കാനായി ഡാക്ടർ സർ. ബാലചന്ദ്രകൃഷ്ണ തുടങ്ങിയ ചില മിത്രങ്ങളിൽനിന്നും കടംവാങ്ങേണ്ടതായിവന്നു എങ്കിലും, ആ പങ്കാളിത്തം അപ്പോൾതന്നെ അവസാനിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അതിനെ തുടൎന്നു ബോംബെയ്ക്കും പൂനായ്ക്കും ഇടയിലുള്ള ലോനവള

(Lonavla) എന്ന സ്ഥലത്തിനടുത്തു കാർലിയിൽ, പുതു തായി ഒരു സ്ഥലം വാങ്ങി കെട്ടിടങ്ങൾ പണിതു് അവി ടെയ്ക്കു മുദ്രണാലയം മാററുകയുംചെയ്തു. 1899 മുതൽ ശ്രീ രാജരാജവർമ്മയുടെ പേരിൽ പുതിയ സ്ഥലത്തു മുദ്ര ണാലയം വീണ്ടും പ്രവർത്തിച്ചുതുടങ്ങി. അപ്പോഴും പ്ലേഗു അവസാനിച്ചിട്ടില്ലായിരുന്നു. ആ മഹാമാരി ജനങ്ങളെ കുടുക്കിക്കൊണ്ടിരുന്നതിനു കണക്കില്ലായിരുന്നു. ആ ദുസ്ഥിതിയിൽ ദൂരദേശത്തുള്ള ജീവിതവും പ്രവർത്തനവും എപ്പോഴും നാട്ടിൽ ഉത്കണ്ഠയ്ക്കു വക നൽകിയിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

രവിവർമ്മ, മുദ്രണാലയത്തെ സഹോദരന്റെപേരിൽ ആക്കിയതു തന്നിൽ ഒരു വ്യവസായ മനഃസ്ഥിതി വന്നു കൂടരുതു് എന്ന ഉദ്ദേശ്യത്തോടുകൂടിയാകുന്നു. വ്യവസായ സമൃദ്ധമായ ഒരു രാഷ്ട്രം ഉയർന്നുവെങ്കിലേ, കലയ്ക്കു അഭി വൃദ്ധി കൈവരൂ എന്ന അദ്ദേഹത്തിന്റെ വിശ്വാസ ത്തിനു അതു ബാധകമായിരുന്നില്ല.

പണം കൈകൊണ്ടു തൊടുകയില്ലെന്നു് ശഠിച്ചി രുന്ന കഥാനായകനോടു കാര്യസ്ഥൻ ശ്രീ. നാരായണയ്യർ പണം തീർന്നിരിക്കുന്നു എന്നു് അറിയിക്കുവാൻ ചെല്ലു മ്പോൾ രവിവർമ്മ പറയും:

"എന്റെ പണമെല്ലാം നിങ്ങളുടെ കയ്യിലല്ലേ? പണത്തിന്റെ കഥ പറഞ്ഞു എന്റെ ഉത്സാഹം നശി പ്പിക്കരുതു്. ഇല്ലെങ്കിൽമിണ്ടാതിരിക്കണം. പോകണം" ജീവിതത്തിലെ ആ ഉത്സാഹം വലുതായ ഒരു വിജയ രഹസ്യമാകുന്നു.

വിശ്വസ്തനായ ആ കാര്യസ്ഥൻ പിൽക്കാലത്തെ ാമീക്കൽ പറയുകയുണ്ടായി:—

"അദ്ദേഹത്തിൻെറ വക എത്ര ആയിരം രൂപയാണു് ഞാൻ വാങ്ങി ചെലവിട്ടിട്ടുള്ളതു്! കണക്കുകൾ കാണുകയല്ലാതെ പണം അദ്ദേഹം കൈകൊണ്ടു തൊട്ടിട്ടില്ല. ഇന്നാൾക്കു് ഇന്നതു കൊടുക്കണമെന്നു പറഞ്ഞാൽ അതുടനേ കൊടുത്തുകൊള്ളണം. തൽക്കാലം കൊടുക്കാനില്ലെന്നു പറയാനായി അദ്ദേഹത്തിൻെറ അടുക്കൽ ചെല്ലാൻ പാടില്ല."

കഥാനായകനോടൊരുമിച്ചു് ബാംബെ, ഉദയപ്പൂർ, മൈസൂർ എന്നിവിടങ്ങളിൽ സഞ്ചരിച്ചിട്ടുള്ള പുത്രൻ (ചിത്രമെഴുത്തു ശ്രീ. രാമവർമ്മ) പറയുന്നു: "അച്ഛൻ വളരെ ദാനശീലനാണു്. പല ആളുകൾക്കും തന്നാൽ കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കാൻ വളരെ ഉത്സാഹം ഉള്ള ആളാണു്. ചില സമയങ്ങളിൽ കടംവാങ്ങിയും സഹായങ്ങൾ ചെയ്തിരുന്നതായി എനിക്കറിയാം.

കാർലിയിലേയ്ക്കു മുദ്രണാലയം മാററിയതിനു ശേഷം, മുദ്രണവിഷയകമായ ചുമതലകൾ സ്ലൈഷർ എന്ന വിദഗ്ദ്ധൻെറ നേതൃത്വത്തിനു് പൂർണ്ണമായി വിട്ടുകൊടുത്തു. ഭരണകാര്യങ്ങൾക്കു സഹോദരൻ നിയുക്തനായി. കഥാപുരുഷൻ ചിത്രശാലയിൽ ഇരുന്നു ചിലപ്പോൾ മുദ്രണാലയത്തിനായും, ചിലപ്പോൾ അപേക്ഷകർക്കായും, ചിലപ്പോൾ പ്രദർശനങ്ങൾക്കു അയയ്ക്കാനായും ചിത്രങ്ങൾ എഴുതും. രാജരാജവർമ്മയുടെ ചിത്രങ്ങൾക്കും പ്രദർശനങ്ങളിൽനിന്നു സമ്മാനങ്ങൾ ലഭിച്ചുതുടങ്ങി. പ്രകൃതിസൌന്ദര്യത്തെ തൂലികകൊണ്ടു പകർത്തുവാനുള്ള അദ്ദേഹത്തിൻെറ സാമർത്ഥ്യം സർവ്വവിദിതമായി. രാജരാജവർമ്മയുടെ കല്പനാശക്തിയെ സ്തുതിച്ചു,

കൊണ്ടു് ഇതിനകം ചില ഇംഗ്ലീഷ് മാസികകളിൽ ലേഖനങ്ങളും വരികയുണ്ടായിട്ടുണ്ടു്. 1894-ൽ ബോംബെയിൽ നടന്ന കലാപ്രദൎശനത്തിൽ, രവിവൎമ്മ കഴിഞ്ഞാൽ ഭാരതീയ ചിത്രകാരന്മാരിൽ, രണ്ടാം സ്ഥാനം രാജരാജവൎമ്മയുടെ ആലേഖ്യത്തിനാണു് നൽകകയുണ്ടായതു്.

'രവിവൎമ്മാ ലിതോഗ്രാഫ്‌ചിത്ര'ങ്ങൾ എങ്ങും പ്രചുരപ്രചാരമായതോടുകൂടി സാധാരണനിലയിലുള്ള ചിത്രകാരന്മാർ വരയ്ക്കുന്ന ചിത്രങ്ങൾ കയ്യേല്ക്കുവാൻ ആളില്ലെന്നുവന്നു. രവിവൎമ്മയുടേതല്ലെങ്കിൽ ചിത്രങ്ങളിലേയ്ക്കു നോക്കുവാൻപോലും ജനങ്ങൾ ഇഷ്ടപ്പെടുകയില്ല എന്നായി. ചിത്രം എന്നു കേൾക്കുമ്പോൾ രവിവൎമ്മയുടെ നാമവും ബഹുജനങ്ങളുടെ സ്മരണയിൽ ഉദിക്കും. അതിനാൽ ചിത്രങ്ങളുടെ താഴെ 'രവിവൎമ്മ' എന്നു വ്യാജമായി അവർ രേഖപ്പെടുത്തി വില്ക്കുവാൻ ശ്രമിച്ചു തുടങ്ങി. അതൊരു പ്രസ്ഥാനംതന്നെ ആയി. കലാപരമായ അധഃപതനത്തിലേയ്ക്കു വീണ്ടും ഇന്ത്യയെ തള്ളി നീക്കുന്ന ഒരു സംരംഭം ആയിരുന്നു അതു്. ഈ അവസ്ഥ നമ്മുടെ കഥാനായകന്റെ കണ്ണുകളെ തുറപ്പിച്ചു. തന്റെ ഉയൎച്ചനിമിത്തം, മററു ചിത്രകാരന്മാൎക്കു പ്രോത്സാഹനമില്ലെന്നുവരുന്നതു അദ്ദേഹം ഒട്ടും സഹിക്കുന്ന ആളല്ലായിരുന്നു. പ്രദൎശനങ്ങളിൽ തന്റെ ചിത്രങ്ങൾ ഒന്നാംസമ്മാനത്തിനു അൎഹമായിത്തീരുകയാൽ, ഇതരചിത്രകാരന്മാൎക്കു മുന്നോട്ടു വരാൻ സാധിക്കുന്നില്ലെന്നുള്ളതും ആ കലാചാൎയ്യന്റെ പരിഗണനയ്ക്കു വിഷയമായി. അതിനാൽ മേലിൽ കാൎയ്യമായിട്ടല്ലാതെ സമ്മാനത്തിനായി യാതൊരു പ്രദൎശനത്തിനും

താൻ ചിത്രങ്ങൾ അയയ്ക്കുന്നതല്ലെന്നു കഥാനായകൻ 1091-ൽ, പത്രങ്ങളിൽ പരസ്യംചെയ്തു.

ലിതോഗ്രാഫ് പ്രസ്സിൽനിന്നിറങ്ങുന്ന ചിത്രങ്ങൾ എത്ര സൂക്ഷിച്ചു മുദ്രണംചെയ്താലും, കൈകൊണ്ടു വരച്ചതുപോലെ സുകുമാരതരമായി പ്രകാശിതമാവുകയില്ല. ആ ചിത്രങ്ങൾ വച്ചുകൊണ്ടു ഒരു ചിത്രകാരന്റെ കലാവഗാഹത്തെപ്പററി ചിന്തിക്കുന്നതിനും സാധിക്കുകയില്ല. രവിവമ്മയുടെ മേൽനോട്ടത്തിൽ ആദ്യകാലത്തു് മുദ്രണംചെയ്തിട്ടുള്ള ചിത്രങ്ങൾ ഏതാണ്ടു് ആലേഖനംചെയ്തതുപോലെതന്നെ മനോഹരങ്ങളായിരുന്നു. എങ്കിലും തൻെറ അഭാവത്തിൽ മുദ്രണത്തിൽ വൈദഗ്ദ്ധ്യം ലോപിച്ച ചിത്രങ്ങൾ ഇറങ്ങിത്തുടങ്ങുമെന്നും, ആ മാതൃകകൾ അംഗീകരിക്കുകയാണെങ്കിൽ ജനങ്ങൾ യഥാൎത്ഥ ചിത്രകലയുടെ സങ്കല്പത്തിൽനിന്നും അകന്നുപോകുമെന്നും, അതുകൊണ്ടു് ഒരു കലാഭവനം ഉടലെടുക്കേണ്ടതു് എത്രയും ആവശ്യകമാണെന്നും രവിവമ്മ ദീർഘദൎശനം ചെയ്യാതിരുന്നില്ല. തിരുവിതാംകൂർ ഗവൺമെണ്ടിനെക്കൊണ്ടു ചിത്രാലയം ആരംഭിക്കുന്നതിനുള്ള എഴുത്തുകുത്തുകൾ, ശക്തിയായി വീണ്ടും നടത്തിയതിൻെറ ഫലമായി ഏതാനും ചിത്രങ്ങൾ എഴുതാൻ അനുവദിക്കുക എന്ന ഒരു സംഭവം ഇതിനകം ഉണ്ടായിട്ടുണ്ടു്.............

1900-മാണ്ടു പാരീസ്സിൽ നടന്ന കലാപ്രദർശനത്തിൽ രവിവമ്മ അയച്ചിരുന്ന ചിത്രങ്ങൾ യൂറോപ്പിന്റെ മുഴുവൻ അത്ഭുതത്തിനു വിഷയമായിത്തീൎന്നതും, അമേരിക്ക നൽകിയതുപോലെ കീൎത്തിമുദ്രകളും, പ്രശ

സ്തുതിപത്രങ്ങളും സമ്മാനങ്ങളും ചിത്രകാരനു അവിടെ നിന്നും ലഭിച്ചതും ഈ ഘട്ടത്തിലെ പ്രാധാന്യം അർഹിക്കുന്ന സംഭവങ്ങളാകുന്നു.

---

## അദ്ധ്യായം 16.

1897-ൽ തിരുവിതാംകൂർ ഗവൎമ്മെണ്ടു ആണ്ടിൽ രണ്ടു ചിത്രം വീതം സംസ്ഥാനത്തിനു വേണ്ടി എഴുതുവാൻ രവിവൎമ്മയോടാവശ്യപ്പെട്ടു. അങ്ങനെ ഏതാനും ചിത്രങ്ങൾ തയാറായതിനുശേഷം, ചിത്രാലയത്തിന്റെ കാൎയ്യം പൎയ്യാലോചിക്കുന്നതാണെന്നു ഗവൎമ്മെണ്ടു ഒരു ഉറപ്പും നൽകി. 'വിരാടസദസ്സ്' 'ശകുന്തള'യുടെ പ്രേമവീക്ഷണം (ദർഭമുന കാലിൽ തറച്ചു എന്ന നാട്യത്തിൽ) 'ദ്രൗപദിയും സിംഹികയും' 'ഹംസവും ദമയന്തിയും' 'രുക്മാംഗദനും മോഹിനിയും' ഇങ്ങനെ * അഞ്ചു ചിത്രങ്ങൾ ആലേഖനംചെയ്തു. അവയ്ക്കു് ഓരോന്നിനും 3,000 രൂപാവീതം പ്രതിഫലവും നൽകപ്പെട്ടു. എന്നിട്ടും ചിത്രാലയസ്ഥാപനം സംബന്ധിച്ചുള്ള നടപടികൾ ആരംഭിക്കുന്നതിനു ഗവണ്മെണ്ടു് യാതൊരു ശ്രദ്ധയും കാണിക്കുകയുണ്ടായില്ല. പ്രതിഫലംകൊണ്ടു തൃപ്തിപ്പെ

---

* പ്രസ്തുത അഞ്ചു ചിത്രങ്ങളും തിരുവനന്തപുരം ശ്രീചിത്രാലയത്തെ അലങ്കരിക്കുന്നു.

തിരുവനന്തപുരത്തു് ഇന്നു കാണുന്ന ശ്രീചിത്രാലയം, രാജാ രവിവൎമ്മയുടെ കീൎത്തിയിൽ അഭിമാനംകൊള്ളുന്ന അദ്ദേഹത്തിന്റെ അനന്തരീപുത്രനായ ശ്രീചിത്തിരതിരുനാൾ മഹാരാജാവിന്റെ ഉത്സാഹത്തിൽ രൂപം പ്രാപിച്ചിട്ടുള്ളതാകുന്നു.

ടാനുള്ള ഉദ്ദേശത്തിലല്ലായിരുന്നു ആ വ്യവസായത്തിൽ ചിത്രകാരൻ ഏർപ്പെട്ടതു്. തൻെറ നിരന്തരമായ ഉപദ്രവത്തിൽനിന്നും രക്ഷപ്പെടുവാനായി ഗവമ്മെണ്ടു കണ്ടെത്തിയ ഒരു മാർഗ്ഗമാണു് തന്നെക്കൊണ്ടു കുറേ ചിത്രങ്ങൾ എഴുതിച്ചു് പ്രതിഫലം നൽകുന്നതു് എന്നു് രവിവമ്മയ്ക്കു ബോദ്ധ്യമായി.

ചിത്രാലയം ആരംഭിക്കുവാൻ ഭാവമില്ലെങ്കിൽ എത്ര വൻപിച്ച തുക തരികയാണെങ്കിലും മേലിൽ ഒരൊററ ചിത്രംപോലും തിരുവിതാംകൂറിനുവേണ്ടി താൻ എഴുതുകയില്ലെന്നു കഥാപുരുഷൻ ഗവമ്മെണ്ടിനെ അറിയിച്ചു.

തിരുവിതാംകൂറിനായി രവിവമ്മ എഴുതിയ ആ ചിത്രങ്ങളാണെങ്കിൽ കലയുടെ വിസ്മയവസ്തുക്കളായിട്ടായിരുന്നു നിരൂപകന്മാർ പരിഗണിക്കുകയുണ്ടായതു്. സത്യത്തിൻേറയും സൗന്ദൎയ്യത്തിൻേറയും മോഹനകിരണങ്ങളിൽനിന്നുള്ള പ്രകാശം 'ഹംസവും ദമയന്തിയും' എന്ന ചിത്രത്തിൽ കാണാൻ കഴിയുന്നുണ്ടെന്നു് കലാരാധകന്മാരായ ചിന്തകന്മാർ, ആ ചിത്രം ആദ്യമായി മദ്രാസ്സിൽ പ്രദർശിപ്പിച്ചപ്പോൾ, അഭിപ്രായപ്പെട്ടു. പ്രകൃതി, അവളുടെ കൃത്യങ്ങളിൽ പരിസ്ഫുരിക്കുന്ന അമൌമത്വം കലാകാരൻ കലാശില്പത്തിൽ പ്രദർശിപ്പിക്കുമ്പോഴാണു് കല സമ്പൂർണ്ണമാകുന്നതെന്ന തത്വത്തിനു് ഒരു ഉദാഹരണമായി രവിവമ്മയുടെ 'ഹംസദമയന്തി' വർണ്ണിക്കപ്പെട്ടു. ആ ചിത്രത്തെ അടിസ്ഥാനമാക്കി ശ്രീ. സി. രാമാനുജാചാൎയ്യ എന്ന ഭാവനാസമ്പന്നനായ ഒരു കലാനിരൂപകൻ 'ഹംസദമയന്തി' എന്ന പേരിൽ (ഇംഗ്ലീഷിൽ) സമുജ്ജ്വലമായ ഒരു ഗ്രന്ഥമെ

തന്നെ നിർമ്മിച്ചിട്ടുണ്ട്. മഹത്തായ ഒരു കലാശില്പത്തിൽ രാഷ്ട്രത്തിന്റെ ചൈതന്യം തുടുത്തുകാണണമെന്ന വിവക്ഷയിൽ നിർമ്മിച്ചിട്ടുള്ള ആ ചിത്രത്തെ, ചായത്തിലെ സംഗീതാത്മകമായ ഒരു സചജ്ജീയകാവ്യമായി കലാചിന്തകന്മാർ പ്രകീർത്തിക്കുന്നു.

1900 നവംബർമാസത്തിൽ പുതിയ ഇന്ത്യാ വൈസ്രായി കഴ്സൻപ്രഭു തിരുവിതാംകൂർ സന്ദർശിച്ച അവസരത്തിൽ സാംസ്ഥാനികചിത്രകാരനായ നമ്മുടെ കഥാനായകൻ തിരുവനന്തപുരം തലസ്ഥാനനഗരിയിൽ എത്തിച്ചേരുകയും, ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ നിർദ്ദേശപ്രകാരം ശീഘ്രഗതിയിൽ ചില ചിത്രങ്ങൾ പ്രഭുവിനു കാണുന്നതിനായി എഴുതുകയുമുണ്ടായി. ഒരു ചിത്രകാരന്റെ പേർ എടുത്തു പറയുവാൻ ഇല്ലാതിരുന്ന ഇന്ത്യയ്ക്കു ലഭിച്ച ആ ലോകമഹാചിത്രകാരന്റെ ആ ചിത്രങ്ങൾ കഴ്സൻപ്രഭുവിനു ശ്രീമൂലംതിരുനാൾ കാണിച്ചുകൊടുത്തപ്പോൾ അദ്ദേഹം പറഞ്ഞതു്, "തദചൽക്കരണചിത്രലേഖനരീതിയിൽ ഇത്രയും ആദർശപരമായ ചിത്രങ്ങൾ എഴുതുവാൻ ഇന്ത്യയിലെന്നല്ല പൗരസ്ത്യരാജ്യങ്ങളിൽ രവിവർമ്മ മാത്രമേ ഉള്ളൂ എന്നു് മുമ്പുതന്നെ കേട്ടിട്ടുണ്ട്" എന്നായിരുന്നു. ശ്രീമൂലംതിരുനാൾമഹാരാജാവ് കഴ്സൻപ്രഭുവിനു ചിത്രകാരനെ പരിചയപ്പെടുത്തിക്കൊടുത്തു. പ്രഭു അവർകൾ രവിവർമ്മയെ പരിചയപ്പെടുവാൻ സാധിച്ചതിൽ അത്യന്തം ആമോദിച്ചു. അന്നുമുതൽ അവർ ആത്മമിത്രങ്ങളായി.

1901-ാം വർഷം ആയിട്ടും ബാംബെയിലെ പ്ലേഗു അവസാനിച്ചിരുന്നില്ല. ആ മഹാമാരിയെ കണ്ട

ക്കാക്കാതെ നമ്മുടെ കലാസഹോദരന്മാർ ചിത്രശാലയിലെ പ്രവൃത്തനം തുടൎന്നുകൊണ്ടിരുന്നു. ഈയവസരങ്ങളിൽ അവർ കാർലിയിലും ബാംബെയിലുമായി മാറി മാറി താമസിച്ചു. ബാംബെവസതി കൂടെക്കൂടെ ആളൊഴിഞ്ഞ് ഒഴിഞ്ഞ പുതിയ പുതിയ കെട്ടിടങ്ങളിലേയ്ക്കു മാററിക്കൊണ്ടിരുന്നു. മുദ്രണാലയം ഉപേക്ഷിച്ചിട്ടു നാട്ടിലേയ്ക്കു മടങ്ങുവാനുള്ള ബന്ധുക്കളുടെ അഭ്യൎത്ഥനകൾ പ്രതിദിനമെന്നോണം വന്നുകൊണ്ടിരുന്നു. സ്ഥാപനം വേറെ ആരെ ഏൽപ്പിച്ചാൽ അഭംഗുരം നടന്നുപോകുമെന്നു തലേവൎഷംതന്നെ കഥാപുരുഷൻ സഹോദരനുമായി ആലോചിക്കാതിരുന്നില്ല. അതിന്റെ കാരണം പ്രമേഹരോഗലക്ഷണങ്ങൾ അല്പാല്പം രവിവൎമ്മയിൽ കണ്ടുതുടങ്ങിയതിന്റെ ഫലമായി വിശ്രമം ആവശ്യമാണെന്നു ഡാക്ടറന്മാർ അദ്ദേഹത്തെ ഉപദേശിച്ചതായിരുന്നു. ആ രോഗത്തിനു് ചില ചെറിയ ചികിത്സകൾ ചെയ്തിരുന്നു എങ്കിലും, ജീവിതത്തിൽ ചൈതന്യം അവശേഷിക്കുമ്പോൾ പ്രവൃത്തിയിൽനിന്നു വിരമിച്ചുകൊണ്ടുള്ള ഒരു വിശ്രമജീവിതത്തിനു അദ്ദേഹം സന്നദ്ധനല്ലായിരുന്നു. 1899-ൽ, പിതാവായ, എഴുമാവിൽ ഭട്ടതിരിപ്പാടിന്റെ ചരമം പ്രമാണിച്ചു കഥാപുരുഷൻ കിളിമാനൂർ കൊട്ടാരത്തിൽ വന്നു താമസിക്കുമ്പോൾ, കേരളത്തിലെ അഷ്ടവൈദ്യപ്രധാനികളിൽ ചിലരെ വരുത്തി ഒരു ചികിത്സയും പത്ഥ്യവും നിശ്ചയിക്കുകയുണ്ടായി. ദൂരദേശങ്ങളിലെ താമസം, ഭേഷജവിധികൾ യഥാവിധി അനുഷ്ഠിക്കുവാൻ യോജിച്ചതല്ലായിരുന്നു. ഒരിക്കലും ആ കൎമ്മധീരൻ രോഗത്തെ അത്രയ്ക്കു വകവച്ചിരുന്നതുമില്ല എന്നുതന്നെ പറയാം.

ലോകത്തിലെ മററേതൊരു ജനതയെക്കാളും, സംസ്കൃതഭാഷയോടു താല്പൎയ്യമുള്ള വിദേശീയർ ജൎമ്മൻകാരായിരുന്നുവല്ലോ. മുദ്രണവിദഗ്ദ്ധനും, കലാകാരനും ആയ 'സ്സെലഷർ' എന്ന ജൎമ്മൻകാരൻെറ ലഘുവായ സംസ്കൃതപാണ്ഡിത്യത്തെ നമ്മുടെ 'ചരിത്രനായകൻ അതിയായി മാനിച്ചിരുന്നു. പൊതുവിൽ ജൎമ്മൻജനതയുടെ സംസ്കൃതപ്രേമത്തെപ്പററിയും, ജൎമ്മനിയുടെ മഹാകവിയായ ഗഥേ അഭിജ്ഞാനശാകുന്തളത്തിന്റെ മേന്മയെ ലോകഹൃദയത്തിൽ പതിയത്തക്കവണ്ണം സ്തുതിച്ചിട്ടുള്ളതിനെപ്പററിയും മററും രവിവൎമ്മ സ്സെലഷരോടു സംസാരിച്ചിരുന്നു. മുദ്രണാലയത്തിന്റെ ഭാവിപ്രവൎത്തനകാൎയ്യം പൎയ്യാലോചനാവിഷയമായപ്പോൾ സ്സെലഷർ, ഏതു വ്യവസ്ഥയിൽ വേണമെങ്കിലും താൻ അതു് ഏറെറടുത്തു നടത്താൻ തയ്യാറാണെന്നു് ഒരവസരത്തിൽ രവിവൎമ്മയോടു പറഞ്ഞിട്ടുണ്ടായിരുന്നു. തുക കുറച്ചാണെങ്കിലും അതു വാങ്ങിക്കൊണ്ടു് സ്സെലഷൎക്ക് സ്ഥാപനം വിട്ടുകൊടുക്കുന്നതുപോലെ ഇഷ്ടം, മററാരെയും കഥാപുരുഷനു് ഏല്പിക്കുന്നതിലുമില്ലതന്നെ. ചിത്രങ്ങളുടെ മുദ്രണം സ്സെലഷർ ആണെങ്കിൽ വെറും കച്ചവടത്തിനായി, താഴ്ത്തിക്കളയുകയില്ല എന്നു് അവർ വിശ്വസിച്ചു. 1901 ആയപ്പോൾ അതേസംബന്ധിച്ച ആലോചനകൾ സമാരംഭിച്ചു.

സ്ഥലവും, കെട്ടിടങ്ങളും കൂടാതെ പരിഷ്കൃതരീതിയിലുള്ള ഒരു യൂറോപ്പ്യൻ ചിത്രമുദ്രണാലയത്തിനു തുല്യമായ സാധനസാമഗ്രികൾ അടങ്ങിയ പ്രസ്സും വിവിധപതിനൊന്നാമത്തിലുള്ള എൺപത്തൊൻപതിൽപരം ചിത്രങ്ങളുടെ-പ്രകാശനവുമാണു് രവിവൎമ്മ ഉടമ

സ്ഥാവകാശത്തോടെ സ്ലൈഷറെ ഏല്പിക്കുവാൻ ആലോചിച്ചതു്. സ്ഥാപനത്തിനു ഉടനേ മുഴുവൻ വിലയും കൊടുക്കുവാൻ സ്ലൈഷർ അപ്രാപ്തനായിരുന്നു. അതിനാൽ ആലോചനകൾ സമാപിക്കുവാൻ കുറച്ചുകൂടി സമയം വേണ്ടിവന്നു. എല്ലാറ്റിനുമായി 25,000 രൂപാ തവണകളിലായി കൊടുത്തുതീർത്താൽ മതിയെന്ന ഒരു കരാർ 1901 ജനുവരി 21-ാംനു ഉണ്ടാക്കി. അതോടുകൂടി രവിവർമ്മാമുദ്രണാലയം സ്ഥിരമായി സ്ലൈഷർക്കു വിട്ടുകൊടുക്കുകയും ചെയ്തു.

മുദ്രണാലയം സമാരംഭിച്ചതിൽ പിന്നീടു്, മിത്രങ്ങളായ മഹാരാജാക്കന്മാരുടെ ക്ഷണങ്ങൾ സ്വീകരിക്കുവാൻ മിക്കവാറും രവിവർമ്മ അപ്രാപ്തനായിരുന്നു. ഭാരമേറിയ ആ ചുമതല വിട്ടതിനുശേഷം കഥാനായകൻ ആദ്യമായി സ്വീകരിച്ചതു മേവാർമഹാരാജാവായ മഹാറാണാ ഫത്തേസിംഗ് സാഹിബ്ബിന്റെ ക്ഷണമായിരുന്നു. രജപുത്രവീരപുരുഷന്മാരിൽ അഗ്രേസരനും, മഹാനായ അക്ബർചക്രവർത്തിയുടെ സമകാലീനനും ആയ മഹാറാണാ പ്രതാപസിംഗിന്റെയും, അദ്ദേഹത്തിന്റെ അനന്തരഗാമികളായ മററു മൂന്നു മഹാറാണമാരുടെയും ഛായകൾ, അവരുടെ പഴയ ആലേഖ്യങ്ങൾ നോക്കി എണ്ണച്ചായത്തിൽ പകർത്തി എഴുതുന്നതിനായി അന്നു രവിവർമ്മ മേവാർ സംസ്ഥാനത്തിന്റെ അതിഥിയായി ക്ഷണിക്കപ്പെട്ടതു്. ഇന്ത്യയിൽ, ആ ചരിത്രപുരുഷന്മാരുടെ ചിത്രങ്ങൾ നോക്കി എഴുതുവാൻ പ്രഗത്ഭനായ ഒരു ചിത്രകാരനുണ്ടെങ്കിൽ അതു രാജാ രവിവർമ്മ മാത്രമാണെന്നു മേവാർ മഹാറാണാ വിശ്വസിച്ചിരുന്നു. മഹാറാണാ ഫത്തേസിംഗ് സാഹിബ്ബ്, കൂർമ്മബുദ്ധിയും, ചിരന്തരയാ പരിചയിച്ച ദേശീയാചാരങ്ങളെ പാശ്ചാത്യ

സമ്പ്രദായങ്ങൾക്ക് അടിയറവച്ചുകൊടുത്തിട്ടില്ലാത്ത ഒരു തനി ഭാരതീയനും ആണെന്നു ശ്രീ. സി. രാജരാജ വർമ്മ തൻെറ ദിനക്കുറിപ്പിൽ എഴുതിയിരിക്കുന്നു.

1901 മാർച്ച പതിനാറാംതീയതി രവിവർമ്മ സഹോദരനോടുകൂടി ബാംബെയിൽനിന്നും മേവാർ സംസ്ഥാനത്തിൻെറ തലസ്ഥാനമായ ഉദയപ്പൂരിൽ എത്തിച്ചേർന്നു. ചിത്രമെഴുത്തുപരിശീലിച്ചുകൊണ്ടിരുന്ന ഇളയപുത്രൻ രാമവർമ്മയും ആ യാത്രയിൽ പിതാവിനെ അനുഗമിച്ചു. അവർക്ക് ഉദയപ്പൂർ തലസ്ഥാനം നൽകിയ ആതിഥ്യത്തെപ്പററി പറയുന്നതു, "മുന്തിരി തുടങ്ങിയ പഴവർഗ്ഗങ്ങൾ, നറുനെയ്യു നിറച്ച കുംഭങ്ങൾ, ശീതളപാനീയങ്ങൾ, ഗോതമ്പ്, പഞ്ചസാര എന്നീ സാധനങ്ങൾ താമസത്തിനായി നൽകപ്പെട്ട മന്ദിരത്തിലെ കലവറമുറിയിൽ ആവശ്യത്തിൽ എത്രയോ അധികം കൊണ്ടുനിറച്ചുകൊണ്ടിരുന്നു" എന്നാണു്. ചരിത്രപ്രധാനമായ കോട്ടകളും, മനോഹരങ്ങളായ കൊട്ടാരങ്ങളും, ഹൃദ്യങ്ങളായ ഉദ്യാനങ്ങളും, ഉല്ലാസപ്രദമായ തടാകങ്ങളും ആ തലസ്ഥാനനഗരിയുടെ രാമണീയകചിഹ്നങ്ങളായിരുന്നു.

ഉദയപ്പൂർ നഗരിയേയും, തടാകത്തേയും ചിത്രണം ചെയ്യുന്നതിനായി കഥാപുരുഷനും സഹോദരനും ഒരു വിനോദം എന്ന നിലയിൽ അപരാഹ്നമാകുമ്പോഴെയ്ക്കും വാസസ്ഥലത്തുനിന്നും തിരിക്കുമായിരുന്നു. ഒരു ചെറു നൗകയിൽ കയറി തടാകത്തിൽ സഞ്ചരിച്ചിട്ടു, മറുകരയിലുള്ള "ജയനിവാസ്" എന്ന(മാർബ്ബിൾകല്ലുകൊണ്ടു പണിതിട്ടുള്ള) കളിർകടീരത്തിൻെറ മുൻഭാഗത്തു് വർണ്ണശബളമായ സായാഹ്നസൂര്യകിരണങ്ങൾ അലേ

ട്ടുന്ന തളത്തിൽ അവർ ഉപവിഷ്ടരാവും. ഹൃദയമോഹനമായ ഉദയപ്പൂർകാഴ്ചകളെ അവിടെ ഇരുന്നുകൊണ്ടു് അവർ ചായത്തിൽ പകർത്തുവാൻ ശ്രമിച്ചിരുന്നു.

മാർച്ച 17-ാംനു-മുതൽ ഉദയപ്പൂരിലേയ്ക്കുള്ള ആ ചിത്രങ്ങൾ എഴുതിത്തുടങ്ങി. നോക്കി എഴുതാൻ ലഭിച്ച ചെറിയ ചിത്രങ്ങളെപ്പററി രാജരാജവർമ്മ എഴുതിയിരിക്കുന്നതു്, അവയിൽ സ്വാഭാവികത തീരെയും കണ്ടിരുന്നില്ലാ എന്നാകുന്നു. റാണാപ്രതാപസിംഗ്, റാണാ അമർസിംഗ്, റാണാരാജസിംഗ് റാണാജയസിംഗ് എന്നീ നാലു രജപുത്രനായകന്മാരുടെ ചിത്രങ്ങളായിരുന്നു അവർക്കു പകർത്തി എഴുതേണ്ടിയിരുന്നതു്.

ആ ജോലി ചെയ്തുതീർന്നപ്പോൾ, മഹാറാണയുടെ ഒരു ഛായാചിത്രംകൂടി എഴുതുവാൻ തന്നെ അനുവദിക്കണമെന്നു് രവിവർമ്മ അഭ്യർത്ഥിച്ചു. അതിനു താൻ ആഗ്രഹിക്കുന്നില്ലെന്നായിരുന്നു മഹാറാണ അല്പം നിരാശയോടുകൂടി ആദ്യം പ്രസ്താവിച്ചതു്. കഥാനായകൻ ഉദയപ്പൂരിലേയ്ക്കു തിരിക്കുന്നതിനുമുമ്പു് മഹാറാണ തൻെറ ഒരു ചെറിയ 'ഫോട്ടോഗ്രാഫ്' ബോംബേയിലേയ്ക്കു് അയച്ചിരുന്നു. അതു നോക്കി ഒരു ചെറിയ ചിത്രം വരയ്ക്കുന്നതിനും ആവശ്യപ്പെട്ടിരുന്നു. അപ്രകാരം ഒരു ഛായ വരച്ചു രവിവർമ്മ ഉദയപ്പൂരിലേയ്ക്കു അയയ്ക്കുകയും ഉണ്ടായി. മഹാറാണയുടെ ശരിയായ ഛായ 'ഫോട്ടോഗ്രാഫി'ൽനിന്നും ഗ്രഹിക്കുവാൻ വിഷമമായിരുന്നതിനാൽ ആ കുറവു് ആ ചിത്രത്തിലും കാണ്മാനുണ്ടായിരുന്നു. അതു് അദ്ദേഹത്തെ നിരാശനാക്കിയെന്നു പറയേണ്ടതില്ലല്ലോ.

ആ വൈക്ലവ്യം മനസ്സിലാക്കികൊണ്ടു രവിവൎമ്മ മഹാറാണയോടു പറഞ്ഞു:

"മഹാറാണ ദയവുണ്ടായി എനിക്കു മൂന്നു മണിക്കൂർ സമയം തരിക. അവിടത്തെ ഒരു ഛായ ഞാൻ അങ്ങയെ നോക്കി എഴുതുന്നുണ്ടു്."

ഛായാഗ്രാഹിയുടെ അപൂർണ്ണതയെ തെളിയിച്ചു കൊടുക്കാൻ രവിവൎമ്മ തീരുമാനിച്ചു. ഓരോ മണിക്കൂർ വീതം മൂന്നുദിവസം കൊട്ടാരത്തിൽ ചെന്നിരുന്നു നോക്കി എഴുതികൊള്ളുവാൻ അനുവാദവും നൽകപ്പെട്ടു. ആ മൂന്നുദിവസത്തെ മൂന്നു മണിക്കൂറുകൾകൊണ്ടു മഹാറാണയുടെ മുഖത്തെ രവിവൎമ്മ അവസ്ഥപോലെ ചായത്തിൽ വരച്ചു കാണിച്ചപ്പോൾ, ആ രജപുത്രഭരണാധികാരിക്കുണ്ടായ വിസ്മയം പറയാവതല്ലായിരുന്നു. രവിവൎമ്മയുടെ ചായത്തൂലിക, ഛായാഗ്രാഹിയുടെ അപര്യാപ്തതയെ വിളംബരം ചെയ്യുന്നതാണെന്നു പ്രൗഢനായ മഹാറാണ സ്തോഭപുരസ്സരം വീണ്ടും വീണ്ടും ഉത്ഘോഷിച്ചതായി പ്രസ്താവിക്കപ്പെടുന്നു.

പകൎത്തി എഴുതിയ ചിത്രങ്ങൾക്കു ഓരോന്നിനും 1000 രൂപാ വീതവും, പുതുതായി ആലേഖനം ചെയ്യപ്പെട്ട ഛായാചിത്രത്തിന് 1500 രൂപയും നൽകിയതിനു പുറമേ, നടുവിൽ മരതകങ്ങളും, അതിനുചുററും വൈരക്കല്ലുകളും പതിച്ച പതക്കത്തോടുകൂടിയ ഒരു മുത്തുമാലയും, ബഹുമതിസൂചകമായ ഒരു ജോഡി സ്വൎണ്ണപട്ടാംബരകവചങ്ങളും, തലക്കെട്ടും, പാദുകങ്ങളും ഉദയപ്പൂർ (മേവാർ)സംസ്ഥാനാധിപൻ ആ ചിത്രകാരന് സമ്മാനിച്ചു. ജ്യേഷ്ഠന് നൽകിയതുപോലെയുള്ള

ഓരോ ജോടി ബഹുമതിവേഷം രാജരാജവൎമ്മയ്ക്കും നൽകപ്പെട്ടു. ചരിത്രപുരുഷന്റെ പുത്രൻ രാമവൎമ്മയ്ക്കും ബഹുമതി കവചങ്ങൾ സന്തോഷപുരസ്സരം സമ്മാനിക്കപ്പെട്ടു. അങ്ങനെ ജൂലൈ ആദ്യദിവസം, ഗംഭീരമായ സൽക്കാരങ്ങൾക്കുശേഷം മേവാർസംസ്ഥാനം നമ്മുടെ ചരിത്രനായകനേയും സഹഗാമികളേയും ബാംബെയിലേയ്ക്കു യാത്രയാക്കി.

---

## അദ്ധ്യായം 17.

ബാംബെയിൽനിന്നും കിളിമാനൂരിൽ എത്തിച്ചേൎന്ന രവിവൎമ്മ, ആയുൎവേദവൈദ്യന്മാരെക്കൊണ്ടു ശരീര രക്ഷയ്ക്കായുള്ള ചികിത്സകൾ ചെയ്യിച്ചു. ചികിത്സമൂലം മൂത്രത്തിൽ കണ്ടിരുന്ന പഞ്ചസാരയുടെ അംശം കാൎയ്യമായി കുറഞ്ഞു. ആരോഗ്യം അഭിവൃദ്ധിപ്പെട്ടു. എങ്കിലും, ദൂരയാത്രകൾ കഴിയുന്നിടത്തോളം കുറയ്ക്കണമെന്നു വൈദ്യന്മാർ അദ്ദേഹത്തെ ഉപദേശിച്ചു.

ആയിടയിൽ, ഹൈദ്രാബാദു സംസ്ഥാനത്തെ രാജാദീനദയാൽ എന്ന പ്രഭുവിൽനിന്നും ഒരു ക്ഷണം കഥാനായകനു ലഭിച്ചു. ചിത്രകലയെ സംബന്ധിച്ച അറിവു വൎദ്ധിപ്പിക്കുവാൻ ആജന്മതല്പരരായ ആ സഹോദരന്മാരുടെ സത്വരമായ ശ്രദ്ധയെ ആകർഷിക്കുന്നതായിരുന്നു രാജാദീനദയാലിൻെറ ക്ഷണം. നൈസാമിൻെറ കൊട്ടാരത്തിൽ പേർസ്യൻ, മുഗൾ, രജപുത്ര, ബീജപ്പൂർ, മഹാരാഷ്ട്ര എന്നീ ചിത്രലേഖനരീതികളെ

കാട്ടുന്ന പഴയ ചിത്രങ്ങൾ ഉണ്ടെന്നും, അവ കാണുന്നതിനും, ഹൈദ്രാബാദ് ഭരണാധിനായകനുമായി പരിചയപ്പെടുന്നതിനും അവസരം ഉണ്ടാകുന്നതാണെന്നും ക്ഷണക്കത്തിൽ പ്രസ്താവിച്ചിരുന്നു. ഡിസംബർമാസം (1901) ഇരുപത്തിഏഴാം തീയതി പുലർച്ചയ്ക്കു, കിളിമാന്തൂരിൽനിന്നും രവിവർമ്മയും സഹോദരനും ഹൈദ്രാബാദിലേയ്ക്കുള്ള ആ യാത്ര തിരിച്ചു.

രാജാ ദീനദയാൽ എന്ന പ്രഭുവിൻെറ ആതിഥ്യത്തിൽ ചരിത്രനായകനും സഹോദരനും രണ്ടുമാസത്തോളം ഹൈദ്രാബാദിൽ താമസിച്ചു. രണ്ടുപേരും അപ്പോഴും ഒരു ദിവസവും ചിത്രങ്ങൾ വരയ്ക്കുന്നതിൽനിന്നും വിരമിച്ചിരുന്നില്ല. ഇക്കാലമായപ്പോൾ ജ്യേഷ്ഠനെപ്പോലെതന്നെ അനുജനും എത്ര വരച്ചാലും മതിവരികയില്ല എന്നായിട്ടുണ്ട്. അടുത്തവർഷം മദ്രാസ്സിൽ പ്രദർശിപ്പിച്ച "സേവനത്തിൽനിന്നു വിരമിച്ച ഭടൻ" എന്ന വിഖ്യാതചിത്രം കഥാനായകൻ, ആ അവസരത്തിൽ ആലേഖനം ചെയ്തതായിരുന്നു.

തിരുവനന്തപുരം ശ്രീചിത്രാലയത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള "ഹൈദ്രാബാദിലെ ഹുസൈൻ സാഗർ തടാകം" ആ സന്ദർശനകാലത്തു് ശ്രീ. രാജരാജവർമ്മ എഴുതിയിട്ടുള്ളതാകുന്നു. ആതിഥേയനായ രാജാ ദീനദയാൽ കഥാപുരുഷനെക്കൊണ്ടു നൈസാമിന്റെ ഒരു എണ്ണച്ഛായാചിത്രം ആലേഖനം ചെയ്യിച്ചു. ഒരു ചെറിയ 'ഫോട്ടോഗ്രാഫിനെ' ആശ്രയിച്ചിട്ടായിരുന്നു ആ ഛായ വരയ്ക്കേണ്ടിവന്നതു്. അങ്ങനെ രണ്ടുമാസത്തോളം രവിവർമ്മയും, സഹോദരനും ഹൈദ്രാബാദിൽ താമസിച്ചു എങ്കിലും, ആ രാജ്യത്തെ ഭരണാധിപനായ

ഒന്നെസാമിനെ സന്ദർശിക്കാൻ അവക്ക് അനുവാദം ലഭിക്കുകയുണ്ടായില്ല.

ഹൈദ്രാബാദിൽനിന്നും നിരാശാവശഗനായി കിളിമാന്തൂരിൽ എത്തിച്ചേൎന്ന രവിവൎമ്മയ്ക്കു വിശ്രമമില്ലാതെ തൂലികയെ പ്രവൎത്തിപ്പിക്കുവാനായി, ചിത്രങ്ങൾക്കായുള്ള അപേക്ഷകൾ ധാരാളം വന്നുകിടപ്പുണ്ടായിരുന്നു. തൻെറ അഭാവത്തിൽ വന്നിട്ടുള്ള കത്തുകളും, വിദേശങ്ങളിൽനിന്നു അയച്ചിട്ടുള്ള കലാപ്രസിദ്ധീകരണങ്ങളും, പുസ്തകങ്ങളും ഒന്നു നോക്കുന്നതിനുതന്നെയും കുറേ അധികം സമയം വ്യയംചെയ്യാതെ സാധിക്കുമായിരുന്നില്ല. "സാദൃശ്യം ദൃശ്യതേ യസ്മിൻ ദൎപ്പണേ പ്രതിബിംബവത്" എന്ന ഭാരതത്തിൻെറ മൗലികമായ ആലേഖ്യശാസ്ത്രനിയമം വിസ്മരിക്കാത്ത ആ ചിത്രകലാകാരന്, പ്രസ്തുത നിയമം അനുസരിക്കുന്ന പാശ്ചാത്യ ചിത്രകാരന്മാരുടെ ചിത്രങ്ങൾ കാണാനും, അതേപ്പററിയുള്ള അഭിപ്രായങ്ങൾ വായിച്ചറിയാനും "സ്വഭാവതദ്വദ്കരണ"മാണ് ചിത്രമെന്ന തൻെറ ബോധത്തിൽ നിർവൃതികൊണ്ടു് ആലേഖനകൃത്യങ്ങളിൽ മുഴുകുവാനുമായുള്ള ജീവിതദിനങ്ങളിൽ ഒന്ന് പ്രയോജനരഹിതമായി ചെലവിടേണ്ടിവന്നുപോയാൽ ഉണ്ടാകുന്ന ഇച്ഛാഭംഗം ചെറുതല്ലായിരുന്നു. ഇവിടെ മറെറാരു കാൎയ്യംകൂടി പ്രസ്താവ്യമാണ്. പാശ്ചാത്യ ചിത്രകാരന്മാരുടെ ചിത്രങ്ങൾ കാണാനും, അവയിലെ സാങ്കേതികതത്വങ്ങൾ ശ്രദ്ധിക്കാനും അദ്ദേഹം പ്രദൎശിപ്പിച്ചിരുന്ന ഔത്സുക്യം ബങ്കാളിൽ ഒരുസംഘം പുതിയ കലാപ്രേമികൾ ഉണ്ടാകാനും, അവക്ക് രവിവൎമ്മാചിത്രകല ഭാരതീയമല്ലെന്ന് അടിസ്ഥാനരഹിതമായ ഒരു ആരോപണം

ഉൻനയിക്കുവാനും ഇടയാക്കിയിട്ടുണ്ടു്. എന്നാൽ, ചിത്രകലയുടെ അടിസ്ഥാനതത്വമെന്തെന്നു നിർവ്വചിക്കപ്പെട്ടിട്ടുള്ള ഭാരതീയസാഹിത്യവുമായി പരിചയിച്ചിട്ടുള്ള മഹാന്മം, രവിവമ്മയെ തുടൻ കല്പാന്തരിക്ഷത്തിൽ ഉദിച്ചുയൻന മഹാചിത്രകാരനുമായ ബങ്കാളിലെ ഡാക്ടർ അവനീന്ദ്രനാഥടാഗോർ തുടങ്ങിയവർ ആരുംതന്നെ അങ്ങനെ നിരത്ഥകമായ ഒരു ആരോപണം കൊണ്ടുവരുന്നതിനു് ഉദ്യമിച്ചിട്ടില്ല എന്നതും വിസ്മരിക്കാവുന്നതല്ല.

1902-ൽ എട്ടു മാസക്കാലം രവിവമ്മ തിരുവിതാംകൂറിൽനിന്നും പുറത്തു പോയതില്ല. ഒക്ടോബറിൽ അവസാനമായി മദ്രണാലയസന്ദശ്നത്തിനായി പോവുകയും, ബാംബെയിൽനിന്നും മദ്രാസ്സിലേയ്ക്കു മടങ്ങി അടുത്ത ഫെബ്രുവരിവരെ അവിടെ താമസിച്ചു ഏതാനും ചിത്രങ്ങൾ എഴുതുകയും ചെയ്തു. ഭാവനാസമ്പന്നന്മാരായ യുവചിത്രകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി, സമ്മാനത്തിനായി തന്റെ ചിത്രങ്ങൾ മേലിൽ ഒരിടത്തും പ്രദശിപ്പിക്കുന്നതല്ലെന്നു പത്രങ്ങളിൽ പരസ്യംചെയ്തുകഴിഞ്ഞിട്ടും ഇന്ത്യയിൽ എവിടെ എങ്കിലും രവിവമ്മയുടെ ചിത്രങ്ങൾ കൂടാതെ ഒരു കലാപ്രദശനം നടത്തുകയാണെങ്കിൽ അതു ഒരു 'പ്രദശന'മാണെന്നു സമ്മതിക്കുവാൻപോലും, ജനസാമാന്യം തയ്യാറായില്ലായിരുന്നു. പ്രദശനങ്ങൾക്കു് അദ്ദേഹം ചിത്രങ്ങൾ അയച്ചിട്ടില്ലാത്തപ്പോൾ "വിശ്വവിഖ്യാതമായിട്ടുള്ള അങ്ങയുടെ ചിത്രങ്ങൾ ഇല്ലെങ്കിൽ ഒരു കലാപ്രദശനവും പൂണ്ണമല്ല" എന്നിപ്രകാരമുള്ള കമ്പിസന്ദേശങ്ങൾ, മൈസൂർ, മദ്രാസ്സ് എന്നിവിടങ്ങളിൽനിന്നു ചില പ്രദശനവേളകളിൽ ലഭിച്ചിട്ടുള്ളതായി കാണാം.

അപ്പോഴം, ചിത്രങ്ങൾകൊണ്ടു കലാപ്രദർശനങ്ങളെ ധന്യമാക്കുന്നതിൽ കഥാപുരുഷൻ ഉൽസുകനായിരുന്നു.

1903-ൽ മദ്രാസിൽ നടന്ന 20-ാമത്തെ ലളിതകലാപ്രദർശനത്തെക്കുറിച്ചുള്ള പത്രറിപ്പോർട്ടി (Madras Mail) ൽ നിന്നും ഏതാനും ഭാഗം ചുവടേ ഉദ്ധരിക്കുന്നു.,

"മദ്രാസ്സ് ലളിതകലാസംഘത്തിൻെറ ഇരുപതാമത്തെ പ്രദർശനം ശനിയാഴ്ച ഉച്ചതിരിഞ്ഞു ഗവർണ്ണർ പ്രഭു ഉൽഘാടനംചെയ്തിരിക്കുന്നു. പൊതുവിലുള്ള വിതാനങ്ങൾ എല്ലാം മിക്കവാറും മുൻകൊല്ലങ്ങളിലേതുപോലെതന്നെ. എന്നാൽ വ്യവസായവിഭാഗത്തിലേയ്ക്കു ഒരു തിരനോട്ടം നടത്തിയാൽ സംഖ്യയിലും, മേന്മയിലും ലഘുവായ സാധനങ്ങളെ പ്രദശിപ്പിക്കപ്പെട്ടിട്ടുള്ളു എന്നാണു കാണുന്നതു്. മുൻകൊല്ലങ്ങളിലെ പ്രദശനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ അഭിപ്രായങ്ങൾ വ്യത്യസ്തങ്ങളായിരിക്കാം; അത്രമാത്രം ആകർഷകങ്ങളായിട്ടുള്ള പ്രദർശനവസ്തുക്കൾ ഇത്തവണ കുറവാണെങ്കിലും, സാമാന്യമായി മുൻകൊല്ലങ്ങളിലേതുപോലെയായിട്ടുണ്ടെന്നു പറയാം.

"കലാഭംഗികുറഞ്ഞ വസ്തുക്കൾ ഇത്തവണ മുൻകാലങ്ങളെ അപേക്ഷിച്ചു് കുറവുതന്നെ. പ്രശംസനീയമായ പലതുമുണ്ടു്. ആദ്യമായി ഇതു ഒരു ഛായാചിത്രപ്രദശനവത്സരമാണെന്നു പറയാം. അവയിൽ ശ്ലാഘനീയതയും പ്രാധാന്യതയും അർഹിക്കുന്നതു വർമ്മാ സഹോ (രവിവർമ്മയും രാജരാജവർമ്മയും) ദരന്മാരുടേയും, ബൊംബെ ആർട്ടിസ്റ്റായ എം. പിത്തവാലായുടേയും ചിത്രങ്ങ

ളാകുന്നു. പ്രദൎശനവിവരണപ്പട്ടികയിൽ പല പുതിയ പേരുകളും ചേൎത്തുകാണുന്നു. അവരിൽ ചില കലാകാരന്മാർ യശസ്വികളായിതീൎന്നിട്ടുള്ളതിനാൽ നാം അവരുടെ നാമങ്ങൾ കേൾക്കാതെയല്ല. എന്നാൽ അവരുടെ ചിത്രങ്ങൾ മുമ്പു മദ്രാസ്സിൽ പ്രദൎശിപ്പിക്കപ്പെട്ടിട്ടുള്ളതല്ല..........വളരെ അധികം ചിത്രങ്ങൾ സമ്മാനമത്സരത്തിനായി അയച്ചിട്ടുള്ളതല്ലെന്നുള്ള വസ്തുതയും പരിഗണനാർഹമാണ്........രവിവൎമ്മ വരച്ചിട്ടുള്ള സർ. ജാർജ്ജമൂർ, സർ. സുബ്രഹ്മണ്യഅയ്യർ, സർ. വി. ഭാഷ്യം അയ്യങ്കാർ എന്നിവരുടെ ഛായാചിത്രങ്ങൾ സമാകർഷകമായിട്ടുണ്ട്.

"ആ ചിത്രകാരൻെറ എല്ലാ ചിത്രങ്ങളിലും വച്ചു (No. 85) "സേവനത്തിൽനിന്നും വിരമിച്ച ഭടൻ" അതുല്യമായ ഒരു ആലേഖ്യം തന്നെയാകുന്നു. ആനന്ദാത്മകമായ ആ കലാശില്പത്തിൽ ഭാവവും, സ്വാഭാവികതയും അത്യുജ്ജ്വല സമുജ്ജ്വലമായിട്ടുണ്ട്. അത്രത്തോളം നല്ല മറ്റൊരു ആലേഖ്യം രവിവൎമ്മയുടെ ചിത്രങ്ങളിൽ ഞങ്ങൾ കണ്ടിട്ടില്ല. ആ ചിത്രം യഥാൎത്ഥമായ സ്തുതിപ്രവഷത്തെ അർഹിക്കുകതന്നെ ചെയ്യുന്നു. അദ്ദേഹത്തിൻെറ മററു ചിത്രങ്ങളിൽ "മലബാറിൻെറ മനോഹരിയായ പുത്രി" "മാരകമാല്യം" "ദേവാലയത്തിലെ കല്പടികൾ" എന്നിവ ആലേഖനം ചെയ്തിട്ടുള്ളതു കലാകാരൻ്റെ സ്വതഃസിദ്ധമായ (ഹൈന്ദവ)രീതിയിലാകയാൽ അതു് ഒരു വിഭാഗം ജനങ്ങളെമാത്രം കൂടുതൽ ആകൎഷിക്കുന്നതാകുന്നു. ഏതായാലും, ഒരു കലാശില്പം എന്ന നിലയിൽ ഉന്നതമായ വിജയം വരിച്ചിരിക്കുന്ന "സേവനത്തിൽനിന്നു വിരമിച്ച ഭടനോടു്" അവയെ താരത

ന്ത്യപ്പെടുത്തുവാൻ നിവൃത്തിയില്ല. രമ്യരംഗചിത്രീകരണത്തിൽ മി. രാജരാജവമ്മ വളരെ പുരോഗമിച്ചിട്ടുണ്ടെന്നു് അദ്ദേഹത്തിന്റെ "ഹൈദ്രാബാദിലെ ഹുസൈൻസാഗർ തടാകം" സമത്ഥിക്കുന്നു. ശൈത്യകാലത്തെ അപരാഹ്നസൂയ്യകിരണങ്ങൾ തട്ടിത്തിളങ്ങി കാണുന്ന ആ ചിത്രത്തിനു ഒരു രജതകീത്തിമുദ്ര ലഭിച്ചിരിക്കുന്നു."

അപ്പോൾ രവിവമ്മയുടെ സന്തതസഹചാരിയായ രാജരാജവമ്മ ആ പ്രദശനത്തിനുശേഷമുണ്ടായ സംഭവങ്ങളെക്കുറിച്ചു തൻെറ ദിനക്കുറിപ്പിൽ എഴുതിയിരിക്കുന്നു.

"അതിനുശേഷം ഉണ്ടായ സംഭവങ്ങളിൽ പ്രാധാന്യം അർഹിക്കുന്നതു് വിജ്ഞനും, സമുദായമദ്ധ്യത്തിൽ ആദരണീയനുമായിരുന്ന ഞങ്ങളുടെ കുടുംബത്തിലെ കാരണവൻ രാജരാജവമ്മ കൊച്ചുകോയിത്തമ്പുരാന്റെ നിയ്യാണമായിരുന്നു. ഞങ്ങളുടെ കുടുംബത്തെ സംബന്ധിച്ചു് അതു് എത്രയും നിർഭാഗ്യകരമായ ഒരു സംഭവമായിരുന്നു. അദ്ദേഹത്തിനുശേഷം കിളിമാന്നൂർ കുടുംബത്തിലെ കാരണവസ്ഥാനം മഹാകലാകാരനായ എൻെറ സഹോദരൻ രവിവമ്മയ്ക്കു വഹിക്കേണ്ടിവന്നു. ആ ഉന്നതി യാത്രാകുതുകിയായ അദ്ദേഹത്തിനു ഹിതകരമായ ഒന്നല്ല. ഇക്കാലങ്ങളിൽ ദക്ഷിണ വെല്ലൂരിലെ സെമിന്ദാരുടേയും അദ്ദേഹത്തിൻെറ പിതാവിൻെറയും ഇന്ത്യാ ചക്രവത്തിനിയുടേയും ചക്രവത്തിയുടേയും, രാജമന്തിരിയിലെ ബഹു: എൻ. സുബ്ബറാവു പന്തലുവിന്റേയും അധികാരത്തിലുള്ള ഛായാ ചിത്രങ്ങളാണു് ഞങ്ങൾക്കു പ്രധാനമായി ആലേഖനം ചെയ്യുവാനുണ്ടായിരുന്നതു്.

"ഒക്ടോബറിൽ ഒരിക്കൽക്കൂടി ഞങ്ങൾ ബാംബെയിലേയ്ക്കു പോയി. 'രവിവർമ്മാ ഫൈൻആർട്ട്സ് പ്രസ്സ്' ഇപ്പോൾ പ്രവർത്തിച്ചുപോരുന്ന കാർലിൽ എന്ന സ്ഥലത്തു ഞങ്ങൾ മൂന്നോ നാലോ ദിവസം താമസിച്ചു. പ്രസ്സിൻെറ അവകാശം വിട്ടുകൊടുത്തതിൻപ്രകാരം വരേണ്ട 25,000 രൂപായിൽ, ഒരു ഭാഗമേ തന്നിരുന്നുള്ളു. ശേഷം സംഖ്യതരാതെ മി. സ്ലൈഷർ ഒരു നാട്യത്തിൽ കഴിയുകയായിരുന്നു. ഞങ്ങൾ സ്ലൈഷരുമായി സംസാരിച്ചു. എല്ലാ ഇടപാടും ഒക്ടോബർ അവസാനത്തോടുകൂടി തീർത്തുകൊള്ളാമെന്നു സ്ലൈഷർ സമ്മതിച്ചു. അതിനുശേഷം ഞങ്ങൾ ബാംബയിലേയ്ക്കു പോയി ഗാംദേവിറോഡിൽ ഒരു കെട്ടിടം വാടകയ്ക്കെടുത്തു താമസിച്ചു. നവംബർ പത്താം തീയതിക്കു മുൻപു ഞങ്ങൾ പല വിട്ടുവീഴ്ചകളും ചെയ്തുകൊടുത്തിട്ട്, സ്ലൈഷരുമായിട്ടുള്ള ഇടപാടുകൾ ഒതുക്കിത്തീർത്തു."

സാമ്രാജ്യഗവർണ്മെൻററിൽ നിന്നും 1904-നവവർഷാരംഭത്തിൽ നമ്മുടെ കഥാനായകനു് 'കേസരിഹിൻദ്' എന്ന ബഹുമതിമുദ്ര നൽകിയതിനെപ്പററി ശ്രീ. രാജരാജവർമ്മ ഇങ്ങനെ എഴുതിയിരിക്കുന്നു:

"എൻെറ ജ്യേഷ്ഠനിൽ അർപ്പിതമായിരിക്കുന്ന ബഹുമതി അഭിലഷിക്കാതെ വന്നെത്തിയതാകുന്നു. ഞങ്ങൾ അതേക്കുറിച്ചു ആരോടെങ്കിലും സംസാരിക്കുകയോ, ശ്രമം ചെയ്യുകയോ ചെയ്തിട്ടില്ല..........ഇന്ത്യയുടെ ചരിത്രത്തിൽ ഒരു ചിത്രകലാകാരനെ ബഹുമാനിക്കുന്നതു, ഇതാദ്യമായിട്ടാണു്. ഇതുവരെയും ബഹുമതികൾ നൽകിപ്പോന്നിരുന്നതു് ഉദ്യോഗസ്ഥന്മാർക്കും, വൻതുകകൾ ഉദാരമായി ധർമ്മവിഷയങ്ങൾക്കു ചെലവിടുന്ന

യനികന്മാക്കമായിരുന്നു. ഇന്ത്യയിൽ ചിത്രകലയെ പുരോഗമിപ്പിക്കുന്നതിൽ ഈ ബഹുമതി ഒരിക്കലും പരാജയപ്പെടുന്നതല്ലായിരിക്കും. ഇതു ഞങ്ങൾക്കു(കിളിമാനൂർ കുടുംബാംഗങ്ങൾക്കു്) ചെറുതായുള്ള സംതൃപ്തിയെഅല്ല പ്രദാനംചെയ്യുന്നതു്. ഭാരതത്തിലെ ആദ്യത്തെ ലോകചരിത്രകാരനായ അദ്ദേഹത്തിനു തന്റെ കലയോടുള്ള ഭക്തിയും പ്രേമവും ഭരണകൂടം അംഗീകരിച്ചതിൽ ആ മഹാ ചിത്രകാരന്റെ സന്തതസഹചാരിയും, സഹപ്രവൎത്തകനും, സഹായിയുമായ എനിക്കു് അദ്ദേഹം എന്റെ ഭ്രാതാവും, കിളിമാനൂർ കുടുംബത്തിലെ പ്രധാനിയുമാണെന്നോക്കുമ്പോൾ അമിതമായി ആഹ്ലാദിക്കുവാനുണ്ടു്. എന്റെ ജ്യേഷ്ഠന്റെ ജീവിതത്തിലെ സുസ്മരണീയവൎഷമായി എപ്പോഴും ഈ നവവത്സരത്തെ ഞങ്ങൾ അനുസ്മരിക്കുന്നതായിരിക്കും."

---

## അദ്ധ്യായം 18.

ഇന്ത്യാസാമ്രാജ്യഭരണകൂടം രാജാരവിവൎമ്മയ്ക്കു നൽകിയ ബഹുമതി ഭാരതജനസമുദായം അദ്ദേഹത്തിൽ അൎപ്പിച്ചിട്ടുള്ള ഉത്തുംഗമായ ആദരവുമായി താരതമ്യപ്പെടുത്തുമ്പോൾ എത്രയോ തുച്ഛമായിരുന്നു. എങ്കിലും, ആ ബഹുമതിലബ്ധി അദ്ദേഹത്തിന്റെ ജന്മഭൂവായ തിരുവിതാംകൂറിലെ ഉന്നതന്മാരിൽ ചിലരുടെ ഇടയിൽ അടക്കുവാനാവാത്ത അസൂയയെയാണു ജനിപ്പിച്ചതു്.

തന്റെ കുടുംബത്തിൽപ്പെട്ട അംഗങ്ങൾതന്നെ ആ മഹാപുരുഷന്റെ മഹത്വത്തിന്റെയും, യശസ്സിന്റെയും

ന്നേരേ കണ്ണുപൂട്ടികൊണ്ടു പെരുമാറിയിട്ടുണ്ടു്. അതാണു് എത്രയും ആശ്ചര്യമായിട്ടുള്ളതു്.

'കുടുംബദ്രോഹി' എന്നു അഭിസംബോധനംചെയ്തു കൊണ്ടു ഇതരനാമത്തിലും, കയ്പടയിലും കഥാപുരുഷനു് കള്ളക്കത്തെഴുതാൻ മടിക്കാത്ത ഇംഗ്ലീഷുവിദ്യാഭ്യാസംചെയ്ത ചില യുവാക്കന്മാരും അക്കാലത്തു കിളിമാനൂർ കൊട്ടാരത്തിൽ ഉണ്ടായിരുന്നു.

സ്വാതന്ത്ര്യനും, സ്വാശ്രയജീവിതത്തിന്റെ ഉത്തമമാതൃകയും, വിശ്വവിഖ്യാതനുമായ ആ സൗന്ദര്യബോധോത്തേജകന്റെ മണ്ഡലം ഏതാണെന്നു് ചിന്തിക്കുവാനുള്ള ആലോചനാശക്തി അവക്കു് അശേഷവും ഇല്ലായിരുന്നു. എങ്കിലും, "സംപൂജ്യനായ കലാകാരൻ" "ഭാരതീയകലയുടെ പിതാവു്" എന്നിങ്ങനെ അഭിസംബോധനം ചെയ്തുകൊണ്ടുള്ള രാജ്യതന്ത്രജ്ഞന്മാരുടേയും, മഹാരാജാക്കന്മാരുടേയും, പൊതുജനനേതാക്കന്മാരുടേയും, കലാപ്രേമികളുടേയുംമററും കത്തുകൾ പ്രതിദിനമെന്നോണം തപാലിൽ വന്നുകൊണ്ടിരിക്കുന്നതും, 'റട്ടർ' (Reuter) മുതലായ ലോകവാർത്താവിതരണപ്രതിനിധികൾ അഭിമുഖസംഭാഷണങ്ങൾക്കായി വരുന്നതും, വിശ്രുതന്മാരും ബഹുമാന്യന്മാരുമായുള്ളവർ ദൂരദേശങ്ങളിൽനിന്നും ആതിഥ്യത്തിനായി കിളിമാനൂർകൊട്ടാരത്തിൽ സമാഗതരാവുന്നതും ഒക്കെ അവർ, കാണാതെയല്ല. കുടുംബം പൂർവാധികം ഐശ്വര്യസമ്പൂർണ്ണമായിത്തീർന്നതും, കുലയശസ്സു വർദ്ധമാനമായിത്തീർന്നതും ആ "കുടുംബദ്രോഹി" യുടെ തൂലികകൊണ്ടാണെന്നുള്ള വസ്തുതയെ അവർ കേവലം ഉദാസീനമായി വീക്ഷിച്ചു. സ്ഥാനബലിപ്പുമാണു് മഹത്വകാരണമെന്നു വിശ്വസിച്ചുപോന്നിരുന്ന

അന്നത്തെ സമുദായത്തിൻെറ ഉപരിതലത്തിൽ സഞ്ചരിച്ചിരുന്നവക്കും, ആ ഉപരിതലവിഹാരത്തെ ശ്രേയസ്കരമായി കരുതി ആരാധിച്ചിരുന്നവക്കും, അനുകരിക്കാൻ വയ്യാത്ത ഒരു ആദശ്മായിരുന്നു രാജാ രവിവമ്മ.

അക്കാലത്തു മദ്രാസുനഗരിയിലെ കലാലയങ്ങളിൽ അദ്ധ്യയനംചെയ്തിരുന്ന യുവവിദ്യാത്ഥികഠ, രവിവമ്മ മദ്രാസ്സിൽ ചെന്നുകഴിഞ്ഞാൽ എത്രകാലം താമസം ഉണ്ടെന്നും, ഏതെങ്കിലും പൊതുസ്ഥലങ്ങളിൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടുമോ എന്നും, സന്ദശിക്കുവാൻ സാധിക്കുമോ എന്നും മററും, രാജരാജവമ്മയോടു കത്തുകഠ മൂലം അന്വേഷിച്ചിരുന്നു. വിദ്യാത്ഥികളോടു പൊതുവിൽ സ്വാശ്രയജീവിതത്തിൻെറയും, വ്യവസായത്തിൻെറയും മഹിമകളെക്കുറിച്ചു് അദ്ദേഹം സംസാരിച്ചിരുന്നു; കലാവാസനയുള്ളവരോടു്, സൗന്ദയ്യബോധം നൽകുന്ന ആന്തരികമായ മാർദ്ദവത്തെ അദ്ദേഹം ചൂണ്ടിക്കാട്ടിയിരുന്നു. ജനങ്ങളിൽ വ്യാപകമായി സൗന്ദയ്യാത്മകമായ വിചാരങ്ങഠ ഉണന്നാൽ, പരമ്പരാഗതമായ സമരാവേശം മാനവസമുദായം ക്രമേണ വിസ്മരിച്ചുപോകുമെന്നു ചരിത്രപുരുഷൻ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായിട്ടുണ്ടു്. ബുദ്ധികൊണ്ടോ, മനസ്സുകൊണ്ടോ ജോലിചെയ്യാൻ പ്രാപ്തിയുള്ളവർ എല്ലാവരും അവശ്യം ജോലിചെയ്യണമെന്നും, വ്യവസായോൽബുദ്ധരല്ലാത്ത ഒരു ജനതയുടെ ഇടയിൽ കലയ്ക്കു വളരുവാൻതക്കവണ്ണം പ്രോത്സാഹനം ലഭിക്കുകയില്ലെന്നും ഉള്ള അഭിപ്രായം അദ്ദേഹം പലപ്പോഴും പ്രകടമാക്കിയിട്ടുണ്ടു്. നാഗർകോവിലിൽ സമാരംഭിച്ച "ശ്രീമൂലം രാമവമ്മ സാങ്കേതികവിദ്യാലയം" ഉത്ഘാടനംചെയ്യുന്നതിനു് കലാ

കാരനായ രവിവർമ്മയെ ക്ഷണിക്കുവാൻ തത്പ്രവർത്തകർ തീരുമാനിച്ചതിൽനിന്നും, സാങ്കേതികജ്ഞാനവും, വ്യവസായോന്നതിയും കൈവരണമെന്നുള്ള അദ്ദേഹത്തിൻെറ അഭിപ്രായം മററുള്ളവർക്ക് മാതൃകാപരമായിരുന്നു എന്നു കാണാം. ആ സാങ്കേതികവിദ്യാലയം ഉത്ഘാടനംചെയ്യുമ്പോൾ ചെയ്ത പ്രസംഗ (തമിഴ്)ത്തിൽ കഥാനായകൻ, രാജ്യത്തിൻെറ ഭാവിക്ഷേമം സാങ്കേതികവിജ്ഞാനത്തിലും വ്യവസായീകരണത്തിലുമാണു് നിലനിൽക്കുന്നതെന്നു് എടുത്തുപറയുകയല്ല, ദീർഘദർശനംചെയ്യുകതന്നെ ഉണ്ടായി.

1904 ഫെബ്രുവരിമാസത്തിൽ മദ്രാസുനഗരത്തിൽ നടന്ന കലാപ്രദർശനത്തേയും, രവിവർമ്മയും സഹോദരനും അവരുടെ ചിത്രങ്ങൾകൊണ്ടു ധന്യമാക്കി. അവർ നേരിട്ടു ചിത്രങ്ങൾ പ്രദർശനത്തിനു നൽകിയ അവസാനത്തെ കലാപ്രദർശനം അതായിരുന്നു.

ഫെബ്രു. വരി രണ്ടാംതീയതി കാലത്തു അവർ പ്രദർശനസ്ഥലത്തെ ഒരുക്കങ്ങൾ കാണുന്നതിനായിപ്പോയി. രാജരാജവർമ്മ ഇപ്രകാരം ദിനക്കുറിപ്പിൽ എഴുതിയിരിക്കുന്നു:

"ഇന്നു കാലത്തു്, ഞങ്ങളുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുവാൻ പോകുന്ന സെനററുഹാളിലേയ്ക്കു പോവുകയുണ്ടായി." "ഒരു പാർസിമാന്യൻ" "വിദൂരപൂർവ്വദേശത്തെ സങ്കടാവസ്ഥ" (ഒരു ബാലൻ ഏററവും ഒടുവിലത്തെ വാർത്തകൾ അവൻെറ മിത്രത്തെ വായിച്ചു കേൾപ്പിക്കുന്നു) "താമരപ്പൂവിലെ അപ്സരസ്സ്" ഇങ്ങനെ മൂന്നു ചിത്രങ്ങൾ ജ്യേഷ്ഠൻ എഴുതിയതു പ്രദർശിപ്പിക്കുന്നുണ്ടു്. ഞാൻ എഴുതിയ "മദ്ധ്യാഹ്നവിശ്രമം", (മദ്ധ്യാഹ്ന

ക്ഷണാനന്തരം ഒന്നു വിശ്രമിക്കുന്നതിനായി ഉറക്കറയിൽ വീണിരിക്കുന്ന ഒരു മലയാളവനിത അടുത്തു വീശിക്കൊണ്ടു നിൽക്കുന്ന പരിചാരികയോടു സംസാരിക്കുന്നു. പരിചാരിക സംഭാഷണം കേൾക്കുന്നുണ്ടെങ്കിലും, വെയിലിൻെറ ചൂടുകൊണ്ടു ഉറങ്ങിപ്പോകുന്നു) "ട്രിപ്പിക്കയിനിലെ ക്ഷേത്രം" "പ്രഭാതപ്രാത്ഥന" എന്നീ ചിത്രങ്ങളാണു്, എൻേറതായി പ്രദശിപ്പിക്കുവാൻ പോകുന്നതു്."

രവിവമ്മ അപ്പോൾ എഴുതിക്കൊണ്ടിരുന്ന ഗവണ്ണർ ആംപ്ഥിൽപ്രഭുവിൻെറ പത്നിയുടെ ഛായാപടവും, ആ പ്രദശനത്തിനു് അയച്ചിരുന്നു. പ്രദശനം ഉത്ഘാടനം ചെയ്ത ദിവസത്തെ ദിനക്കുറിപ്പിൽ രാജരാജവമ്മ എഴുതിയിരിക്കുന്നു:—

"ഇന്നു പുലച്ചെയ്ക്കു, പ്രദശനത്തിനയച്ചിട്ടുള്ള ആംപ്ഥിൽ പ്രഭ്വിയുടെ ഛായാചിത്രത്തെ ഒന്നുകൂടി തുലികകൊണ്ടു സ്പശിക്കുന്നതിനായി ഞങ്ങൾ സെനററ ഹാളിലേയ്ക്കുപോയി. വൈകുന്നേരം നാലുമണിക്കു പ്രദശനം ഉത്ഘാടനം ചെയ്യപ്പെട്ടു. എൻെറ മദ്ധ്യാഹ്ന വിശ്രമ"ത്തിനു് ഒന്നാംസമ്മാനമായ കീത്തിമുദ്രയും, "ട്രിപ്പിക്കയിനിലെ ക്ഷേത്രം" "പ്രഭാതപ്രാത്ഥന" എന്നീചിത്രങ്ങൾക്കു ഓരോ 'ബ്രോൺസുമെഡ'ലും ലഭിക്കുകയുണ്ടായി. ഇത്തവണ ചിത്രങ്ങൾ വയ്ക്കുന്നതിനു ചെയ്തിട്ടുള്ള ഏപ്പാടുകളും, പ്രദർശിപ്പിക്കപ്പെട്ടിട്ടുള്ള ചിത്രങ്ങളും തൃപ്തികരമാണു്. എൻെറ ജ്യേഷ്ഠൻെറ പുത്രൻ രാമവമ്മയുടെ ചിത്രത്തെ അത്യധികം പ്രശംസിച്ചുകൊണ്ടുള്ള ഒരു പത്രിക എനിക്കു ലഭിച്ചു. ജ്യേഷ്ഠൻെറ്റ ഏക സമ്മാനമായ ഇരുപത്തഞ്ചുരൂപ സി. ആർ. നാരാ

യ്ണസ്വാമിനായിഡുവിൻെറ ചിത്രത്തിനു കിട്ടി. അതിനേക്കാളും നന്നായിട്ടുള്ള ചിത്രം രാമവമ്മയുടേതായിരുന്നു. ആ സമ്മാനത്തുക രാമവമ്മയ്ക്കു കൊടുക്കേണ്ടതായിരുന്നു. മിസ്സിസ് ആട്കിൻസ്സിന്റെ ജലച്ഛായത്തിലുള്ള രമ്യരംഗചിത്രങ്ങൾക്കു മൂന്നു സമ്മാനങ്ങൾ ലഭിച്ചു. അവയിൽ ചിലതു മനോഹരമായിട്ടുണ്ടു്......"

ആ പ്രദർശനത്തെക്കുറിച്ചു്, 'ഹിന്ദു' പത്രാധിപരായിരുന്ന ശ്രീ. സി. കരുണാകരമേനവൻ ആവശ്യപ്പെട്ടനുസരിച്ചു് രാജരാജവമ്മ നിരൂപണപരമായ ഒരു ലേഖനം എഴുതുകയുണ്ടായി. പ്രസ്തുത ലേഖനം, മുഖപ്രസംഗമായി ഹിന്ദുവിൽ പ്രസിദ്ധീകരിച്ചു. അതേപ്പററി ലേഖനകത്താവായ രാജരാജവമ്മ പറയുന്നു: "പ്രദർശനത്തെപ്പററിയുള്ള എൻെറ ലേഖനം ഹിന്ദുവിൽ മുഖപ്രസംഗമാക്കിയിരിക്കുന്നതു കണ്ടു. ആ മുഖപ്രസംഗം വായിച്ചവർ പറയുന്നതു്, അതിൽ പ്രദർശനവസ്തുക്കളെപ്പററി യോഗ്യവും നിഷ്പക്ഷവും ആയ രീതിയിൽ വിമശിച്ചിട്ടുണ്ടെന്നാണു്. 'മദ്രാസ്മെയി'ലിൽ പ്രസിദ്ധീകരിച്ചിരുന്ന ലേഖനം മോശപ്പെട്ട രീതിയിലുള്ളതാകുന്നു. അതിൽ നിഷ്പക്ഷത പരിപാലിച്ചു കാണുന്നില്ല; ചിലരെ വാനോളം സ്തുതിക്കുന്നു; മററു ചിലരെ ആക്ഷേപിച്ചു തരംതാഴ്ത്തുന്നു. ആ ലേഖനത്തിൻെറ കത്താവു് യുറേഷ്യനായ മി. ക്ലിഫോർഡ് ആണെന്നുതോന്നുന്നു. ആ ലേഖകൻ മററു ചിലരുടെ അഭിപ്രായങ്ങളെ പ്രതിധ്വനിപ്പിക്കുകയാണു് ചെയ്യുന്നതെങ്കിലും താൻ വലിയ ഒരു നിരൂപകനാണെന്നു നടിക്കുന്നുണ്ടു്...."

പ്രദർശനം കഴിഞ്ഞതോടുകൂടി, രവിവമ്മയും സഹോദരനും തിരുവിതാംകൂറിലേയ്ക്കു മടങ്ങുവാൻ

തീരുമാനിച്ചു. ചരിത്രപുരുഷൻെറ ആരോഗ്യം വീണ്ടും ക്ഷയിച്ചുതുടങ്ങിയിരുന്നു. മദ്രാസ്സിലെ സമർത്ഥന്മാരായ ഡാക്റ്റരന്മാരെക്കൊണ്ടു പരിശോധിപ്പിക്കുകയും, ചികിത്സിപ്പിക്കുകയും ചെയ്തുവെങ്കിലും, അതുകൊണ്ടു വലിയ ഫലം ഒന്നും ഉണ്ടായിട്ടില്ല. ഫെബ്രുവരി 28-ാംനു വൈകുന്നേരം, അവർ മദ്രാസ്സിൽനിന്നു തിരിച്ചു പുലച്ചു മായവരത്തു എത്തിച്ചേർന്നു. അവിടെ കളക്ടർ ശ്രീ രവിവർമ്മയുടെ ആതിഥ്യത്തിൽ മൂന്നു ദിവസം താമസിച്ചു. കഥാപുരുഷൻ ആ ദിവസങ്ങളിൽ പെട്ടെന്നുണ്ടായ പനിനിമിത്തം തീരെയും അസ്വാസ്ഥനായിരുന്നു. മാർച്ചുമാസം മൂന്നാംതീയതി പുലർന്നപ്പോഠം, തൻെറ ഇളയ സഹോദരൻ ശ്രീ. ഗോദവർമ്മ ചരമമടഞ്ഞിരിക്കുന്നതായി പ്രസ്താവിക്കുന്ന ഒരു കമ്പിസന്ദേശം ചരിത്രനായകനു് ലഭിച്ചു. അവർ അന്നു വൈകുന്നേരം നേരേ ചെങ്കോട്ടയിലെത്തുന്ന തീവണ്ടി കയറി. ദുഃഖപൂരിതമായ ചിന്തകളെക്കൊണ്ടു രണ്ടുപേരും വഴിയിലൊരിടത്തും ലഘുഭക്ഷണംപോലും കഴിക്കുകയുണ്ടായില്ല. അന്നു് തിരുവിതാംകൂറിലേയ്ക്കു (കൊല്ലത്തേയ്ക്കു)ള്ള തീവണ്ടിപ്പാതയുടെ പണി നടന്നുകൊണ്ടിരിക്കുകയായിരുന്നു. നാലാംതീയതി ഉച്ചയോടുകൂടി ചെങ്കോട്ടയിൽ എത്തിയ അവർ അവിടെനിന്നും കാളവണ്ടിവഴി ഉടനേ കിളിമാനൂരിലേയ്ക്കു തിരിച്ചു.

---

# അദ്ധ്യായം 19.

സഹോദരൻ ഗോദവർമ്മയുടെ ശ്രാദ്ധാദികർമ്മങ്ങൾ കഴിഞ്ഞ ഉടനേ രവിവർമ്മ കിളിമാനൂരിൽനിന്നും തിരുവനന്തപുരത്തേയ്ക്കു പോയി. മൂടത്തു മഠം ആ അവസ്ഥയിലും അദ്ദേഹത്തിന് പ്രിയതരമായിരുന്നു. എന്നാൽ ലോകപ്രസിദ്ധനായ ആ മഹനീയ വ്യക്തിക്ക്, തിരുവനന്തപുരത്തു വരുമ്പോൾ താമസിക്കുന്നതിനായി കൃഷ്ണവിലാസം കൊട്ടാരം (ശ്രീപാദം കൊട്ടാരത്തിന്റെ ഒരു ഭാഗം) മഹാരാജാവിന്റെ നിർദ്ദേശമനുസരിച്ച് എപ്പോഴും ഒഴിച്ചിടുക പതിവായിരുന്നു. ആ പ്രാവശ്യവും ചരിത്രപുരുഷൻ ആ കൊട്ടാരത്തിൽതന്നെ താമസമാക്കി.

ശ്രീമൂലംതിരുനാൾ മഹാരാജാവിനേയും, മാവേലിക്കരനിന്നും തിരുവിതാംകൂർ രാജകുടുംബത്തിലേയ്ക്കു ദത്തെടുത്തിട്ടുള്ള തന്റെ രണ്ടു ചെറു * ദൗഹിത്രികളേയും അദ്ദേഹം ചെന്നു കണ്ടു. വിവാഹിതകളും പുത്രവതികളുമായിത്തീർന്നിരുന്ന തന്റെ പുത്രിമാർക്കാകട്ടെ ഒരു വിദേശിയെപ്പോലെ വന്നുപോകാറുള്ള പിതാവിന്റെ ദർശനം അപൂർവ്വമായ ഒരു ഉത്സവംതന്നെയായിരുന്നു..........................അദ്ദേഹം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ദർശനം കഴിച്ചു, ശീവേലി തൊഴുതു. മിത്രങ്ങളായ റസിഡണ്ടുമക്കൻസി സായിപ്പ്, ദിവാൻ വി. പി. മാധവറാവു, ഹൈക്കോടതിജഡ്ജി

---

* 1. റീജൻറായി തിരുവിതാംകൂർരാജ്യം ഭരിച്ചിരുന്ന മഹാറാണി സേതു ലക്ഷ്മീബായി.

2. മഹാറാണി സേതു പാർവതീബായി (ശ്രീ ചിത്തിരതിരുനാൾമഹാരാജാവിന്റെ മാതാവ്.)

ശ്രീ. ഏ. ഗോവിന്ദപ്പിള്ള, ദിവാൻ പദത്തിൽനിന്നും വിരമിച്ച ശ്രീ. ശങ്കരസുബ്ബയ്യർ, ദിവാൻപേഷ്കാർ ശ്രീ. നാഗമയ്യ, ഡാക്ടർ പുന്നൻ എം. ഡി; എന്നിവരുമായി സംഭാഷണങ്ങൾ നടത്തി. ആ മിത്രങ്ങളിൽ ചിലർ നൽകിയ സൽക്കാരങ്ങൾ സ്വീകരിച്ചു; അവരിൽ ചിലർ തങ്ങളുടെ ഛായാചിത്രങ്ങൾ എഴുതണമെന്നു അപേക്ഷിച്ചു; അതു അനുജനോടായിരുന്നു; പ്രസിദ്ധനായ ജ്യേഷ്ഠനോടു ചിത്രത്തിനുവേണ്ടി അഭ്യർത്ഥിക്കുവാൻ, ആ അപേക്ഷകർക്കു് സങ്കോചം തോന്നിയിരിക്കാം. സർക്കാരുദ്യോഗങ്ങളിൽ ഇരിക്കുന്നവരും, ഉദ്യോഗങ്ങളിൽനിന്നു വിരമിച്ചവരുമായ ആ മിത്രങ്ങൾക്കു, സർക്കാരുദ്യോഗത്തെ വലിച്ചെറിഞ്ഞിട്ടു തന്നോടുകൂടി പോന്നാൽ സുഖമായി ജീവിക്കാൻ മാർഗ്ഗം കാണിച്ചുതരാമെന്നു ഉറപ്പുനൽകി, ഡാക്ടർ പി. എം. മത്തായി എം. ഡി-യെ ബാംബെയിലേയ്ക്കു കൊണ്ടുപോയി, മാന്യമായ രീതിയിൽ സ്വതന്ത്രജീവിതത്തിനും ആതുരസേവനത്തിനും, ആ ഭിഷഗ്വരനു് മാർഗ്ഗം കാട്ടിക്കൊടുത്ത ആളാണു് രവിവർമ്മ എന്നു് അറിയാമായിരുന്നു.

ഉദ്യോഗപ്പെരുമയും, കൊട്ടാരത്തിലെ സേവാവൃത്തിയുംകൊണ്ടു സന്തുഷ്ടി അടഞ്ഞിരുന്ന അന്നത്തെ തിരുവനന്തപുരം സമുദായത്തിൽ, രവിവർമ്മ ഒരു നൂതനമനുഷ്യനായിരുന്നു. അത്രത്തോളം ലോകവ്യാപകമായ യശസ്സ് ആർജ്ജിക്കുവാൻ സാധിച്ചിട്ടുള്ള വേറൊരു വ്യക്തിയെപ്പറ്റി അനന്തശയനനഗരത്തിന്റെയോ, തിരുവിതാംകൂർരാജ്യത്തിന്റെയോ ചരിത്രത്തിൽ അറിയപ്പെട്ടിരുന്നില്ല. ആ വിശ്വവിശ്രുതന്റെ വീക്ഷണ

ഗതികളും അഭിപ്രായങ്ങളും, പെരുമാററവും തിരുവനന്തപുരത്തെ പൗരാവലിക്കു വിസ്മയാവഹമായിരുന്നു.

പ്രഭുകുടുംബങ്ങളിൽനിന്നും പൊതുവിദ്യാലയങ്ങളിൽ പഠിക്കുവാൻ പോകുന്നവക്കു ക്ലാസ്സുമുറികളിൽ, മററു വിദ്യാത്ഥികളുമായി സമ്പക്കം ഉണ്ടാകാതെയിരിപ്പാനായി പ്രത്യേകം ഇരിപ്പിടങ്ങൾ നൽകിപ്പോന്നിരുന്ന കാലമായിരുന്നു അന്നു്. "വലിയവർ" അതൊരു ബഹുമതിയായും ഗണിച്ചിരുന്നു.

അപ്പോൾ കഥാനായകൻെറ ഭാഗിനേയനായ ശ്രീ. കെ. ആർ. രവിവമ്മയും, കുടുംബാംഗങ്ങളായ മററു രണ്ടു മൂന്നു യുവാക്കന്മാരും തിരുവനന്തപുരം കോട്ടയ്ക്കകത്തുള്ള 'ഫോർട്ടു് ഇംഗ്ലീഷു ഹൈസ്കൂ'ളിൽ പഠിക്കുകയായിരുന്നു. അവക്കു് അദ്ധ്യാപകൻെറ സമീപത്തു് അഭിജാതകുലജാതന്മാക്കു മാത്രമായുള്ള ഇരിപ്പിടങ്ങൾ നൽകപ്പെട്ടിരുന്നു. ഈ വസ്തുത അറിയാമായിരുന്ന ചരിത്രനായകൻ ഒരു ദിവസം മൂടത്തുമഠത്തിൽ ചെന്നപ്പോൾ, അവിടെ താമസിച്ചു പഠിച്ചുകൊണ്ടിരുന്ന തൻെറ ഭാഗിനേയനേയും, മററു യുവാക്കന്മാരേയും വിളിച്ചു് ഇപ്രകാരം പറയുകയുണ്ടായി:

"മേലിൽ അദ്ധ്യാപകന്മാരുടെ അടുക്കൽ നൽകിയിട്ടുള്ള കസേരകൾ വേണ്ടെന്നുവച്ചിട്ടു നിങ്ങൾ മററു വിദ്യാത്ഥികളുടെ കൂട്ടത്തിൽ ചെന്നിരുന്നു പഠിക്കണം. വിദ്യാലയത്തിൽ പഠിക്കാൻ വരുന്നവരെ വിദ്യാത്ഥികളായിട്ടു മാത്രമേ ഗണിക്കാവൂ. ജാതിയും കുലമഹിമയും വിദ്യാലയത്തിലല്ല. പള്ളിക്കൂടത്തിൽ പോയിവന്നാൽ വീണ്ടും കുളിച്ചിട്ടേ ഭക്ഷണംകഴിക്കാവൂ എന്ന ഏപ്പാടും നിമിത്തം നിങ്ങൾ ഉച്ചയ്ക്കു് ഉണ്ണാതെ ഇരിക്കുന്നതും

നീത്തലാക്കണം. ചോറു് അവിടെവച്ചുണ്ണുന്നതു് ഒക്കരവല്ല."

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന രാജകുടുംബാംഗങ്ങളായ ആ യുവാക്കന്മാർ അടുത്ത ദിവസംമുതൽ ആ നിർദ്ദേശമനുസരിച്ചു് വിദ്യാർത്ഥിസാമാന്യത്തോടൊപ്പം ഇരുന്നു പഠിക്കുവാൻ തുടങ്ങി. പക്ഷേ, കഥാപുരുഷന്റെ ആ നിർദ്ദേശം നഗരത്തിലെ സ്ഥാനികളായ ചില "വലിയ ആളുകൾ"ളേയും, വിദ്യാലയത്തിൽ പ്രത്യേക ഇരിപ്പിടങ്ങൾക്കു് അവകാശികളായി കഴിഞ്ഞിട്ടുള്ളവരുടെ സന്താനങ്ങളേയും പ്രക്ഷുബ്ധരാക്കിത്തീർക്കാതിരുന്നില്ല.

ഒരിക്കൽ ബാലനായ ഭാഗിനേയൻ (ശ്രീ. കെ. ആർ. രവിവർമ്മ) ഭൃത്യന്റെ ഉപദേശം നിഷേധിച്ചു സംസാരിച്ചു എന്നറിഞ്ഞപ്പോൾ ആ ഭൃത്യന്റെ മുൻപിൽചെന്നു പരസ്യമായി മാപ്പുചോദിക്കുവാനായിരുന്നു ചരിത്രപുരുഷൻ വിധിക്കുകയുണ്ടായതു്. അറിവില്ലാത്തവരും, ഗതി ഇല്ലാത്തവരും എന്ന നിലയിൽ അദ്ദേഹം ഒരിക്കലും ഏററവും താണ ഭൃത്യനോടുപോലും പെരുമാറിയിരുന്നില്ലെന്നു മാത്രമല്ല, സഹജമായ സ്നേഹവാത്സല്യങ്ങൾ അവരുടെ നേർക്കും കാട്ടിപ്പോന്നിരുന്നു. ആരേയും അദ്ദേഹം ബഹുമാനിച്ചിരുന്നു. ആശ്രിതന്മാരോടും ഭൃത്യന്മാരോടും മിത്രങ്ങളോടെന്നപോലെ സംസാരിക്കുകയും, അവർ പറയുന്നതിൽ അടങ്ങിയിട്ടുള്ള സാരാംശത്തെ സ്വീകരിക്കുകയും ചെയ്തുപോന്നിരുന്നു.

ഒരു ദിവസം, ഭാഗിനേയനും, കുടുംബാംഗങ്ങളും വിദ്യാർത്ഥികളുമായ മററു രണ്ടുമൂന്നുപേരുമായി പ്രഭാതത്തിൽ ശ്രീപാദത്തു കൊട്ടാരവളപ്പിലുള്ള കുളത്തിൽ

കുളിച്ചുകൊണ്ടു നിൽക്കുമ്പോൾ സംപൂജ്യനായ ഒരു ബന്ധു കരയിലൂടെ വരുന്നതു അവരുടെ ദൃഷ്ടിയിൽപെട്ടു. ആ സ്നാനക്രീഡാനിരതന്മാർ ഉടനെ പക്വവയസ്കനും പണ്ഡിതനുമായ ആ ബന്ധു കുളത്തിൻകരയിൽ എത്തുന്നതിനു മുൻപിൽ, തല തുവർത്തി ഏറ്റവും ഭാവം വരുത്തിക്കൊണ്ടു കരയിലേക്കു ചെന്നു തൊഴുതുനിന്നു. അദ്ദേഹം പിന്നീട് കഥാപുരുഷനെ കണ്ടപ്പോൾ, ആ കുമാരന്മാരിൽനിന്നും തനിക്കു ലഭിച്ച ബഹുമാനത്തെപ്പററിയും സന്തോഷവശാൽ പറയുകയുണ്ടായി. സന്തുഷ്ടനായ രവിവർമ്മ അടുത്ത ദിവസം, അവരോട് ഇങ്ങനെ പറഞ്ഞു:

"കൊള്ളാം. നിങ്ങൾ ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കാൻ ശീലിച്ചുവല്ലോ. ആരെയും നിന്ദിക്കരുത്. നിങ്ങൾക്കു മഹാന്മാരാകണമെങ്കിൽ, ആദ്യമേ നിങ്ങൾ മഹത്തുക്കളെ ബഹുമാനിക്കാൻ പഠിക്കണം. അന്യരെ ബഹുമാനിക്കുവാൻ ഭാവമില്ലാത്തവർക്കു, ബഹുമാനം അവകാശപ്പെടുവാനും അർഹതയില്ല. അതോർമ്മയിൽ വച്ചുകൊള്ളുക."

ഒരിക്കൽ പാചകക്കാരനായ ഒരു ബ്രാഹ്മണൻ മഹാനസകൃത്യങ്ങളിൽ കാണിക്കുന്ന ഉദാസീനതകണ്ടിട്ടു, കോപത്തോടുകൂടി രവിവർമ്മ പറഞ്ഞു: "ഹേ! നിങ്ങൾക്കു ഏതുകാര്യത്തിലാണ് സ്ഥിരത ഉള്ളതു്?"

ചിന്തോദ്ദീപകമായ ഒരു മറുപടികൊണ്ടുമാത്രമേ യജമാനന്റെ കോപം തണുപ്പിക്കുവാൻ സാധിക്കു എന്നു ധരിച്ചിട്ടുള്ള ആ പാചകക്കാരന്റെ വിനയാന്വിതമായ പ്രത്യുക്തി ഇങ്ങനെ ആയിരുന്നു:

"സ്വാമീ! ഈ ലോകത്തു എന്തിനാണ് സ്ഥിരത ഉള്ളതു്? അതു് ഒന്നു കല്പിച്ചു ആലോചിച്ചുനോക്കണം."

അതേ; ആ വാക്കുകൾ രവിവർമ്മ ശ്രവിക്കാത്ത താമസം, കോപം അടങ്ങി ചിന്തയുടെ നിലയില്ലാത്ത കയത്തിൽ അദ്ദേഹം മുങ്ങിത്താണു. ഒരു സത്യാന്വേഷകന്റെ അന്വേഷണം തന്നെ അദ്ദേഹം അന്തരാ നടത്തി. കലാബോധത്തിന്റെ മാർദ്ദവവും, അനുഭവങ്ങളുടെ ബഹുലതയും, ഉണ്ടാക്കിയിട്ടുള്ള മാനസികമായ വളർച്ചയുടെ പാരമ്യത്തിലായിരുന്നു അപ്പോൾ അദ്ദേഹത്തെ കണ്ടത്തു്.

അസൂയാകലുഷിതമായ ഹൃദയത്തിൽനിന്നുയരുന്ന ആരോപണങ്ങൾ യശസ്സിനെ സ്പർശിക്കുന്നതല്ലല്ലോ. അകാരണമായി കാര്യങ്ങളെ തടസ്സപ്പെടുത്തുവാൻ വരുന്നവർ ആരായാലും, അവരോടേററു വിജയിക്കുന്നതിനു തന്റെ എല്ലാം കഴിവുകളും അദ്ദേഹം വിനിയോഗിച്ചിരുന്നു. മഹാരാജാവിന്റെ കൊട്ടാരത്തോടും, അവിടത്തെ ബന്ധുക്കളോടും വിധേയത്വമില്ലെങ്കിൽ രാജവാഴ്ചക്കാലത്തു് എവിടേയും ഒരു പ്രജയ്ക്കു സൈ്വരമായി കഴിച്ചുകൂട്ടാവതല്ലായിരുന്നു. വിശാഖംതിരുനാൾ മഹാരാജാവു് അതു് പരീക്ഷിച്ചുനോക്കുകയും ചെയ്തുവല്ലോ. എന്നിട്ടു്, ആ മഹാരാജാവിന്റെ പ്രതിക്രിയാഹസ്തങ്ങൾക്കുപരി ഉയരുവാൻ കലാദേവിയുടെ ആ നിത്യോപാസകനു് സാധിച്ചു. ദൗഹിത്രികളെ റാണിമാരായി ദത്തെടുക്കുന്നതിനുള്ള ആലോചന വന്നപ്പോൾ, അതിനെ അതിശക്തിയായി അന്നത്തെ യുവരാജാവായ ചതയംതിരുനാൾ എതിർക്കുകയായി. താൻ സമ്മതിക്കുന്നിടത്തോളം ദത്തെടുക്കാവൂ എന്നു യുവരാജാവു് നിർബന്ധം പിടിച്ചു. ആ എതിരിടലിനെ നേടുന്നതിനായി ചരിത്രനായകൻ, റസിഡൻറു മക്കൻസിസായ്പിനേയും

വെസ്രായി കഴ്സൻപ്രഭുവിനേയും നേരിൽ ചെന്നു കണ്ടു പറഞ്ഞു, കാൎയ്യം നേടുന്നതുവരെ അതിലേയ്ക്കായി നിരന്തരം പ്രവൎത്തിച്ചതിൽനിന്നും, യൗവ്വനകാലത്തെ വിജയത്തിനായുള്ള വൈരാഗ്യബുദ്ധി അപ്പോഴും അദ്ദേഹത്തിൽ ഒട്ടുമേ മങ്ങിയിട്ടില്ലെന്നു് അറിയുന്നവരും അന്നു തിരുവനന്തപുരത്തുണ്ടായിരുന്നു. ഇന്ത്യാഭരണക്രമത്തിന്മേൽ അത്രയും സ്വാധീനശക്തി അന്നു് തിരുവിതാംകൂരിൽ പിറന്നവരിൽ രവിവൎമ്മയ്ക്കു് അല്ലാതെ മറ്റൊരാൾക്കും ഇല്ലായിരുന്നു.

ചരിത്രപുരുഷൻ, തിരുവനന്തപുരത്തു വന്നിട്ടുണ്ടെന്നറിവു ലഭിക്കുകയാണെങ്കിൽ, അനന്തശയനതീൎത്ഥാടനത്തിനായി വരുന്ന ഉത്തരേന്ത്യാക്കാർ, ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ദൎശനം കഴിച്ചാൽ അടുത്തതായി സന്ദൎശിക്കുന്നതു അവരുടെ ചിത്രകാരൻ താമസിക്കുന്ന ശ്രീപാദം കൊട്ടാരമായിരുന്നു. ഇദംപ്രഥമമായി അവരുടെ ഭവനങ്ങളെ പുരാണചിത്രങ്ങൾകൊണ്ടു നിറയ്ക്കുകയും, ചിത്രങ്ങളിൽനിന്നു് പുരാണങ്ങളിലെ മഹത്തായ പാഠങ്ങൾ പഠിക്കുമാറാക്കുകയും, സരസ്വതിയേയും, മഹാലക്ഷ്മിയേയും കൊണ്ടു് ഗൃഹംതോറും പൂജാമുറികൾ സൃഷ്ടിപ്പിക്കുകയും ചെയ്ത രാജാരവിവൎമ്മയെ അഭിമുഖമായി കാണാൻ തരപ്പെടുകയാണെങ്കിൽ, "ജയ് രവിവൎമ്മ മഹാരാജ്" എന്ന ആശംസയോടുകൂടി അവർ പ്രദൎശിപ്പിച്ചിരുന്ന ആദരാതിശയങ്ങൾ അവൎണ്ണനീയമായിരുന്നു. അപ്രകാരം വന്നിട്ടുള്ള സന്ദൎശകരിൽ പല നിലയിലുള്ളവരും ഉണ്ടായിരുന്നു.

ഒരു ദിവസം രവിവൎമ്മ ഒരു ചിത്രനായികയെ അണിയിക്കുന്ന സാരിയിലെ കസവിനു തൂലികകൊണ്ടു

ത്തിളക്കം വരുത്തിക്കൊണ്ടിരിക്കുമ്പോൾ അഹമ്മദ്ബാദ്കാരായ ഒരു സ്ത്രീയും, പുരുഷനും (ഭാര്യാഭർത്താക്കന്മാർ) അദ്ദേഹത്തെ കാണാൻ ആഗ്രഹിച്ചു ശ്രീപാദംകൊട്ടാരത്തിനു മുൻപിൽ വന്നു. ദ്വാരസ്ഥന്മാർ അവർക്ക് അകത്തു കടക്കുവാൻ അനുവാദം നൽകി.

ആ ദമ്പതികൾ ചിത്രകാരൻ ചെയ്തുകൊണ്ടിരുന്ന ആലേഖനകൃത്യത്തിൽ ദത്തദൃഷ്ടികളായി അവിടെ നിന്നു. വാൎദ്ധക്യത്തിൻെറ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടും, യുവാവിൻെറ ഉന്മേഷത്തോടുകൂടി എഴുതുകയും ഇടയ്ക്കിടെ അല്പം പുറകോട്ടു മാറിനിന്ന്, വികസിതനേത്രങ്ങൾകൊണ്ട് ആലേഖ്യത്തെ വീക്ഷിക്കുകയും, അല്പം അകലെയായി മററൊരു ചിത്രം ആലേഖനം ചെയ്യുന്നതിൽ മുഴുകിയിരിക്കുന്ന സഹോദരനോട് ചിലതു പറയുകയും ചെയ്യുന്ന രവിവൎമ്മയുടെ ആ താൽക്കാലിക ചിത്രശാലാന്തരീക്ഷം അവിടെ കടന്നിരുന്ന ദമ്പതികളിൽ ആത്യന്തം സൌന്ദൎയ്യാത്മകമായ ഒരു മാററം വരുത്തി.........

ക്ഷേത്രദർശനത്തിൻെറ പേരിൽ അവർ ഇന്ത്യയിലെങ്ങും അലഞ്ഞുനടക്കുകയായിരുന്നു. മൂന്നുകൊല്ലം മുൻപ് അവരുടെ വിവാഹം കഴിഞ്ഞു. വിവാഹത്തിനു ശേഷം ഒരുമാസക്കാലമാണ് അവർ അഹമ്മദാബാദിൽ താമസിച്ചിട്ടുള്ളതു്. തിരുവനന്തപുരത്തേയ്ക്കു വരുന്ന വഴിയിൽ തീൎത്ഥാടനത്തിനു വന്ന ഒരു ഉത്തരേന്ത്യൻ കുടുംബം രവിവൎമ്മയെ കാണ്മാനായി പോയിവരുന്നതു് അവർ കാണുകയുണ്ടായി.

യാചകരായ ആ ദമ്പതികൾ അൎത്ഥിക്കാൻവന്നതു ധനം ആയിരുന്നു. പക്ഷെ രവിവൎമ്മയുടെ സന്നിധാന

ത്തിലേയ്ക്കു ചെന്നപ്പോൾ, യുവതിയായ ആ സ്ത്രീക്ക് ഒരു കസവുത്തുപ്പട്ടാവു ചോദിക്കുവാനാണു് ആഗ്രഹം ഉണ്ടായതു്. എഴുതിക്കൊണ്ടിരുന്ന ആ ലക്ഷ്യത്തിൽ അവർ ഒട്ടുനേരം നോക്കിനിന്നിരുന്നു. അത്രേയുണ്ടായുള്ളൂ. ഒരു കസവുവസ്ത്രം കിട്ടിയില്ലെങ്കിൽ, അടുത്തതു ചെയ്യേണ്ടതെന്താണെന്നു് അവർക്കു തീരുമാനം അറിഞ്ഞുകൂടായിരുന്നു; ഒരു സൌന്ദര്യപ്രഭ രണ്ടുപേരുടെ നേത്രങ്ങളേയും, ഹൃദയങ്ങളേയും ആകർഷിച്ചടക്കി. പണംകൊടുത്താൽ അവക്കു വേണ്ടെന്നായി: പ്രാർത്ഥനാനുസരണം, രവിവർമ്മയുടെ കൈകളിൽനിന്നും, ഓരോ കസവുവസ്ത്രം അവക്കു് ലഭിച്ചു.

ഏപ്രിൽമാസം 10-ാംനു രാജരാജവർമ്മയുടെ നാല്പത്തിനാലാമത്തെ ജന്മദിനം ആയിരുന്നു. അദ്ദേഹം തന്നെ എഴുതിയിരിക്കുന്നു: "ഇതു എന്റെ ജന്മദിനമാകുന്നു. ഇന്നു എന്റെ നാല്പത്തിനാലാമത്തെ വയസ്സു പൂർത്തിയാകുന്നു. എനിക്കും, ബന്ധുക്കളിൽ ചിലർക്കും, ചില മിത്രങ്ങൾക്കും, ആശ്രിതന്മാക്കും ഇന്നു് ഒരു സദ്യയുണ്ടായിരുന്നു.........വൈകുന്നേരം ഒരു നല്ലമഴപെയ്തു."

ജ്യേഷ്ഠന്റെ ശിക്ഷണത്തിൽ ചിത്രമെഴുത്തു പഠിച്ച ശ്രീ: രാജരാജവർമ്മ പ്രശസ്തനായ ഒരു ചിത്രകാരനായി തീർന്നിരുന്നു. അദ്ദേഹത്തെപ്പോലെ മറെറാരു ശിഷ്യൻ കഥാപുരുഷനില്ലതന്നെ. ആ വർഷം മാർച്ചുമുതൽ ജൂൺവരെയുള്ള കാലത്തിനുള്ളിൽ, ആകാരവലിപ്പത്തിലുള്ളതും, അദ്ധാകാരവലിപ്പത്തിലുള്ളതുമായ നാലു എണ്ണഛായാചിത്രങ്ങൾ അപേക്ഷകക്കായി അദ്ദേഹം തനിയേ എഴുതിത്തീർത്തു. മാത്രമല്ല, കൽക്കട്ടായിൽ ആരംഭിച്ച

വിക്ടോറിയസ്മാരക സൌധത്തിന്ന സംഭാവനയായി നൽകാൻ അപ്പോൾ ചരിത്രനായകൻ എഴുതാനാരംഭിച്ച രാജാ സർ. ടി. മാധവറാവുവിൻെറ പൂൎണ്ണാകാരവലിപ്പത്തിലുള്ള എണ്ണച്ഛായാ ചിത്രത്തിൻെറ ആലേഖനത്തിൽ സഹായിക്കുകയും, മറെറാരു ചിത്രം പകൎത്തി എഴുതുകയും ചെയ്യുകയുണ്ടായി. ജ്യേഷ്ഠനവരുന്ന കത്തുകൾക്കെല്ലാം മറുപടി തയ്യാറാക്കുകയും, "Indian Ladies Magazine" എന്ന പ്രസിദ്ധീകരണത്തിന്ന ലേഖനങ്ങൾ എഴുതുകയും, രാജരാജവൎമ്മയുടെ ഒഴിച്ചുകൂടാൻവയ്യാത്ത ജോലികളിൽ ഉൾപ്പെട്ടവയായിരുന്നു. ജോലി എത്രയുണ്ടായാലും, ഭാരതീയവും പാശ്ചാത്യവുമായ സംഗീതോപകരണങ്ങൾ ഉപയോഗിച്ചു പാടി ആനന്ദിക്കുന്നതിന്നും, കൃത്യമായ പുസ്തകങ്ങൾ വായിക്കുന്നതിന്നും അദ്ദേഹം സമയംകണ്ടിരുന്നു. ഒരു ചിത്രകാരൻ സാഹിത്യകാരൻ, കലാനിരൂപകൻ, ഗായകൻ എന്നീ നിലകളിൽ ഉയൎന്നുവരുന്ന സഹോദരൻ ജ്യേഷ്ഠൻെറ ഹൃദയത്തിൽ ആഹ്ലാദത്തിൻെറ പൊൽത്തിരമാലകൾ ഉയൎത്തികൊണ്ടിരുന്നു. വിവിധഭാഷകളിലുള്ള പാട്ടു പാടി ആനന്ദിച്ചിരുന്ന ആ സഹോദരനെപ്പററി ശ്രീമതി മംഗളാബായിത്തമ്പുരാട്ടി പറയുന്നു:

"ഹാൎമ്മോണിയം ഞാൻ ആദ്യമായിക്കണ്ടതു എൻെറ ചെറിയ ജ്യേഷ്ഠൻ കൊണ്ടുവന്നപ്പോഴായിരുന്നു. അതു ജ്യേഷ്ഠൻ എനിക്കുതന്നു. വീണയും, തംബുരുവും, ഫിഡലും എന്നുവേണ്ട, ചെറിയജ്യേഷ്ഠൻ കൊണ്ടുവരാത്ത സംഗീതോപകരണങ്ങൾ ഇല്ലായിരുന്നു. ചിത്രം എഴുത്തിൽനിന്നു വിരമിച്ചു വലിയ ജ്യേഷ്ഠൻ ഭ്യാടനത്തിന്നായി പോകുന്ന സമയങ്ങളിൽ, എൻെറ

ചെറിയ ജ്യേഷ്ഠൻ പാടി ആനന്ദിക്കുവാൻ നോക്കും. ഒടുവിലായപ്പോൾ വലിയ ജ്യേഷ്ഠന് ചെറുതായി കൈ വിറച്ചുതുടങ്ങി. അപ്പോൾ ചെറിയ ജ്യേഷ്ഠന് ജോലി കൂടുതൽ ചെയ്യേണ്ടിവന്നു."

ചരിത്രനായകൻെറ 56-ാമതു ജന്മദിനം * ആ മെയ് മാസം 10-ാംനു- ആയിരുന്നു. ജന്മദിനാഘോഷത്തിനായി അവർ മെയ് 7-ാംനു- തിരുവനന്തപുരത്തുനിന്നും കിളിമാനൂരിലേയ്ക്കു പോയി.

---

## അദ്ധ്യായം ൨൦.

മൈസൂർ സംസ്ഥാനത്തെയ്ക്കു ക്ഷണിച്ചുകൊണ്ടു രാജാ രവിവമ്മയ്ക്കു 1904-ാം വഷം പിറന്നതിന്നശേഷം മൂന്നു കത്തുകൾ ലഭിച്ചിരുന്നു. ഓരോ കത്തും എപ്പോൾ മൈസൂറിലേയ്ക്കു പുറപ്പെടുവാൻ സൌകയ്യപ്പെടുമെന്നു ചോദിച്ചുകൊണ്ടുള്ളതായിരുന്നു. വിക്ടോറിയാ സ്മാരകസൌധത്തിലേയ്ക്കു, സർ. ടി. മാധവരാവുവിൻെറ ചിത്രം സ്വീകരിക്കുന്നതിനായി പ്രസ്തുതസ്മാരകത്തിന്റെ ചുമതല വഹിച്ചിരുന്ന കഴ്സൻ പ്രഭുവുമായി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുമ്പോഴും, പിന്നീടു മഹാനായ ആ അഭ്യുദയകാംക്ഷിയുടെ ചിത്രം പൂത്തിയാക്കിക്കൊണ്ടിരിക്കുമ്പോഴും ആയിരുന്നു, മൈസൂറിൻെറ അതിഥിയാകുവാൻ ക്ഷണിക്കുന്ന കത്തുകൾ ലഭിക്കുകയുണ്ടായതു്. തൻെറ ഉന്നതിക്കായി നിർവ്യാജം ആഗ്രഹിച്ചിരുന്ന മിത്രങ്ങളുടെ സ്മരണയ്ക്കു

---

* മലയാളപഞ്ചാംഗം അനുസരിച്ചു്.

വേണ്ടി ആത്മപ്രേരിതമായി ചെയ്യുന്ന കൃത്യങ്ങളുടെ മാധുര്യം ഒന്നു വേറെതന്നെ. എന്തായാലും, ആ എഴുന്നള്ളത്തായ എഴുതി കൽക്കട്ടായിലേയ്ക്കു് അയയ്ക്കുന്നതുവരേയും യാത്രകളെപ്പററിയോ, സ്വീകരണങ്ങളെക്കുറിച്ചോ ആലോചിക്കുവാൻ കൃതജ്ഞതാനിർഭരമായ അദ്ദേഹത്തിന്റെ ഹൃദയം സ്വതന്ത്രമായിരുന്നില്ല. തിരുവനന്തപുരം തലസ്ഥാനനഗരിയിൽ സർ. ടി. മാധവറാവുവിന്റെ പ്രതിമ സ്ഥാപിക്കുമ്പോൾ അതിനെ മാതൃകായോഗ്യമായ ഒരു സ്മാരകം ആക്കുവാൻ ഇത്താലിയൻ ശില്പികൾക്കു ഉപദേശം നൽകുന്നതിൽ ചരിത്രപുരുഷൻ കാണിച്ചിരുന്ന ശ്രദ്ധയും എത്രയും ഉചപന്നമായിരുന്നു. ഭാരതത്തിൽ അത്രയും സജീവമായ ഒരു പ്രതിമ മററവിടെയെങ്കിലും ഉണ്ടോ എന്നു സംശയമാകുന്നു.

ജൂലൈമാസം രണ്ടാംതീയതി രവിവർമ്മയും, സഹോദരനും, തിരുവനന്തപുരത്തുവന്നു മഹാരാജാവിനേയും ദൗഹിത്രികളേയും സന്ദർശിച്ചിട്ടു് അന്നു വൈകുന്നേരം തന്നെ മൈസൂറിലേക്കുള്ള യാത്ര പുറപ്പെട്ടു. കൽപ്പാലക്കടവിൽനിന്നും എറണാകുളംവരെ അവർ ഒരു പ്രത്യേകബോട്ടിൽ യാത്രചെയ്തു. ആ യാത്രയിൽ, കായംകുളം കായലിൽവച്ചു് രാത്രിസമയത്തുണ്ടായ ഒരു ചുഴലിക്കാററു ഭയജനകമായിരുന്നു. ബോട്ടിനുള്ളിൽ ജലം അടിച്ചുകയറി കിടക്കകൾ നനഞ്ഞുകുതിന്നു. അപ്പോൾ ശക്തിയേറിയ മറെറാരു വായുപ്രഹരം, ആ യാനപാത്രത്തെ കരയ്ക്കു സമീപം അടിച്ചുനീക്കിക്കൊണ്ടുപോയി.

ജൂലൈ അഞ്ചാംതീയതി കൊച്ചിയിൽനിന്നു വണ്ടികയറി, ഏഴാംതീയതി, നേരംവെളുക്കുമ്പോൾ

അവർ ബാംഗ്ളൂർ തീവണ്ടിസ്റ്റേഷനിൽ ചെന്നിറങ്ങി. മൈസൂർ കൊട്ടാരത്തിൽനിന്നും അയച്ചിരുന്ന ഒരു ഉദ്യോഗസ്ഥൻ അവിടെ കാത്തുനിന്നിരുന്നു. ആ കലാസഹോദരന്മാരെ അദ്ദേഹം സ്വീകരിച്ചു, ബാംഗ്ളൂർ കൊട്ടാരത്തിനടുത്തുള്ള ഒരു സൗധത്തിലേയ്ക്കു കൊണ്ടുപോയി. അതിഥികൾ അവിടെ രണ്ടുദിവസം താമസിച്ചു, ആരാമങ്ങൾകൊണ്ടു മനോഹരമായിട്ടുള്ള ആ പട്ടണം മുഴുവനും ചുററിക്കണ്ടു സംസ്ഥാനം വകയായുള്ള രണ്ടു കുതിരപൂട്ടിയ ഒരു വണ്ടി, അതിഥികൾ പറയുന്നിടത്തു അവരെ കൊണ്ടുപോകുവാനായി എപ്പോഴും തയ്യാറായി സൗധമുററത്തു നിന്നിരുന്നു. ബാംഗ്ളൂർകൊട്ടാരത്തിലെ ഉദ്യാനഭംഗിയെപ്പറ്റി രാജരാജവർമ്മ അന്നത്തെ ദിനക്കുറിപ്പിൽ ഒരിടത്തു പറഞ്ഞിട്ടുള്ളതു് "ഇത്രയധികം യൂറോപ്യൻപുഷ്പങ്ങൾകൊണ്ടു സമൃദ്ധമായിട്ടുള്ള ഒരു ആരാമം ഇന്ത്യയിലൊരിടത്തും ഞാൻ കണ്ടില്ല" എന്നാണു്. അപ്പോൾ ബാംഗ്ളൂരിൽ കാലാവസ്ഥ "സുഖശീതളവും ആനന്ദപ്രദവും ആയിരുന്നു."

അന്നേയ്ക്കും, ഇരുപതുകൊല്ലങ്ങൾക്കു മുൻപാണു് രവിവർമ്മയും സഹോദരനും മൈസൂർ സന്ദർശിച്ചിട്ടുള്ളതു്. അതിനുശേഷം ആ രാജ്യത്തു പല മാററങ്ങളും വന്നുകഴിഞ്ഞിരുന്നു. ജൂലൈ 9-ാംനു ബാംഗ്ളൂരിൽനിന്നും അവർ മൈസൂർനഗരിയിലേയ്ക്കു വണ്ടികയറി. മൈസൂർനഗരിയിൽ അതിഥികളെ സ്വീകരിക്കുവാനായി രാജോചിതമായ ഏർപ്പാടുകൾ എല്ലാം ചെയ്തിരുന്നു. അവർക്കു താമസിക്കുവാനായി മൈസൂറിലെ മന്ത്രിപ്രവരന്മാരിൽ ഒരാളായിരുന്ന സർ. ശേഷാദ്രിഅയ്യർ വസിച്ചിരുന്ന ശുഭ്രമായ ഒരു ഇരുനിലഹർമ്മ്യം നൽകു

പ്പെട്ടു. അതിഥികൾക്കു ആ ഭവനത്തിൽ ആവശ്യമായുള്ളതു് എല്ലാം നൽകുവാനും, ക്ഷേമം അന്വേഷിക്കുവാനും കൊട്ടാരത്തിൽനിന്നും ഒരു ഉദ്യോഗസ്ഥൻ നിയുക്തനായി.

അവർ ജൂലൈ പത്താംതീയതി കാലത്തു പത്തരമണിക്കു മഹാരാജാവിനെ സന്ദർശിച്ചു. അദ്ദേഹം ഒരു കലാരസികനായിരുന്നു. ഇരുപതു വയസ്സുമാത്രം പ്രായമായിരുന്ന മഹാരാജാ കൃഷ്ണരാജഉഡയർ, മുൻപു സ്വപിതാവിനാൽ സ്വീകരിക്കപ്പെട്ടിട്ടുള്ള ആ കലാകാരന്മാരെ, അത്യാമോദപൂർവ്വം സൽക്കരിച്ചു. അന്നു പതിനഞ്ചുമിനിട്ടുനേരം അവർ സംഭാഷണം ചെയ്തു. അടുത്ത ദിവസം വീണ്ടും അവർ സമ്മേളിച്ചു. അപ്പോഴായിരുന്നു മഹാരാജാവിൻെറ ആഗ്രഹം രവിവർമ്മയെ അറിയിച്ചതു്. പണി നടന്നുകൊണ്ടിരിക്കുന്ന "ജഗന്മോഹൻ" എന്ന കൊട്ടാരത്തിൻെറ ശില്പവിതാനങ്ങൾ പരിശോധിക്കണമെന്നും, ചിത്ര * വിതാനത്തിനായി ഉദ്ദേശിച്ചിട്ടുള്ള ഭാഗം എങ്ങനെ തീർക്കണമെന്നു നിർദ്ദേശിക്കണമെന്നും കൃഷ്ണരാജഉഡയർ, രവിവർമ്മയോടു ആവശ്യപ്പെട്ടു. ആ സംഭാഷണം നടന്നതു് അവർ മുൻപു വരച്ചിട്ടുള്ള ചില ചിത്രങ്ങൾകൊണ്ടു അലംകൃതമായ ഒരു തളത്തിൽവച്ചായിരുന്നു.

താമസംവിനാ രവിവർമ്മ പണിനടന്നുകൊണ്ടിരുന്ന കൊട്ടാരത്തിലേയ്ക്കു പോവുകയും, അലങ്കാരമുറികളിൽ വർണ്ണങ്ങൾ ഉപയോഗിച്ചു ചെയ്യേണ്ടുന്നതായ ഒരു

---

* "ജഗന്മോഹൻ" കൊട്ടാരത്തെ അലങ്കരിക്കാനായി ഒൻപതു പുരാണചിത്രങ്ങൾ എഴുതുന്നതിനുള്ള ചുമതല രവിവർമ്മ മൈസൂരിലേയ്ക്കു ചെല്ലുന്നതിനുമുൻപു അദ്ദേഹം ഏററുകഴിഞ്ഞിരുന്നു.

വിധാനപദ്ധതി തയ്യാറാക്കി സംസ്ഥാന ചീഫ് ഇൻജിനീയർക്ക് നൽകുകയും ചെയ്തു. ഇൻജിനീയറന്മാർ പ്രശംസയോടുകൂടി ആ പദ്ധതി അംഗീകരിച്ചു. മഹാരാജാവും, ചീഫ് എൻജിനീയരും, രവിവർമ്മയും കൂടിയിരുന്ന് അതേപ്പററി ആയവസരത്തിൽ ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

രാജാരവിവർമ്മ ഒരു ശില്പികൂടിയായിരുന്നുവെന്നു പറയേണ്ടിയിരിക്കുന്നു. അതും വാസനാസിദ്ധമായിരുന്നു. അദ്ദേഹത്തിൻെറ മാതുലൻ രാജരാജവർമ്മ ദന്തത്തിൽ രൂപങ്ങൾ കൊത്തുന്നതിലും, ലോഹങ്ങൾകൊണ്ടു വിഗ്രഹങ്ങൾ വാൎക്കുന്നതിലും അതിസമൎത്ഥനായിരുന്നു. മാതുലൻ രാജരാജവർമ്മ കൊത്തിയിട്ടുള്ള ശ്രീകൃഷ്ണൻ, ഐരാവതത്തിൻപുറത്തിരിക്കുന്ന ദേവേന്ദ്രൻ, ഗണപതി എന്നീ ദന്തവിഗ്രഹങ്ങൾ അദ്ദേഹത്തിൻെറ ശില്പകൗശലത്തിനു മാതൃകകളായി കിളിമാനൂർകൊട്ടാരത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്.

മൈസൂർമഹാരാജാവ് അടുത്തതായി രവിവർമ്മയോടു അപേക്ഷിച്ചതു്, അദ്ദേഹത്തിൻെറ ആകാരവലിപ്പത്തിലുള്ള ഒരു എണ്ണച്ഛായാചിത്രം എഴുതുവാനായിരുന്നു. കഥാപുരുഷൻ സസന്തോഷം സമ്മതിച്ച് ജൂലൈ 26-ാംനു ചിത്രം എഴുതാനാരംഭിച്ചു. സെപ്റ്റംബർ 22-ാംനു ആയപ്പോൾ രണ്ടുപേരുമായി അതു് പൂർത്തിയാക്കി. അതിൽ ആ രണ്ടു കലാസഹോദരന്മാരുടേയും പേരുകൾ എഴുതി. ഛായാചിത്രലേഖനത്തിൽ വളരെ നേരം ഒരേകണക്കിനു ശ്രദ്ധയെ കേന്ദ്രീകരിച്ചു ചെയ്യേണ്ടുന്ന ആഭരണാദികളിലെ ചെറുമുത്തുകളും മററും ചിത്രീകരിക്കുവാൻ മുൻകാലങ്ങളിലെപ്പോലെ രവിവർമ്മയുടെ, പ്രായം അനുകൂലിക്കുന്നതായിരുന്നില്ല.

മൈസൂറിലെ ദിനങ്ങൾ, ആ കലാകാരന്മാരുടെ ജീവിതത്തിലെ അതുല്യമായ ആനന്ദോത്സവദിനങ്ങൾ ആയിരുന്നു. മഹാരാജാവിന്റെ മാതാവ് പ്രഭാതംതോറും കൊടുത്തയയ്ക്കുന്ന ഓരോ തട്ടം മധുരഫലങ്ങൾ അവർ പ്രിയപ്പെട്ട രാജകീയാതിഥികളാണെന്നു നിത്യവും അനുസ്മരിപ്പിച്ചിരുന്നു. സംഗീതക്കച്ചേരികൾകൊണ്ടു അവർ അവിടെ ആനന്ദിച്ചതിന് അവസാനമില്ലതന്നെ. മഹാരാജാവിനെ നോക്കി എഴുതുന്നതിനായി അവർ ഉച്ചകഴിയുമ്പോൾ കൊട്ടാരത്തിലേയ്ക്കു പോകും. അവർ എഴുതുമ്പോൾ, ഗായകന്മാർ സംഗീതമാലപിച്ചിരുന്നു. "ഞങ്ങളുടെ ആത്മാവു സംഗീതത്തിൽ ലയിച്ചുകിട്ടുന്ന സുഖത്തോടുകൂടിയാണ് ഞങ്ങൾ ഈ എണ്ണച്ഛായ എഴുതുന്നതു" എന്നു രാജരാജവർമ്മ എഴുതീട്ടുണ്ട്. കലാകാരന്മാർ പ്രവൃത്തിനിരതന്മാരാവുമ്പോൾ നിർവൃതികരങ്ങളായ പരിതഃസ്ഥിതികൾ അവർക്ക് കൂടുതൽ ഉത്തേജനപരമായി തീരുന്നു. രാത്രിയിൽ വീണ്ടും കൊട്ടാരത്തിൽ സംഗീതകച്ചേരികൾ ഉണ്ടായിരിക്കും; അല്ലെങ്കിൽ നാടകം ആയിരിക്കും. ആ സദസ്സുകളിൽ മഹാരാജാവിന്റെ തൊട്ടടുത്തു് ഇരിക്കുന്നവർ സംസ്ഥാനാതിഥികളായ ചിത്രകലാകാരന്മാരാണ്. കൊട്ടാരത്തിൽനിന്നും സംരക്ഷിച്ചുപോരുന്നവരായ അനവധി സംഗീതജ്ഞന്മാർ അന്ന് അവിടെ ഉണ്ടായിരുന്നു.

നാടകാഭിനയവും കൊട്ടാരത്തിൽ തുടരെ നടന്നിരുന്നു. ചിലപ്പോൾ മഹാരാജാവുതന്നെ നാടകപരിപാടി തയ്യാറാക്കി അതിഥികൾക്ക കൊടുത്തയയ്ക്കും. ഇംഗ്ലീഷു നാടകങ്ങളും കൊട്ടാരത്തിൽ അഭിനയിച്ചിരുന്നു. യൂറോ

ച്ച്യൻ രീതിയിലുള്ള പാട്ടുകച്ചേരികളും നടത്തിപ്പോന്നിരുന്നു.

അതിഥികൾ, സംസ്ഥാനത്തിലെ ചരിത്രപ്രധാനമായ ഏതു സ്ഥലം സന്ദശിക്കണമെന്നു് ആവശ്യപ്പെട്ടുവോ, അവിടം കാണിച്ചുകൊടുക്കണമെന്നു് കൊട്ടാരത്തിൽ നിന്നും ആജ്ഞകൾ നൽകപ്പെട്ടിരുന്നു. ടിപ്പുവിൻെറ തലസ്ഥാനമായിരുന്ന ശ്രീരംഗപട്ടണം കാണുന്നതിനായി പോയതേപ്പററി രാജരാജവമ്മ വിവരിക്കുന്നു:

"ഞങ്ങൾ ടിപ്പുവിൻെറ ശവകുടീരം സന്ദർശിച്ചു സ്തബ്ധരായി നിന്നു. ടിപ്പു ഭരിച്ചിരുന്ന കാലങ്ങളിൽ മൈസൂറിലെ ഹിന്ദുക്കളെ കേവലം അടിമകളാക്കിയിട്ടിരുന്നു. അവിടത്തെ വൃദ്ധനായ ഒരു മുസ്ലീം ഉദ്യോഗസ്ഥൻ ഞങ്ങളോടു പറഞ്ഞതു് ടിപ്പുവിൻെറ ശവകുടീരം സൂക്ഷിക്കുന്ന വകയ്ക്കു മൈസൂർഗവർമെണ്ടു പ്രതിമാസം തൊള്ളായിരംരൂപാ ചെലവിട്ടുപോരുന്നു എന്നാണു്"...

വൈകുന്നേരമാവുമ്പോൾ കഥാപുരുഷൻ സഹോദരനമൊത്തു നടക്കാൻ പോകും. കുയിലുകളുടെ ഗാനങ്ങൾ ആ കാലങ്ങളിൽ ചാമുണ്ഡികുന്നിലേയ്ക്കുള്ള വഴിയിൽ സുലഭമായി കേട്ടിരുന്നു. അതിനാൽ അവരുടെ സായാഹ്നത്തിലുള്ള നടത്ത അധികവും ആ പ്രദേശത്തേയ്ക്കായിരുന്നു.

ഒരു ദിവസം ഒരു കഷകയുവതി, ചാമുണ്ഡീകുന്നിനരികിലുള്ള തടാകത്തിൽ വന്നു കുടത്തിൽ ജലംമുക്കി തലയിൽ വച്ചുകൊണ്ടു പോകുന്നതു രാജരാജവമ്മയുടെ കലാദൃഷ്ടികളെ ആകഷിച്ചു. അടുത്തദിവസം (ഒക്ടോബർ പതിനൊന്നു്) പ്രഭാതത്തിൽ ആ കാഴ്ചയെ ശാശ്വതമാക്കിത്തീക്കണമെന്നു് തീരുമാനിച്ചുകൊണ്ടു

"കുളത്തിൻകരയിൽ" എന്ന തന്റെ പ്രസിദ്ധമായ ചിത്രം എഴുതിത്തുടങ്ങി. കൊട്ടാരത്തിൽ മറെറാരു ഛായാചിത്രംകൂടി എഴുതിത്തീൎക്കുവാനുണ്ടായിരുന്നു. സഹോദരനോടൊത്തു കൊട്ടാരത്തിൽ പോയി ആ ജോലിയും അദ്ദേഹം ചെയ്തിരുന്നു.

ഇതിനിടയിൽ ആത്മജ്ഞാനതല്പരനായ രാജാരവിവൎമ്മ മൈസൂറിലെ ശൃംഗേരിമഠത്തിൽ ഒന്നു പോകുന്നതിനു ഒരു പരിപാടി നിശ്ചയിച്ചു. രേവാമഹാരാജാവിന്റെ ക്ഷണമനുസരിച്ചു ആ രാജ്യവുംകൂടി സന്ദൎശിച്ചിട്ടു നാട്ടിലേയ്ക്കു മടങ്ങാമെന്നും, തന്റെ ഷഷ്ട്യബ്ദപൂൎത്തി കഴിഞ്ഞാൽ പിന്നെ ചിത്രമെഴുതുകയോ, ദൂരയാത്രകൾ ചെയ്കയോ ചെയ്യുകയില്ലെന്നും മററും കഥാപുരുഷൻ സഹോദരനോടു പറഞ്ഞു. ബാംബെയിൽ ചെന്നിട്ട്, അവിടെനിന്നും ബറോഡായിലേയ്ക്കും, അനന്തരം രേവായിലേയ്ക്കും പോകുവാനുള്ള പരിപാടിപ്രകാരം ഭൃത്യന്മാരെയും, മററു സഹഗാമികളേയും നേരത്തെ ബാംബെയിലേയ്ക്കു അയച്ചു.

പക്ഷെ വിധി മറെറാന്നു നിശ്ചയിച്ചു. രാജരാജവൎമ്മയ്ക്കു പെട്ടെന്നു സുഖമില്ലാതായി. അപ്പോൾ കൊട്ടാരത്തിലെ ആലേഖനജോലി തീൎക്കുന്നതിനു ജ്യേഷ്ഠൻ മാത്രമായി. അതു് യുവരാജാവിന്റെ എണ്ണഛായ ആയിരുന്നു. അതും പൂൎത്തിയാകാറായി. നാട്ടിൽചെന്നിട്ടു എഴുതുന്നതിനുള്ള ചിത്രങ്ങളുടെ വിഷയങ്ങളും അവസാനമായി നിൎണ്ണയിച്ചുകഴിഞ്ഞു. ജഗന്മോഹൻ കൊട്ടാരത്തിന്റെ പണി മുഴുമിക്കുമ്പോഴേയ്ക്കും, ചിത്രങ്ങൾ ലഭിക്കണമെന്നായിരുന്നു മഹാരാജാവിന്റെ മോഹം.

നവംബർമാസം പിറന്നതിനുശേഷമാണ് രാജരാജവൎമ്മയ്ക്കും ശരീരാസ്വാസ്ഥ്യം ആരംഭിച്ചതു്. ചിക

അറിച്ചുകൊണ്ടിരുന്ന വിശ്വസ്തനായഡാക്ടർ അപ്പയ്യായും അവിചാരിതമായി സ്ഥലംമാററത്തിനുള്ള ഉത്തരവും ലഭിച്ചു. എഴുതുവാൻ ശക്തിയില്ലാതെയാവുന്നതിൻെറ തലയ്ക്കുതലേദിവസം, അകാലത്തു ലോകത്തോട്ട് യാത്ര പറയാൻപോകുന്ന രാജരാജവമ്മ ദിനക്കുറിപ്പിൽ എഴുതി: "അന്യഥാ ചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേൽ." അതിനടുത്ത ദിവസം (നവംബർ 7) ഇപ്രകാരം കുറിച്ചുവച്ചു. "എനിക്കു് ഇന്നു സുഖമുണ്ടു്; പക്ഷെ ഞാൻ അശക്തനാണു്. ഉച്ചയ്ക്കുശേഷം ജ്യേഷ്ഠൻ കൊട്ടാരത്തിൽ തീർക്കേണ്ട ജോലിക്കായി പോയി. എനിക്കുകൂടി പോകാൻ സാധിച്ചില്ല. ഞാൻ വീട്ടിൽ തന്നെയിരുന്നു."

"മൈസൂർവനിത വെള്ളംകോരുന്ന, "കുളത്തിൻ കരയിൽ" എന്ന എൻെറ ചിത്രം (48"×28" ഇഞ്ചു) എഴുതിപൂത്തിയാക്കി, അടുത്തവഷം മദ്രാസ്സിൽ നടക്കുന്ന ലളിതകലാപ്രദർശനത്തിൽ പ്രദർശിപ്പിക്കുന്നതായി അയച്ചുകഴിഞ്ഞു."

നവംബർ 9-ാംനു- കൊട്ടാരത്തിലെ ജോലിതീന്നു. ചിത്രകാരന്മാർ രണ്ടുപേരുമായി മഹാരാജാവിനെ സന്ദശിച്ചു വിടചോദിക്കുവാൻ പോയി. അന്നു രാജരാജവമ്മ സുഖവാനായി കാണപ്പെട്ടു. "ഓരോ അംഗുലീയവും, ഓരോ സുവർണ്ണ സാൽവയും, ഓരോ സുവർണ്ണ തലപ്പാവും, ഏതാനും സുവർണ്ണദുകൂലങ്ങളും, മഹാരാജാവു് ഞങ്ങൾക്കു സമ്മാനമായി നൽകി."

"ഞങ്ങൾ വസതിയിൽ മടങ്ങി എത്തിയപ്പോൾ എൻെറ അസുഖം വീണ്ടുമാരംഭിച്ചു. എനിക്കു പനി ആവത്തിച്ചു. 11-ാംനു- മടങ്ങിപ്പോകണമെന്ന തീരു

മാനം മാററിവയ്ക്കേണ്ടതായിത്തന്നെവന്നു. ഞങ്ങളുടെ യാത്ര മാററിവച്ചിരിക്കുന്നതായി കമ്പിസന്ദേശങ്ങൾ അയച്ചു. എന്റെ ആരോഗ്യം അനുവദിക്കുമെങ്കിൽ ഞങ്ങൾ ഞായറാഴ്ച മടങ്ങിപ്പോകണമെന്നാണിരിക്കുന്നതു്." ദീർഘകാലമായുള്ള ആ ദിനക്കുറിപ്പെഴുത്തു അതോടെ അവസാനിച്ചു.

കലയുടെ കല്യാണമണ്ഡപമായ "കുളത്തിൻകരയിൽ" എന്ന ചിത്രം വരച്ച തൂലിക താഴെ ഇട്ട ആ ചിത്രകാരന്റെ പിന്നീടത്തെ ജീവിതം രോഗാവസ്ഥയിലുള്ള ക്ലേശത്തിന്റെ വിവരണമാകുന്നു.

മൈസൂർ സംസ്ഥാനിക ഭിഷഗ്വരൻ രാജരാജവർമ്മയെ പരിശോധിക്കുന്നതിനായി അയയ്ക്കപ്പെട്ടു. ഒരാഴ്ച കഴിഞ്ഞപ്പോൾ ചികിത്സയ്ക്കായി അദ്ദേഹത്തെ മൈസൂറിൽനിന്നും ബാംഗ്ളൂരിലേയ്ക്കു കൊണ്ടുപോയി.

ചിററപ്പ(ചെറിയച്ഛൻ)ന്റെ രോഗാവസ്ഥയിൽ, അടുത്തുകൂടി ഉണ്ടായിരിക്കുന്നതിനായി, മദ്രാസ്സിൽ പഠിച്ചുകൊണ്ടിരുന്ന കഥാപുരുഷന്റെ ഇളയപുത്രൻ ശ്രീ. രാമവർമ്മ ബാംഗ്ളൂരിൽ എത്തി. പിന്നീടത്തെ കഥ ശ്രീ. രാമവർമ്മതന്നെ വിവരിക്കുന്നു:

"ചിററപ്പനു് സുഖക്കേടാണെന്നും, അതിനാൽ പരീക്ഷ കഴിഞ്ഞാൽ ഞാൻ നാട്ടിലേയ്ക്കു മടങ്ങിക്കൊള്ളണമെന്നും മൈസൂറിൽനിന്നും എനിക്കു് ഒരു കമ്പി കിട്ടി. പരീക്ഷ കഴിഞ്ഞു നാട്ടിലേയ്ക്കു മടങ്ങുന്നതിനു പകരം ഞാൻ മൈസൂറിലേയ്ക്കു തിരിച്ചു. പിറ്റേദിവസം രാവിലെ മൂന്നുമണിക്കു് അവിടെ എത്തി, ചിററപ്പനെ കണ്ടു. പനി തീരെ വിടുന്നില്ല. 'ക്ലോസററിൽ' പോകു

ള്പോരം ഇടത്തുകാൽ താഴെ ഊന്നാതെ ഞൊണ്ടിപ്പോകുന്നതു കണ്ടു.

"പനി വിടാത്തതും ഞൊണ്ടുന്നതും തമ്മിൽ എന്തോ ബന്ധമുണ്ടെന്നു് എനിക്കു തോന്നി. ഡാക്ടർ എപ്പോരം വരുമെന്നു ചോദിച്ചപ്പോരം ചിററപ്പൻ പറഞ്ഞു: "അഞ്ചുമണിക്കു വരും;" എന്താണു് അങ്ങനെ ചോദിക്കാൻ കാരണമെന്നു് അദ്ദേഹം എന്നോടു ചോദിച്ചു. അഞ്ചുമണിക്കു ഡാക്ടറുടെ വണ്ടി വരുന്ന ശബ്ദം കേട്ടപ്പോരം അദ്ദേഹം വരുന്നു എന്നു ചിററപ്പൻ തന്നെ പറഞ്ഞു. ഉടനേ ഞാൻ താഴത്തേയ്ക്കു പോയി അദ്ദേഹത്തെ കണ്ടു. ഞാൻ ഇന്ന ആളാണെന്നു മനസ്സിലാക്കിയതിനുശേഷം, അദ്ദേഹത്തോടു രോഗിയുടെ ബന്ധു എന്ന നിലയിൽ ഞാൻ പറയുന്നതിനെ തെറ്റിദ്ധരിക്കരുതെന്നും, എന്തെങ്കിലും കാര്യമുണ്ടെന്നു തോന്നുന്നപക്ഷം അതിനെ സ്വീകരിക്കുകയും, അല്ലാത്തപക്ഷം അറിവു കുറവുകൊണ്ടു പറയുന്നതായി വിചാരിച്ചു ക്ഷമിക്കുകയും ചെയ്യണമെന്നു് മുഖവുരയായി പറഞ്ഞു. അതിനുശേഷം രോഗിയുടെ ഇടത്തുകാൽ ഞൊണ്ടുന്നതിനെപ്പററി സൂക്ഷിച്ചു നോക്കിയോ എന്നും, പനി വിടാത്തതിൻെറ കാരണം എന്താണെന്നു തോന്നുന്നു എന്നും ഞാൻ ചോദിച്ചു.

"അതിനു ഡാക്ടറുടെ മറുപടി ഇങ്ങനെ ആയിരുന്നു: 'സ്വല്പമൊരു വേദന ഉണ്ടെന്നു ഒരു ദിവസം പറഞ്ഞു. അതിനു മരുന്നുംകൊടുത്തു. പിന്നീടു് ആ വേദനയെപ്പററി പറഞ്ഞിട്ടില്ല. ഇപ്പോരം വേദന ഉണ്ടോ എന്നു" ഉടനേ നോക്കാം.'—ഞങ്ങരം രണ്ടുപേരും രോഗിയുടെ അടുക്കലേയ്ക്കു പോയി. അദ്ദേഹം പരിശോ

 യിച്ചു. ഉടൻ ഡിസ്ട്രിക്ട് സർജൻ ഡാക്ടർ അച്യുതറാവു അടുത്തു താമസമുണ്ട്; അദ്ദേഹത്തെ കൂട്ടികൊണ്ടുവരണമെന്നു് പറഞ്ഞു. ഞാൻ അദ്ദേഹത്തെ വിളിച്ചുകൊണ്ടു വന്നു. അദ്ദേഹം പരിശോധിച്ചു. എനിക്കു അത്ര തൃപ്തിയാകാത്തതുകൊണ്ടു് ഉടനേ മദ്രാസ്സിലേയ്ക്കു കൊണ്ടുപോകണമെന്നു്, അപ്പനോടു പറഞ്ഞു. പിറേറദിവസം ബാംഗ്ളൂരിൽനിന്നും മദ്രാസ്സിലേയ്ക്കു പുറപ്പെട്ടു. അതുവരെ ചികിത്സിച്ചിരുന്നവരിൽനിന്നും ഒരു വിവരണം കൂടി എഴുതിവാങ്ങിയിരുന്നു. മദ്രാസ്സിൽ എത്തിയ ഉടനേ അപ്പനേയും, രോഗിയേയും, ശ്രീ. ബാലയ്യാനായിഡുവിനു പൂനമല്ലിറോഡിലുള്ള വീട്ടിലേയ്ക്കു അയച്ചു. ഞാൻ ആശുപത്രിയിൽ കയറി അവിടത്തെ വിദഗ്ദ്ധനായ ഡാക്ടർ ആരാണെന്നു് അന്വേഷിച്ചു. ഡാക്ടർ നിബ്ളക്കു് ആണെന്നു അറിഞ്ഞു. അദ്ദേഹത്തെ കൂട്ടി വീട്ടിലേയ്ക്കു വന്നു.........

"രണ്ടുദിവസം നോക്കീട്ടും പനി കുറയായ്ക്കകാരണം നടത്തിയ രക്തപരിശോധനയിൽനിന്നും ശരീരത്തിൽ പഴുപ്പു വ്യാപിച്ചിട്ടുണ്ടെന്നു ഡാക്ടർക്കു ബോദ്ധ്യമായി. ശസ്ത്രക്രിയ ഒഴിച്ചുകൂടാൻ വയ്യാത്തതായി. അന്നുതന്നെ ശസ്ത്രക്രിയയ്ക്കു വേണ്ടതെല്ലാം ഒരുക്കി. പിറേറദിവസം രാവിലെ വയററിന്റെ അടിയിൽ ഇടത്തുവശം ഡാക്ടർ ഒന്നു കീറി. വീണ്ടും അതിനടിയിൽ ഒന്നുകൂടി കീറിയപ്പോൾ അതിദുർഗ്ഗന്ധമുള്ള പഴുപ്പു ഒരു കൈവണ്ണത്തിൽ പുറത്തുവന്നു. ഡാക്ടർ തുന്നിക്കെട്ടി ശസ്ത്രക്രിയ അവസാനിപ്പിച്ചു. ഒരു പ്രാർത്ഥനയ്ക്കുശേഷം ചെയ്യാവുന്നതൊക്കെ അദ്ദേഹം ചെയ്തു. ഉച്ചയ്ക്കു രണ്ടുമണിവരെ

ങ്ങ്മുണ്ടായില്ലെങ്കിൽ, വിവരം അറിയിക്കണമെന്നു പറഞ്ഞുകൊണ്ടു ഡാക്ടർ പോയി. അരമണിക്കൂർ കഴിഞ്ഞു ഓർമ്മവന്നു..........എന്നെ അടുത്തു വിളിച്ചു * ഭാര്യയ്ക്കു ഒന്നും കൊടുത്തില്ലല്ലൊ എന്നൊരു ദുഃഖമേ ഉള്ളൂ എന്നു പറഞ്ഞു. അതൊക്കെ സുഖമായിട്ടു, കൊടുത്തുകൊള്ളാമെന്നു പറഞ്ഞു ഞാൻ സമാധാനപ്പിച്ചു. പിന്നീട് അരമണിക്കൂർകൂടിപോയി. ചിററപ്പൻെറ അടുത്തിരുന്ന മറെറാരു ഡാക്ടർ എന്നെ വിളിച്ചു എന്തെങ്കിലും പറയണമെങ്കിൽ പറയാം, അധികം താമസിയാതെ ജീവൻ പോകും എന്നു പറഞ്ഞു. ഒന്നും പറയേണ്ടതില്ല, സുഖമായി മരിക്കട്ടെ എന്നായിരുന്നു എൻെറ മറുപടി. അടുത്ത പത്തുമിനിററിനുള്ളിൽ പ്രാണൻ പുറത്തുപോയി. ശവദാഹം മദ്രാസ്സിൽ വച്ചുതന്നെ കഴിഞ്ഞു. അപ്പനെ ആദ്യന്തം ചിന്താമഗ്നനായി കണ്ടിരുന്നു. അന്നു 1905-ാംവർഷം ഫെബ്രുവരി നാലു് ആയിരുന്നു. ഞങ്ങൾ അന്നു രാത്രിയിൽ തന്നെ നാട്ടിലേയ്ക്കു തിരിച്ചു. സുഖക്കേടു കുടലിലെ പരുവായിരുന്നു എന്നു ശസ്ത്രക്രിയയിൽനിന്നും മനസ്സിലായി."

മദ്രാസ്സിൽ അടുത്തു നടക്കവാൻപോകുന്ന ലളിതകലാപ്രദർശനത്തിൽ രാജരാജവർമ്മ വരച്ച മൈസൂർ ഗ്രാമീണവനിതയുടെ വെള്ളംകോരൽ (കുളത്തിൻകര

* സാഹിത്യകുശലൻ സി. വി. രാമൻപിള്ള തൻെറ പത്നിയുടെ മരണത്തിനുശേഷം പരിഗ്രഹിച്ച ശ്രീമതി ജാനകിഅമ്മയായിരുന്നു ശ്രീ. സി. രാജരാജവർമ്മയുടെ ഭാര്യ. അവർ സി. വി. രാമൻപിള്ള അവർകളുടെ പത്നീസഹോദരിയും, ശ്രീ. രാജരാജവർമ്മയുടെ വിദ്യാർത്ഥിയുമാണെന്നുള്ള വസ്തുത സ്മർത്തവ്യമാണു്.

യിൽ) പ്രദർശിപ്പിക്കപ്പെട്ടും. പ്രേക്ഷകർ അതു കണ്ടു രോമഹർഷം പൊഴിക്കും. അവർ ആ ചിത്രകാരനെ ഒന്നുകൂടി കാണാൻ കൊതിക്കും. പക്ഷേ, അവരുടെ മുമ്പിൽ കാണുന്ന കലാശില്പത്തിലൂടെ, അതെഴുതിയ കലാകാരനെ കാണുകയല്ലാതെ ഗത്യന്തരമില്ല.

---

## അദ്ധ്യായം 21.

കാലകല്ലോലിനി പിന്നെയും പ്രവഹിക്കുന്നു; ഒരിക്കലും തന്നെ വേർപിരിഞ്ഞിട്ടില്ലാത്ത പ്രിയസഹോദരൻെറ വേർപാട് ശാശ്വതമായി തീർന്നതിനുശേഷം മാസം മൂന്നു കഴിഞ്ഞു.

മൈസൂർ മഹാരാജാവിനു എഴുതികൊടുക്കാമെന്നേററിട്ടുള്ള ചിത്രങ്ങളുടെ ഭാവനകൾ രവിവർമ്മയുടെ മനസ്സിൽ വളർന്നുതുടങ്ങി. ബറോഡായിലേയ്ക്കു പുരാണ ചിത്രങ്ങൾ എഴുതിയ കാലത്തെപ്പോലെതന്നെ ചരിത്ര പുരുഷൻ പുരാണകാവ്യങ്ങൾ വായിക്കുന്നതിലും, അവ വ്യാഖ്യാനിച്ചു കേൾക്കുന്നതിലും ഉത്സുകനായി. ഉത്സാഹത്തിനു് ഒരിക്കലും കുറവു കാണുകയുണ്ടായില്ല. സഹോദരൻെറ സ്ഥാനത്തു കാര്യദർശിയുടെ ചുമതല വഹിക്കുവാൻ ഇളയപുത്രൻ രാമവർമ്മ നിയോഗിതനായി. മൂത്ത പുത്രൻ കേരളവർമ്മയെക്കൊണ്ടു രവിവർമ്മയ്ക്കു് ഒരു പ്രകാരേണയും ആശ്വസിക്കുവാൻ വഴിയുണ്ടായിരുന്നില്ല.

രവിവർമ്മയുടെ 1905–ലെ ജന്മദിനം, നൂററിരുന്നൂ അംഗങ്ങളോളം ഉള്ള കിളിമാനൂർ കുടുംബത്തിലെ വലിയതമ്പുരാൻ എന്ന നിലയിൽ ആചരിക്കപ്പെട്ടു.

മരുന്നവക്കെല്ലാം സദ്യ നൽകുക എന്നതും രാമായണവായനയും അല്ലാതെ, ആ ജന്മദിനത്തിൽ മററു വിശേഷങ്ങൾക്കൊന്നിനും അദ്ദേഹം അനുവദിച്ചില്ല.

തൻെറ ഷഷ്ട്യബ്ദപൂർത്തിക്കു മൂന്നുവർഷംകൂടി കഴിഞ്ഞാൽ മതിയെന്നും, അതിനുശേഷം താൻ മുനിവൃത്തി സ്വീകരിക്കുവാൻ പോകുകയാണെന്നും ആ ജന്മദിനത്തിൽ അദ്ദേഹം അന്തേവാസികളോട് പറയുകയുണ്ടായി. അറുപതു വയസ്സു തികഞ്ഞാലുടൻ പ്രത്യേകമായി ഒരു ആശ്രമം നിർമ്മിച്ചു തന്റെ താമസം അവിടെ ആക്കുന്നതാണെന്നും അനുസ്മരിപ്പിച്ചു. അടുത്ത വർഷത്തിൽ, ആശ്രമം നിർമ്മിക്കുവാനായി അദ്ദേഹം തെങ്കാശിതാലൂക്കിൽ കുററാലത്തിനടുത്തു എലഞ്ചിഗ്രാമത്തിൽ കുറേ ഭൂമി വിലയ്ക്കു വാങ്ങുകയും ചെയ്തു.......ഭാരതം കവിയുന്ന തൻെറ കീർത്തിയുടെ വിസ്തൃതിയെപ്പററി ആരെങ്കിലും സൂചിപ്പിക്കുമ്പോൾ, താൻ ജനിക്കുന്നതിനും ആയിരത്തിൽപരം സംവത്സരങ്ങൾക്ക് മുൻപു ഹിമാലയംവരെ കാൽനടയായി പലകുറി സഞ്ചരിച്ച്, പ്രഭാഷണങ്ങളും യുക്തിവാദങ്ങളുംകൊണ്ട് 32 വയസ്സുവരെ മാത്രമുണ്ടായിരുന്ന ജീവിതത്തിനുള്ളിൽ ബുദ്ധമതത്തിൻെറ പിടിയിൽ നിന്നു ഭാരതത്തെ വീണ്ടെടുത്ത ശ്രീശങ്കരന്റെ സേവനങ്ങളെ ചൂണ്ടിക്കാട്ടിയിട്ട്, അതേ മലയാളക്കരയിൽ ജനിച്ച തൻെറ സേവനങ്ങളേയും യശസ്സിനേയുംപററി പ്രശംസിക്കുവാൻ വളരെ ഒന്നുമില്ലെന്നു അദ്ദേഹം പറയുമായിരുന്നു. ശ്രീശങ്കരനെ ഒരു മാതൃകാപുരുഷനായി അദ്ദേഹം ആരാധിച്ചിരുന്നു.

വിനീതനായ രാജാ രവിവർമ്മ താൻ ഒരു ലോകപ്രസിദ്ധിയാണെന്ന് ഒരിക്കലും ഭാവിച്ചിരുന്നില്ല.

ആരാദ്ധ്യമായ പുരുഷഗുണങ്ങളുടെ മൂർത്തീകരണമായിട്ടാണ് അദ്ദേഹത്തെപ്പററി സമകാലീനന്മാരായ പലരും രേഖപ്പെടുത്തിയിട്ടുള്ളത്. സുവർണ്ണത്തിനു സുഗന്ധം എന്നപോലെ ഔന്നത്യത്തിനു വിഭൂഷണമായി അദ്ദേഹത്തിൽ വിനയം സർവ്വത്ര കണ്ടിരുന്നു. അദ്ദേഹത്തിന്റെ മനുഷ്യത്വത്തെ ആദ്യവും, കലയെ രണ്ടാമതായിട്ടും മാത്രമേ അദ്ദേഹത്തെ അടുത്തറിഞ്ഞ ചില മഹാന്മാർക്ക് ആദരിക്കുവാൻ സാധിച്ചിട്ടുള്ളു. പരിശുദ്ധി അദ്ദേഹത്തിൻെറ വാക്കുകൾക്കു ദീർഘദർശനശക്തി നൽകിയിരുന്നു.

ഒരിക്കൽ, (ബാംബെയിൽനിന്നും രവിവർമ്മ കാര്യവശാൽ കൽക്കട്ടായിലേയ്ക്കു പോയിരുന്നപ്പോൾ, പ്രസിദ്ധമായ ടാക്കൂർകുടുംബം അദ്ദേഹത്തിനു ഒരു സ്വീകരണം നൽകുകയുണ്ടായി. അന്ന് ആ മഹനീയ കുടുംബത്തിൽ യുവാവായ ഒരു ചിത്രകലാവിദ്യാർത്ഥി ചിത്രമെഴുത്തിലെ ആദ്യപാഠങ്ങൾ അഭ്യസിച്ചുകൊണ്ടിരിക്കുകയായിരുന്നു. കഥാപുരുഷൻെറ പരിശോധനയ്ക്കായി ആ വിദ്യാർത്ഥി വരച്ച ഏതാനും ചിത്രങ്ങൾ സമർപ്പിക്കപ്പെട്ടു. തൻെറ മുമ്പിൽ നിരത്തിയ ആ ചിത്രങ്ങൾ സൂസൂക്ഷ്മം പരിശോധിച്ചിട്ട് രാജാരവിവർമ്മ അന്ന് ഇപ്രകാരം ദീർഘദർശനംചെയ്തു.

"ഈ യുവചിത്രകാരന്റെ ആലേഖ്യങ്ങളിൽ ഭാവിമഹത്വത്തിൻെറ ലക്ഷണങ്ങൾ ഞാൻ കാണുന്നു."

അതെത്ര ശരിയായ ഒരു ദീർഘദർശനമായിരുന്നു! യുവാവായ ആ കലാപരിശീലകനാണ് പിന്നീടു ഇന്ത്യയുടെ മഹാചിത്രകാരനായി ലോകം അറിഞ്ഞ ഡാക്ടർ അവനീന്ദ്രനാഥടാഗോർ. കുടുംബത്തിൽവന്ന തനിക്കു

പരിചയപ്പെട്ടവാൻ സാധിച്ച—തന്റെ ആദ്യകാലചി ത്രങ്ങൾ കണ്ടിട്ട് മഹത്വമുള്ള ഭാവികലർഹനാവും എന്ന് ദീർഘദർശനംചെയ്ത—രാജാ രവിവർമ്മയെക്കറിച്ച പിൽക്കാലത്ത് ഒരു സുസ്മരണീയസന്ദർഭത്തിൽ അദ്ദേഹം രാഷ്ട്രത്തോട്ട് ഇപ്രകാരം പ്രഖ്യാപിക്കുകയുണ്ടായി:

"..........ഞാൻ ചിത്രമെഴുത്തു പരിശീലിക്കുന്ന കാലങ്ങളിൽ രാജാരവിവർമ്മയുടെ നാമം ഇന്ത്യയുടെ എല്ലാ ഭാഗത്തും സുവിദിതമായിതീൎന്നിരുന്നു.......... ഇക്കാലത്ത് അദ്ദേഹത്തെപ്പോലെയുള്ള മനുഷ്യരെ, അദ്ദേഹത്തെപ്പോലെയുള്ള കലാകാരന്മാരെ, അദ്ദേഹത്തെപ്പോലെ ഭാരതഭൂമിയെ സ്നേഹിക്കുന്നവരെ കണ്ടുമു ട്ടുക അപൂൎവമായിതീൎന്നിരിക്കുന്നു എന്നതാണു് എന്റെ ഏക ദുഃഖകാരണം."

*　　*　　*　　*　　*

ഏപ്രിൽമാസം പിറന്നതുമുതൽ രവിവർമ്മ മൈസൂ റിലേയ്ക്കുള്ള ചിത്രങ്ങളുടെ ആലേഖനത്തിൽ മുഴുകി ക്കണ്ടു. ആ ജന്മസഹായി ആയി വർത്തിച്ചിരുന്ന സ്വസ ഹോദരന്റെ നഷ്ടമോ, ക്ഷീണം ഭവിച്ചുതുടങ്ങിയ ശരീ രാവസ്ഥയോ, കൈവിരലുകൾ ബാധിച്ചിട്ടുള്ള വിറയ ലോ അദ്ദേഹം അപ്പോൾ അറിഞ്ഞില്ല. കുളിക്കും ഭക്ഷ ണത്തിനും മാത്രം ചിത്രശാലയിൽനിന്നു പോകും. പിന്നെ നേരം വൈകുന്നതുവരെയും തൂലികയോടുകൂടിയ ല്ലാതെ അദ്ദേഹത്തെ കാണുക സാധാരണമല്ല.

ചില ദിവസം വൈകുന്നേരം കൊട്ടാരത്തിന്റെ മുൻഭാഗത്ത് ഇറങ്ങി, നിറഞ്ഞ നെൽപാടങ്ങൾ നോക്കി നിൽക്കുകയോ, സായാഹ്നധ്യാനത്തിനു സമയം ആകുന്ന തുവരെ, കുറച്ചുദൂരം കൈയ്യിൽ ഒരു വെള്ളിവടിയുമേന്തി

നടന്നിട്ട മടങ്ങിവരികയോ ചെയ്യും. ചിലപ്പോൾ കുന്നിൻപുറങ്ങളുടെ താഴ്‌വരയിൽനിന്ന സൂര്യാസ്തമയം കണ്ടു രസിച്ചുനിൽക്കും. അനുഗമിക്കുന്ന ആശ്രിതന്മാർക്ക ചില ദിവസം ധ്യാനത്തിന്റെ കാര്യം ഓർമ്മപ്പെടുത്തി, ആ നോക്കിനിൽപിൽനിന്ന വിരമിപ്പിക്കേണ്ടതായും വന്നിട്ടുണ്ട്.........തലമുടിയും താടിയും സാമാന്യം നരച്ചുകഴിഞ്ഞു. കുറെ കഷണ്ടിയും ബാധിച്ചു. സ്വതേ തന്നെ പൊങ്ങി വളഞ്ഞിരുന്ന നാസിക ഒന്നുകൂടി വളഞ്ഞു, രന്ധ്രങ്ങൾ വികസിച്ചു. നയനങ്ങൾ ചെറുതെങ്കിലും അതുകൾക്ക ഓജസ്സുകൂടി. ദന്തങ്ങൾ പൊഴിഞ്ഞിട്ടില്ലെങ്കിലും അധരോഷ്ഠങ്ങൾ അല്പം ഉള്ളിലേയ്ക്കു അമന്ന കവിൾത്തടങ്ങളിൽ ചുളുക്കുവീണതുകാരണം താടിഎല്ലുകൾ തെല്ലു വികസിച്ചു. നാട്ടിൽ വരുമ്പോൾ സാധാരണയായി മേൽമീശ എടുത്തുകളയുന്നതിനാൽ, പൌരുഷോജ്ജ്വലമായ ആ മുഖശ്രീയിൽ ഗണ്ഡസ്ഥലങ്ങൾ ശോഷിക്കുവാൻ തുടങ്ങിയിരിക്കുന്നതു് ഇപ്പോൾ, വ്യക്തമായി കാണാറായിട്ടുണ്ടു്. എന്നാൽ ഹൃദയത്തിലെ ലാളിത്യവും, ഈശ്വരപ്രേമവും, നയനങ്ങളിലും ആനനത്തിലും പൂർവ്വാധികം തെളിഞ്ഞിട്ടുണ്ടു്. എന്നാൽ ശരീരം ശോഷിച്ചിട്ടുണ്ടു്. വെള്ളനേര്യതു ഉടുത്തു്, മറെറാരു ഒററ നേര്യതുകവണി പുതച്ചു്, വെള്ളിവടിയുമായി സായംകാലങ്ങളിൽ കിളിമാനൂർകൊട്ടാരത്തിന്റെ പുറത്തിറങ്ങുന്ന ആ മഹനീയവ്യക്തി പ്രകൃതിയെ നോക്കി ആനന്ദിക്കുകയും, പ്രപഞ്ചത്തോടു നിശബ്ദഭാഷയിൽ സംസാരിക്കുകയും ചെയ്തുകൊണ്ടു ഒരു നിലയിൽ അങ്ങനെ വളരെനേരം നിന്നുപോവുന്നു..........

സെപ്റ്റംബർമാസം ആയപ്പോൾ ആ ഒൻപതു ചിത്രങ്ങളുടേയും ആലേഖനവും അവസാനിച്ചു. ആകെക്കൂടി നാലുമാസമേ അതിന്നു രവിവർമ്മയ്ക്കു വേണ്ടിവരുന്നുള്ളു. എന്നാൽ ചില ചിത്രങ്ങൾക്ക് അവസാനരൂപം കൊടുക്കുവാനുള്ള ജോലി കുറച്ചൊക്കെ ശേഷിച്ചിരുന്നു. അതു മൈസൂരിൽചെന്നു താമസിച്ചുകൊണ്ടു പൂർത്തിയാക്കുന്നതിന്നായി മാററിവച്ചു.

അവസാനത്തെ ആ ഒൻപതു പുരാണചിത്രങ്ങളിൽ ചിലതു ചിത്രകാരൻെറ യശസ്സു ലോകാവസാനംവരെ നിലനിർത്തുവാൻ പോരുന്നതാണു്. ശ്രീകൃഷ്ണൻ ദൌത്യവുമായി ദുര്യോധനസദസ്സിലേയ്ക്കു പ്രവേശിക്കുന്ന രംഗം ശ്രീരാമൻ സേതുബന്ധനത്തിന്നായി വരുണനെ്റെ നേക്കു ചെന്തീപ്പൊരി ചിതറുന്ന വീക്ഷണത്തോടുകൂടി വില്കുലയ്ക്കുന്ന രംഗം, നിഷധത്തിലേയ്ക്കു വിദർഭത്തിൽനിന്നു പ്രതി ദൌത്യമായി ഉയർന്നു പറക്കുന്ന ഹംസത്തെ നോക്കി, ദമയന്തി തൻെറ പ്രേമകഥാകുസുമത്തിലെ ഇതളുകളായ ബാഷ്പകണങ്ങൾ ചൊരിയുന്ന രംഗം, ഇവയൊക്കെ രവിവർമ്മ ചിത്രണം ചെയ്തിട്ടുള്ളതു് ചിത്രകലയുടെ മുഖ്യതത്വമായ സ്വഭാവതത്വദർശനത്തിന്നു, പകപമതിയായ ഒരു ചിത്രകലാചാര്യൻ നൽകുന്ന അമൂല്യസംഭാവനകളായിട്ടാകുന്നു.

സെപ്റ്റംബർ 5-ാംനു രവിവർമ്മ ചിത്രങ്ങളുമായി മൈസൂറിലേയ്ക്കു പോയി. കാര്യദർശിയായി ഇളയപുത്രൻ രാമവർമ്മ പിതാവിനെ അനുഗമിച്ചു. ആ പ്രാവശ്യം മൈസൂർ കൊട്ടാരം കഥാപുരുഷന്നു് നൽകിയ ആതിഥ്യം കഴിഞ്ഞവർഷത്തേക്കാളും ആഡംബരപൂർണ്ണമായിരുന്നു. താമ-

ഘത്തിനു സാംസ്ഥാനികാതിഥിമന്ദിരം നൽകപ്പെട്ടു. മഹാരാജാവിനെ സന്ദർശിച്ച ആദ്യദിവസം തന്റെ സംസ്ഥാനത്തുവച്ചു രോഗാക്രാന്തനായി മടങ്ങിയ രാജരാജവമ്മയുടെ നിര്യാണത്തെ പരാമർശിച്ചു സംസാരിച്ചപ്പോൾ ആ ആതിഥേയന്റെ കണ്ണുകൾ അശ്രുപൂർണ്ണങ്ങളായിപ്പോയി. രവിവമ്മയിൽ ഒരു വഷത്തിനുള്ളിൽ ശ്രദ്ധേയമായ ഒരു മാററവും വന്നിരുന്നു. അപ്പോൾ അദ്ദേഹം കുറച്ചേ സംസാരിച്ചിരുന്നുള്ളു. കഥാപുരുഷനിൽ കണ്ട മാററം സഹോദരമൃതിയുടെ പ്രത്യാഖ്യാതമായിരുന്നു. പക്ഷെ ഒരിക്കൽപോലും അദ്ദേഹത്തെ അശ്രുപൂർണ്ണമായ നേത്രങ്ങളോടുകൂടി കണ്ടതായി ആക്കും പറയാൻ കഴിയുന്നില്ല. സഹോദരന്റെ മരണത്തെപ്പററി കേട്ടു കണ്ണുനീരിൽ കുളിച്ചുകൊണ്ടിരുന്ന തന്റെ സഹോദരി മംഗളാബായിത്തമ്പുരാട്ടിയോടു കഥാപുരുഷൻ ആയവസരത്തിൽ പറഞ്ഞതു് "ഒന്നുകൊണ്ടും അധൈൎയ്യപ്പെടരുതു്" എന്നായിരുന്നു. "എന്തു് ധൈൎയ്യമോ എന്നോ? അകത്തെ ബലംതന്നെയാണു് ആ ധൈൎയ്യത്തിനു് കാരണം" എന്നിങ്ങനെയാണു് ഇപ്പോൾ തപശ്ചൎയ്യയിൽ കഴിയുന്ന വൃദ്ധയായ ആ കലാവിദുഷി പറഞ്ഞതു്. ആ ധൈൎയ്യം അധൃഷ്യമായിരുന്നു. പ്രായംചെല്ലുന്തോറും മനഃശ്ശക്തി അഭേദ്യമായി വളൎന്നുകൊണ്ടിരുന്നു. അക്കാലത്തൊരുദിവസം, രാത്രി പത്തുമണിക്കു എല്ലാവരും ഉറക്കമായതിനുശേഷം കിളിമാനൂർ ചിത്രശാലയുടെ മുൻപിലേക്കു വന്നു കയറിയ തന്റെ വകയായ വലിയ ബാലകൃഷ്ണൻ എന്ന ആനയെക്കണ്ടു് മറകുടക്കാർ ഭയഗ്രസ്തരായി രക്ഷാസ്ഥാനം അന്വേഷിക്കു

മ്പോൾ രവിവൎമ്മ അതിനെ തട്ടിത്തടവി, കലവറയിൽ നിന്നും മധുരപദാൎത്ഥങ്ങൾ കൊണ്ടുവരുവിച്ചുകൊടുത്തു്, ആനക്കാർ * വന്നു ബന്ധിക്കുന്നതുവരെ നിൎത്തിയിരുന്നതു സ്മരണീയമാകുന്നു.

ചിത്രങ്ങളിൽ ശേഷിച്ചിരുന്ന ജോലി തീൎക്കുന്നതിനായി രണ്ടുമാസം വേണ്ടിവന്നു. ജഗന്മോഹൻ കൊട്ടാരത്തിലേയ്ക്കു പോയി, തന്റെ നിൎദ്ദേശപ്രകാരം പണിതു അലങ്കാരമുറികൾ പരിശോധിച്ചതിനുശേഷം രവിവൎമ്മ ആ ആലേഖ്യകൃത്യം പൂൎത്തിയാക്കുവാൻ തുടങ്ങി. ഇപ്പോൾ മൈസൂർ സംസ്ഥാനത്തിന്റെ കലാസമ്പത്തായിത്തീൎന്നിരിക്കുന്ന ആ ചിത്രങ്ങൾ ആദ്യമായി പ്രദൎശിപ്പിച്ചപ്പോൾ ആ സംസ്ഥാനം മുഴുവനും ആഹ്ലാദംകൊണ്ടിളകി മറിഞ്ഞു എന്നുതന്നെ പറയാം.

അടുത്തുതന്നെ ജാൎജ്ജുകുമാരൻ (ഇന്ത്യാചക്രവൎത്തി ജാൎജ്ജു അഞ്ചാമൻ) മദ്രാസിൽ വന്നപ്പോൾ രാജാരവിവൎമ്മയെ കാണണമെന്നാഗ്രഹിക്കുകയും, ഗവൎണ്ണർ ആംപ്ഥിൽപ്രഭുവിന്റെ ക്ഷണപ്രകാരം അദ്ദേഹം മദ്രാസിലേയ്ക്കു പോവുകയും ചെയ്തു. അനന്തരം അദ്ദേഹം മൈസൂറിലേയ്ക്കു മടങ്ങി. മൈസൂറിൽ മടങ്ങി വന്നപ്പോൾ, ജാൎജ്ജുരാജകുമാരൻ മൈസൂർ സന്ദൎശിക്കുന്നുണ്ടെന്നും, അതിനാൽ ആയവസരത്തിൽ കഥാപുരുഷൻകൂടി തലസ്ഥാനത്തുണ്ടായിരിക്കുന്നതു് തനിക്കു അഭിമാനകരമാണെന്നും മഹാരാജാവു് കഥാപുരുഷനെ അറിയിച്ചു. അന്നു മോട്ടാർകാറുകൾ ഇന്ത്യയിൽ അപൂൎവ്വമായിട്ടേ വന്നിട്ടുണ്ടായിരുന്നുള്ളു. ഇംഗ്ലീഷുരാജകുമാ

* രാജാരവിവൎമ്മയ്ക്കു സ്വന്തമായി മൂന്നു ആനകൾ ഉണ്ടായിരുന്നു.

ടെൻറ വരവു പ്രമാണിച്ചു്, ഏതാനും മോട്ടാർവാഹനങ്ങാം ആദ്യമായി മൈസൂർ മഹാരാജാവു വരുത്തി. അതിൽ ഒരു വാഹനം രവിവമ്മയ്ക്കു സഞ്ചരിക്കുവാനായി നൽകപ്പെട്ടു. ഇംഗ്ലീഷുരാജകുമാരൻ, കാട്ടാനകളെ കാണുന്നതിനും, വേട്ടയാടുന്നതിനുമായി മൈസൂർവനങ്ങളിലേക്കു പോകുമ്പോഠം, വനാന്തർഭാഗത്തുനിന്നും ആനകളെ വിരട്ടിക്കൊണ്ടുവരുന്ന 'കേഡ' (Kehedda operation) രംഗങ്ങാം കഥാപുരുഷനെക്കൊണ്ടു ചിത്രീകരിപ്പിക്കുവാൻ മഹാരാജാവു ആഗ്രഹിച്ചു. ജാർജ്ജുരാജകുമാരൻ മൈസൂർസംസ്ഥാനത്തേയ്ക്കു വരുന്നതിനും രണ്ടാഴ്ചയ്ക്കു മുൻപു പുത്രൻ രാമവമ്മയ്ക്കു ഭയങ്കരമായ മസൂരിരോഗം പിടിപെട്ടു. രക്ഷപ്പെടുക സംശയം എന്ന നിലയിൽ ആയി. തലേവഷം സഹോദരനെ നഷ്ടപ്പെട്ട കഥാപുരുഷൻെറ ഹൃദയം ചുട്ടുനീറുകയായി. എന്നാൽ ഖേദം ഒന്നും പുറത്തുകാട്ടിയില്ല. സംസ്ഥാനത്തു ലഭിക്കാവുന്നതിൽ ഒന്നാംതരം ഭിഷഗ്വരന്മാരെക്കൊണ്ടു ചികിത്സിപ്പിച്ചുവെങ്കിലും, ആപൽശങ്ക നീങ്ങാൻ ഏറെ ദിവസങ്ങാം പോകേണ്ടിവന്നു. പുത്രൻെറ അപകടകരമായ ആ രോഗാവസ്ഥയിലും അച്ഛൻ അല്പനേരമെങ്കിലും ചിത്രം എഴുത്തിനായി വിനിയോഗിക്കാത്ത ദിവസങ്ങാം ഇല്ലായിരുന്നു. ഗവണ്ണർ ആംപ്റ്റിൽ പ്രഭുവിൻെറ ഛായാചിത്രം (മെസാണിക് ഡ്രസ്സിൽ) വരച്ചു തീർത്തു് അപ്പോഴായിരുന്നു. ആ മനഃസ്സാന്നിദ്ധ്യം എങ്ങനെ ലഭിച്ചു എന്നു പറയാൻ യാതൊരു നിവ്വഃഹവുമില്ല! ഇംഗ്ലീഷുരാജകുമാരനോടൊത്തു ചരിത്രപുരുഷൻ മൈസൂർ വനങ്ങളിലേയ്ക്കു പോവുമ്പോഠം രാമവമ്മ രക്ഷപ്പെട്ടു

മെന്ന നിലയിൽ എത്തിയിരുന്നതേയുള്ളു * യശസ്സിന്റെ പരമകാഷ്ഠയിലെത്തിയിരുന്ന ചരിത്രനായകൻ സുവർണ്ണരത്നഖചിതങ്ങളായ ഒട്ടനേകം സമ്മാനങ്ങളോടുകൂടിയാണു് തന്റെ ജീവിതനാടകത്തിന്റെ അവസാനരംഗം അഭിനയിപ്പാനായി (1906 ഫെബ്രുവരി) തിരുവിതാംകൂറിലേയ്ക്കു മടങ്ങിയതു്.........

കളിച്ചുപുളച്ചാർത്തു, കാണുന്ന കാണുന്ന രൂപങ്ങൾ ചുവരുതോറും വരച്ചു നടന്നിരുന്ന ആ ബാല്യകാലത്തെ ഉത്സാഹം ഇനിയും രവിവർമ്മയിൽനിന്നും അസ്തമിച്ചിട്ടില്ല. ഈശ്വരധ്യാനവേളകളിൽ നിർവ്വാണം അടഞ്ഞ ഒരു യതീശ്വരനെപ്പോലെ അദ്ദേഹത്തെ കാണാറുണ്ടെങ്കിലും, ഭാരതീയസാഹിത്യത്തിലേയ്ക്കു ഭാവനയെ വ്യാപിപ്പിച്ചു, താൻ ചിത്രണംചെയ്യാതെ വിട്ട എത്ര നാടകീയരംഗങ്ങൾ ഇനിയും ശേഷിച്ചിട്ടുണ്ടെന്നു് അറിയാൻ അദ്ദേഹം കുതുകിയാണു്. അതിലേയ്ക്കായി മഹാകാവ്യങ്ങൾ, നാടകങ്ങൾ, ഗദ്യപ്രബന്ധങ്ങൾ ഇവ വായിച്ചു കേൾപ്പിക്കുവാൻ ശാസ്ത്രിമാൎക്കു് അപ്പോഴും അദ്ദേഹം ജോലി നൽകിയിരുന്നു......................

1906 മേമാസം ആറാം തീയതി, തന്റെ ഓമനതുടുക്കപ്പെട്ട ദൌഹിത്രികളിൽ, മൂത്തറാണി സേതുലക്ഷ്മിബായിയുടെ പള്ളിക്കെട്ടു നടത്തുന്നതിനു നിശ്ചയിക്കപ്പെട്ടിരുന്നു. ആ മംഗളകൎമ്മത്തിൽ സംബന്ധിക്കുന്നതിനായി കിളിമാനൂരിൽനിന്നും രവിവർമ്മ ശ്രീപാദം കൊട്ടാര

---

* രവിവർമ്മ എഴുതിയിട്ടുള്ളതും പൂർത്തിയാകാത്തതുമായ Mysore Keheda operation ചിത്രങ്ങൾ തിരുവനന്തപുരം ശ്രീചിത്രാലയത്തിൽ കാണാവുന്നതാണു്.

ത്തിൽവന്നു താമസമായി. ആ ദൗഹിത്രിയുടെ രാജകീയ പരിണയോത്സവകാലത്തു് എല്ലാ രംഗങ്ങളിലും ആദ്യവസാനക്കാരനായി കണ്ടിരുന്നതു് രവിവർമ്മയെ ആയിരുന്നു. അപ്പോൾ,മൂന്നു മാസത്തോളം അദ്ദേഹം തിരുവനന്തപുരത്തു താമസിച്ചതിനുശേഷം വീണ്ടും കിളിമാനൂരിലേക്കു പോയി.

ചിത്രക്കുറിപ്പിൽ കുറിച്ചു വച്ചിട്ടുള്ള മൈസൂറിലെ കേഡാരംഗങ്ങൾ, എണ്ണച്ചായത്തിൽ എഴുതുകയായിരുന്നു, തിരുവനന്തപുരത്തുനിന്നും മടങ്ങി ചെന്ന ഉടനേ അദ്ദേഹം ചെയ്തിരുന്നതു്. പിന്നെയും, പുതിയ ചിത്രങ്ങൾ എഴുതുന്നതിന്നായി കാദംബരിയിൽനിന്നും ചില രംഗങ്ങൾ കുറിപ്പുപുസ്തകത്തിൽ വിഭാവനായടയാളങ്ങൾ കൊടുത്തുവച്ചു; ഒരു ചിത്രം എഴുതാനും തുടങ്ങി. ഇടയിൽ, ആശ്രമം നിർമ്മിക്കാനായി കുററാലത്തു വാങ്ങിയ സ്ഥലത്തുപോയി താമസിക്കുക കാരണം, അതു വിഭാവന ചെയ്തിരുന്നവണ്ണം പൂർത്തിയാക്കുവാൻ സൗകര്യം കിട്ടിയിരുന്നില്ല.

ആഗസ്റ്റ് മാസത്തിൽ ശരീരരക്ഷയ്ക്കു പതിവുള്ള പിഴിച്ചിൽആരംഭിച്ചു. ആയിടയിൽ മൂത്രത്തിൽ പഞ്ചസാരയുടെ അംശം വീണ്ടും കൂടുതലായി കണ്ടിരുന്നു. പ്രമേഹ(diabetes) രോഗലക്ഷണമായ ദാഹവും ക്ഷീണവും ദിനന്തോറും വർദ്ധിച്ചു. ഭക്ഷണം വേണ്ടെന്നായി.

ആയുർവേദചികിത്സയിലെ 'തക്രധാര'കൊണ്ടു പ്രമേഹരോഗം എളുപ്പം ഭേദപ്പെടുത്തുവാൻ സാധിക്കുമെന്നു് ഒരു ഭിഷഗ്വരൻ അഭിപ്രായപ്പെട്ടു. സെപ്തംബർമാസത്തിൽ ആ ചികിത്സ തുടങ്ങി. ആരംഭത്തിൽ രോഗം കുറയുന്നതുപോലെ തോന്നി. ചികിത്സ നടന്നുകൊണ്ടിരി

രിക്കുന്ന ഘട്ടങ്ങളിലും ശയ്യവിട്ടെഴുന്നേററിരിക്കുമ്പോൾ കാദംബരി വീണവായിക്കുന്ന ആ രംഗം എഴുതി തീർക്കാൻ അദ്ദേഹം ഉദ്യമിച്ചിരുന്നു. സെപ്റ്റംബർ ഇരു പതാംതീയതി ആയപ്പോൾ, ഒരു പനി തുടങ്ങി. അടുത്തദിവസം ഇടത്തേതോളിൽ ഭുജാസ്ഥികളുടെ ഇട യിലായി ഒരു ചെറിയ ഞൊണൽ പൊക്കിക്കണ്ടു. അതു് ഒരാഴ്ചകൊണ്ടു ഒരു ചെറുഗോളാകൃതിയെ പ്രാപിച്ചു. ഓരോ ദിവസവും ചരിത്രപുരുഷൻ മരണ വേദനതന്നെ അനുഭവിച്ചു.........ശ്രീമൂലംതിരുനാൾ മഹാരാജാവു, കൊട്ടാരത്തിൽനിന്നു പ്രത്യേകം ഒരു ഡാക്ടരെ, രവിവർമ്മയെ ചികിത്സിക്കുവാനായി അയ ച്ചിരുന്നു.

'രാജാരവിവർമ്മ ദീനശയ്യയിൽ' എന്നു് ഇന്ത്യയി ലും വിദേശങ്ങളിലും ഉള്ള പത്രങ്ങളിൽ വാർത്തകൾ പരന്നു. അതേ തുടന്നു് കത്തുകളും, കമ്പിസന്ദേശങ്ങളും, കിളിമാനൂരിൽ വന്നതിനു് അവസാനമില്ലായിരുന്നു. ബൊംബെയിൽനിന്നും അനവധി മിത്രങ്ങൾ കിളിമാ നൂർ എത്തിച്ചേർന്നു. ഡാക്ടർ സർ. ബാലചന്ദ്രകൃഷ്ണ, ഡാക്ടർ പി. എം. മത്തായി എന്നീ മിത്രങ്ങൾ രവിവ ർമ്മയെ ചികിത്സിക്കുവാനായി എത്തി. കേരളത്തിലെ അഷ്ടവൈദ്യന്മാരിൽ ഒരാളായ ചീരട്ടമൺവിഷ്ണുമൂസ്സതും തിരുവിതാംകൂർ മഹാരാജാവിൻെറ കൊട്ടാരത്തിൽ നിന്നും വീണ്ടും നിയോഗിക്കപ്പെട്ട വാസുദേവൻ ഉണ്ണി മുതലായ അഷ്ടാംഗഹൃദയ ചികിത്സകന്മാരും, കിളിമാ നൂർ കൊട്ടാരത്തിൽ വന്നു താമസമായി. മരുന്നുകളിൽ ചേക്കേണ്ടതിനു ആവശ്യമായ കസ്തൂരി, ഗോരോചനം മുതലായ അപൂർവ്വസാധനങ്ങൾ ഹിമാലയാന്തർഭാഗത്തു

സ്ഥിതിചെയ്യുന്ന "ബദരീനാഥ"ത്തുനിന്നും അവിടത്തെ "റാവൽസാഹിബ്" സൌജന്യമായിട്ടയച്ചുകൊടുത്തു. ദിവസേന ആ കലാസാർവ്വഭൗമന്റെ മന്ദിരത്തിൽ രോഗവിവരം അറിയാൻ വന്നു പോകുന്നവർക്കു കയ്യും കണക്കുമില്ലെന്നായി.

ശസ്ത്രക്രിയ നടന്നു ആറേഴുദിവസം കഴിഞ്ഞപ്പോൾ ബോംബെയിൽനിന്നും വന്നു അതിഥികളായി താമസിക്കുന്ന ഡാക്ടർ പി. എം. മത്തായി, ശ്രീറാം കേശവ ജോഷി എന്നിവരോടു രവിവർമ്മ പറഞ്ഞു:

"ഇനി സാരമില്ല, ഈ വ്രണം കരിയാനേ ഉള്ളൂ"

എന്നാൽ ആ രോഗം, രോഗിയെ നിഹനിക്കുമെന്നു് ഭിഷഗ്വരന്മാർക്കു അറിയാമായിരുന്നു.

സുഖംതോന്നിയ ഒരുദിവസം, തന്റെ തൂലിക എടുത്തു പൂർത്തിയാകാത്ത കാദംബരിയുടെ ചിത്രത്തിൽ കുറേഭാഗം വീണ്ടും എഴുതുന്നതിനു അദ്ദേഹം ഉത്സാഹം പ്രകടിപ്പിച്ചു. ആ വാസനയേയും, ആ ഭാവനയേയും ആ ഔത്സുക്യത്തേയും യാതൊന്നിനും നിയന്ത്രിക്കാവതല്ലായിരുന്നു. ജീവനോടൊത്തു ലഭിച്ചിട്ടുള്ളതു ജീവൻ നഷ്ടപ്പെട്ടമ്പോഴേ നശിക്കുകയുള്ളൂ. അന്നു് കാണാൻ വന്നിരുന്ന സഹോദരി മംഗളാബായിത്തമ്പുരാട്ടിയോടു് അദ്ദേഹം പറഞ്ഞു: "അധൈര്യപ്പെടരുതു്. എനിക്കൊന്നുമില്ല." ആ സമയം അദ്ദേഹം എഴുതുകയായിരുന്നു. വീണ്ടും കുറച്ചുനേരംകൂടി എഴുതാൻ ശ്രമിച്ചിട്ടു് ശയ്യയിൽ വീണു. പിന്നെ തൂലിക എടുക്കാൻ രവിവർമ്മയ്ക്കു കഴിവില്ലാതായി. ആ ചിത്രം പൂർത്തിയാക്കിയതുമില്ല.

ഒക്ടോബർ(1906)രണ്ടാംതീയതി പുലർന്നു. റെട്ടർ, ടൈംസ് ആഫ് ഇന്ത്യാ, ഹിന്ദു, ഇന്ത്യൻ പേട്രിയേററു

എന്നീ ഇംഗ്ലീഷു പത്രങ്ങളുടെ പ്രതിനിധികളും, മലയാളമനോരമ എന്ന നാട്ടുഭാഷാ പത്രത്തിൻെറ പ്രതിനിധിയും കിളിമാന്തരിൽ താമസിച്ച് രോഗവാത്തകഠം അന്നന്ന് കമ്പിസന്ദേശങ്ങഠംമൂലം അറിയിച്ചുകൊണ്ടിരിക്കുന്നു.

ആ മഹാപുരുഷൻെറ അവസാനരംഗത്തെപ്പററി അദ്ദേഹത്തിൻെറ അന്ത്യകമ്മങ്ങഠം നടത്തിയ ചിത്രമെഴുത്തു ശ്രീ. കെ. ആർ. രവിവമ്മ വിവരിക്കുന്നു:

"അമ്മാവന് സുഖക്കേട്ട് അത്യന്തമാണെന്നു കിളിമാന്തരിൽനിന്നും തിരുവനന്തപുരത്തു വന്നവർ എന്നെ അറിയിച്ചു. ഞാൻ വിദ്യാലയത്തിൽ നിന്നും അവധി ചോദിച്ചുകൊണ്ടു (ഒക്ടോബർ ഒന്നു്) വള്ളക്കടവിൽചെന്നു് ഒരു വഞ്ചിപിടിച്ച് അന്നു് രാത്രിതന്നെ ആററിങ്ങലിലേയ്ക്കു തിരിച്ചു. പിറേറന്നു പുലൻ ഒരു പതിനൊന്നരമണി ആയപ്പോഠം കിളിമാന്തരിൽ എത്തി. അമ്മാവൻ കിടന്നിരുന്നതു് അദ്ദേഹത്തിൻെറ ചിത്രശാലയിൽതന്നെ ആയിരുന്നു. അവിടെ ഞാൻ മുൻപു കണ്ടിട്ടില്ലാത്തവരും ബാംബെയിൽനിന്നുംമററും വന്നിരുന്നവരുമായ അമ്മാവൻെറ മിത്രങ്ങഠം കുറേപേർ ഉണ്ടായിരുന്നു. പത്രപ്രതിനിധികളേയും കണ്ടിരുന്നു. ഡാക്ടറന്മാരും വൈദ്യന്മാരും അങ്ങനെ അനവധി ആളുകഠം അവിടെ കൂടിയിരുന്നു. ഡാക്ടർ പി. എം. മത്തായി അമ്മാവൻെറ നാഡി പിടിച്ചുകൊണ്ടു കിടക്കയിൽ ഇരുന്നിരുന്നു. ഞാൻ ചെന്നപ്പോഠം അമ്മാവൻ ബാംബെയിൽനിന്നും വന്ന ശ്രീറാം കേശവജോഷിയോടു ഹിന്ദുസ്ഥാനിയിൽ സംസാരിച്ചുകൊണ്ടു കിടക്കുകയായിരുന്നു. അന്നു് അവിടെ ഉണ്ടായിരുന്ന വൈദ്യന്മ

ത്തിൽ ചീരട്ടമൺ വിഷ്ണുമൂസ്സതിൻെറ വൈദ്യജ്ഞാന ത്തിൽ ഞാൻ ഇപ്പോഴും അത്ഭുതപ്പെടുന്നു. അദ്ദേഹം എന്നെ വിളിച്ചു എളുപ്പം കളികഴിഞ്ഞുവരുവാൻ ആവ ശ്യപ്പെട്ടു. ഞാൻ ഉടനേപോയി സ്നാനം നടത്തി അവി ടെ എത്തി. എനിക്കു ഒന്നും മനസ്സിലായില്ല; ശബ്ദ്യാദാ ദിയോടുകൂടി, സുഖക്കേടു ഒരാഴ്ചയ്ക്കുള്ളിൽ ഭേദമാകുമെ ന്നും, പിന്നെ ആരോഗ്യം വീണ്ടെടുക്കുന്നതിന് രണ്ടാഴ്ച വിശ്രമം മാത്രമേ വേണ്ടിവരികയുള്ളുവെന്നും, അതു കഴിഞ്ഞാൽ ബോംബെയിൽചെന്ന് അവിടെ പുതു തായി ശ്രീറാം കേശവജോഷി സ്ഥാപിക്കാൻപോകുന്ന ചിത്രമുദ്രണാലയം ഉത്ഘാടനം ചെയ്യാമെന്നും സംഭാഷ ണം ചെയ്തുകൊണ്ടു കിടക്കുന്ന അമ്മാവൻ അപ്പോഠം മരിച്ചുപോകുമെന്നു എങ്ങനെ വിശ്വസിക്കാനാണ്! ഞാൻ കളികഴിഞ്ഞു വന്നപ്പോഠം അമ്മാവൻെറ മരണ ത്തിനുമുൻപിൽ ചെയ്യേണ്ട ദാനങ്ങഠംക്ക് എല്ലാം അവിടെ ഒരുക്കിവച്ചിരുന്നു. അതു വിഷ്ണുമൂസ്സതിൻെറ നിർദ്ദേശപ്രകാരമായിരുന്നു. അമ്മാവൻ ഉടനേ മരിക്കു മെന്ന് അദ്ദേഹത്തിനു അത്ര നിശ്ചയമായിരുന്നു. ചരമ ത്തിനു പൂർവ്വമുള്ള ആ ദാനം അമ്മാവൻ കാണാതാകു വണ്ണം കൊടുക്കുകയാണെങ്കിൽ മരണത്തെപ്പററി ഒരു ശങ്കപോലും ഇല്ലാത്ത അമ്മാവൻെറ ഹൃദയത്തെ അതു വേദനപ്പെടുത്തുമല്ലോ എന്ന ഒരു സന്ദേഹം വിദഗ്ദ്ധഭി ഷഗ്ശ്രേഷ്ഠനായ ശ്രീ വിഷ്ണുമൂസ്സതിനു ഉണ്ടായിരുന്നു. അമ്മാവൻ ഒരുവശത്തേയ്ക്കു തിരിഞ്ഞായിരുന്നു കിടന്നി രുന്നതു്. എന്നോടു പുതിയതായി വെട്ടിച്ച കുളത്തിൽ തന്നെയാണോ കുളിച്ചതെന്നു അമ്മാവൻ ചോദിച്ചു. അതേ എന്നു ഞാൻ മറുപടി പറഞ്ഞു. സുഖക്കേടു

മാറിയാലുടൻ കുളപ്പുരകൾ, കടവുകൾ എല്ലാം തീക്കണ മെന്നും മററുമുള്ള മോഹങ്ങൾ പറയുന്നതു കേട്ടപ്പോൾ സംഭവിക്കാൻപോകുന്ന അത്യാഹിതത്തെപ്പററി അദ്ദേ ഹത്തിനു ലേശവും ശങ്കയുണ്ടായിരുന്നില്ലെന്നു എനിക്കു തോന്നി. അമ്മാവൻ ആ കുളം കഴിപ്പിച്ചു എന്നുവരി കിലും അദ്ദേഹത്തിനു ഒരു തവണപോലും അതിൽ കുളിക്കാൻ സാധിച്ചില്ല. അമ്മാവൻ കാണാതെ ശ്രീ. വിഷ്ണുമൂസ്സതു് എന്നെക്കൊണ്ടു ദാനക്രിയകൾ അനുഷ്ഠി പ്പിച്ചു. അപ്പോൾ മണി ഒന്നര കഴിഞ്ഞിരുന്നു. അതി ഥികളെക്കൊണ്ടു കൊട്ടാരം അന്നു് ഒരു അഗ്രശാല യാണോ എന്നു് തോന്നിച്ചിരുന്നു. ഗോതമ്പു ഉണ്ണുന്ന വർ, ചോറു ഉണ്ണുന്നവർ, ചപ്പാത്തി തിന്നുന്നവർ ഇങ്ങനെ പലതരക്കാരായിരുന്നു. അപ്പോൾ എല്ലാ വരും മദ്ധ്യാഹ്നാഹാരം കഴിച്ചുകഴിഞ്ഞിരുന്നു. ഞാനും ഊണുകഴിച്ചു എന്ന ക്രിയ നടത്തി വേഗം മടങ്ങി വന്നു് അമ്മാവൻെറ അരികിൽ നിന്നു. ഓരോ ദേശത്തു നിന്നും വന്നിട്ടുള്ള മിത്രങ്ങളോടു് ഓരോ ഭാഷയിൽ അദ്ദേഹം സംസാരിക്കുകയായിരുന്നു. അഞ്ചു ഭാരതീയ ഭാഷകൾ അമ്മാവൻ അപ്പോൾ സംസാരിച്ചിരുന്നു......

"ഞാൻ അരികിൽതന്നെ നിന്നിരുന്നു. മണി രണ്ടായി. എൻെറ കൈത്തലത്തിൽ അമ്മാവൻ ഒന്നു കടന്നു പിടിച്ചു. പിടി നല്ലവണ്ണം അമത്തി............ പിന്നീടു ഞാൻ കേട്ടതു് "എടുക്കു" "എടുക്കു" എന്ന വിഷ്ണുമൂസ്സതിൻെറ ആജ്ഞയായിരുന്നു. അപ്പോഴം ഊഷ്മാൻ ഒരു പ്രാവശ്യം പുറത്തു ഗമിച്ചുകഴിഞ്ഞിരുന്നു. കൈയ്യിൽ എടുത്തപ്പോൾ രണ്ടാമത്തെ ഊഷ്മാവും

പോയി. ദർഭയിൽ കിടത്തി, മൂന്നാമത്തെ ഉൗഴ്ത്തും അവസാനിച്ചു. ആ ജീവിതം മൂകമായി. നമ്പൂതിരി ബ്രാഹ്മണർ "ചെവിയിലോത്തു്" എന്ന വേദമന്ത്രോച്ചാരണം നടത്തി. ശീലയും പട്ടുംകൊണ്ടു ശവശരീരം മൂടി. അന്ത്യകർമ്മങ്ങൾ നടന്നു. അദ്ദേഹത്തിൻെറ ഗുരുവിൻേറയും, മാതാവിൻേറയും ചുടലകൾക്കു സമീപം ആറടിമണ്ണിൽ. ആ യശോധനൻെറ മൃതദേഹം സംസ്കരിക്കപ്പെട്ടു.............."

അന്നു വൈകുന്നേരംതന്നെ ബാംബെയിൽ പ്രസിദ്ധീകരിച്ച പത്രങ്ങളിൽ ആ മഹച്ചരമവാർത്ത കാണുകയുണ്ടായി. അന്നത്തെ "ടൈംസ് ആഫ് ഇന്ത്യ"യുടെ സായാഹ്നപതിപ്പു പുറത്തുവന്നതു പരേതൻെറ ചിത്രത്തോടും, ജീവിതചരിത്രത്തോടുംകൂടി ആയിരുന്നു. ഭാരതത്തിൻെറ ഏററവും തെക്കേഅററത്തു സംഭവിച്ച ആ അത്യാഹിതവാർത്ത അത്യുച്ചം പ്രാധാന്യം ഉള്ളതായിരുന്നു. കൽക്കട്ട, മദ്രാസ്സ്, ലക്ക്നൗ, ലാഹോർ, കറാച്ചി എന്നീ എല്ലാ നഗരങ്ങളിൽ നിന്നുമുള്ള അടുത്ത പ്രഭാതത്തിലെ പത്രങ്ങൾ, ആ സൗന്ദര്യസന്ദേശവാഹകൻെറ ചരമത്തിൽ അനുശോചിച്ചുകൊണ്ടുള്ള ലേഖനങ്ങളോടുകൂടിയതായിരുന്നു. യൂറോപ്പിലും അമേരിക്കയിലും, എന്നുവേണ്ട ലോകമാസകലമുള്ള പത്രങ്ങൾ അഖിലലോകപ്രശസ്തനായ രാജാരവിവർമ്മയുടെ ചരമവാർത്തയ്ക്കു പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചു. കിളിമാനൂർ കൊട്ടാരത്തിലേയ്ക്കുവന്ന അനുശോചന സന്ദേശങ്ങളുടേയും, അനുശോചനപ്രമേയങ്ങളുടേയും സംഖ്യ എത്രയെന്നു പറയാൻ പ്രയാസമാണു്. പരേതൻെറ ചിത്ര

ങ്ങളോ, സ്വഭാവമഹത്വമോ ഏതാണ് കൂടുതൽ ആകർഷകമെന്നു സംശയമായിരിക്കുന്നു എന്നു അദ്ദേഹത്തിന്റെ ഒരു ആത്മമിത്രം അയച്ച ഒരു അനുശോചനകത്തിൽ സൂചിപ്പിച്ചിരുന്നതു് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണു്.

---

ലണ്ടൻ പത്രങ്ങളിൽ ആ മഹച്ചരമവാർത്ത വായിച്ചപ്പോൾ, കഥാപുരുഷന്റെ പുത്രൻ ചിത്രമെഴുത്തു ശ്രീ. രാമവർമ്മയ്ക്കു ആംപ്റ്റിൽപ്രഭു എഴുതിയ ഒരു അനുശോചനകത്തിൽനിന്നും ഏതാനും വരികൾ ഉദ്ധരിക്കാം.

"...............ക്ഷമ, കാരുണ്യം, മര്യാദ എന്നീ ഗുണങ്ങൾ കൂടുതലായി സ്ഫുരിക്കുന്ന ഒരു സ്വഭാവം നിങ്ങളുടെ അച്ഛനിൽ കണ്ടതുപോലെ മററാരാളിലും എനിക്കു് ഇതുവരേയും കാണാൻ കഴിഞ്ഞിട്ടില്ല.......... ഇന്ത്യാനിവാസികളായ സകല ജനങ്ങളുടേയും വാത്സല്യത്തിനു പാത്രീഭവിച്ച നിങ്ങളുടെ അച്ഛന്റെ ചിത്രങ്ങൾക്കു ജനങ്ങളുടെ മനസ്സിനെ സദ്വിഷയങ്ങളിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള ശക്തി അപാരമാകുന്നു. ആ ചിത്രങ്ങൾ ലളിതകലകളിൽ ജനങ്ങൾക്കു ആസക്തി വർദ്ധിപ്പിച്ചു എന്നു മാത്രമല്ല, മതവിഷയകമായ സ്മരണയെ ദൃഢീകരിക്കുവാൻകൂടി ഹേതുവായിട്ടുണ്ടെന്നു നിസ്സംശയം പറയാവുന്നതാണു്. ഈ ലോകത്തിൽ എനിക്കു് അദ്ദേഹത്തെ ഇനി ഒരിക്കലും കാണാൻ സാധിക്കുകയില്ലല്ലോ എന്നു വിചാരിക്കുമ്പോൾ എന്റെ ഹൃദയം ദുഃഖപരവശമായിതീർന്നുപോകുന്നു................"

ഏതൊരു കലയ്ക്കുവേണ്ടി മഹാനായ ആ ചിത്രകാരൻ തന്റെ ജീവിതം സമർപ്പിച്ചുവോ, ആനന്ദദായക

മായ ആ കല ഭ്രൂവത്തിൽ അവശേഷിക്കുന്നേടത്തോളം കാലം അദ്ദേഹത്തിന്റെ നാമം കീർത്തിക്കപ്പെട്ടുകൊണ്ടിരിക്കുമെന്നുള്ളതു തീർച്ചയാണ്. മഹത്തുക്കൾ ജീവിതശേഷവും ജീവിക്കുന്നു; മാർഗ്ഗദർശനം നൽകുന്നു; അവരുടെ യശസ്സു ഭാവിതലമുറകളുടെ മാർഗ്ഗദീപമായി പരിണമിക്കുന്നു. അതിൽകവിഞ്ഞ് ഒരു ജീവിതത്തിന് എന്തു മൂല്യമാണ് ലഭിക്കുവാനുള്ളതു്?

ശുഭം.

---

*Printed at the Kamalalaya Printing Works, Trivandrum.*

# ശുദ്ധിപത്രം

| പുറം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 7 | 4 | പി. നാരായണപിള്ള | സി. നാരായണപിള്ള |
| 45 | 20 | ആരംഭിച്ചിട്ടുണ്ടെന്നും | തെളിയാൻ ആരംഭിച്ചിട്ടുണ്ടെന്നും |
| 49 | 8 | അള്ളവരേയും | അത്രവരേയും |
| ,, | 12 | മടങ്ങാത്തവണ്ണം | മങ്ങാത്തവണ്ണം |
| 71 | 22 | ശക്യമല്ല | ശക്യമല്ല” |
| 75 | 12 | ...കണ്ടീതരായും | ...കണ്ടീതരായും |
| ,, | 19 | പുസ്താവിച്ചിട്ടുണ്ടല്ലോ | പ്രസ്താവിച്ചിട്ടുണ്ടല്ലോ |
| 77 | 18 | ആ മഹാനഭാവൻ | “ആ മഹാനുഭാവൻ |
| ,, | 24 | രാജാരവിവർമ്മയുടെ (Foot note) | രാജരാജവർമ്മയുടെ |
| 90 | 26 | ഹൈന്ദവരാജാക്കന്മാരുടെ | ഹൈന്ദവരാജാക്കന്മാരുടേയും |
| 95 | 7 | ആ മഹച്ചിത്രങ്ങൾ | ആ മഹച്ചിത്രങ്ങളുടെ |
| 104 | 16 | നാട്ടുകാരായി | നാട്ടുകാരായ |
| 126 | 1 | വൈക്ലവ്യം | വൈക്ലബ്യം |
| 161 | 11 | സംസ്ഥാനിക | സാംസ്ഥാനിക |
| 168 | 16 | ആ ജന്മസഹായി | ആജന്മസഹായി |
| ,, | 18 | കൈവിരലുകൾ | കൈവിരലുകൾക്ക |

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M08 Acc. No. 11507

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M08
BAL-R

11507

ബാലകൃഷ്ണൻ നായർ
ൻ
രാമു, രവിവർമ്മ

KOTTAYAM PUBLIC LIBRARY

Call No. M0 8 Acc. No 11507

Author [illegible]

Title [illegible]